www.malankaralibrary.com

ഫാ. ഗീവർഗീസ് ചേടിയത്ത്



# ഹെർമാസിന്റെ ഇടയൻ

SOPHIA BOOKS

www.malankaralibrary.com

# ഹെർമാസിന്റെ ഇടയൻ

ഫാ. ഗീവർഗീസ് ചേടിയത്ത്

SOPHIA BOOKS

സോഫിയാ ബുക്സ്
സോഫിയാ പ്രിന്റേഴ്സ് ആൻഡ് പബ്ലിഷേഴ്സ് (പ്രൈ) ലിമിറ്റഡ്
മലാപറമ്പ്, കോഴിക്കോട്, കേരള. - 673 009
ഫോൺ: (0495) 2373077, 9995574308 www.sophiabooks.in

www.malankaralibrary.com

**Hermasinte Edayan**
(Malayalam)

| | |
|---|---|
| Author | : **Fr. Gevarghese Chediyath** |
| First Sophia Edition | : August 2009 |
| Published by | : Sophia Printers & Publishers (P) Ltd.,<br>Malaparamba, Kozhikode, Kerala - 673 009 |
| Distribution | : Sophia Books, Malaparamba, Kozhikode,<br>Kerala - 673 009 |
| Printed at | : Geethanjali, Calicut |
| General Editor | : P. V. Alby |
| Cover Design | : Shibu K. George |
| Lay-out | : Jacob Mathew |
| Price | : Rs. 100/- |

No part of this book may be reproduced or utilized in any form or by any means, electronic or mechanical including photocopying, recording or by any information storage and retrieval system, without permission in writing from the publishers.

© Sophia Printers & Publishers (P) Ltd.

SB-19 IE 1000 August 2009

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം

**1. ദർശനങ്ങൾ**

ഒന്നാം ദർശനം........................................ 19

- ഒന്നാമത്തെ സ്ത്രീ
- രണ്ടാമത്തെ സ്ത്രീ
- രണ്ടാമത്തെ സ്ത്രീയുടെ പ്രസംഗവും പ്രവചനവും
- പ്രോത്സാഹനം

രണ്ടാം ദർശനം........................................ 24

- പകർത്തിയെഴുതാൻ ലഘുഗ്രന്ഥം
- അനുതാപത്തിനുള്ള പ്രേരണ
- പ്രോത്സാഹനം
- പുസ്തകം പകർത്തൽ

മൂന്നാം ദർശനം........................................ 27

- വയലിൽ
- ഗോപുര നിർമാണം
- ഗോപുരത്തെപ്പറ്റിയുള്ള ആദ്യ വെളിപാടുകൾ
- പണിക്കാർ ശ്രേഷ്ഠ മാലാഖമാർ
- കല്ലുകൾ വിവിധതരം വിശ്വാസികൾ
- ഉപേക്ഷിക്കപ്പെട്ട കല്ലുകൾ
- മറ്റു കല്ലുകൾ
- ഏഴു സ്ത്രീകൾ
- ധനവാന്മാർക്കും നായകന്മാർക്കും മുന്നറിയിപ്പ്
- സ്ത്രീ വിവിധ രീതികളിൽ
- ഒന്നാം ദർശനത്തിന്റെ വിശദീകരണം
- രണ്ടാം ദർശനത്തിന്റെ വിശദീകരണം
- മൂന്നാം ദർശനത്തിന്റെ വിശദീകരണം

നാലാം ദർശനം........................................ 40

- ഒരു ഭീകരസത്വം
- എന്താണ് ഭീകരസത്വം

www.malankaralibrary.com


- നാലു നിറങ്ങൾ

അഞ്ചാം ദർശനം........................................ 43

- അനുതാപത്തിന്റെ ദൂതൻ


## 2. കല്പനകൾ


ഒന്നാമത്തെ കല്പന........................................ 44

- ഏകദൈവ വിശ്വാസം

രണ്ടാമത്തെ കല്പന........................................ 44

- അപവാദം പറയരുത്

മൂന്നാമത്തെ കല്പന........................................ 45

- കള്ളം പറയരുത്

നാലാമത്തെ കല്പന........................................ 47

- ശുദ്ധത പാലിക്കണം
- അനുതാപം അറിവാണ്
- അനുതാപം മാമോദീസ സ്വീകരിച്ചവർക്ക്
- പുനർവിവാഹം അനുവദനീയം

അഞ്ചാമത്തെ കല്പന........................................ 50

- ദീർഘശാന്തത
- കോപത്തിന്റെ ദുഷ്ഫലങ്ങൾ

ആറാമത്തെ കല്പന........................................ 53

- നല്ല വഴിയും ചീത്ത വഴിയും
- നീതിയുടെയും ദുഷ്ടതയുടെയും ദൂതന്മാർ

ഏഴാമത്തെ കല്പന........................................ 55

- ദൈവഭയം

എട്ടാമത്തെ കല്പന........................................ 56

- സംയമം

ഒമ്പതാമത്തെ കല്പന........................................ 58

- വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന

പത്താമത്തെ കല്പന........................................ 59

- എപ്പോഴും ദുഃഖിച്ചിരിക്കുന്നത് തെറ്റുതന്നെ
- ദുഃഖത്തിന്റെ ദോഷഫലങ്ങൾ
- സന്തോഷം അനുഗ്രഹകാരണവും ദുഃഖം ദോഷകാരണവും

www.malankaralibrary.com

പതിനൊന്നാമത്തെ കല്പ്പന ........ 61
• സത്യപ്രവാചകന്മാരും കള്ളപ്രവാചകന്മാരും
പന്ത്രണ്ടാമത്തെ കല്പ്പന ........ 64
• അവിവേകിയിൽ ദുർവിചാരങ്ങൾ വരുത്തുന്ന നാശം
• ദുർവിചാരത്തിന്റെ ദുഷ്ഫലങ്ങൾ
• സദ്വിചാരങ്ങൾ പുലർത്തണം
• വികാരങ്ങളെ നിയന്ത്രിക്കണം
• ഉറച്ച വിശ്വാസമുള്ളവർ ശക്തരാണ്
• പാപികളായിരുന്നവർക്കും ദുഷ്ടനെ കീഴ്പ്പെടുത്താം

## 3. ഉപമകൾ

ഒന്നാമത്തെ ഉപമ ........ 70
• ലൗകിക സമ്പാദ്യംകൊണ്ട് ശാശ്വത നിക്ഷേപം സമ്പാദിക്കണം
രണ്ടാമത്തെ ഉപമ ........ 72
• ദാനധർമ്മം വലിയ പുണ്യപ്രവൃത്തി
മൂന്നാമത്തെ ഉപമ ........ 74
• നീതിമാന്മാരും പാപികളും തമ്മിൽ ബാഹ്യമായി വ്യത്യാസമില്ല
നാലാമത്തെ ഉപമ ........ 74
• സ്വർഗത്തിൽ വ്യത്യാസം വെളിപ്പെടും
അഞ്ചാമത്തെ ഉപമ ........ 75
• ദൈവകല്പ്പനകൾ പാലിക്കുന്നത് യഥാർത്ഥമായ ഉപവാസം
• മുന്തിരിത്തോപ്പിലെ പരിശ്രമശാലി
• ഉപവാസം സഹോദരസ്നേഹവുമായി ബന്ധപ്പെട്ടിരിക്കണം
• ഉപമകൾ ഗ്രഹിക്കേണ്ടവിധം
• മുന്തിരിത്തോപ്പിന്റെ ഉപമ വിശദീകരണം
• ദൈവപുത്രൻ ദാസന്റെ വേഷത്തിൽ
• ശരീരം കളങ്കരഹിതമായി കാക്കണം
ആറാമത്തെ ഉപമ ........ 82
• സന്തുഷ്ടനായ ഇടയൻ, അല്ലലില്ലാത്ത ആടുകൾ
• ചതിക്കുന്ന ഇടയൻ
• പ്രതികാരദൂതന്റെ ചുമതല അനുതാപത്തിന്റെ മാലാഖയ്ക്ക്
• സുഖഭോഗത്തിന്റെയും ശിക്ഷയുടെയും കാലാവധി

www.malankaralibrary.com


- പ്രയോജനപ്രദവും ഉപദ്രവകരവുമായ സന്തോഷങ്ങൾ

ഏഴാമത്തെ ഉപമ ........ 87

- പ്രതികാര ദൂതൻ

എട്ടാമത്തെ ഉപമ ........ 88

- അരുളിച്ചെടി
- പച്ചക്കമ്പ് വഹിച്ചവർ
- മരത്തിന്റെയും കമ്പുകളുടെയും അർത്ഥം
- നിലത്തുനട്ട കമ്പുകൾ
- കമ്പുകളുടെ ആന്തരികാർത്ഥം
- ഉണക്കക്കമ്പു വഹിച്ചവർ
- പകുതി ഉണങ്ങിയ കമ്പുകൾ
- കുറെ ഉണങ്ങിയതും കുറെ പച്ചിച്ചതുമായ കമ്പുകൾ
- മൂന്നിൽ രണ്ടുഭാഗം ഉണങ്ങിയ കമ്പുകൾ
- അറ്റം പച്ചയായ ശിഖരം ഉള്ളവർ
- സകലരും അനുതാപത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു

ഒമ്പതാമത്തെ ഉപമ ........ 98

- പന്ത്രണ്ടു മലകൾ
- പാറയും പന്ത്രണ്ടു കന്യകകളും
- പണിക്കാരും ഗോപുര നിർമാണത്തിന്റെ ഒരുക്കവും
- ഗോപുര നിർമാണം
- പണി തടസ്സപ്പെടുന്നു
- ഉടമസ്ഥൻ ഗോപുരം പരിശോധിക്കുന്നു
- ഉപേക്ഷിക്കപ്പെട്ട കല്ലുകൾ ഉപയോഗയോഗ്യമാക്കുന്നു
- ഗോപുരത്തിൽ കല്ലുകളുടെ ഉപയോഗം
- ഗോപുരം പണി പൂർത്തിയാക്കൽ
- ഗോപുരത്തിന്റെ ചുറ്റും വൃത്തിയാക്കുന്നു
- ഹെർമാസ് കന്യകകളുടെ മധ്യത്തിൽ
- പാറയുടെയും വാതിലിന്റെയും അർത്ഥം
- ഗോപുരത്തിന്റെയും കന്യകകളുടെയും അർത്ഥം
- വഴിതെറ്റിയവർക്ക് അനുതപിക്കാൻ സാധിക്കും
- സ്ത്രീകളുടെയും കന്യകകളുടെയും പേരുകൾ
- പ്രവാചകന്മാരും ശ്ലീഹന്മാരും സ്നാനം സ്വീകരിക്കണം

www.malankaralibrary.com


- മലകളുടെ അർത്ഥം
- വിശ്വാസികളുടെ പാപങ്ങൾ കൂടുതൽ ഗൗരവമേറിയവ
- ഒന്നാമത്തെയും രണ്ടാമത്തെയും മലകൾ
- മൂന്നാം മല
- നാലാം മല
- അഞ്ചാം മല
- ആറാം മല
- ഏഴാം മല
- എട്ടാം മല
- ഒൻപതാം മല
- പത്താം മല
- പതിനൊന്നാം മല
- പന്ത്രണ്ടാം മല
- സമതലത്തിൽനിന്നുള്ള കല്ലുകൾ
- ഗോളാകൃതിയിൽനിന്നുള്ള കല്ലുകൾ
- നിഷ്കളങ്കതയിൽ വ്യാപരിക്കണം
- പണിയിലെ വിടവ്

**പത്താമത്തെ ഉപമ** ........................................ 124

- ഇടയന്റെ അധികാരവും മഹത്ത്വവും
- ഹെർമാസിനെപ്പറ്റി ഇടയന്റെ സാക്ഷ്യം
- ഹെർമാസ് കന്യകകളുടെ സംരക്ഷണയിൽ
- വിളിയിൽ വിശ്വസ്തനായിരിക്കുക

www.malankaralibrary.com

**ഫാ. ഗീവർഗീസ് ചേടിയത്ത്**

ജനനം: 1945 മെയ് 29ന് പത്തനംതിട്ട ജില്ലയിലെ അതിരുങ്കൽ ഗ്രാമത്തിൽ. മലങ്കര കത്തോലിക്കാ സഭയിലെ തിരുവനന്തപുരം മേജർ അതിരൂപതാംഗം. റോമിലെ Instituto Patristico Augustinianum-ൽ നിന്നും ഡോക്ടറേറ്റ് നേടിയ അദ്ദേഹം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി എന്നിവിടങ്ങളിൽ പ്രഫസറായിരുന്നു. തൊണ്ണൂറോളം ഗ്രന്ഥങ്ങളുടെ കർത്താവായ ജി. ചേടിയത്ത് സഭൈക്യരംഗത്ത് നിസ്തുലമായ സംഭാവനകൾ നല്കിയിട്ടുണ്ട്.

**പ്രധാന കൃതികൾ:**

1. സഭാ പിതാക്കന്മാർ (4 വാല്യങ്ങൾ)
2. പ്രാചീന സന്യാസചരിത്രം
3. മാർ അപ്രേം (5 വാല്യങ്ങൾ)
4. പലസ്തീനായിലെ സന്യാസികൾ
5. ആദിമ സഭാപിതാക്കന്മാർ (2 വാല്യങ്ങൾ)
6. ലത്തീൻ സഭാ പിതാക്കന്മാർ
7. അപ്പസ്തോലിക പിതാക്കന്മാർ
8. മാർത്തോമായുടെ നടപടികൾ
9. യൗസേബിയൂസ് തിരുസഭാ ചരിത്രം
10. പട്രോളജി (3 വാല്യങ്ങൾ)
11. The Christology of Mar Babai, the Great.

www.malankaralibrary.com

ആമുഖം

റോമിലെ ഒരു ഹെർമാസിനുണ്ടായ ദർശനങ്ങളാണ് 'ഹെർമാസിന്റെ ഇടയൻ' എന്ന ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. രണ്ടു ദൂതൻമാർ- ഒന്ന് ഒരു സ്ത്രീയുടെ രൂപത്തിലും, മറ്റൊന്ന് ഒരിടയന്റെ രൂപത്തിലും- ഹെർമാസിന് നിരവധി സംഗതികൾ വെളിപ്പെടുത്തിക്കൊടുത്തു. ഇടയന്റെ പേരിനോടു ചേർന്നാണ് ഗ്രന്ഥം മുഴുവൻ അറിയപ്പെടുന്നത്.

## വിഭജനം

മൂന്നു രീതിയിലുള്ള പ്രതിപാദനം ഈ ഗ്രന്ഥത്തിൽ കാണാം. (1) അഞ്ചു ദർശനങ്ങൾ (2) പന്ത്രണ്ടു കൽപ്പനകൾ (3) പത്ത് ഉപമകൾ. ബാഹ്യമായി ഈ രീതിയിലാണ് ഇതു വിഭജിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ആന്തരികമായി അപഗ്രഥിക്കുമ്പോൾ കൽപനകളും ഉപമകളും ദർശനങ്ങളുടെ തുടർച്ച തന്നെയാണ്. കുറെക്കൂടെ കൃത്യമായ വിഭജനം താഴെക്കാണും വിധമാണ്: (1) ദർശനം1-4; (2) ദർശനം 5-ഉപമ ഒൻപതിന്റെ അവസാനം; (3) പത്താം ഉപമ ഗ്രന്ഥത്തിന്റ സമാപനം.*

ഹെർമാസിന് ഒരു വൃദ്ധ കാണപ്പെടുന്നു. പിന്നീടുള്ള ദർശനങ്ങളിൽ വൃദ്ധ യുവതിയുടെ രുപം ധരിക്കുന്നു. മൂന്നാം ദർശനത്തിൽ അവൾ സർവ്വാലംകൃതയായ ഒരു വധുവായി മാറുന്നു. ഈ സ്ത്രീ സഭയുടെ പ്രതീകമാണെന്ന് ഹെർമാസിനു പിന്നീടു വെളിപ്പെടുത്തപ്പെടുന്നു. സഭ പ്രാചീനയായതിനാലാണു വൃദ്ധയായി കാണപ്പെട്ടത്. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രതീകമാണ് അലങ്കാരവിഭൂഷിതയായ വധു.

അതിനുശേഷം അനുതാപത്തിന്റെ ദൂതൻ കാണപ്പെടുന്നു. ഏറ്റം ശ്രേഷ്ഠനായ മാലാഖയത്രേ ഈ ദൂതനെ ഹെർമാസിന്റെ പക്കൽ അയച്ചത്. ഒരിടയന്റെ വേഷത്തിലാണ് അവൻ പ്രത്യക്ഷപ്പെട്ടത്. 'നിന്നെ സംരക്ഷിക്കാൻ ചുമതല ലഭിച്ച ഇടയനാണ് ഞാൻ' എന്ന് അവൻ സ്വയം പരിചയപ്പെടുത്തുന്നു. അതിൽ നിന്ന് ഹെർമാസിന്റ ഇടയൻ എന്ന പേര് ഈ ഗ്രന്ഥത്തിനുണ്ടായി.

## അപ്പസ്തോലിക കൃതി

അപ്പസ്തോലിക പിതാക്കൻമാരുടെ കൃതികളിൽ ഹെർമാസിന്റെ ഇടയനും ഉൾപ്പെടുന്നു. ഒന്നാം നൂറ്റാണ്ടിലും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലും ജീവിച്ചിരുന്ന ക്രൈസ്തവ സാഹിത്യകാരൻമാരെയാണ് അപ്പസ്തോലിക പിതാക്കൻമാർ എന്നു നാം വിളിക്കുക. വി. ശ്ലീഹന്മാരുടെ പ്രബോധനങ്ങളോട് അവരുടെ ഉപദേശങ്ങൾക്ക് വളരെ സാമിപ്യമുള്ളതി

* Joseph M-F. Marique (tr.), The Shepherd of Hermas in the Fathers of the Church, I, Washington. D.C.1969, p. 225

www.malankaralibrary.com

നാൽ അവർ പ്രത്യേകം ബഹുമാന്യരായി ഗണിക്കപ്പെടുന്നു. അജപാലന ദൗത്യം മുൻപിൽ കണ്ടുകൊണ്ട് എഴുതപ്പെട്ടവയാണ് അപ്പസ്തോലിക പിതാക്കൻമാരുടെ കൃതികൾ. ശൈലിയിലും രൂപത്തിലും അവ പുതിയ നിയമസാഹിത്യത്തോട് വളരെ അടുത്തു വരുന്നു. വെളിപാടിന്റെയും പാരമ്പര്യത്തിന്റെയും ഇടയ്ക്കു രണ്ടിനേയും യോജിപ്പിക്കുന്ന കണ്ണിയായി അവ വർത്തിക്കുന്നു. അക്കാലത്തെ ക്രൈസ്തവജീവിതം ഈ കൃതികൾ വ്യക്തമാക്കുന്നു എന്നു പറയാം. കർത്താവിനെക്കുറിച്ചുള്ള സജീവ സ്മരണ ഈ ഗ്രന്ഥങ്ങളുടെ കർത്താക്കളിൽ നിലനിന്നു. ശ്ലീഹൻമാരിൽനിന്നു നേരിട്ടു കേട്ട സംഗതികൾ അവരിൽ നന്നായി പതിഞ്ഞിരുന്നതിനാൽ യേശുക്രിസ്തുവിനെ പ്രാപിക്കാനുള്ള ഒടുങ്ങാത്ത അന്തർദാഹം അവർക്കുണ്ടായിരുന്നു.

അപ്പസ്തോലിക പിതാക്കൻമാർ ക്രിസ്തീയ വിശ്വാസം ശാസ്ത്രീയമായി വിശകലനം ചെയ്യാൻ ഒരുമ്പെട്ടില്ല. എങ്കിലും അവർ വരച്ചു കാട്ടുന്ന ക്രൈസ്തവമാതൃക ശ്ലാഘനീയവും അനുകരണാർഹവുമാണ്. അന്നത്തെ ക്രിസ്തീയ സമൂഹങ്ങളുടെ ദൈനംദിന പ്രശ്നങ്ങളിലേക്ക് അവർ വിരൽ ചൂണ്ടി. ധാർമിക നിലവാരം ഉയർത്തുക, ഗ്രേക്കോ-റോമൻ സാമ്രാജ്യത്തിൽ ചിന്നിച്ചിതറി കിടക്കുന്ന ക്രിസ്തീയ സമൂഹങ്ങളുടെ ജീവിതം കരുപ്പിടിപ്പിക്കുക എന്നിവയായിരുന്നു അവരുടെ ലക്ഷ്യം. വളരെ ലളിതമായ ശൈലി, മതപരമായ ഉറച്ച വിശ്വാസം, ഗ്രീക്കു താത്ത്വിക-സാഹിത്യശൈലിയിൽനിന്നു വിമുക്തമായ രൂപകല്പന എന്നിവ അവരുടെ പ്രത്യേകതകളാണ്. പുതിയ നിയമത്തിന്റെ അടിസ്ഥാനദൗത്യത്തിൽ അവർ അതീവ ശ്രദ്ധാലുക്കളായിരുന്നു. (LW.Barnard, Studies in the Apostolic Fathers and their Background, Oxford, 1966, 2ff). എല്ലാ അപ്പസ്തോലിക പിതാക്കൻമാരുടെയും പേരുകൾ നമുക്കറിവില്ല. റോമിലെ വി. ക്ളെമെന്റ്(92-101) അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (+110), സ്മിർണയിലെ വി. പോളിക്കാർപ്പ് (+156), ഹിയരാപ്പൊളീസിലെ പപ്പിയാസ്(+130) എന്നിവരുടെ പേരുകൾ മാത്രമേ നമുക്കറിവുള്ളൂ. ബർണബാസിന്റെ ലേഖനം, ഡയഗ്നേറ്റസിനുള്ള ലേഖനം, ഡിഡാക്കെ, ഹെർമാസിന്റെ ഇടയൻ എന്നിവ ഗ്രന്ഥങ്ങളുടെ പേരിൽ അറിയപ്പെടുന്നു.

## അപ്പോകലിപ്റ്റിക് അപ്പോക്രീഫാ

അപ്പസ്തോലിക പിതാക്കന്മാരിൽ ഉൾപ്പെടുത്തിയിരിക്കുന്നെങ്കിലും ഹെർമാസിന്റെ ഇടയൻ ഒരു അപ്പോകലിപ്റ്റിക് അപ്പോക്രീഫാ ആണ്. വേദപുസ്തകത്തിലെ വെളിപാടു പുസ്തകത്തിന്റെ ശൈലിക്കാണ് അപ്പോകലിപ്റ്റിക് ശൈലി എന്നു പറയുക. അപ്പോക്രീഫൽ എന്ന വാക്കിന് ആരംഭകാലത്ത് നിഗൂഢമായത്, രഹസ്യമായത് എന്നൊക്കെയായിരുന്നു അർത്ഥം. പിൽക്കാലത്ത് ഭാവനാസമ്പന്നരായ ആളുകൾ ഐതിഹ്യം, ഊഹ

www.malankaralibrary.com

ക്കഥകൾ, കെട്ടുകഥകൾ എന്നിവയെ ആധാരമാക്കി, ശ്ലീഹൻമാരുടെയും മറ്റും പേരുകളിൽ പ്രചരിപ്പിച്ച സുവിശേഷങ്ങൾ, ലേഖനങ്ങൾ, നടപടികൾ, വെളിപാടുകൾ എന്നിവ അപ്പോക്രീഫൽ കൃതികൾ എന്നറിയപ്പെടാൻ തുടങ്ങി. അങ്ങനെ കൃത്രിമം, അസത്യം എന്നെല്ലാം ഉള്ള അർത്ഥം അതിനു ലഭിച്ചു. ആദിമസഭയുടെ ഭാവനകൾ, ചാച്ചിലുകൾ, ആചാരങ്ങൾ, വികാരങ്ങൾ, ആഗ്രഹങ്ങൾ ആദിയായ സംഗതികൾ ഗ്രഹിക്കുവാൻ ഈ ഗ്രന്ഥങ്ങൾ സഹായിക്കും. ഭക്തി സംവർദ്ധകങ്ങളായ ചില അപ്പൊക്രീഫൽ കൃതികൾ പല ക്രൈസ്തവ സമൂഹങ്ങൾക്കും ആധ്യാത്മിക പ്രചോദനം നൽകി. അത്തരത്തിൽപെട്ടതാണ് ഹെർമാസിന്റെ ഇടയൻ.

## ദൈവനിവേശിതം

ഹെർമാസിന്റെ ഇടയൻ ദൈവനിവേശിതം ആണെന്ന് പലരും ധരിക്കുകയും പല സഭാസമൂഹങ്ങളിലും ഇതു പരസ്യാരാധനയിൽ വായിക്കുകയും ചെയ്തിരുന്നു. "വി. ഗ്രന്ഥം നന്നായി പറഞ്ഞിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് ഇരനെയൂസ്(+200) ഇതിൽനിന്ന് ഉദ്ധരിക്കുന്നത്. എവുസേബിയസ് (+339) ഈ കാര്യം എടുത്തു പറയുന്നു (സഭാചരിത്രം 5.8). ഗാള്ളിക്കൻ സഭയിൽ 'ഇടയൻ' അറിയപ്പെട്ടിരുന്നു. അലക്സാന്ദ്രിയായിലെ ക്ളെമെന്റ് (+215) ഇതിൽ നിന്ന് ഉദ്ധരിച്ചിട്ടുണ്ട്. ഇതിലെ വെളിപാടിന്റെ ദൈവിക സ്വഭാവം അംഗീകരിച്ചുകൊണ്ടാണ് ക്ളെമെന്റ് എപ്പോഴും ഇത് ഉദ്ധരിക്കുകയും, വളരെ പ്രയോജനപ്രദവും നിവേശിതവുമെന്ന് പറയുകയും ചെയ്തിട്ടുണ്ട് (റോമാലേഖനഭാഷ്യം,16.4). ഇതിന്റെ ദൈവനിവേശിത സ്വഭാവത്തെപ്പറ്റി സംശയമുള്ളവർക്കു ത്യജിക്കാൻ ഒരിജെൻ അനുവാദം നൽകുന്നു. ചിലർ ഇതു ദൈവനിവേശിത ഗ്രന്ഥമായി അംഗീകരിക്കുന്നില്ല. എന്നാൽ പള്ളികളിലൊക്കെ പരക്കെ ഉപയോഗിക്കുന്നുണ്ട് എന്ന് എവുസേബിയസ് സാക്ഷിക്കുന്നു (സഭാ. 3.3). പഴയനിയമത്തിലെ 'ഡ്യൂട്രോകാനോനിക്കൽ' ഗ്രന്ഥങ്ങളുടെ കൂടയാണ് അത്തനാസ്യോസ്(+373) ഇതുൾപ്പെടുത്തുന്നത്. നിവേശിതമല്ലെങ്കിലും പ്രബോധകപ്രധാനമാണ് 'ഇടയൻ'എന്ന് അത്തനാസ്യോസ് സമ്മതിക്കുന്നു. നാലാം നൂറ്റാണ്ടിലെ കോഡക്സ് സിനൈറ്റിക്കസിൽ 'ഇടയനും' ഉണ്ട്. (ആരംഭം മുതൽ കൽപന 4,3,6 വരെ മാത്രം).

## മൂറത്തോറിയൻ രേഖാശകലം

മുറത്തോറിയൻ രേഖാശകലമനുസരിച്ച് പീയൂസ് പാപ്പായുടെ ഭരണകാലത്ത്(140-150) ഒരു ഹെർമാസാണിതെഴുതിയത്. ഇതു വേദപുസ്തകത്തിൽ ഉൾപ്പെടുത്താൻ പാടില്ല എന്ന് ഈ രേഖാശകലം അനുശാസിക്കുന്നു. പുതിയനിയമത്തിലെ ഗ്രന്ഥങ്ങളുടെ പട്ടിക ഉൾക്കൊള്ളുന്ന ഏറ്റം പ്രാചീനരേഖാശകലമാണ് മൂറത്തോറിയൻ രേഖാശകലം. ക്രി. വ.1740-ൽ എൽ.എ.മൂറത്തോറി എന്ന പണ്ഡിതൻ മിലാനിലെ അംബ്രോസിയൻ

www.malankaralibrary.com

ഗ്രന്ഥശേഖരത്തിൽനിന്ന് ഈ രേഖ കണ്ടെടുത്തതു കൊണ്ട് 'മുറത്തോറിയൻ' എന്നു പേരായി. ഈ രേഖയുടെ കർത്താവ് ആരാണെന്നറിവില്ല. ഹെർമാസിനെപ്പറ്റി ഈ രേഖയിൽ ഇപ്രകാരം കാണുന്നു:

'റോമാപട്ടണത്തിലെ സഭയുടെ സിംഹാസനത്തിൽ പീയൂസ് ആരൂഢനായിരുന്നപ്പോൾ, അവന്റെ സഹോദരനായ ഹെർമാസ് റോമാ പട്ടണത്തിൽ വച്ച് വളരെ അടുത്തകാലത്ത് 'ഇടയൻ' എന്നൊരു കൃതിയെഴുതി. അതുകൊണ്ട് അതും നിശ്ചയമായും വായിക്കപ്പെടേണ്ടതാണ്. എന്നാൽ സഭയിൽ പരസ്യമായി ജനങ്ങളുടെ മുൻപാകെ വായിക്കാൻ പാടില്ല; കാരണം, അതു പ്രവാചകൻമാരിലും ശ്ലീഹൻമാരിലും ഉൾപ്പെട്ടതല്ല. അവരുടെ സംഖ്യ, കാലാന്ത്യത്തോളം പൂർണമാണല്ലോ' (ജി. ചേടിയത്ത്, ആദിമസഭയുടെ സന്ദേശം. പേജ് 320-1). ഇടയന്റെ പ്രാധാന്യത്തെപ്പറ്റി തെർത്തുല്യനും(+220) സാക്ഷ്യം നൽകുന്നു. പ്രാർത്ഥനയെപ്പറ്റി എന്ന കൃതിയിൽ, പ്രാർത്ഥന കഴിഞ്ഞാലുടൻ ആളുകൾ ഇരിക്കുന്ന പതിവിനെ സംബന്ധിച്ചു തെർത്തുല്യൻ തർക്കിക്കുന്നു. 'പ്രാർത്ഥന കഴിഞ്ഞപ്പോൾ ഹെർമാസ് കട്ടിലിൽ ഇരുന്നു' എന്ന ഒറ്റ കാരണമേ ഇരിക്കാൻ പ്രേരകമായി തെർത്തുല്യൻ കാണുന്നുള്ളു.

രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മിക്ക സഭകളും ഇടയന് നിവേശിതം കൽപിച്ചിരുന്നു. ഹെർമാസിന്റെ ദർശനങ്ങൾ യഥാർത്ഥങ്ങളായി കരുതപ്പെട്ടിരുന്നു. ദൂരെയുള്ള പട്ടണങ്ങൾക്ക് ഈ ഗ്രന്ഥം അയച്ചുകൊടുക്കാൻ ഏതോ ക്ളെമെന്റിന് ഗ്രന്ഥത്തിൽത്തന്നെ നിർദ്ദേശമുണ്ട് (ദർശനം 2.4). അതിനാലായിരിക്കാം ആദിമസഭയിൽ വളരെ ഉന്നതമായിരു സ്ഥാനം ഇതിനുണ്ടായിരുന്നത്.

## എഴുതിയ കാലം

റോമിലെ ക്ളെമെന്റിന്റെ കാലത്ത് (92-101) ആദ്യ ഭാഗങ്ങൾ എഴുതപ്പെട്ടിരിക്കാം (രണ്ടാം ദർശനം). പിന്നീടുള്ളവ പീയൂസിന്റെ കാലത്ത് (140 -150)പൂർത്തിയായി. ഗ്രന്ഥത്തിന്റെ ആന്തരികാപഗ്രഥനവും ഇതിലേക്ക് വെളിച്ചം വീശുന്നു.

## ഹെർമാസ് - വ്യക്തി

വിശുദ്ധ പൗലോസ് റോമാലേഖനത്തിൻ സൂചിപ്പിക്കുന്ന (1614) ഹെർമാസ് ഈയാളാണ് എന്ന് ഒരിജെൻ അഭിപ്രായപ്പെടുന്നു. എന്നാൽ അതു ശരിയല്ല. തന്റെ വ്യക്തിപരമായ ജീവിതം ഹെർമാസ് കുറേയൊക്കെ വരച്ചു കാട്ടുന്നുണ്ട്. ചെറുപ്പത്തിൽതന്നെ അടിമയായി വിൽക്കപ്പെടുകയും റോമിലേക്ക് അയക്കപ്പെടുകയും ചെയ്തു. റോദ് എന്ന സ്ത്രീയാണ് ഹെർമാസിനെ റോമിൽ വിലയ്ക്കു വാങ്ങിയത്. ഹെർമാസ് ഒരു യൂദനോ, യഹൂദൻമാരിൽ നിന്നു രൂപീകരണം ലഭിച്ച വനോ ആണ്. തന്റെ കച്ചവടം, സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം സമ്പാദിച്ച സ്വത്തുക്കളുടെ നഷ്ടം, റോമിൽ

www.malankaralibrary.com

നിന്നു കൂമേയിലേക്ക് പോകുന്നിടത്തുള്ള തന്റെ കൃഷിസ്ഥലം എന്നു തുടങ്ങിയ സംഗതികൾ വളരെ ആത്മാർത്ഥമായി ഹെർമാസ് സൂചിപ്പിക്കുന്നു. മതപീഡനത്തിൽ തന്റെ മക്കൾ അവിശ്വസ്തരായിരുന്നെന്നും, അവർ മാതാപിതാക്കളെ ഒറ്റിക്കൊടുത്തെന്നും, ക്രമരഹിതരായി ജീവിച്ചെന്നും മറ്റും ഹെർമാസ് വിളിച്ചു പറയുന്നു. സംസാരപ്രിയയായ തന്റെ ഭാര്യയെപ്പറ്റി നല്ല കാര്യമൊന്നും അദ്ദേഹത്തിന് പറയാനില്ല. മതപീഡനത്തിൽ വിശ്വാസം ത്യജിക്കാതെ ഉറച്ചുനിന്ന ഭക്തനായ ഒരു വ്യക്തിയായിരുന്നു ഗ്രന്ഥകർത്താവ് എന്ന് ഇതൊക്കെ സൂചിപ്പിക്കുന്നു.

## അനുതാപം - പ്രസംഗവിഷയം

പാപപരിഹാരാർത്ഥം പ്രാശ്ചിത്തം അനുഷ്ഠിക്കാൻ ദർശനത്തിൽ കാണപ്പെട്ട സ്ത്രീ ഹെർമാസിനെ ഉപദേശിക്കുന്നു. പണിതുകൊണ്ടിരിക്കുന്ന ഒരു ഗോപുരം അവനെ കാണിക്കുന്നു. ക്രിസ്തുമതത്തിന്റെ ഭാവിസൂചകമാണ് ആ ഗോപുരം. ചേരാത്ത കല്ലുകൾ ദൂരെ എറിയപ്പെടുന്നതുപോലെ അനുതപിക്കാത്ത പാപികൾ സഭയിൽനിന്നു തിരസ്കൃതരാകും. പിന്നീട് കാണപ്പെടുന്ന ഇടയന്റെയും പ്രസംഗവിഷയം പ്രാശ്ചിത്തമാണ്. അവനാണ് ഹെർമാസിന് കൽപനകളും ഉപമകളും പറഞ്ഞുകൊടുക്കുന്നത്. താൽക്കാലികമായി ഗോപുരം പണി നിർത്തിവച്ചിരിക്കുന്നത് പാപികൾക്ക് അനുതപിക്കാൻ അവസരം ലഭിക്കാനത്രേ. വരാനിരിക്കുന്ന മതപീഡനത്തെപ്പറ്റിയും ഹെർമാസിന് ദർശനം ലഭിക്കുന്നു. അനുതാപത്തിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ലഘുഗ്രന്ഥം അവനു കിട്ടുന്നു. അതു പകർത്തിയെഴുതി പ്രചരിപ്പിക്കാൻ ഉള്ള നിർദ്ദേശവും ലഭിക്കുന്നു (ദർശനം 2.3.4).

## കൽപനകൾ

പന്ത്രണ്ട് കൽപനകൾ ക്രിസ്തീയ ധർമസംഹിതാ സമാഹാരമാണ്; അനുതാപത്തിന്റെ പുതിയ ജീവിതത്തിന് ആവശ്യമായ പ്രമാണങ്ങളാണവ. ഏകദൈവത്തിലുള്ള വിശ്വാസം, ഹൃദയനിഷ്കളങ്കത, സത്യത്തോടുള്ള സ്നേഹം, ശുദ്ധത, വൈവാഹിക വിശുദ്ധി, താഴ്മ, ദൈവഭയം, അടക്കം, വിശ്വാസപൂർവകമായ പ്രാർത്ഥന, സന്തോഷഭാവം, കള്ളപ്രവാചകർ, അത്യാർത്തി എന്നിവ ഈ ഭാഗത്ത് ചർച്ചാവിഷയമാക്കുന്നു. യഥാർത്ഥമായി ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ഈ കൽപനകൾ പാലിക്കാൻ സാധിക്കും എന്ന് ഈ ഭാഗം ഉറപ്പു നൽകുന്നു.

## ഉപമകൾ

ഉപമകളും പ്രബോധകപ്രധാനമാണ്. ക്രിസ്ത്യാനികൾ ഇവിടെ പരദേശികളാണെന്ന് ഒന്നാം ഉപമ പഠിപ്പിക്കുന്നു. ആവശ്യക്കാരെ ധനവാൻമാർ സഹായിക്കണം എന്ന് രണ്ടാമത്തെ ഉപമ നിർദ്ദേശിക്കുന്നു. കഠിനമായ തെറ്റുകളാൽ സഭാജീവിതത്തിൽ നിന്നകന്നവർ അനുതാപം വഴി കൃപാവര ജീവിതത്തിലെത്തണം എന്ന് ഉപമകൾ ചൂണ്ടിക്കാണിക്കുന്നു. തണുപ്പു

www.malankaralibrary.com

കാലത്ത് മരങ്ങൾ ഇല പൊഴിക്കുന്നു. അപ്പോൾ പച്ചമരത്തെയും ഉണക്കമരത്തെയും തിരിച്ചറിയാൻ സാധിക്കയില്ല. അതുപോലെ നല്ലവരെയും ദുഷ്ടൻമാരെയും തിരിച്ചറിയാൻ സാധിക്കയില്ല. വ്യത്യാസം സ്വർഗ്ഗത്തിലേ വെളിപ്പെടൂ. സഭയുടെ സൂചനയായി എൽമ് വൃക്ഷത്തിന്റ ഉപമയും ഉണ്ട്. മിഖായേൽ മാലാഖ ഇതിന്റെ കമ്പ് വെട്ടി മനുഷ്യർക്കെല്ലാം കൊടുക്കുന്നു. നല്ലവരേയും ദുഷ്ടൻമാരെയും തിരിച്ചറിയാൻ ഇത് സഹായിക്കുന്നു. പുഷ്പിക്കാത്ത ശാഖകൾ ശുശ്രൂഷയും പരിലാളനയും ഏറ്റ് പുഷ്പിക്കാനായി ഇടയന് ഭരമേൽപിക്ക പ്പെടുന്നു. ഈ ഉപമയും അനുതാപത്തിനുള്ള ഒരാഹ്വാനമാണ്. പത്താം ഉപമ ഗ്രന്ഥത്തിന്റെ അവസാന ഭാഗമാണ്.

## സഭാചിത്രം

സഭയിലെ എല്ലാത്തരം ആളുകളെപ്പറ്റിയും ഹെർമാസിന് പറയാനുണ്ട്. നല്ലവരും ദുഷ്ടരുമായ ക്രിസ്ത്യാനികളെ നാം അതിൽ കണ്ടുമുട്ടും. മെത്രാൻമാരെപ്പറ്റിയും വൈദികരെപ്പറ്റിയും ഡീക്കൻമാരെപ്പറ്റിയും ഭംഗിയായി അതിൽ വിവരിച്ചിരിക്കുന്നു. വിധിക്കേൽപ്പിക്കപ്പെട്ടവരും അഹങ്കാരികളും കരുതലില്ലാത്തവരും ആയ വൈദികരെയും വിധവകളുടെയും അനാഥരുടെയും പണം സ്വന്തമാക്കിയ ഡീക്കൻമാരെയും നമുക്കവിടെ കാണാം. സത്യവിശ്വാസാർത്ഥം ജീവൻ ഹോമിച്ച രക്തസാക്ഷികളും വിശ്വാസം ത്യജിച്ച മനുഷ്യരും ഉണ്ട് ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ. വെറും ലൗകികനേട്ടത്തിനുവേണ്ടി ദൈവത്തേയും സഹക്രിസ്ത്യാനികളെയും ശപിച്ചവരെയും നമുക്കവിടെ ദർശിക്കാം. പാപകളങ്കമേശാത്ത ജനങ്ങളെപ്പറ്റിയും, എല്ലാവിധ പാപങ്ങളുമുള്ളവരെപ്പറ്റിയും ഹെർമാസ് വിവരിക്കുന്നു. ധനം ഉണ്ടെങ്കിലും അത് ഇറുക്കിപ്പിടിച്ചുകൊണ്ടിരുന്നവരും; ഉള്ള ധനം ദാനം ചെയ്യുന്നവരും എല്ലാം ഹെർമാസിൽ അപഗ്രഥനാവിഷയമായിട്ടുണ്ട്.

ചുരുക്കത്തിൽ റോമാസഭയുടെ ഒരാത്മശോധനയാണ് 'ഇടയൻ'. ഹെർമാസിന്റെ വീക്ഷണത്തിൽ നല്ല ജീവിതം നയിക്കുന്നവരാണ് അധികം പേരും. മാമോദീസായ്ക്കു ശേഷം പാപമോചനത്തിന് സഭയിൽ സ്ഥാനമുണ്ട്. ഇതൊരു പുതിയ പ്രബോധനമല്ല. സ്നാനത്തിനുശേഷമുള്ള പാപം സഭാംഗത്വം നഷ്ടമാക്കുന്നു എന്ന ചിലരുടെ പ്രബോധനം ഹെർമാസ് സ്വീകരിക്കുന്നില്ല. അനുതാപത്തിനുള്ള ആഹ്വാനം സാർവത്രീകമാണ്. അനുതാപം മാനസാന്തരത്തിലേക്കു നയിക്കണം. സഭ നൽകുന്ന അവസരം വീണ്ടും പാപം ചെയ്യാനുള്ള അവസരമായി കണക്കാക്കരുത്. കർത്താ വ് സമീപസ്ഥനാകയാൻ തെറ്റുകാരൻ എത്രയും വേഗം അനുതപിക്കണം. ഒട്ടും മാറ്റിവയ്ക്കാൻ പാടില്ല. ഗോപുരം പണിപൂർത്തിയാകുന്നതിനു മുൻപ് ഇത് നടന്നിരിക്കണം. പാപി തന്റെ ജീവിതം നവീകരിക്കണം; പാപമോചനം വഴി ശുദ്ധീകരണവും വിശുദ്ധീകരണവും ലഭിക്കുന്നു. സഭയിലാണിതു സാധിക്കുന്നത്. പാപികളെയും ഹൃദയം നുറുങ്ങിയവരെയും ഹെർമാസ് ധൈര്യപ്പെടുത്തുന്നു.

www.malankaralibrary.com

## ക്രിസ്തുശാസ്ത്രം

'വചനം' എന്നോ 'യേശു ക്രിസ്തു' എന്നോ ഹെർമാസ് പ്രയോഗിക്കുന്നില്ല. 'കർത്താവ്' 'ദൈവപുത്രൻ' എന്നിങ്ങനെയാണ് രക്ഷകനെ വിളിക്കുന്നത്. ഹെർമാസിന്റെ ത്രിത്വപ്രബോധനം തികച്ചും അവികലമല്ല. പരിശുദ്ധാത്മാവിനെ ദൈവത്തിന്റെ പുത്രൻ എന്ന് അവൻ വിളിക്കുന്നു (ഉപമ, 9.1.1). അതായത് ത്രിത്വത്തിൽ രണ്ടാളുകളെ ഉള്ളു എന്നർത്ഥം. മാനുഷികവശം പരിഗണിക്കുമ്പോൾ രക്ഷകൻ ദൈവത്തിന്റെ ദത്തുപുത്രനാണ്.

## സഭ

സഭ എല്ലാ സൃഷ്ടികൾക്കും മുമ്പുള്ളവളാണ്. അതിനാലത്രേ അവൾ വൃദ്ധയായിരിക്കുന്നത്. പ്രപഞ്ചം മുഴുവൻ സഭയ്ക്കുവേണ്ടി സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നു (ദർശനം 2.3.4). പണിതുകൊണ്ടിരിക്കുന്ന ഗോപുരം സഭയെ സൂചിപ്പിക്കുന്നു.(ദർശനം 3. 3.31; ഉപമ 8.13.1). പണിതീർന്ന ഗോപുരം വിജയസഭയുടെ പ്രതീകമാണ്. സ്നാനം വഴിയത്രേ മനുഷ്യർ സഭയിൽ പ്രവേശിക്കുന്നത്(ദർശനം 3.3.5). സ്നാനത്തെ മുദ്ര എന്ന് ഹെർമാസ് വിളിക്കുന്നു (ഉപമ 9.16). ശ്ലീഹൻമാരും പ്രബോധകരും മരിച്ചവരുടെ പക്കലേക്ക് ഇറങ്ങിച്ചെന്ന് അവർക്ക് സ്നാനം നൽകി. അങ്ങനെ ക്രിസ്തുവിനു മുൻപുള്ള നീതിമാൻമാർ സഭയിലായി.

## ക്രൈസ്തവ ജീവിതം

കൽപനയും ഉപദേശവും തമ്മിലൊരന്തരം ഹെർമാസിൽ കാണാം; 'കടപ്പെട്ട' കാര്യങ്ങളും പുണ്യപൂർണതയ്ക്ക് ചേർന്നവയും (ഉപമ 5:3.3). ഉപവാസം, ബ്രഹ്മചര്യം, രക്തസാക്ഷിത്വം എന്നിവ രണ്ടാമത്തെ ഗണത്തിൽ ഉൾപ്പെടുന്നു. മനുഷ്യഹൃദയങ്ങളെ വഴിതെറ്റിക്കുന്ന അരൂപികളെപ്പറ്റി ഹെർമാസ് മുന്നറിയിപ്പു നൽകുന്നു (കൽപന 62.1-4). നല്ല അരൂപികൾ നന്മയിലേക്കു നയിക്കുന്നു. അവർ നന്മയും വിശുദ്ധിയും അടക്കവും നീതിയും നമ്മിൽ സംസാരിക്കുന്നു. നല്ലതും, തിന്മനിറഞ്ഞതുമായ ആത്മാക്കൾക്ക് ഒരേ സമയം ഒരേ ഹൃദയത്തിൽ കുടികൊള്ളുവാൻ സാധ്യമല്ല (കൽപന 5:2.57).

## വിവാഹവിശുദ്ധി

വ്യഭിചാരിണിയെ ദൂരെയകറ്റണം; അവൾ അനുതപിച്ചാൽ സ്വീകരിക്കണം; സ്വീകരിച്ചില്ലെങ്കിൽ ഭർത്താവ് തെറ്റുകാരനാണ് (കൽപന 4.1.8). ആദ്യവിവാഹത്തിലെ പങ്കാളി മരിച്ചാൽ പുനർവിവാഹം ചെയ്യുവാൻ ഹെർമാസ് അനുവദിക്കുന്നു (കൽപന 4.4. 1-2). പല ആദിമപിതാക്കന്മാരും പുനർവിവാഹത്തിന് എതിരായിരുന്നു.

## ഇരുപാതതത്ത്വം

രണ്ടു മാലാഖമാരുടെ തത്വം 'ഇരുപാതതത്ത്വ' ത്തിന്റെ ഒരു വികസ

www.malankaralibrary.com

നമാണ്. ഹെർമാസിലും ഇരുപാതതത്ത്വത്തിന്റെ നിഴലുകൾ കാണാം (കൽപന. 6.2). ഈ പ്രതിപാദനരീതി ഗ്രീക്കുകാരിൽ നിന്ന് ഹെല്ലനിസ്റ്റിക് സിനഗോഗുകൾ സ്വീകരിച്ചു; അത് യൂദയോ-ക്രൈസ്തവ മണ്ഡലങ്ങളിൽ സാധാരണമായിത്തീർന്നു. ഡിഡാക്കെയിലും(അധ്യാ, 1-5), ബർണബാസിന്റെ ലേഖനത്തിലും(അധ്യാ.18-20). ഈ പ്രതിപാദനരീതി കാണാം 'ജീവന്റെ വഴിയെന്നും മരണത്തിന്റെ വഴിയെന്നും പാതകൾ രണ്ടുണ്ട്. ഈ രണ്ടു പാതകൾ തമ്മിൽ വലിയ അന്തരം ഉണ്ട്' എന്നാണ് ഡിഡാക്കെയുടെ ആദ്യവാചകം (1.1). തുടർന്ന് ഈ രണ്ട് പാതകളുടെ പ്രത്യേകൾ വിശദമാക്കുന്നു(1,2; 5.1). 'ഡിഡസ്കാലിയ അപ്പൊസ്തൊളോരും, 'അപ്പസ്തോലിക് കോൺസ്ററിറ്റ്യൂഷൻസ് ഏഴാം പുസ്തകം' എന്നീ ഗ്രന്ഥങ്ങളിലും ഇരുപാതതത്ത്വം കാണാം. സിറിയാ, കംറാൻ, അലക്സാണ്ഡ്രിയ, റോമാ എന്നിവിടങ്ങളിൽ യൂദൻമാർക്കിടയിൽ ഇരുപാതതത്ത്വം വാമൊഴിയിലും വരമൊഴിയിലും വ്യാപിച്ചിരുന്നു.

## ഹെർമാസ് - യൂദയോ ക്രൈസ്തവൻ

രണ്ടാം നൂറ്റാണ്ടിൻ നിലവിലുണ്ടായിരുന്ന 'യൂദെയോ-ക്രൈസ്തവ സമൂഹത്തെ ഹെർമാസ് പ്രതിനിധാനം ചെയ്യുന്നു. 'യൂദെയോ-ക്രൈസ്തവം' എന്നതിന് പലതരം വ്യാഖ്യാനം കൊടുത്തു കാണുന്നു. (1) ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കാതെ, ഒരു പ്രവാചകനായി മാത്രം അംഗീകരിച്ച യൂദൻമാർ, (2) വി.യാക്കോബിന്റെ നേതൃത്വത്തിൽ യരുശലേമിൽ വസിച്ചിരുന്ന യൂദൻമാർ സത്യക്രിസ്ത്യാനികളായിരുന്നെങ്കിലും ചില യൂദാചാരങ്ങളോട് അമിതമായ താൽപര്യം ഇക്കൂട്ടർ വച്ചു പുലർത്തി. നസ്രാണികൾ എന്ന് ഇക്കൂട്ടർ എഴുപതിനു ശേഷം അറിയപ്പെട്ടു.

(3) യൂദൻമാരിൽ നിന്നു കടമെടുത്ത ശൈലിയിൽ ക്രൈസ്തവാശയങ്ങൾ പ്രകടിപ്പിച്ചിരുന്ന ഒരു കൂട്ടർ; യൂദലോകവുമായും യൂദാചാരങ്ങളുമായും ബന്ധം വിടർത്തിയവരാണീ കൂട്ടർ. എന്നാൽ അവരുടെ യൂദ പശ്ചാത്തലം മൂലം യൂദ ശൈലിയിൽത്തന്നെ അവർ തുടർന്നും ചിന്തിച്ചു. ഉദാ: വി. പൗലോസ്. 'യൂദയോ-ക്രൈസ്തവം' എന്നു പറയുമ്പോൾ ഈ മൂന്നാമത്തെ അർത്ഥത്തിലാണ് ഇവിടെ മനസിലാക്കുക.

യഹൂദമതത്തിന്റെ തുടർച്ചയായിട്ടാണ് ക്രിസ്തുമതം ആദ്യമാദ്യം അറിയപ്പെട്ടത്. യഹൂദൻമാരുടെയിടയിൽ യഹൂദഭാഷയിലും ശൈലിയിലും അത് പ്രചരിച്ചു. ഹെർമാസിലും അത് പ്രതിഫലിക്കുന്നു. 'വെളിപാട്' ഗ്രന്ഥത്തിലെ ദർശനത്തിന് തുല്യമായവയാണ് ഹെർമാസിന്റെ വെളിപാടുകൾ (Visions). കൽപനകൾ (Mandates) അരൂപികളെ തിരിച്ചറിയാനുള്ള പ്രതിപാദനമാണ്. ഉപമകൾ (Parables) യൂദൻമാരുടെ 'അപ്പോകലിപ്റ്റിക്' സാഹിത്യത്തിൽ കാണുന്ന 'സിംബോളിക്കൽ' ദർശനങ്ങൾക്കു തുല്യമാണ്.

ഉഗ്രാകാരമുള്ള മാലാഖമാരുടെ വർണന, ഒരു സ്വർഗാരോഹണത്തിൽ

www.malankaralibrary.com

മാലാഖ പ്രധാനകഥാപാത്രമാകുന്നത് ആദിയായവ യൂദയോ–ക്രൈസ്തവ പാരമ്പര്യത്തിൽനിന്നു വരുന്നതാണ്. 'പത്രോസിന്റെ സുവിശേഷം' എന്ന അപ്പോക്രീഫൽ കൃതിയിലും യൂദൻമാരുടെ അപ്പോക്കലിപ്റ്റിക് സാഹിത്യത്തിലും കംറാൻ ആധ്യാത്മികതയിലും ഇത്തരം വർണ്ണനകൾക്കു വളരെ പ്രസക്തിയുണ്ട്.

'മരിച്ചവരുടെ ഇടയിലേക്കുള്ള യാത്ര' പഴയനിയമ വിശുദ്ധരുടെ രക്ഷയ്ക്കു വേണ്ടിയാണ് എന്ന ആശയം (ഉപമ 9:16.2) പത്രോസിന്റെ സുവിശേഷത്തിലും അപ്പസ്തോലൻമാരുടെ ലേഖനത്തിലും കാണാം. ഇതും ഒരു യൂദയോ–ക്രൈസ്തവ ആശയമാണ്.

ഹെർമാസിന്റെ 'ആൻജലോ–മോർഫിക്' ദൈവശാസ്ത്രം യൂദയോ ക്രൈസ്തവമാണ്. വചനമായ ദൈവം പ്രധാനപ്പെട്ട ആറ് മാലാഖമാരിൽ ഒരുവനാണ് ഹെർമാസിന്. ത്രിത്വദൈവശാസ്ത്രത്തിന്റെ പ്രതീകങ്ങൾ യൂദെയോ ആൻജലോളജിയിൽ നിന്ന് കടമെടുത്തവയാണ്.

'നാമം'എന്ന പദം രക്ഷകനെ സൂചിപ്പിക്കുന്നത് യൂദെയോ–ക്രൈ സ്തവമാണ്. 'സത്യസുവിശേഷം' എന്ന ഗ്നോസ്റ്റിക് കൃതിയിൽ ഈ പ്രയോഗമുണ്ട്. ഗ്നോസ്റ്റിക് അബദ്ധോപദേശകർ ഇത് യൂദെയോ–ക്രൈസ്തവ പാരമ്പര്യത്തിൽ നിന്ന് എടുത്തതാണ്.

'ഇരുമനസ്സ്' (Double mindness) എന്ന പ്രയോഗം ഒരു റബീനിക്കൽ പദമാണ്. അത് യൂദപാരമ്പര്യത്തിൽ നിന്ന് വരുന്നതാണ്. സത്യം തിരസ്കരിച്ച് തിന്മയെ ആശ്ലേഷിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നത് ഇരുമനസ്സാണ്. ഏകദൈവത്തിൽ വിശ്വസിച്ച്, അവിടുത്തെ ഭയപ്പെടാനുള്ള കൽപന യൂദമതത്തിൽ നിന്നുള്ള സ്വാധീനമാണ്. ഹെർമാസ് അത് വളരെ ശക്തമായി പഠിപ്പിക്കുന്നു. ചുരുക്കത്തിൽ വളരെ ശക്തമായ ഒരു യഹൂദ പശ്ചാത്തലം ഹെർമാസിൽ ദർശിക്കാൻ സാധിക്കും. അത് കൃതിയിൽ വളരെ സ്പഷ്ടമാണ്.

## സമാപനം

പലരും ഹെർമാസിനെ മന്ദബുദ്ധിയെന്നും 'ഭക്തൻ' എന്നും പറഞ്ഞ് പഴിക്കാറുണ്ട്. എന്നാൽ തന്റെ കാലത്തുണ്ടായിരുന്നു ക്രൈസ്തവ സമൂഹവുമായി അവൻ വളരെ അടുത്ത ബന്ധം പുലർത്തി എന്ന് കൃതിയിൽ നിന്ന് വളരെ വ്യക്തമാണ്. അക്കാലത്ത് റോമിലുണ്ടായിരുന്ന ക്രൈസ്തവർ എപ്രകാരം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നുവെന്ന് ഇടയിനിൽനിന്നറിയാൻ നമുക്ക് സാധിക്കും ( L.W. Barnard, op.cit.p.63) ഹെർമാസ് ഒരു ദൈവശാസ്ത്രജ്ഞനേയല്ല. ഹെർമാസിലുള്ള ദൈവശാസ്ത്രം തികച്ചും അവ്യക്തമാണ്. അവനൊരു ദാർശനികനും പ്രവാചകനുമാണ്. അനുതാപത്തിനും മാനസാന്തരത്തിനുമുള്ള ആഹ്വാനമാണ് അവൻ നടത്തുന്നത്. അതിനവൻ ഒരു പ്രത്യേക സാഹിത്യശൈലി തെരഞ്ഞെടുത്തു.

www.malankaralibrary.com

അവൻ ദർശിച്ചവ അവൻ കുത്തിക്കുറിച്ചു. അവ അവന്റെ ഭാഷാശൈലിയിൽ കൂടി കടന്നപ്പോൾ 'ഇടയൻ' പിറന്നു.

ഈ കൃതി മലയാളത്തിൽ ആദ്യമായിട്ടാണ് വിവർത്തനം ചെയ്യുന്നത്. Joseph M-F.Marique, The Shepherd of Hermas എന്ന കൃതിയെ മുഖ്യമായും ആധാരമാക്കിയാണ് ഈ വിവർത്തനം.

യഥാർത്ഥത്തിലുള്ള നവീകരണം ഹൃദയപരിവർത്തനത്തിലൂടെ മാത്രമേ കൈവരൂ; അനുതാപത്തിനും മാനസാന്തരത്തിനും ആരും കാലവിളംബം വരുത്താൻ പാടില്ല. എന്ന പ്രബോധനം യാഥാർഥ്യമായിത്തീരട്ടെ. 'സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ' (മർക്കോ. 1:15) എന്ന സിംഹനാദം കാഹളസമാനം ഗലീലിയിലെ മലഞ്ചെരുവുകളിലും കടൽത്തീരങ്ങളിലും സമതലങ്ങളിലും അലയടിച്ചു. അത് മറ്റൊരു രീതിയിൽ ഹെർമാസ് അവതരിപ്പിച്ചു. ഇന്നു ജീവിക്കുന്ന ഓരോ മനുഷ്യവ്യക്തിയുടെയും അന്തരാളങ്ങളിലേക്ക് ഈ ഇരുവായ്ത്തലയുള്ള വാൾ ആഴ്ന്നിറങ്ങട്ടെ. 'കൃപ വരികയും ഈ ലോകം കടന്നു പോകുകയും ചെയ്യട്ടെ; ദാവീദിന്റെ ദൈവത്തിന് ഓശാന; പരിശുദ്ധൻ സമീപിക്കട്ടെ; അല്ലാത്തവൻ അനുതപിക്കട്ടെ. മാറാനാതാ' (ഡിഡാക്കെ 10.6).

**ഫാ. ഗീവർഗീസ് ചേടിയത്ത്**

www.malankaralibrary.com

# 01

# ദർശനങ്ങൾ

## ഒന്നാം ദർശനം

### 1. ഒന്നാമത്തെ സ്ത്രീ

1. എന്നെ വളർത്തിയ സ്ത്രീ റോമിലുള്ള റോദ് എന്നയാളിന് എന്നെ വിറ്റു. വളരെ വർഷങ്ങൾക്കു ശേഷം എന്നെ വിറ്റ സ്ത്രീയെ കണ്ടുമുട്ടിയപ്പോൾ ഒരു സഹോദരിയെ എന്നവണ്ണം ഞാൻ അവളെ സ്നേഹിക്കാൻ തുടങ്ങി.

2. കുറച്ചുകാലത്തിനുശേഷം അവൾ ടൈബർ നദിയിൽ കുളിക്കുന്നതു ഞാൻ കണ്ടു. നദിയിൽ നിന്നു കരയ്ക്കു കയറാൻ അവൾക്കു ഞാൻ കൈ നീട്ടിക്കൊടുത്തു. അവളുടെ സൗന്ദര്യം കണ്ട് ഞാൻ സ്വയം പറഞ്ഞു: "ഇതുപോലെ സൗന്ദര്യവും സ്വഭാവദൃഢതയുമുള്ള ഒരു സ്ത്രീയെ ഭാര്യയായി ലഭിച്ചാൽ ഞാൻ എത്രമാത്രം സന്തുഷ്ടനായിരിക്കുകയില്ല!" എന്റെ ചിന്തകൾ ഇതുവരെ പോയി. ഇതിനപ്പുറം കടന്നില്ല.

3. കുറച്ചുകഴിഞ്ഞ് ദൈവത്തിന്റെ സൃഷ്ടികളുടെ വലുപ്പവും ശ്രേഷ്ഠതയും ശക്തിയും ഓർത്ത് ദൈവത്തെ സ്തുതിച്ചു കൊണ്ട് കൂമേ എന്ന സ്ഥലത്തേക്കു ഞാൻ പോകുമ്പോൾ ദർശനവിവശനായി. തദവസരം ഒരരൂപി എന്നെ പിടികൂടി വഴിയില്ലാത്ത ഒരു പ്രദേശത്തുകൂടെ നയിച്ചു. അതിലെ ഒരു മനു

www.malankaralibrary.com

ഷ്യനും നടക്കാൻ സാധിക്കാത്തവണ്ണം താഴ്ചയുള്ളതും വെള്ളമൊഴുകി കുണ്ടും കുഴിയും നിറഞ്ഞതുമായിരുന്നു. ആ കൊച്ചരുവി കടന്നു നിരപ്പുള്ള സ്ഥലത്തെത്തിയപ്പോൾ ഞാൻ മുട്ടുകുത്തി കർത്താവിനോട് പ്രാർത്ഥിക്കാനും എന്റെ പാപങ്ങൾ ഏറ്റു പറയാനും തുടങ്ങി.

4. ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗ്ഗം തുറന്നിരിക്കുന്നതും ഞാനിഷ്ടപ്പെട്ട സ്ത്രീ 'ഹെർമാസേ, നമസ്കാരം' എന്നു പറഞ്ഞുകൊണ്ട് എനിക്കു കാണപ്പെട്ടതും ഞാൻ കണ്ടു.

5. അവളെ സൂക്ഷിച്ചു നോക്കിക്കൊണ്ടു ഞാൻ പറഞ്ഞു: "പ്രഭ്വീ, നിങ്ങൾ ഇവിടെ എന്തു ചെയ്യുന്നു? "നിന്റെ പാപങ്ങളെപ്രതി കർത്താവിന്റെ മുൻപാകെ നിന്നെ കുറ്റപ്പെടുത്താൻ ഞാൻ വന്നിരിക്കുന്നു" അവൾ പ്രതിവചിച്ചു.

6. "ഈ നിമിഷം എന്നെ കുറ്റപ്പെടുത്തുന്ന ആളാണോ നിങ്ങൾ?" ഞാനാരാഞ്ഞു. "അല്ല," അവൾ പറഞ്ഞു: "എന്നാൽ ഞാൻ നിന്നോടു പറയാൻ പോകുന്നതു നീ ശ്രദ്ധിച്ചു കേൾക്കണം. എനിക്കെതിരെ നീ ചെയ്ത കുറ്റങ്ങളെ പ്രതി ദൈവം എന്നോടു കോപിച്ചിരിക്കുന്നു. അവിടുന്നു സ്വർഗത്തിൽ വസിക്കുന്നു (സങ്കീ.2:4,123:1;തോബി. 5:17). ഇല്ലായ്മയിൽ നിന്നു സൃഷ്ടികളെ ഉണ്ടാക്കിയ സ്രഷ്ടാവാണ് അവിടുന്ന്. തന്റെ പരിശുദ്ധ സഭയ്ക്കുവേണ്ടി അവിടുന്നു സൃഷ്ടികളെ വർദ്ധിപ്പിക്കുകയും, പെരുക്കുകയും ചെയ്യുന്നു" (ഉല്പ.1:28; 8:17).

7. അപ്പോൾ ഞാൻ മറുപടി പറഞ്ഞു: "നിനക്കെതിരെ ചെയ്ത കുറ്റങ്ങളോ? അതെങ്ങനെ? നിന്നോട് എപ്പോഴെങ്കിലും അപമര്യാദയായി ഞാൻ സംസാരിച്ചിട്ടുണ്ടോ? നിന്നെ എപ്പോഴും ഒരു ദേവതയെപ്പോലെയല്ലേ ഞാൻ പരിഗണിച്ചിട്ടുള്ളത്? എന്താണ് സ്ത്രീ, എനിക്കെതിരായി അശുദ്ധതയുടെയും തിന്മയുടെയും ദുരാരോപണങ്ങൾ ഉന്നയിക്കുന്നത്?"

8. ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു: "നിന്റെ ഹൃദയത്തിൽ ദുഷ്ടവിചാരങ്ങൾ ഉയർന്നു. നല്ല മനുഷ്യരുടെ ഹൃദയത്തിൽ ദുർവിചാരങ്ങൾ ഉയരുന്നത് തീർച്ചയായും തെറ്റും പാപവുമാണെന്ന് നീയും കരുതുന്നുണ്ടല്ലോ. അതേ, അതു വലിയ പാപമാണ്. നല്ല മനുഷ്യർ നീതിപൂർവം ജീവിക്കുന്നു. അതുകൊണ്ട് സ്വർഗത്തിൽ അവരുടെ നാമം എഴുതപ്പെട്ടിരിക്കും. അവരുടെ എല്ലാ കർമ്മങ്ങളിലും അവർ കർത്താവിനെ പ്രസാദിപ്പിക്കുകയും ചെയ്യും. തിന്മയെ പിൻചെല്ലുന്നവരാകട്ടെ, തങ്ങളുടെമേൽ മരണവും അടിമത്തവും വലിച്ചുവയ്ക്കുന്നു. പ്രത്യേകിച്ച്, ഈ ലോകത്തിന്റെ പിന്നാലെ പരക്കം പായുകയും ധനത്തിൽ സന്തോഷിക്കുകയും വരാനിരിക്കുന്ന അനുഗ്രഹങ്ങളെ എത്തിപ്പിടിക്കാതിരിക്കുകയും ചെയ്യുന്നവർക്കിതു സംഭവിക്കും. 9. അവർ ദുഃഖിതരായിരിക്കും. കാരണം, അവർ പ്രത്യാശ നശിച്ചവരാണ്. അവർ തങ്ങ

www.malankaralibrary.com

ളുടെ യഥാർത്ഥ ഉൺമയും യഥാർത്ഥ ജീവിതവും ഉപേക്ഷിച്ചവരാണ്. നീയാകട്ടെ ദൈവത്തോട് പ്രാർത്ഥിക്കുക; അവിടുന്നു നിന്നെയും നിന്റെ കുടുംബത്തെയും എല്ലാ വിശുദ്ധരെയും നിങ്ങളുടെ പാപങ്ങളിൽ നിന്ന് മോചിക്കും" (ആവ.30; ജറ.3:32).

## 2. രണ്ടാമത്തെ സ്ത്രീ

1. അവളുടെ ഈ വാക്കുകൾക്കുശേഷം സ്വർഗം അടയ്ക്കപ്പെട്ടു; ഞാൻ ദു:ഖപൂരിതനായി ഇപ്രകാരം ആത്മഗതം ചെയ്തു: "ഈ പാപം പോലും എനിക്കെതിരായി രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിൽ ഞാൻ എങ്ങനെ രക്ഷപ്പെടും? എന്റെ നിരവധി തെറ്റുകൾക്കു ഞാനെങ്ങനെ ദൈവത്തിൽ നിന്നു മോചനം പ്രാപിക്കും? ഏതു പ്രാർത്ഥനകൊണ്ടാണ് ഞാൻ ദൈവകൃപ യാചിക്കേണ്ടത്?"

2. ഞാൻ ഇതേപ്പറ്റി പര്യാകുലചിത്തനായിരിക്കുമ്പോൾ മഞ്ഞു പോലെ വെളുത്ത തൂവൽകൊണ്ടുള്ള ഒരു വലിയ കസേര എന്റെ മുമ്പിൽ ഞാൻ ദർശിച്ചു. അതിൽ ഒരു വൃദ്ധ വളരെ ശോഭയോടെ തിളങ്ങുന്ന വസ്ത്രം ധരിച്ച് കൈയിൽ ഒരു ഗ്രന്ഥവുമായി തനിയെ ഇരിക്കുകയായിരുന്നു. "ഹെർമാസേ, നമസ്കാരം" എന്ന് അവൾ എന്നെ അഭിവാദനം ചെയ്തു. ദു:ഖവിവശനായി നിറകണ്ണുകളോടെ ഞാൻ അവളോടു പറഞ്ഞു: "നമസ്കാരം പ്രഭ്വീ".

3. അവൾ പറഞ്ഞു: "ഹെർമാസ്, നീയെന്തിനു ദു:ഖിക്കുന്നു? നീ സദാ ക്ഷമയുള്ളവനും ദീർഘശാന്തതയുള്ളവനും എപ്പോഴും സന്തോഷഭാവമുള്ളവനുമാണല്ലോ! ഇപ്പോഴെന്താണിങ്ങനെ ദു:ഖിച്ചും വിഷാദിച്ചും ഇരിക്കുന്നത്?" ശ്രേഷ്ഠയായ ഒരു തരുണിക്കെതിരായി ഞാൻ പാപം ചെയ്തെന്ന് അവൾ എന്നെ അറിയിച്ചതിനാലാണ് ഞാൻ ദു:ഖിതനായിരിക്കുന്നത് എന്നതായിരുന്നു എന്റെ മറുപടി.

4. അവൾ എന്നോട് പറഞ്ഞു: "ഇത് ദൈവദാസനെക്കുറിച്ചല്ല. എങ്കിലും അവളെക്കുറിച്ചുള്ള ചിന്ത യഥാർത്ഥമായി നിന്നിൽ പ്രവേശിക്കുക തന്നെ ചെയ്തു. അത്തരമൊരു ചിന്ത ദൈവദാസൻമാരെ പാപത്തിനു പ്രേരിപ്പിക്കുന്നു. പരിശോധനാ വിധേയമാക്കപ്പെട്ട ഭക്താത്മാവിനെ സംബന്ധിച്ച് ദുഷ്പ്രവർത്തിക്കുള്ള ആഗ്രഹം പോലും ഞെട്ടിപ്പിക്കുന്ന സംഗതിയത്രേ. വിശേഷിച്ച്, എല്ലാ ആഗ്രഹങ്ങളെയും നിഹനിച്ച് ഹൃദയനിഷ്ക്കളങ്കതയിൽ ശിശുസമാനം വ്യാപരിക്കുന്ന ഹെർമാസിനെ സംബന്ധിച്ച് ഏറെ വാസ്തവമാണ്."

## 3. രണ്ടാമത്തെ സ്തീയുടെ പ്രസംഗവും പ്രവചനവും

1. "ദൈവകോപം നിനക്കെതിരായി ജ്വലിക്കുന്നതിന്റെ കാരണം ഇതൊന്നുമല്ല. കർത്താവിനും നിനക്കും തങ്ങളുടെ മാതാപിതാക്കൾക്കും എതിരായി പാപംചെയ്ത നിന്റെ കുടുംബക്കാരെ നീ മാന

www.malankaralibrary.com

സാന്തരപ്പെടുത്താത്തതിനാലാണ്. നിന്റെ മക്കളോടുള്ള സ്നേഹം നിമിത്തം അവരെ ഒരു കാര്യത്തിലും നീ തിരുത്താത്തതിനാൽ അവർ ഗൗരവമേറിയ തിന്മയിൽ പതിക്കുന്നു. കർത്തൃകോപത്തിന്റെ കാരണം ഇതത്രേ. എങ്കിലും നിന്റെ കുടുംബത്തിൽ ചെയ്തുപോയിട്ടുള്ള എല്ലാ തിൻമകൾക്കും അവിടുന്ന് ഒരു പ്രത്യൗഷധം എത്തിക്കും. അവരുടെ പാപങ്ങളും, ലംഘനങ്ങളും നിമിത്തമാണ് ലൗകികവ്യഗ്രതയാകുന്ന നാശത്തിൽ നീ നിപതിച്ചു പോയത്.

2. എന്നാൽ കർത്താവിന്റെ വലിയ കരുണ നിന്നിലും നിന്റെ ഭവനക്കാരിലും ആർദ്രത തോന്നി നിങ്ങൾക്ക് ശക്തി പകർന്ന് തന്റെ മഹത്വത്തിൽ നിങ്ങളെ ഉറപ്പിക്കും. നിരന്തരം വിശ്രമരഹിതനായി നിന്റെ ഭവനാംഗങ്ങളെ ഉത്തേജിപ്പിക്കുകയും, ശക്തിപ്പെടുത്തുകയും ചെയ്യണം. കൊല്ലൻ അടിച്ചടിച്ച് തന്റെ പണിവസ്തു രൂപപ്പെടുത്തി എടുക്കുന്നതുപോലെ നീതിമാൻ ദിനംതോറും ആവർത്തിച്ചാവർത്തിച്ചുള്ള പ്രസംഗംവഴി എല്ലാ തിൻമയെയും ജയിക്കുന്നു. അതുകൊണ്ട് നിന്റ മക്കളെ പ്രബോധിപ്പിക്കാൻ വിട്ടുപോകരുത്. പൂർണഹൃദയത്തോടുകൂടി അവർ അനുതപിച്ചാൽ വിശുദ്ധരോടുകൂടെ ജീവന്റെ പുസ്തകത്തിൽ അവരുടെ പേരെഴുതപ്പെടുമെന്ന് എനിക്കറിയാം." 3. ഇത്രയും പറഞ്ഞിട്ട് അവൾ എന്നോടു ചോദിച്ചു: "ഞാൻ വായിക്കുന്നതു കേൾക്കാൻ നിനക്കിഷ്ടമുണ്ടോ". "ഉവ്വ്, അമ്മേ." അവൾ പറഞ്ഞു. "ശ്രദ്ധിച്ച് ദൈവമഹത്വം കേൾക്കുക."

ശ്രേഷ്ഠവും അത്ഭുതാവഹവുമായ സംഗതികൾ ശ്രവിച്ചു എങ്കിലും അതൊന്നും ഞാൻ ഓർക്കുന്നില്ല. കാരണം, അവളുടെ വാക്കുകൾ എന്നിൽ ഭീതി ഉളവാക്കി; ഏതു മനുഷ്യനിലും അത് ഭീതി ഉളവാക്കും! എന്നാൽ അവളുടെ അവസാനത്തെ പരാമർശനം ഞാൻ കൃത്യമായി ഓർക്കുന്നു. കാരണം അവ സഹായകവും ശാന്തിദായകവുമായിരുന്നു. 4. "ഇതാ സൈന്യങ്ങളുടെ ദൈവം (സങ്കീ.59:5) തന്റെ അദൃശ്യശക്തിയാലും അധികാരത്താലും (നട.17:24) അവാച്യമായ ജ്ഞാനത്താലും അവിടുന്ന് ഈ ലോകത്തെ സൃഷ്ടിച്ചു. തന്റ മഹനീയമായ ഇച്ഛയാൽ തന്റെ സൃഷ്ടിയെ സൗന്ദര്യം ധരിപ്പിച്ചു. തന്റെ ശക്തമായ വചനത്താൽ ഇളകാത്തവണ്ണം ആകാശങ്ങളെ ഉറപ്പിക്കയും ഭൂമിയുടെ അടിസ്ഥാനം വെള്ളത്തിൻമേൽ വയ്ക്കുകയും ചെയ്തു (സങ്കീ.136:56). തന്റെ അതുല്യവിജ്ഞാനത്തിലും പരിപാലനയിലും അവിടുന്ന് തന്റെ പരിശുദ്ധസഭയെ സ്ഥാപിച്ച് അനുഗ്രഹിച്ചു."

"ഇതാ അവിടുന്ന് ആകാശങ്ങളെയും മലകളെയും (സങ്കീ.46:3; 1കോറി. 13:2) കുന്നുകളെയും കടലുകളെയും മാറ്റുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടി അവിടുന്ന് സകലതും നിരപ്പാക്കുന്നു. ഉറപ്പിക്കയും മഹത്ത്വത്തിന്റെയും സന്തോഷത്തിന്റെയും പൂർണതയിൽ

www.malankaralibrary.com

ഞാൻ ചെയ്ത വാഗ്ദാനം പൂർത്തിയാക്കാനാണിത്. വലിയ വിശ്വാസത്തോടുകൂടി സ്വീകരിക്കപ്പെട്ട കല്പന അനുസരിച്ചാലേ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഇത് ലഭിക്കുകയുള്ളു എന്നു മാത്രം."

### 4. പ്രോൽസാഹനം

1. അവൾ വായന പൂർത്തിയാക്കി തന്റെ സിംഹാസനത്തിൽനിന്ന് എഴുന്നേറ്റപ്പോൾ നാല് യുവാക്കൻമാർ വന്ന് സിംഹാസനം എടുത്ത് പൗരസ്ത്യ ദിക്കിലേക്കു പോയി. അവളെന്നെ മാടിവിളിച്ച് എന്റെ നെഞ്ചത്ത് കൈവച്ചുകൊണ്ടു ചോദിച്ചു: "ഞാൻ വായിച്ചത് നിനക്കിഷ്ടപ്പെട്ടോ?" ഞാൻ മറുപടിയായി പറഞ്ഞു: "അതേ, അമ്മേ, അവസാനഭാഗം എനിക്കിഷ്ടപ്പെട്ടു. എന്നാൽ ആദ്യഭാഗം ഗ്രഹിക്കാൻ പ്രയാസവും കഠിനവുമായിരുന്നു."

അവൾ ഇപ്രകാരം പറഞ്ഞു: "അവസാനഭാഗം നീതിമാൻമാർക്കു വേണ്ടിയുള്ളതാണ് ആദ്യത്തേത് പുറജാതികൾക്കും വിശ്വാസം ഉപേക്ഷിച്ചവർക്കും." അവൾ എന്നോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ എവിടെനിന്നോ രണ്ട് അപരിചിതർ പ്രത്യക്ഷപ്പെട്ട് അവളെ കൈയിലെടുത്ത് പൂർവദിക്കിലേക്ക് കൊണ്ടുപോയി. അവൾ പുഞ്ചിരിച്ചുകൊണ്ട് എന്റെ പക്കലേക്ക് തിരിഞ്ഞ് "ഹെർമാസ് ധൈര്യമായിരിക്കൂ" എന്നു പറഞ്ഞുകൊണ്ടാണ് പോയത്.

www.malankaralibrary.com

# രണ്ടാം ദർശനം

## 1. പകർത്തിയെഴുതാൻ ലഘുഗ്രന്ഥം

1. ആദ്യദർശനം ഉണ്ടായതിന്റെ പിറ്റേവർഷം അതേദിവസം കൂമേയിലേക്ക് നടന്നു പോകുമ്പോൾ പ്രസ്തുതദർശനത്തെപ്പറ്റി ഞാൻ ഓർക്കാനിടയായി. തദവസരം അരൂപി എന്നെ ആവഹിക്കുകയും കഴിഞ്ഞവർഷത്തിൽ എന്നെ എത്തിച്ച സ്ഥലത്തു തന്നെ എത്തിക്കുകയും ചെയ്തു. 2. ആ സ്ഥലത്ത് എത്തിച്ചേർന്നപ്പോൾ ഞാൻ മുട്ടിൻമേൽ നിന്ന് ദൈവനാമത്തെ സ്തുതിക്കാനും (സങ്കീ. 86:9, 2തെസ്സ.1:12) ദൈവത്തോടു പ്രാർത്ഥിക്കാനും തുടങ്ങി. അപ്പോൾ എന്റെ മുൻപാപങ്ങളെക്കുറിച്ചു അനുസ്മരിക്കാൻ എനിക്കിടയായി.

3. പ്രാർത്ഥന കഴിഞ്ഞപ്പോൾ കഴിഞ്ഞവർഷം കണ്ട വൃദ്ധയെ എന്റെ മുമ്പാകെ ഞാൻ ദർശിച്ചു. അവൾ നടന്നുകൊണ്ട് ഒരു ചെറിയ ഗ്രന്ഥം വായിക്കയായിരുന്നു. അവൾ എന്നോടാരാഞ്ഞു: "ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരോട് ഈ ഗ്രന്ഥത്തെപ്പറ്റി പറയാമോ?" ഞാൻ പറഞ്ഞു: "അനേകകാര്യങ്ങൾ ഓർത്തിരിക്കാൻ എനിക്ക് സാധിക്കുകയില്ല. പ്രഭ്വീ, ആ ഗ്രന്ഥം തന്നാൽ ഞാനത് പകർത്തിയെടുക്കാം."

"ഇതാ ഗ്രന്ഥം; അതുടനെ തിരികെ തരണം," അവൾ പറഞ്ഞു.

ഞാൻ ആ ഗ്രന്ഥം എടുത്ത് ആ വയലിന്റെ ഒരു ഭാഗത്ത് പോയിരുന്ന് പദാനുപദം എല്ലാം പകർത്തിയെഴുതി. അതിൽ പദാംശങ്ങൾ വേർതിരിക്കാൻ പ്രയാസമായിരുന്നു. ഗ്രന്ഥത്തിലെ അവസാനത്തെ അക്ഷരങ്ങൾ പകർത്തിക്കഴിഞ്ഞപ്പോൾ എന്റെ കൈയിൽനിന്ന് ആ ഗ്രന്ഥം ആരോ ബലമായി തട്ടിപ്പറിച്ചു കൊണ്ടുപോയി. അതാരാണെന്ന് ഞാൻ കണ്ടതുമില്ല.

## 2. അനുതാപത്തിനുള്ള പ്രേരണ

1. പതിനഞ്ചു ദിവസത്തെ ഉപവാസത്തിനും കർത്താവിനോടുള്ള പ്രാർത്ഥനയ്ക്കും ശേഷം പ്രസ്തുത ഗ്രന്ഥത്തിന്റെ ഉള്ളടക്കം എനിക്ക് വെളിപ്പെടുത്തപ്പെട്ടു. ഇതാണ് അതിൽ എഴുതിയിരുന്നത്:

2. "ഹെർമാസ്, നിന്റെ മക്കൾ ദൈവത്തിനെതിരായി മത്സരിക്കുകയും കർത്താവിനെതിരെ ദൂഷണം പറയുകയും ചെയ്തു. മ്ലേച്ഛമായ ദുഷ്പ്രവൃത്തികളിലൂടെ അവർ തങ്ങളുടെ മാതാപിതാക്കളെ ഒറ്റിക്കൊടുത്തു. അവർ മാതാപിതാക്കൾക്കു പകരം ഒറ്റുകാരെ സ്വീകരിച്ചു. എങ്കിലും, ഒറ്റിക്കൊടുക്കൽ അവർക്കൊരു ഗുണവും ചെയ്തില്ല. മറിച്ച്, തങ്ങളുടെ തിൻമകളോട് കൂടുതലായി നിയമരാഹിത്യവും തിൻമയുടെ ഒരു കൂമ്പാരവും അവർ കൂട്ടിച്ചേർക്കുക മാത്രം ചെയ്തു. ഇപ്ര

www.malankaralibrary.com

കാരം അവർ നിയമരാഹിത്യം പൂർണമാക്കി. 3. ഈ സന്ദേശം നിന്റെ മക്കളേയും നിന്റെ ഭാര്യയേയും - അവൾ ഭാവിയിൽ നിന്റെ സഹോദരിയായിരിക്കട്ടെ - അറിയിക്കണം. തന്റെ നാവിനെ അവൾ നിയന്ത്രിക്കാതിരുന്നതിനാൽ അവളും പാപം ചെയ്തു. ഈ സന്ദേശം ലഭിച്ചു കഴിയുമ്പോൾ അവൾ തന്റെ നാവിനെ നിയന്ത്രിക്കുകയും ദയ പ്രാപിക്കുകയും ചെയ്യും.

4. "നിനക്ക് വെളിപ്പെടുത്തിത്തരുവാൻ യജമാനൻ കൽപിച്ച ഈ സന്ദേശം അവരെ അറിയിച്ചു കഴിയുമ്പോൾ അവളുടെ എല്ലാ മുൻപാപങ്ങളും ക്ഷമിക്കപ്പെടും.

5. "തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെക്കുറിച്ച് തന്റെ മഹത്വത്തെ ചൊല്ലി യജമാനൻ ഇപ്രകാരം സത്യം ചെയ്തിരിക്കയാണ്: നിശ്ചയിക്കപ്പെട്ട ഈ ദിവസത്തിനുശേഷം അവരിൽ എന്തെങ്കിലും പാപം ഉണ്ടെങ്കിൽ, അവർ രക്ഷ പ്രാപിക്കുകയില്ല; കാരണം, നീതിമാൻമാരുടെ അനുതാപം പൂർണതയിലെത്തിക്കഴിഞ്ഞു. പുറജാതികൾക്കാകട്ടെ, അന്ത്യദിനം വരെ അനുതാപത്തിന് അവസരം ഉണ്ടായിരിക്കും.

6. "തങ്ങളുടെ പാതകൾ നീതിപൂർവം ക്രമീകരിക്കാൻ സഭയിലെ നായകൻമാരോട് പറയണം. അവർ വലിയ മഹത്വത്തോടുകൂടെ വാഗ്ദാനങ്ങൾ പൂർണമായി സ്വീകരിക്കും.

7. "നീതി പ്രവർത്തിക്കുകയും സ്ഥിരചിത്തതയോടുകൂടി വ്യാപരിക്കുകയും ചെയ്യുന്നതിൽ നിങ്ങൾ ഉറച്ചിരിക്കുവിൻ; (സങ്കീ.15:2; നട. 10:35). വിശുദ്ധമാലാഖമാരുടെ സംഘങ്ങളോടു കൂടെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കും. വരാനിരിക്കുന്ന വലിയ മതപീഡനം സഹിക്കുകയും, ജീവൻ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ.

8. "കാരണം, മിശിഹായെ ഉപേക്ഷിച്ചവർ ജീവനിൽനിന്നു പുറന്തള്ളപ്പെടുമെന്നു കർത്താവു തന്റെ പുത്രനിലൂടെ ശപഥം ചെയ്തിരിക്കുന്നു. വരാനിരിക്കുന്ന നാളുകളിൽ നിഷേധിക്കാതിരിക്കുന്നവരെപ്പറ്റിയാണ് ഞാൻ പറയുന്നത്. മുൻകാലങ്ങളിൽ അവിടുത്തെ തള്ളിപ്പറയുന്നവർക്കു തന്റെ വലിയ കരുണയിൽ കൃപ ലഭിക്കും.

### 3. പ്രോത്സാഹനം

1. "ഹെർമാസേ, നിന്റെ മക്കൾക്കെതിരായി നിന്റെ ഉള്ളിൽ കോപം ഒതുക്കി വെക്കരുത്. നിന്റെ സഹോദരിയെ അവളുടെ ഇഷ്ടം പോലെ നടക്കാൻ അനുവദിക്കയുമരുത്. അവർ അവരുടെ മുൻപാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെടേണ്ടവരാണല്ലോ. നീ ഒരു വിരോധവും വച്ചുകൊണ്ടിരിക്കാതിരുന്നാൽ നീതി നിറഞ്ഞ ശിക്ഷയാൽ അവർ തിരുത്തപ്പെടും. വിരോധം മരണത്തിന്റെ പണിയാളാണ്. ഹെർമാസേ, നിനക്കുതന്നെയും പല പരീക്ഷകളും ഉണ്ടായിരുന്നു. നിന്റെ വീട്ടുകാരുടെ ലംഘനങ്ങൾ, അവരെപ്പറ്റി നീ താൽപര്യപ്പെടാതിരുന്നത് ആദി

www.malankaralibrary.com

കാരം അവർ നിയമരാഹിത്യം പൂർണമാക്കി. 3. ഈ സന്ദേശം നിന്റെ മക്കളേയും നിന്റെ ഭാര്യയേയും - അവൾ ഭാവിയിൽ നിന്റെ സഹോദരിയായിരിക്കട്ടെ - അറിയിക്കണം. തന്റെ നാവിനെ അവൾ നിയന്ത്രിക്കാതിരുന്നതിനാൽ അവളും പാപം ചെയ്തു. ഈ സന്ദേശം ലഭിച്ചു കഴിയുമ്പോൾ അവൾ തന്റെ നാവിനെ നിയന്ത്രിക്കുകയും ദയ പ്രാപിക്കുകയും ചെയ്യും.

4. "നിനക്ക് വെളിപ്പെടുത്തിത്തരുവാൻ യജമാനൻ കൽപിച്ച ഈ സന്ദേശം അവരെ അറിയിച്ചു കഴിയുമ്പോൾ അവളുടെ എല്ലാ മുൻപാപങ്ങളും ക്ഷമിക്കപ്പെടും.

5. "തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെക്കുറിച്ച് തന്റെ മഹത്വത്തെ ചൊല്ലി യജമാനൻ ഇപ്രകാരം സത്യം ചെയ്തിരിക്കയാണ്: നിശ്ചയിക്കപ്പെട്ട ഈ ദിവസത്തിനുശേഷം അവരിൽ എന്തെങ്കിലും പാപം ഉണ്ടെങ്കിൽ, അവർ രക്ഷ പ്രാപിക്കുകയില്ല; കാരണം, നീതിമാൻമാരുടെ അനുതാപം പൂർണതയിലെത്തിക്കഴിഞ്ഞു. പുറജാതികൾക്കാകട്ടെ, അന്ത്യദിനം വരെ അനുതാപത്തിന് അവസരം ഉണ്ടായിരിക്കും.

6. "തങ്ങളുടെ പാതകൾ നീതിപൂർവം ക്രമീകരിക്കാൻ സഭയിലെ നായകൻമാരോട് പറയണം. അവർ വലിയ മഹത്വത്തോടുകൂടെ വാഗ്ദാനങ്ങൾ പൂർണമായി സ്വീകരിക്കും.

7. "നീതി പ്രവർത്തിക്കുകയും സ്ഥിരചിത്തതയോടുകൂടി വ്യാപരിക്കുകയും ചെയ്യുന്നതിൽ നിങ്ങൾ ഉറച്ചിരിക്കുവിൻ; (സങ്കീ.15:2; നട. 10:35). വിശുദ്ധമാലാഖമാരുടെ സംഘങ്ങളോടു കൂടെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കും. വരാനിരിക്കുന്ന വലിയ മതപീഡനം സഹിക്കുകയും, ജീവൻ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ.

8. "കാരണം, മിശിഹായെ ഉപേക്ഷിച്ചവർ ജീവനിൽനിന്നു പുറന്തള്ളപ്പെടുമെന്നു കർത്താവു തന്റെ പുത്രനിലൂടെ ശപഥം ചെയ്തിരിക്കുന്നു. വരാനിരിക്കുന്ന നാളുകളിൽ നിഷേധിക്കാതിരിക്കുന്നവരെപ്പറ്റിയാണ് ഞാൻ പറയുന്നത്. മുൻകാലങ്ങളിൽ അവിടുത്തെ തള്ളിപ്പറയുന്നവർക്കു തന്റെ വലിയ കരുണയിൽ കൃപ ലഭിക്കും.

### 3. പ്രോത്സാഹനം

1. "ഹെർമാസേ, നിന്റെ മക്കൾക്കെതിരായി നിന്റെ ഉള്ളിൽ കോപം ഒതുക്കി വെക്കരുത്. നിന്റെ സഹോദരിയെ അവളുടെ ഇഷ്ടം പോലെ നടക്കാൻ അനുവദിക്കയുമരുത്. അവർ അവരുടെ മുൻപാപങ്ങളിൽ നിന്നു ശുദ്ധീകരിക്കപ്പെടേണ്ടവരാണല്ലോ. നീ ഒരു വിരോധവും വച്ചുകൊണ്ടിരിക്കാതിരുന്നാൽ നീതി നിറഞ്ഞ ശിക്ഷയാൽ അവർ തിരുത്തപ്പെടും. വിരോധം മരണത്തിന്റെ പണിയാളാണ്. ഹെർമാസേ, നിനക്കുതന്നെയും പല പരീക്ഷകളും ഉണ്ടായിരുന്നു. നിന്റെ വീട്ടുകാരുടെ ലംഘനങ്ങൾ, അവരെപ്പറ്റി നീ താൽപര്യപ്പെടാതിരുന്നത് ആദി

www.malankaralibrary.com

യായവയെപ്പറ്റിയാണ് ഞാൻ പറയുന്നത്. അതേ, നീ മറ്റു കാര്യങ്ങളിൽ മുഴുകിയിരുന്നു. നിന്റെ ദുഷ്പ്രവർത്തികളിൽ നീ വ്യാപരിച്ചു."

2. "എങ്കിലും ജീവനുള്ള ദൈവത്തിൽനിന്ന് അകന്നു മാറാൻ നീ വിസമ്മതിച്ചതു കൊണ്ടും (ഹെബ്രാ. 3:12) നിന്റെ ഋജുമാനസ്സത നിമിത്തവും, നിന്റെ വലിയ മിതത്വം കൊണ്ടും നീ രക്ഷിക്കപ്പെടും. അതിൽ നിലനിന്നതിനാൽ അതു നിന്നെ രക്ഷിച്ചു. ഇപ്രകാരം ചെയ്യുന്നവരെയും നിഷ്കളങ്കതയോടും ശുദ്ധമനസ്സോടും വ്യാപരിക്കുന്നവരെയും അതു രക്ഷിക്കുന്നു. തിൻമയുടെമേൽ അവർ വിജയം വരിക്കാൻ പോകുകയാണ്. നിത്യജീവൻ വരെ അവർ ഉറച്ചുനിൽക്കും."

3. "നീതി പ്രവർത്തിക്കുന്നവർ ഭാഗ്യവാൻമാർ. (സങ്കീ: 106:3;14:2) അവർ നിത്യമായി നശിക്കുകയില്ല. 4. മാക്സിമോസിനോട് പറയണം, ഇതാ, മതപീഡനം വരുന്നു; നീ വീണ്ടും വിശ്വാസം ഉപേക്ഷിക്കാൻ പോകയാണോ? തന്റെ പക്കലേക്കു തിരിയുന്നവർക്കു കർത്താവ് സമീപസ്ഥനാകുന്നു എന്ന് മരുഭൂമിയിൽ വച്ചു ജനങ്ങളോട് എൽദാത്തും മോദാത്തും പ്രവചിച്ചതുപോലെ തന്നെ."[1]

## 4. പുസ്തകം പകർത്തൽ

1. സഹോദരൻമാരേ, സുന്ദരനായ ഒരു യുവാവ് നിദ്രയിൽ എനിക്ക് പ്രത്യക്ഷപ്പെട്ട് എന്നോട് ഇപ്രകാരം പറഞ്ഞു: "നിനക്കു പുസ്തകം തന്ന വൃദ്ധ ആരാണെന്നാണ് നീ കരുതുന്നത്?" ഞാൻ പറഞ്ഞു: "സിബിൽ." "അല്ല, നിനക്ക് തെറ്റുപറ്റി," അവൻ പറഞ്ഞു. "അവൾ പിന്നെയാരാണ്? ഞാൻ ചോദിച്ചു. "സഭ," അവൻ പ്രത്യുത്തരിച്ചു. "അവൾ എന്തുകൊണ്ടാണ് വൃദ്ധയായിരിക്കുന്നത്? ഞാൻ ആരാഞ്ഞു. "എല്ലാ വസ്തുക്കൾക്കും മുൻപ് അവൾ സൃഷ്ടിക്കപ്പെട്ടതിനാലാണ് അവൾ വൃദ്ധയായിരിക്കുന്നത്; അവൾക്കുവേണ്ടി ഈ ലോകം നിർമിക്കപ്പെട്ടിരിക്കുന്നു," അവൻ പറഞ്ഞു.

2 അതിനുശേഷം എന്റെ വീട്ടിൽവച്ച് എനിക്കൊരു ദർശനം ഉണ്ടായി. ഞാൻ ആ പുസ്തകം പ്രസ്ബിറ്റർമാർക്കു കൊടുത്തു കഴിഞ്ഞോ എന്ന് ആ വൃദ്ധ എന്റെ പക്കൽ വന്ന് എന്നോട് ചോദിച്ചു. കൊടുത്തില്ലന്ന് ഞാൻ പറഞ്ഞു. "അതു നന്നായി," അവൾ പറഞ്ഞു: "കാരണം, എനിക്ക് അതിനോട് ചിലതു കൂട്ടിച്ചേർക്കാനുണ്ട്. നിന്റെ സഹായത്താൽ എല്ലാ സംഗതികളും എഴുതിച്ചേർത്തിട്ടു മാത്രം തിരഞ്ഞെടുക്കപ്പെട്ടവർക്കതു വെളിപ്പെടുത്തിയാൽ മതി. 3. ക്ലെമന്റിനും ഗ്രാപ്തിനുമായി രണ്ടു ചെറിയ പുസ്തകങ്ങളെഴുതുക. ഗ്രാപ്താകട്ടെ വിധവകളെയും അനാഥരെയും അതു പഠിപ്പിക്കണം. സഭയുടെ ചുമതലയുള്ള പ്രസ്ബിറ്റർമാരോടുകൂടി നീയിതു പട്ടണത്തിൽ[2] വായിക്കണം."

1. സംഖ്യ 11:26-27; 2 ക്ലെമന്റ് 11:2; ബേസിൽ, പരിശുദ്ധാത്മാവിനെപ്പറ്റി, 26; സിറിൽ, മതബോധനം 25-26.
2. റോമിൽ എന്നർത്ഥം

www.malankaralibrary.com

# മൂന്നാം ദർശനം

## 1. വയലിൽ

1. സഹോദരൻമാരേ, എനിക്കുണ്ടായ ദർശനം ഇതാകുന്നു. 2. വൃദ്ധ വഴി എനിക്കു വെളിപ്പെടുത്താമെന്ന് കർത്താവ് വാഗ്ദാനം ചെയ്ത ദർശനത്തിനായി ഞാൻ കർത്താവിനോട് പ്രാർത്ഥിക്കുകയും വലിയ ഉപവാസം അനുഷ്ഠിക്കുകയും ചെയ്തു. ആ രാത്രിയിൽ ആ വൃദ്ധ എനിക്കു കാണപ്പെട്ട് എന്നോടു പറഞ്ഞു: "നീ ഇത്ര കഴിവില്ലാത്തവ നായിരുന്നിട്ടും എല്ലാം ഗ്രഹിക്കാനുള്ള തീവ്രമായ ആഗ്രഹം പ്രദർശി പ്പിക്കുന്നതിനാൽ നീ കൃഷി ചെയ്യുന്ന വയലിലേക്കു പോകുക. അവിടെ വച്ച് അഞ്ചുമണിക്കു ഞാൻ നിനക്കു കാണപ്പെടുകയും നീ ദർശിക്കേ ണ്ടവ നിന്നെ കാണിക്കുകയും ചെയ്യും."

3. അപ്പോൾ ഞാൻ അവളോട് ഒരു ചോദ്യം ചോദിച്ചു: "സ്ത്രീയേ വയലിന്റെ ഏതു ഭാഗത്തേക്കാണ്? "നിനക്കിഷ്ടമുള്ളിടത്ത്," അവൾ പറഞ്ഞു. ഞാനൊരു നല്ല സ്ഥലം മനസ്സിൽ കണ്ടുവെച്ചു. എന്നാൽ അത് അവളോട് പറയുന്നതിനു മുമ്പേ അവൾ പറഞ്ഞു: "നിനക്കി ഷ്ടമുള്ളിടത്തേക്ക് ഞാൻ വന്നേക്കാം."

4. സഹോദരൻമാരേ, ഞാൻ വയലിലെത്തി നിമിഷങ്ങൾ എണ്ണി കഴിഞ്ഞു കൂടി. ഞാൻ ഉദ്ദേശിച്ച സ്ഥലത്ത് എത്തിയപ്പോൾ ദന്ത നിർമിതമായ ഒരു ഇരിപ്പിടം കാണപ്പെട്ടു. അതിലൊരു ലിനൻ കുഷ്യൻ ഇട്ടിരിക്കുന്നതും അതിൻമേൽ നേർമയുള്ള തുണി വിരിച്ചിരിക്കുന്നതും കണ്ടു. 5. ഒരു മനുഷ്യനും അവിടില്ലാതിരിക്കെ ഇപ്രകാരം വിരിച്ചിരി ക്കുന്നതു കണ്ടു ഞാൻ ആശ്ചര്യപ്പെട്ടു. ഒരു ഭയം എന്നെ ബാധിച്ചു. എന്റെ മുടികൾ എഴുന്നു. ഞാൻ തനിച്ചായിരുന്നതിനാൽ അവാച്യ മായ ഒരു ഭീതി എനിക്കുണ്ടായി. ദൈവമഹത്വത്തെ സ്മരിച്ച് അതിൽ നിന്ന് മോചിതനായപ്പോൾ ധൈര്യമവലംബിച്ചു ഞാൻ നിലത്തു മുട്ടു കുത്തി; ആദ്യം ചെയ്തതുപോലെ ഒരിക്കൽക്കൂടി കർത്താവിനോട് എന്റെ പാപങ്ങൾ ഏറ്റു പറഞ്ഞു.

6. തദവസരം ഞാൻ നേരത്തെകണ്ട ആറു യുവാക്കളോടുകൂടി വൃദ്ധ വന്ന് എന്റെ അടുക്കൽ നിന്നു. ഞാൻ പ്രാർത്ഥിക്കുന്നതും എന്റെ പാപ ങ്ങൾ കർത്താവിനോട് ഏറ്റു പറയുന്നതും അവൾ ശ്രദ്ധിച്ചു. അവൾ എന്നെ സ്പർശിച്ചുകൊണ്ട് പറഞ്ഞു: "ഹെർമാസേ, നിന്റെ പാപങ്ങൾ ക്കുവേണ്ടിയുള്ള ഈപ്രാർത്ഥന നിർത്തുക. നീതിക്കുവേണ്ടി പ്രാർത്ഥി ക്കുക. നിന്റെ വീട്ടുകാർക്കും അതു പ്രയോജനകരമാണല്ലോ."

7. എന്നിട്ട് അവളെന്നെ കൈക്ക് പിടിച്ചുയർത്തി ഇരിപ്പിടത്തിലേ

www.malankaralibrary.com

ക്കാനയിച്ചു. ആ യുവാക്കളോട് അവൾ പറഞ്ഞു: "പോയി പണിയുവിൻ." 8. അവർ പോയപ്പോൾ ഞങ്ങൾ തനിച്ചായി. അപ്പോൾ അവൾ പറഞ്ഞു: "ഇവിടിരിക്കൂ." "അമ്മേ മൂപ്പൻമാർ ആദ്യം ഇരിക്കട്ടെ," ഞാൻ പറഞ്ഞു. "ഞാൻ പറയുന്നതുപോലെ ചെയ്ക; അവിടിരിക്കൂ," അവൾ പറഞ്ഞു.

9. ഞാൻ വലതു വശത്തിരിക്കാൻ ആഗ്രഹിച്ചെങ്കിലും അവൾ അനുവദിച്ചില്ല; ഇടതുവശത്തിരിക്കാൻ ആഗ്യം കാണിച്ചു. വലതുവശത്തിരിക്കാൻ എന്നെ അനുവദിക്കാത്തതിനെക്കുറിച്ചു ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ പറഞ്ഞു: "ഹെർമാസേ നീ ദു:ഖിതനാണോ? കർത്താവിനു സ്വീകാര്യരും ദൈവത്തെപ്രതി സഹിച്ചവരുമാണ് വലതു വശത്തിരിക്കാൻ യോഗ്യർ. അവരോടൊപ്പം ഇരിക്കാൻ നീ വളരെയധികം സംഗതികൾ കൂടി ചെയ്യണം. ഇപ്പോൾ ചെയ്യുന്നതുപോലെ സ്ഥിരചിത്തതയോടുകൂടെ വ്യാപരിക്കുമെങ്കിൽ നീയും അവരോടുകൂടി ഇരിക്കും. അവർ ചെയ്തതുപോലെ ചെയ്തവരും അവർ സഹിച്ചതുപോലെ സഹിച്ചവരും ഇപ്രകാരം യോഗ്യരായിത്തീരും."

## 2. ഗോപുര നിർമ്മാണം

1. "അവർ എന്തു സഹിച്ചു?" ഞാൻ ചോദിച്ചു. "ഞാൻ അതിന്റെ പട്ടിക കാട്ടി തരാം," അവൾ പറഞ്ഞു: "അടികൾ, തടവറ, പീഡനങ്ങൾ, കുരിശുമരണം, കർത്താവിന്റെ നാമത്തെപ്രതി നാമത്തെപ്രതി വന്യമൃഗങ്ങളുടെ പിച്ചിചീന്തൽ! ഇക്കാരണത്താൽ വലതുവശം അവർക്കുള്ളതാണ്. അതുപോലെ നാമത്തെപ്രതി സഹിക്കുന്ന സകലർക്കുമുള്ളതാണ്. മറ്റുള്ളവർക്കുള്ളതാണ് ഇടതുവശം. എന്നാൽ വലതുവശത്തും ഇടതുവശത്തും ഇരിക്കുന്നവർക്ക് ഒരുപോലെയുള്ള കൃപയും, വാഗ്ദാനങ്ങളും ലഭിക്കുന്നു. ഒറ്റ വ്യത്യസം മാത്രം: സഹിച്ചവർ വലതുവശത്ത് ഇരിക്കയും ചില പ്രത്യേക പരിഗണനകൾക്ക് അർഹരായി തീരുകയും ചെയ്യുന്നു.

2. "വലതുവശത്തുള്ളവരോടൊപ്പം ഇരിക്കാൻ നിനക്കു തിടുക്കമാണോ? നിന്റെ കുറവുകൾ നിരവധിയാണ്. എങ്കിലും നീയും സ്ഥിരചിത്തരോടൊപ്പം കുറവുകളിൽനിന്ന് വിമുക്തനാക്കപ്പെടും. ഈ ദിവസം വരെയുള്ള നിന്റെ എല്ലാവിധ പാപങ്ങളിൽനിന്നും നീ ശുദ്ധീകരിക്കപ്പെടും." 3. ഇത്രയും പറഞ്ഞിട്ട് അവൾ പോകാൻ തുടങ്ങി. എന്നാൽ ഞാനവളുടെ പാദത്തിൽ വീണ് അവൾ വാഗ്ദാനം ചെയ്ത ദർശനം കാണിച്ചു തരണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിച്ചു.

4. അവളെന്നെ കൈക്ക് പിടിച്ച് ഒരിക്കൽക്കൂടി ഉയർത്തി ഇരിപ്പിടത്തിന്റെ ഇടതുവശത്തിരുത്തി; അവൾ വലതുവശത്തും ഇരുന്നു. തിളങ്ങുന്ന ഒരു വിരി കാണിച്ചിട്ട് നീ എന്തെങ്കിലും കാണുന്നുവോ? എന്ന്

www.malankaralibrary.com

എന്നോട് ചോദിച്ചു. "ഞാനൊന്നും കാണുന്നില്ലമ്മേ," ഞാൻ പ്രത്യുത്തരിച്ചു. അപ്പോൾ അവൾ പറഞ്ഞു: "നോക്കൂ, തിളങ്ങുന്ന ചതുരക്കല്ലുകൾകൊണ്ടു വെള്ളത്തിന്മേൽ പണിയപ്പെട്ട വലിയ ഗോപുരം നീ കാണുന്നില്ലേ?"

5. അവളെ അനുഗമിച്ച ആറ് യുവാക്കൾ ചതുരാകൃതിയിൽ ഗോപുരം പണിതുകൊണ്ടിരിക്കയായിരുന്നു. എന്നാൽ മറ്റനേകം പേർ കല്ലുകൾ എത്തിച്ചുകൊണ്ടിരുന്നു; ചിലർ ആഴിയുടെ ആഴത്തിൽ നിന്നും ചിലർ കരയ്ക്കുനിന്നും അവ എടുത്ത് പണിതുകൊണ്ടിരുന്ന ആറ് യുവാക്കൾക്ക് കൊടുത്തുകൊണ്ടിരുന്നു. 6. കടലിൽനിന്നെടുക്കപ്പെട്ടവ അപ്പാടെ ഗോപുരത്തിൻ വയ്ക്കപ്പെട്ടു; കാരണം, അവ രൂപപ്പെട്ടതും മറ്റു കല്ലുകളുമായി ചേർന്ന് പോകത്തക്കവിധം കൊത്തപ്പെട്ടതും ആയിരുന്നു. കൂട്ടിച്ചേർക്കൽ അറിയാത്തരീതിയിൽ അത്രമാത്രം അവ ചേർച്ച ഉള്ളവയായിരുന്നു. ഗോപുരം ഒറ്റക്കല്ലിൽ പണിയപ്പെട്ടതുപോലെ യഥാർത്ഥത്തിൽ കാണപ്പെട്ടു.

7. വരണ്ട കരയിൽനിന്ന് എടുക്കപ്പെട്ട ചില കല്ലുകൾ കെട്ടിടത്തിൽ വച്ചു ചേർക്കപ്പെട്ടു. മറ്റു ചിലത് ഉടച്ചു ഗോപുരത്തിൽനിന്നു വളരെയകലെ എറിയപ്പെട്ടു. 8. നിരവധി കല്ലുകളാകട്ടെ ഗോപുരത്തിനു ചുറ്റും കിടന്നു. എങ്കിലും അവയൊന്നും നിർമാണത്തിന് ഉപയോഗിക്കപ്പെട്ടില്ല. കാരണം, ചിലതിൽ വിള്ളലുകൾ ഉണ്ടായിരുന്നു; മറ്റു ചിലതു പൊട്ടിക്കീറിയിരുന്നു; ചിലതു ചീളുകളായിരുന്നു; ചിലതു വെളുത്ത് ഉരുണ്ടതായിരുന്നു; അവയൊന്നും നിർമ്മാണത്തിനു യോഗ്യമായിരുന്നില്ല. 9. കൂടാതെ, ചേർന്നിരിക്കാത്തതിനാൽ ഗോപുരത്തിൽനിന്നു വളരെ ദൂരെ എറിയപ്പെടുകയും ഊഷരഭൂമിയിലേക്ക് ഉരുണ്ടു പോകുകയും ചെയ്യുന്ന കല്ലുകളും ഞാൻ കണ്ടു. മറ്റു ചിലതു തീയിൽ വീണു വെന്തു പോയി. വേറെ ചിലതു വെള്ളത്തിനകത്തു വീഴാതെ കിടന്നു. വെള്ളത്തിലേക്കുരുണ്ടു വരാൻ ആഗ്രഹിച്ചെങ്കിലും സാധിക്കാതെ കിടന്നു.

## 3. ഗോപുരത്തെപ്പറ്റിയുള്ള ആദ്യ വെളിപാടുകൾ

1. എന്നെ ഗോപുരം കാണിച്ചശേഷം സ്ത്രീ പോകുവാൻ തിടുക്കം കൂട്ടി. ഞാൻ അവളോട് പറഞ്ഞു: "പ്രഭ്വീ, ഇതു കണ്ടിട്ട് ഇതിന്റെ അർത്ഥമെന്തെന്ന് അറിയാൻ സാധിക്കുന്നില്ലെങ്കിൽ എന്തു ഫലം? "എടോ, ശല്യക്കാരാ" അവൾ പറഞ്ഞു: "നിനക്കു ഗോപുരത്തെപ്പറ്റി അറിയണമല്ലേ? "അതേ," ഞാൻ പറഞ്ഞു: "പ്രഭ്വീ, എന്റെ സഹോദരൻമാരോടു ഇതേപ്പറ്റി പറയുന്നതിനും അവർക്കു കൂടുതൽ സന്തോഷം ഉണ്ടാകുന്നതിനും അവർ കർത്താവിനെപ്പറ്റി ആഴമായി ഗ്രഹിക്കുന്നതിനും ഈ സന്ദേശം സഹായിക്കും."

2. അവൾ പറഞ്ഞു: "അനേകർ ശ്രദ്ധിക്കും; ചിലർ കേട്ടു സന്തോ

www.malankaralibrary.com

ഷിക്കും; ചിലർ കരയും. രണ്ടാമത്തെ കൂട്ടരും കേട്ട് അനുതപിച്ചാൽ സന്തോഷിക്കും."

"ഗോപുരത്തിന്റെ ഉപമ വിവരിച്ചു തരാം; നിന്നോട് ഞാൻ എല്ലാം വിശദമായി പറയാം. വെളിപാടിനെപ്പറ്റി നീ എന്നെ ശല്യപ്പെടുത്തരുത്. കാരണം, ഇവ അവസാനത്തെ വെളിപാടുകളാകുന്നു. അവ പൂർത്തിയായി കഴിഞ്ഞു. എങ്കിലും ലജ്ജയില്ലാത്തവനാകയാൽ നീ ഇനിയും വെളിപാടുകൾക്കായി പ്രാർത്ഥിച്ചു കൊണ്ടിരിക്കും. 3. പണിതുകൊണ്ടിരിക്കുന്നതായി നീ കണ്ട ഗോപുരം, മുമ്പും, ഇപ്പോഴും നിനക്കു വെളിപ്പെടുത്തപ്പെട്ട സഭയകുന്ന ഞാൻ തന്നെയാണ്. അതു കൊണ്ട് ഗോപുരത്തെപ്പറ്റി അറിയാൻ ആഗ്രഹമുള്ളതെല്ലാം എന്നോടു ചോദിച്ചു കൊള്ളുക. വിശുദ്ധരോടുകൂടി സന്തോഷിക്കാനാണെങ്കിൽ അതു ഞാൻ നിനക്കു വെളിപ്പെടുത്തിത്തരാം."

4. ഞാൻ അവളോടു പറഞ്ഞു: "പ്രഭ്വീ, വെളിപാടുകൾ സ്വീകരിക്കാൻ യോഗ്യനായി എന്നെ അങ്ങു പരിഗണിച്ചതിനാൽ സദയം വെളിപ്പെടുത്തിത്തരണം." അവൾ പറഞ്ഞു: "നിനക്കു വെളിപ്പെടുത്തിത്തരുവാൻ സാധ്യമായതെന്തും വെളിപ്പെടുത്തിത്തരാം. നീ ദൈവോന്മുഖനായി ജീവിക്കണം എന്നു മാത്രം; സംശയഗ്രസ്തനായി വർത്തിക്കയുമരുത്."

5. ഉടനെ ഞാൻ അവളോടു ചോദിച്ചു: "പ്രഭ്വീ, ഈ ഗോപുരം വെള്ളത്തിനുമീതേ പണിയപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണ്? "ഞാൻ നേരത്തെ പറഞ്ഞതു പോലെ നീ മുട്ടിപ്പായി ചോദിക്കുന്നു. നിന്റെ ചോദ്യങ്ങൾ വഴി നീ സത്യം കണ്ടെത്തുകയാണ്. ഗോപുരം വെള്ളത്തിന്മീതേ പണിതിരിക്കുന്നതിന്റെ അർത്ഥമിതാണ്: നിന്റ ജീവൻ ജലത്തിലൂടെ രക്ഷിക്കപ്പെട്ടു; ജലത്തിലൂടെ രക്ഷിക്കപ്പെടുകയും ചെയ്യും[3]. നാമത്തിന്റെ സർവ്വശക്തവും മഹത്വപൂർണവുമായ വചനത്താൽ ഗോപുരം അടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു; കർത്താവിന്റെ അദൃശ്യ ശക്തിയാൽ അതു പണിതുയർത്തപ്പെട്ടിരിക്കുന്നു."

## 4. പണിക്കാർ ശ്രേഷ്ഠ മാലാഖമാർ

1. ഞാൻ അവളോടു പറഞ്ഞു: "പ്രഭ്വീ, ശ്രേഷ്ഠവും അത്ഭുതാവഹവുമായ ഒരു സംഗതിയാണല്ലോ ഇത്. എന്നാൽ ഗോപുരം പണിയുന്ന ആ ആറു യുവാക്കൻമാർ ആരാണമ്മേ? "ദൈവത്തിന്റെ വിശുദ്ധമാലാഖമാരാണവർ; അവരാണ് ആദ്യം സൃഷ്ടിക്കപ്പെടുന്നവർ. വർദ്ധിപ്പിക്കുന്നതിനും, പണിയുന്നതിനും, സൃഷ്ടി മുഴുവൻ അവർക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്നു. അവരുടെ പ്രവർത്തനം വഴി ഗോപുരത്തിന്റെ പണി പൂർത്തിയാക്കപ്പെടും."

3. മാമോദീസയെപ്പറ്റിയുള്ള സൂചന.

www.malankaralibrary.com

2. "കല്ലു ശേഖരിക്കുന്നവർ ആരാണ്?" "അവരും ദൈവത്തിന്റെ വിശുദ്ധ മാലാഖമാരത്രേ. എന്നാൽ ആദ്യത്തെ ആറുപേർ മറ്റ് എല്ലാവരെക്കാളും ശ്രേഷ്ഠരാണ്. അവരുടെ സഹായത്താൽ ഗോപുരത്തിന്റെ പണി പൂർത്തിയാക്കപ്പെടും. ഗോപുരത്തിന്റെ പണി പൂർത്തിയാകുമ്പോൾ ചുറ്റും ഒന്നിച്ചുകൂടി എല്ലാവരും സന്തോഷിക്കുകയും ദൈവത്തിനു മഹത്വം കൊടുക്കുകയും ചെയ്യും.

3. ഞാൻ അവളോടു ചോദിച്ചു: "അമ്മേ കല്ലുകളുടെ ഉദ്ദേശ്യവും അർത്ഥവും എന്താണെന്നറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനു മറുപടിയായി അവൾ പറഞ്ഞു: "മറ്റു മനുഷ്യരേക്കാൾ ഈ വെളിപാട് സ്വീകരിക്കാൻ നീ യോഗ്യനല്ല; ശ്രേഷ്ഠരായ മറ്റനേകർ നിനക്കു മുൻപ് പോയിരിക്കുന്നു. ആ വെളിപാട് അറിയാൻ അവർക്കാണ് യോഗ്യത. എന്നാൽ ദൈവനാമം (സങ്കീ.86:9-12)മഹത്വപ്പെടുവാനായി ഇത് ഇപ്രകാരമോ അല്ലയോ എന്നു തങ്ങളുടെ മനസ്സിൽ സംശയിക്കുകയും തർക്കിക്കയും ചെയ്യുന്നവരെ പ്രതി നിനക്ക് ഈ വെളിപാടു നൽകപ്പെട്ടിരിക്കുന്നു. നിനക്ക് നൽകപ്പെടുക തന്നെ ചെയ്യും. ഇതെല്ലാം സത്യമാണെന്നും അസത്യമായി ഒന്നുമില്ലെന്നും എല്ലാം ഉറപ്പുള്ളതും ശരിയായി സ്ഥാപിക്കപ്പെട്ടതും, സുരക്ഷിതമായതുമാണെന്നും അവരെ അറിയിക്കുക."

## 5. കല്ലുകൾ വിവിധതരം വിശ്വാസികൾ

1. പണിക്കുപയോഗിക്കപ്പെപെടുന്ന കല്ലുകളെപ്പറ്റി ഞാൻ ഇനി സംസാരിക്കാം: "കൃത്യമായി ചേർന്നിരിക്കുന്ന വെളുത്ത ചതുരക്കല്ലുകൾ ശ്ലീഹൻമാരും മെത്രാൻമാരും ഡീക്കൻമാരുമാണ്. ശുദ്ധതയിലും, വിശുദ്ധിയിയിലും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി മെത്രാൻമാരുടെയും പ്രബോധകരുടെയും ഡീക്കൻമാരുടെയും ശുശ്രൂഷ നിർവഹിച്ചുകൊണ്ട് ദൈവഭയത്തിൽ നടന്നവരാണിവർ. അവരിൽ ചിലർ കർത്താവിൽ നിദ്ര കൊള്ളുന്നു. മറ്റു ചിലർ ഇപ്പോഴും ജീവിക്കുന്നു. അവർ എപ്പോഴും പരസ്പരം യോജിപ്പിലാണ്. അവർ പരസ്പരം സമാധാനത്തിലാണ്; പരസ്പരം ശ്രവിക്കയും ചെയ്യുന്നു. ഇക്കാരണത്താൽ ഗോപുരനിർമ്മാണത്തിൽ അവർ കൃത്യമായി ചേർന്നിരിക്കുന്നു.

2. "പണിക്കുവേണ്ടി കടലിൽനിന്നു വലിച്ചെടുക്കപ്പെട്ട കല്ലുകൾ ആരാണ്? വയ്ക്കപ്പെട്ട കല്ലുകളോട് അവ നന്നായി ചേർന്നു പോകുന്നല്ലോ." "കർതൃനാമത്തിനു വേണ്ടി സഹിച്ചവരാണിവർ.

3. "വരണ്ട ഭൂമിയിൽനിന്ന് എടുക്കപ്പെട്ട കല്ലുകൾ ആരാണെന്ന് എന്നോട് പറയാമോ? അവൾ പറഞ്ഞു: "ചെത്തി വെടിപ്പാക്കാതെ നേരെ പണിക്കുപയോഗിക്കുന്ന കല്ലുകൾ കർത്താവംഗീകരിച്ചവരാണ്; അവർ കർത്താവിന്റെ ഋജുവായ പാതയിൽ സഞ്ചരിക്കുകയും അവി

www.malankaralibrary.com

ടുത്തെ കൽപനകൾ കൃത്യമായി അനുസരിക്കുകയും ചെയ്യുന്നു. 4. "കൊണ്ടുവന്നു കെട്ടിടത്തിൽ വയ്ക്കപ്പെട്ടവരാരാണ്? "വിശ്വാസത്തിൽ ശിശുക്കളും വിശ്വസ്തരുമാണവർ. നന്മ ചെയ്യാൻ മാലാഖമാർ അവരെ അനുസ്മരിപ്പിക്കുന്നു. എന്തെന്നാൽ അവരിൽ തിന്മ കണ്ടെത്തപ്പെട്ടിരിക്കുന്നു.

5. "അവർ ഉപേക്ഷിച്ച് എറിഞ്ഞ കല്ല് ആരാണ്? "അനുതപിക്കാനാഗ്രഹിക്കുന്ന പാപികളാണിവർ. അനുതപിച്ചാൽ അവർ പണിക്കുപയുക്തരായിത്തീരും. അവർ ഗോപുരത്തിൽനിന്നു വളരെ അകലത്തല്ല എറിയപ്പെട്ടിരിക്കുന്നത്. അനുതപിക്കുമ്പോൾ അനുതപിക്കാനുള്ളവർ വിശ്വാസത്തിൽ ഉറക്കും. ഇപ്പോൾ ഗോപുരനിർമ്മാണം നടക്കുന്നതിനാൽ അനുതപിച്ചാൽ അവർ പണിക്ക് ഉപയുക്തരാകും. ഗോപുരനിർമാണം പൂർത്തിയായി കഴിഞ്ഞാൽ അവർക്കൊരു സ്ഥാനവുമില്ല. അവർ പുറത്ത് എറിയപ്പെടുക തന്നെ ചെയ്യും. ഗോപുരത്തോടു വളരെ അടുത്തു കിടക്കാം എന്നതാണ് അവരുടെ മേൻമ."

### 6. ഉപേക്ഷിക്കപ്പെട്ട കല്ലുകൾ

"തല്ലിപ്പൊട്ടിച്ച് ഗോപുരത്തിൽ നിന്ന് വളരെ ദൂരെ എറിയപ്പെട്ടവർ ആരാണെന്ന് അറിയാൻ നിനക്ക് ആഗ്രഹമുണ്ടോ? നിയമരാഹിത്യത്തിന്റെ മക്കളാണിക്കൂട്ടർ. അവരുടെ വിശ്വാസം ഒരു പ്രഹസനം മാത്രമാണ്; അവർ ദുഷ്ടത തിങ്ങി നിറഞ്ഞവരുമാണ്. തൻമൂലം അവർ രക്ഷ പ്രാപിക്കുകയില്ല; അവർ പണിക്ക് ഒരുതരത്തിലും ഉതകുന്നവരല്ല. കർത്തൃകോപത്താലും കർത്താവിനെ അവർ കോപിപ്പിച്ചതിനാലും കഷണങ്ങളായി പൊട്ടിപൊടിക്കപ്പെട്ട് ഗോപുരത്തിൽ നിന്ന് വളരെ ദൂരെ എറിയപ്പെട്ടിരിക്കുന്നു. 2. പണിക്കുപയുക്തമാകാതെ ഗോപുരത്തിന്റെ ചുറ്റും കിടക്കുന്നതായി കാണുന്ന നിരവധി കല്ലുകൾ കളങ്കമുള്ളവരാണ്. സത്യം ഗ്രഹിച്ചെങ്കിലും അതിൽ നിലനിൽക്കാത്തവരും വിശുദ്ധരോട് ചേരാത്തവരുമാണവർ. അക്കാരണത്താൽ അവർ ഉപയോഗശൂന്യരാണ്.

3. "പൊട്ടലുകൾ ഉള്ള കല്ലുകൾ ആരാണ്?" "വിഭക്തഹൃദയരും (1 തെസ. 5:13; മർക്കോ.9.50; 2കൊറി. 13:11) പരസ്പരം സമാധാനമില്ലാത്തവരുമാണവർ. അവർക്ക് സമാധാനത്തിന്റെ ആവരണം മാത്രമേയുള്ളു. പിരിഞ്ഞു പോകുമ്പോൾ വിദ്വേഷവും അവരുടെ ഹൃദയത്തിൽ നിലനിൽക്കുന്നു. ഇതാണ് കല്ലുകളിലുള്ള വിള്ളലുകൾ."

4. "കൊത്തിയെടുത്ത കല്ലുകൾ വിശ്വാസികളാണ്. എന്നാൽ ഭൂരിഭാഗവും നീതിയുള്ളവരാണ്. എന്നാൽ ഒരു ചെറിയ ഭാഗത്തിൽ നിയമരാഹിത്യം കുടികൊള്ളുന്നു. അവർ എല്ലാ കാര്യങ്ങളിലും പൂർണരല്ല; അതുകൊണ്ട് അവർ ചെത്തി ഒരുക്കപ്പെടുന്നു."

www.malankaralibrary.com

5. "പ്രഭ്വീ, പണിക്കുപയുക്തമാകാത്ത വെളുത്ത ഉണ്ടക്കല്ലുകൾ ആരാണ്? അവൾ ഉത്തരമായി പറഞ്ഞു: "എത്രനാൾ നീ വിഡ്ഢിയും വിവരവില്ലാത്തവനുമായി വ്യാപരിക്കും? നിന്റെ കുറേ ചോദ്യങ്ങൾ! നിനക്ക് ഒന്നും മനസിലാകുന്നില്ലേ? വിശ്വാസം ഉള്ളവരാണവർ. അതോടുകൂടെ ഈ ലോകത്തിന്റെ ധനവും അവർക്കുണ്ട്. മതപീഡനം ഉണ്ടാകുമ്പോൾ ധനത്തെയും സമ്പാദ്യത്തേയും പ്രതി അവർ കർത്താവിനെ നിക്ഷേധിക്കുന്നു."

6. ഞാൻ അവളോട് ചോദിച്ചു: "പ്രഭ്വീ അവരെപ്പോൾ പണിക്ക് ഉപയുക്തരാകും? "അവരെ വഴിപിഴപ്പിക്കുന്ന ധനം അവരിൽ നിന്ന് എടുക്കപ്പെടുമ്പോൾ അവർ ദൈവത്തിന് ഉപയോഗവുള്ളവരാകും. ഉരുണ്ട കല്ല് വെട്ടി കുറേ ഭാഗം മാറ്റാതെ ചതുരക്കല്ലായി തീരാത്തതുപോലെ ധനവാൻമാരുടെ ധനം അവരിൽ നിന്ന് എടുത്തുമാറ്റപ്പെടാതെ കർത്താവിന് അവർ പ്രയോജനപ്രദമാവുകയില്ല.

7. നിന്റെ ജീവിതപരിചയത്തിൽ നിന്നു തന്നെ മനസ്സിലാക്കുക: നീ ധനവാനായിരുന്നപ്പോൾ ഉപയോഗശൂന്യനായിരുന്നു. ഇപ്പോൾ നീ പ്രയോജനമുള്ളവനും ജീവദാതാവുമായിത്തീർന്നു. ദൈവത്തിനും പ്രയോജനമുള്ളവനായിരിക്കുക. കാരണം, ഈ കല്ലുകളിൽ നിന്ന് നീ നല്ല കാര്യങ്ങൾ പഠിച്ചുവല്ലോ."

## 7. മറ്റു കല്ലുകൾ

1. "ഗോപുരത്തിൽ നിന്ന് വളരെ ദൂരെ എറിയപ്പെടുകയും, വഴിയിൽ വീണിട്ട് പാഴ്ഭൂമിയിലേക്ക് ഉരുണ്ടുപോകുകയും ചെയ്യുന്ന കല്ലുകൾ വിശ്വാസികളാണ്. എന്തെന്നാൽ സംശയഗ്രസ്തരായി സത്യപാതയിൽ നിന്ന് അവർ തെന്നിമാറി; കാരണം, ശ്രേഷ്ഠമായ മറ്റൊന്ന് കണ്ടെത്തുവാൻ സാധിക്കും എന്ന് അവർ വ്യാമോഹിച്ചു. അവർ ദു:ഖിതരായി അലഞ്ഞുനടക്കുകയും പാഴ്ഭൂമിയിൽ ചുറ്റിക്കറങ്ങുകയും ചെയ്യുന്നു.

2. "അഗ്നിയിൽ വീണ് വെന്തു പോയവർ സത്യദൈവത്തോട് അന്ത്യമമായി മത്സരിച്ചവരാണ് (ഹെബ്രാ. 3: 12). കടിഞ്ഞാണിടാത്ത അവരുടെ ജഢികാശയും അവർ ചെയ്തുകൂട്ടുന്ന തിന്മ നിറഞ്ഞ പ്രവൃത്തികളും നിമിത്തം അനുതാപം അവരിൽ ഇനി ഒരിക്കലും ഉണ്ടാകയില്ല.

3. "വെള്ളത്തിനടുത്ത് വീണു എങ്കിലും വെള്ളത്തിലേക്ക് ഉരുളാൻ സാധിക്കാത്ത കല്ലുകൾ ആരാണെന്ന് അറിയണമോ? വചനം ശ്രവിക്കയും (മർക്കോ 4:18;മത്താ.13:20–22) കർത്തൃനാമത്തിൽ (നട.19:5) സ്നാനം സ്വീകരിക്കാൻ ആഗ്രഹിക്കയും ചെയ്യുന്നവരാണിവർ. എന്നാൽ സത്യത്തിന്റെ ശുദ്ധരൂപത്തെപ്പറ്റി ചിന്തിക്കുമ്പോൾ മനസ്സ് തിരിയുകയും തങ്ങളുടെ ദുർവിചാരങ്ങളിലേക്ക് പിൻതിരിയുകയും ചെയ്യുന്നു (സഭാ.18:3;സുഭാ.17:3;വിജ്ഞാനം.3:6).4. ഇങ്ങനെ ഗോപുരത്തെ

www.malankaralibrary.com

കുറിച്ചുള്ള വിവരണം അവൾ അവസാനിപ്പിച്ചു.

5. ഭയം കൂടാതെ ഞാൻ അവളോട് മറ്റൊരു ചോദ്യം ചോദിച്ചു: "ഗോപുര നിർമാണത്തിന് ചേരാത്ത എറിയപ്പെട്ട കല്ലുകൾ ഉണ്ടല്ലോ? അവയ്ക്ക് അനുതാപത്തിന് ഒരു സാധ്യതയുമില്ലേ? ഈ ഗോപുരത്തിൽ അവർക്കൊരു സ്ഥാനവുമില്ലേ?" "അവർക്കനുതപിക്കാം," അവൾ പറഞ്ഞു: "എന്നാൽ ഈ ഗോപുരത്തിൽ അവർ ചേർന്നുപോകില്ല. അൽപ്പം ബഹുമാനം കുറഞ്ഞ ഒരു സ്ഥലത്ത് അവർ ചേർന്നു പോകും. അതും അവരുടെ പാപത്തിന് ശിക്ഷ അനുഭവിച്ച് പ്രായ്ശ്ചിത്തദിവസങ്ങൾ പൂർത്തിയാക്കിട്ടേ അവർക്ക് ലഭിക്കൂ. നീതിയുള്ള വചനത്തിൽ അവർ ഭാഗഭാക്കുകളായതിനാൽ അവരുടെ സ്ഥാനത്തിനു മാറ്റമുണ്ടാകും. അവർ ചെയ്ത ദുഷ്പ്രവർത്തികൾ ഓർത്ത് ദു:ഖിച്ചാൽ ഒരു പക്ഷേ ശിക്ഷയിൽ നിന്ന് അവർ വിമോചിതരായേക്കാം. അങ്ങനെ സാധിച്ചാൽ അവരുടെ ഭാഗ്യം! മറിച്ച്, അനുസരിക്കാനവർ കൂട്ടാക്കാതിരുന്നാൽ അവരുടെ ഹൃദയകാഠിന്യം നിമിത്തം അവർ നശിക്കും."

## 8. ഏഴു സ്ത്രീകൾ

1. ഈ സംഗതികളെ സംബന്ധിച്ച് ഞാൻ ചോദിച്ചു കഴിഞ്ഞപ്പോൾ അവൾ എന്നോട് ചോദിച്ചു: "നിനക്ക് മറ്റേതെങ്കിലും കാണണോ?" ദർശനം കാണാൻ ആഗ്രഹിച്ച ഞാൻ കൂടുതൽ ദർശനങ്ങൾ കാണാൻ കഴിയും എന്നതിൽ വളരെ സന്തോഷിച്ചു. 2. പുഞ്ചിരിച്ചുകൊണ്ട് അവളെന്നെ നോക്കി. "ഗോപുരത്തിനു ചുറ്റും ഏഴു സ്ത്രീകളെ നീ കാണുന്നുവോ? "അതേ, അമ്മേ" ഞാൻ പറഞ്ഞു. "കർത്തൃകൽപ്പനയിൽ ഈ ഗോപുരം താങ്ങി നിർത്തുന്നത് ഇവരാണ്. 3. അവരുടെ ജോലികൾ എന്തെല്ലാമെന്ന് പറയാം. ശക്തമായ കരങ്ങളോടു കൂടിയ ഒന്നാമത്തവൾ വിശ്വാസം എന്ന് വിളിക്കപ്പെടുന്നു. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവർ അവൾ വഴി രക്ഷ പ്രാപിക്കുന്നു."

4. "ഇടക്കെട്ടോടുകൂടി പുരുഷനെപ്പോലെ കാണപ്പെടുന്ന രണ്ടാമത്തവൾ സംയമനം എന്ന് വിളിക്കപ്പെടുന്നു. അവൾ വിശ്വാസത്തിന്റെ പുത്രിയാണ് അവളെ അനുഗമിക്കുന്നവൻ ഈ ജീവിതത്തിൽ സന്തുഷ്ടനായിരിക്കും. കാരണം, ദുർവികാരങ്ങളിൽനിന്നൊഴിഞ്ഞിരുന്നാൽ നിത്യജീവൻ ലഭിക്കും എന്ന ഉറപ്പിൻമേൽ അവൻ എല്ലാ ദുഷ്പ്രവർത്തികളിൽ നിന്നും ഒഴിഞ്ഞിരിക്കും."

5. "മറ്റുള്ളവരാരാണമ്മേ?" "അവരെല്ലാം ഒരാൾ മറ്റൊരാളുടെ പുത്രിയാണ്. അവരുടെ പേരുകൾ ലാളിത്യം, അറിവ്, നിഷ്കളങ്കത, ബഹുമാനം, സ്നേഹം എന്നിവയാണ്. അവരുടെ അമ്മയുടെ പ്രവർത്തികളെല്ലാം ചെയ്യുമ്പോൾ നിങ്ങൾക്ക് ജീവിക്കാൻ സാധിക്കും.

6. "അമ്മേ, അവർക്കോരോരുത്തർക്കും ഉള്ള ശക്തി എന്തെന്നറി

www.malankaralibrary.com

യാൻ ഞാൻ ആഗ്രഹിക്കുന്നു. 7. "അതു പറയാം. ഓരോരുത്തർക്കും മറ്റുള്ളവരുടെ കഴിവുകളുണ്ട്. അവർ ജനിച്ച ക്രമത്തിൽ ഒരാൾ മറ്റൊരാളെ പിൻചെല്ലുന്നു. വിശ്വാസത്തിന്റെ പുത്രിയാണ് സംയമനം; ലാളിത്യം സംയമനത്തിന്റെയും നിഷ്കളങ്കത ലാളിത്യത്തിന്റെയും ഭക്തി നിഷ്കളങ്കതയുടെയും, സ്നേഹം അറിവിന്റെയും പുത്രിയാണ്. അവരുടെ പ്രവൃത്തികൾ ശുദ്ധവും ബഹുമാന്യവും ദൈവികവുമാണ്.

8. അവരെ ശുശ്രൂഷിക്കുകയും അവരുടെ പ്രവൃത്തികൾ ചെയ്യാൻ കഴിവുറ്റവരായിത്തീരുകയും ചെയ്താൽ ദൈവത്തിന്റെ വിശുദ്ധരോടുകൂടി അവർക്കും ഗോപുരത്തിൽ വസിക്കാം. 9. "ലോകാവസാനം അടുത്തോ" എന്ന് ഞാൻ അവളോട് ചോദിച്ചു. ഉയർന്ന സ്വരത്തിൽ അവൾ വിളിച്ചു പറഞ്ഞു: "ഭോഷാ, ഗോപുരത്തിന്റെ പണി നടക്കുന്നതല്ലേയുള്ളു? പണി തീരുമ്പോൾ അവസാനമാകും. എന്നാലത് വേഗത്തിൽ പൂർത്തിയാകും. ഇനി നീ എന്നോട് ഒന്നും ചോദിക്കേണ്ട. നീയും വിശുദ്ധരും ഇതെല്ലാം അനുസ്മരിക്കുകയും നിങ്ങളുടെ ആത്മാക്കളെ നവീകരിക്കുകയും ചെയ്താൽ മതി."

10. "ഈ വെളിപാട് നിനക്ക് മാത്രമല്ല, ഇത് മറ്റുള്ളവർക്ക് വെളിപ്പെടുത്തി കൊടുക്കുവാനുള്ളതാണ്. 11. നീ ആദ്യം ഇത് മനസ്സിലാക്കണം; പിന്നെ മുന്ന് ദിവസങ്ങളുടെ ശേഷം മറ്റുള്ളവരോട് പറയണം. വിശ്വാസികളോട് ഞാൻ പറയാൻ പോകുന്നതെല്ലാം നീ പറയണം എന്നതാണ് ഹെർമാസേ എന്റെ കൽപന. അവർ ഇവ ശ്രവിച്ച് അനുവർത്തിച്ചാൽ അവരും അവരോടൊപ്പം നീയും ദുഷ്ടതകളിൽ നിന്ന് കഴുകപ്പെടും."

## 9. ധനവാൻമാർക്കും നായകൻമാർക്കും മുന്നറിയിപ്പ്

1. "എന്റെ കുട്ടികളെ, എന്നെ ശ്രവിക്കുവിൻ. കർത്താവിന്റെ കരുണയിൽ ഞാൻ നിങ്ങളെ ലാളിത്യത്തിലും നിഷ്കളങ്കതയിലും ദൈവഭയത്തിലും വളർത്തി. എല്ലാവിധ ദുഷ്ടതയിൽനിന്നും വഴിപിഴയ്ക്കലിൽനിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടുവാനും നീതീകരിക്കപ്പെടുവാനുംവേണ്ടി നിങ്ങളിൽ നീതിബോധം ഉളവാക്കി.

2. അതുകൊണ്ട് നിങ്ങൾ എന്നെ ശ്രവിക്കുവിൻ-പരസ്പരം സഹായിച്ചും പരസ്പരം സേവിച്ചും സമാധാനപൂർവം ജീവിക്കുവിൻ (1തെസ്സ.5:13: റോമ.15:17). ദൈവസൃഷ്ടികളെ അമിതമായി നിങ്ങളുടെ സ്വന്തമാക്കി കൈയടക്കി വയ്ക്കരുത്. മറിച്ച്, പാവപ്പെട്ടവർക്കുകൂടി ഒരു ഭാഗം കൊടുക്കുക.

3. ഭക്ഷണസാധനങ്ങളുടെ സമൃദ്ധിമൂലം ചിലർ ശരീരത്തിന് രോഗം വലിച്ച്വെക്കുകയും ശരീരത്തെ ക്ളേശിപ്പിക്കുകയും ചെയ്യുന്നു; ആവശ്യത്തിന് ഭക്ഷിക്കാനില്ലാതെ ആഹാര ദൗർലഭ്യം മൂലം ചിലർ ക്ഷീണി

www.malankaralibrary.com

തരാകുകയും അവരുടെ ശരീരം ക്ളേശിക്കയും ചെയ്യുന്നു.

4. ഉള്ളവർ പങ്കിടാതിരിക്കുന്നതും ആവശ്യക്കാരനു വീതിച്ചു കൊടുക്കാതിരിക്കുന്നതും ദോഷകരമാണ്. 5. വരുവാനിരിക്കുന്ന ന്യായവിധിയെ ദർശിക്കുക. ധനസമൃദ്ധിയുള്ളവരേ, ഗോപുരനിർമാണം അവസാനിക്കുന്നതിനുമുമ്പ് വിശപ്പുള്ളവരെ തേടിയിറങ്ങുക. കാരണം, പണി കഴിഞ്ഞാൽ പിന്നെ നന്മ ചെയ്യാൻ നിങ്ങൾ ആഗ്രഹിച്ചേക്കും. പക്ഷേ, അവസരം ലഭിച്ചെന്നു വരില്ല.

6. ധനത്തിൽ ഗർവം കൊള്ളുന്നവരേ, ആവശ്യക്കാരൻ നിലവിളിക്കയും അവന്റെ നിലവിളി കർത്താവിന്റെ പക്കലേക്കുയരുകയും ഗോപുര വാതിൽക്കൽവച്ച് നിങ്ങളുടെ ധനം പുറത്താക്കപ്പെടുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുക.

7. സഭാധികാരികളോടും ഒന്നാമത്തെ ഇരിപ്പിടങ്ങളിൽ ഇരിക്കുന്നവരോടുമാണ് ഇപ്പോൾ ഞാൻ സംസാരിക്കുന്നത്. വിഷം വമിക്കുന്നവരെപ്പോലെ ആകരുത്. അവർ പെട്ടികളിൽ വിഷം വഹിക്കുന്നു. 8. കഠിനഹൃദയരായ നിങ്ങൾ നിങ്ങളുടെ ഹൃദയം പരിശുദ്ധമാക്കുന്നില്ല. മഹാരാജാവിൽ നിന്നു ദയ ലഭിക്കാൻ വേണ്ടി ശുദ്ധഹൃദയത്തിൽ നിങ്ങളുടെ വിജ്ഞാനം സംഭരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? (സങ്കീ.47:2). എന്റെ കുട്ടികളേ, ഈ പിളർപ്പ് ജീവനിൽനിന്ന് നിങ്ങളെ അകറ്റാതിരിക്കാൻ ശ്രദ്ധിപ്പിൻ.

10. നിങ്ങൾ തന്നെ ശിക്ഷണരഹിതരാണെങ്കിൽ കർത്താവിന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ നിങ്ങൾക്കെങ്ങനെ തിരുത്താൻ സാധിക്കും? നിങ്ങൾ ആദ്യമേ സ്വയം തിരുത്തുക; പരസ്പരം സമാധാനത്തിൽ ജീവിക്കുക (1തെസ്സ.5:13). പിതൃസന്നിധിയിൽ സന്തോഷപൂർവം നിങ്ങളുടെ കണക്കു കർത്താവിന് കൊടുക്കാൻ എനിക്ക് സാധിക്കട്ടെ."

## 10. സ്ത്രീ വിവിധ രീതികളിൽ

1. അവൾ എന്നോട് സംസാരിച്ചു കഴിഞ്ഞപ്പോൾ ഗോപുരം പണിതുകൊണ്ടിരുന്ന ആറു യുവാക്കൾ വന്ന് അവളെ ഗോപുരത്തിലേക്ക് എടുത്തുകൊണ്ടുപോയി; വേറെ നാലു പേർ വന്ന് അവളിരുന്ന സിംഹാസനവും എടുത്ത് ഗോപുരത്തിലെത്തിച്ചു. അവർ എതിർവശത്തേക്ക് തിരിഞ്ഞു നിന്നതിനാൽ ഞാൻ അവരുടെ മുഖം കണ്ടില്ല. 2. അവൾ പൊയ്ക്കൊണ്ടിരുന്നപ്പോൾ മൂന്നുരീതികളിൽ അവൾ എനിക്ക് കാണപ്പെട്ടതു സംബന്ധിച്ച് ഒരു വിശദീകരണം ആവശ്യപ്പെട്ടു: "ഇതു സംബന്ധിച്ച് ഒരു വെളിപാടിനുവേണ്ടി നീ മറ്റൊരാളോട് ചോദിക്കണം," എനിക്ക് മറുപടി കിട്ടി. 3. സഹോദരൻമാരേ, കഴിഞ്ഞ വർഷം ആദ്യമുണ്ടായ ദർശനത്തിൽ അവൾ ഒരു വൃദ്ധയായും കസേരയിൽ ഇരിക്കുന്നവളായുമത്രേ എനിക്ക് കാണപ്പെട്ടത്.

www.malankaralibrary.com

4. രണ്ടാമത്തെ ദർശനത്തിൽ അവൾ പ്രായം കുറഞ്ഞവളായി കാണപ്പെട്ടു. എന്നാൽ അവളുടെ ശരീരവും മുടിയും പ്രായമുള്ളവരുടേതു പോലെയായിരുന്നു. അവൾ നിന്നുകൊണ്ടാണ് എന്നോട് സംസാരിച്ചത്. 5. മൂന്നാമത്തെ ദർശനത്തിലാകട്ടെ എല്ലാവിധത്തിലും അവൾ യൗവനം മുറ്റിനിൽക്കുന്നവളും സൗന്ദര്യറാണിയുമായിരുന്നു. അവളുടെ മുടി മാത്രം നരച്ചതായിരുന്നു. അവൾ വളരെ സന്തോഷവതിയായി ഇരിപ്പിടത്തിൽ ഇരിക്കയായിരുന്നു.

6. ഈ സംഗതികളെക്കുറിച്ചുള്ള വെളിപാടു ലഭിക്കാൻ ഞാൻ ആഗ്രഹിച്ച് ദു:ഖിതനായി കഴിഞ്ഞുകൂടി. രാത്രിയിലെ ഒരു ദർശനത്തിൽ പ്രായമുള്ള ആ സ്ത്രീ എന്നോട് ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു. "എല്ലാ പ്രശ്നങ്ങൾക്കും വിനീതഹൃദയം അത്യാവശ്യമാണ്; ഉപവസിക്കുക; നീ ആവശ്യപ്പെടുന്നതു ദൈവത്തിൽനിന്ന് നിനക്കു ലഭിക്കും." 7. ഞാൻ ഒരു ദിവസം ഉപവസിച്ചു. അന്നു രാത്രിയിൽ ഒരു യുവാവ് എനിക്ക് കാണപ്പെട്ട് എന്നോട് പറഞ്ഞു: "നീ പ്രാർത്ഥിക്കുമ്പോൾ എന്തിനാണ് ഉടൻ വെളിപാടുണ്ടാകണമെന്നപേക്ഷിക്കുന്നത്? കഠിനമായ യാചനകൾ കൊണ്ടു നിന്റെ ശരീരത്തെ മുറിപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുക. 8. ഈ വെളിപാടുകൾ നിനക്ക് ആവശ്യമുള്ളവയത്രേ. നീ ദർശിച്ചതിലും വലിയ വെളിപാടുകൾ നിനക്കു കാണാൻ കഴിയുമോ?

9. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "വൃദ്ധയുടെ മൂന്ന് രൂപങ്ങളെപ്പറ്റി പൂർണമായും വിശദമായും ഒരു വെളിപാട് ഉണ്ടാകണമെന്നേ ഞാൻ പ്രാർത്ഥിച്ചുള്ളൂ." അവൻ എന്നോട് പറഞ്ഞു: "ഉൾക്കാഴ്ചകൂടാതെ എത്രനാളാണു നീ ജീവിക്കാൻ പോകുന്നത്? നീ സംശയഗ്രസ്തനായിരിക്കുന്നതിനാലും ദൈവോൻമുഖമായി വ്യാപരിക്കാതിരിക്കുന്നതിനാലും ആണ് ഇങ്ങനെ വരുന്നത്." 10. ഞാൻ മറുപടിയായി പറഞ്ഞു: "അങ്ങയുടെ സഹായത്താൽ ഇക്കാര്യം കുറേക്കൂടി കൃത്യമായി ഗ്രഹിക്കാം."

### 11. ഒന്നാം ദർശനത്തിന്റെ വിശദീകരണം

1. "വൃദ്ധയായി നീ കണ്ട സ്ത്രീയുടെ മൂന്നു ഭാവങ്ങളെപ്പറ്റി ഞാൻ നിനക്കു പറഞ്ഞുതരാം. 2. ഒന്നാം ദർശനത്തിൽ എന്തുകൊണ്ടാണ് അവൾ വൃദ്ധയായും കസേരയിൽ ഇരിക്കുന്നവളായും കാണപ്പെട്ടത്? കാരണം, നിങ്ങളുടെ ആത്മാക്കൾ പഴകി നിഷ്ഫലമായിരുന്നു; നിങ്ങളുടെ സുഖലോലുപത്വവും വിഭക്തമായ ഉദ്ദേശ്യവും കൊണ്ട് അതു രോഗഗ്രസ്തമായിരുന്നു.

3. യുവത്വം വീണ്ടെടുക്കാമെന്ന പ്രതീക്ഷ നശിച്ച് മറ്റൊന്നും ചെയ്യാനില്ലാതെ തങ്ങളുടെ അന്ത്യവിശ്രമം നോക്കിപ്പാർത്തുകൊണ്ടിരിക്കുന്ന

www.malankaralibrary.com

ചില വൃദ്ധരുണ്ടല്ലോ. അവരെപ്പോലെ നീയും കാലിക കാര്യങ്ങളാൽ ബന്ധിതനായി കർത്താവിൽ നിന്റെ സർവ്വ കാര്യങ്ങളും വെക്കാതെ നിർഗുണനായി വർത്തിച്ചു (സങ്കീ.55:22;1 പത്രോ. 5:7).

4. "അവളെന്താണ് കസേരയിൽ ഇരുന്നതെന്നറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു." "ബലഹീനശരീരത്തിനാലംബമായി ക്ഷീണിതരായ മനുഷ്യർ ക്ഷീണംകൊണ്ടു കസേരയിൽ ഇരിക്കുന്നു. ഒന്നാം ദർശനത്തിന്റെ അർത്ഥം ഇതത്രേ."

## 12. രണ്ടാം ദർശനത്തിന്റെ വിശദീകരണം

1. "രണ്ടാം ദർശനത്തിൽ അവൾ നിൽക്കുന്നതായും കുറേക്കൂടി പ്രായം കുറഞ്ഞവളായും ആദ്യത്തേതിനേക്കാൾ കൂടുതൽ സന്തുഷ്ടയായും, എന്നാൽ അതേസമയം ശരീരവും മുടിയും വൃദ്ധയുടെതായും നീ കണ്ടല്ലോ! ഈ ഉപമയെപ്പറ്റി കേൾക്കൂ.

2. ദാരിദ്ര്യവും ക്ഷീണവും നിമിത്തം ജീവിതം ഇഴഞ്ഞുനീങ്ങുകയും എല്ലാ പ്രതീക്ഷയും നശിക്കയും ചെയ്ത വൃദ്ധനു പെട്ടന്നൊരവകാശം ലഭിച്ചെന്നിരിക്കട്ടെ. ആ വാർത്ത കേട്ട് അവൻ എഴുന്നേൽക്കുന്നു; സന്തോഷത്താൽ നിറയുന്നു; ശക്തി സംഭരിക്കുന്നു; പിന്നെ കിടക്കാൻ അവൻ ഇഷ്ടപ്പെടുന്നില്ല. പിന്നെയോ, എഴുന്നേറ്റു നിൽക്കുന്നു; മുൻകാല ചെയ്തികളാൽ തകർന്നതാണെങ്കിലും അവന്റെ അരൂപി യുവത്വം ധരിക്കുന്നു. അവൻ കുത്തിയിരിക്കാതെ ധൈര്യം അവലംബിച്ചെഴുന്നേറ്റു നിൽക്കുന്നു. അതുപോലെ, കർത്താവു നിനക്കു കൽപിച്ചരുളിയ വെളിപാട് കേട്ട മാത്രയിൽ നീയും നവീകരിക്കപ്പെടുകയും യുവത്വം ധരിക്കപ്പെടുകയും ചെയ്തു.

3. കർത്താവു നിന്നോട് കരുണ കാണിച്ചതിനാലും നിന്റെ അരൂപിയെ നവീകരിച്ചതിനാലും നീ നിന്റെ ബലഹീനതകൾ ദൂരെയെറിഞ്ഞു. നീ ശക്തി ധരിച്ച് വിശ്വാസത്തിൽ ശക്തനായിത്തീർന്നു. നിന്റെ ശക്തിയിൽ കർത്താവു സന്തോഷിക്കുന്നു. അതുകൊണ്ടാണ് ഗോപുരനിർമ്മാണത്തെക്കുറിച്ച് നിന്നെ ബോധവാനാക്കിയത്. പൂർണഹൃദയത്തോടുകൂടി മറ്റുള്ളവരോട് സമാധാനത്തിൽ നീ ജീവിക്കുമെങ്കിൽ മറ്റ് കാര്യങ്ങളും നിനക്ക് ഞാൻ വെളിപ്പെടുത്തിത്തരും."

## 13. മൂന്നാം ദർശനത്തിന്റെ വിശദീകരണം

1. "മൂന്നാം ദർശനത്തിൽ സൗന്ദര്യവതിയും സന്തുഷ്ടയും ആയ ഒരു യുവതിയായി നീ അവളെ കണ്ടല്ലോ. അവളുടെ ദർശനം തന്നെ ഹൃദയഹാരിയായിരുന്നു. 2. ദു:ഖത്തിന്റെ മധ്യത്തിൽ സുവാർത്തകളെത്തുമ്പോൾ ദു:ഖങ്ങളെല്ലാം മനുഷ്യൻ മറക്കുന്നു. കേട്ട നല്ല വാർത്ത ഒഴിച്ചുള്ളതെല്ലാം അവൻ വിസ്മരിക്കുന്നു. ഭാവിയിൽ നന്മ ചെയ്യാൻ

www.malankaralibrary.com

അവന് ശക്തി ലഭിക്കുന്നു. സന്തോഷം കൊണ്ട് അവൻ യുവത്വം ധരിക്കുന്നു. അതുപോലെ നീയും ഈ നൻമകളുടെ ദർശനത്താൽ അരൂപിയിൽ നവീകരിക്കപ്പെട്ടവനായി തീർന്നു.

3. അവൾ ഒരു ഇരിപ്പിടത്തിൽ ഇരിക്കുന്നതായി നീ കണ്ടതിന്റെ അർത്ഥം നിന്റെ സ്ഥാനം സുരക്ഷിതമാണ് എന്നത്രേ. ഇരിപ്പിടത്തിന് നാല് കാലുണ്ട്. ഈ ലോകം നാല് പദാർത്ഥങ്ങളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതുപോലെ അതും നന്നായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. 4. അതുകൊണ്ട് നന്നായി അനുതപിക്കുന്നവർ യുവത്വം ധരിക്കുകയും ഉറപ്പായി സ്ഥാപിക്കപ്പെടുകയും ചെയ്യും; പരിപൂർണഹൃദയത്തോടെ ഉപവസിക്കുന്നവരെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇതാണ് അവയുടെ അർത്ഥം. വെളിപാടിനെക്കുറിച്ച് ഇനിയൊന്നും ചോദിക്കരുത്. എന്നാൽ, എന്തെങ്കിലും ആവശ്യമെങ്കിൽ നിനക്കവ വെളിപ്പെടുത്തപ്പെടും."

www.malankaralibrary.com

# നാലാം ദർശനം

## 1. ഒരു ഭീകരസത്വം

1. സഹോദരൻമാരേ, ഇരുപത് ദിവസങ്ങൾക്കുശേഷം ഞാൻ ഒരു ദർശനം കണ്ടു. വരാനിരിക്കുന്ന പീഡനങ്ങളുടെ പ്രതീകമായിരുന്നു അത്. 2. വിയാ കംപാനായിലൂടെ ഗ്രാമത്തിലേക്ക് ഞാൻ നടന്നു പോകയായിരുന്നു. പൊതുവഴിയിൽ നിന്ന് ഏതാണ്ട് ഒരു മൈൽ ദൂരെ ആയിരുന്നു ആ സ്ഥലം. അവിടെ പെട്ടെന്ന് എത്തുവാനും സാധിക്കും.

3. തന്റെ വിശുദ്ധ സഭവഴി എന്നെ കാണിച്ച വെളിപാടുകൾക്കും ദർശനങ്ങൾക്കും കർത്താവിന് നന്ദി പറഞ്ഞുകൊണ്ട് ഞാൻ നടന്നു പോകുകയായിരുന്നു. വെളിപാടുകൾ പൂർത്തിയാക്കണമെന്നും ഞാൻ പ്രാർത്ഥിച്ചു. എന്നെ ശക്തനാക്കണമെന്നും ഇടറിയ തന്റെ ദാസർക്ക് തന്റെ പരിശുദ്ധനാമത്തെപ്രതി അനുതാപം പ്രദാനം ചെയ്യണമെന്നും ഞാൻ അപേക്ഷിച്ചു. ഈ മഹനീയ രഹസ്യങ്ങൾ എനിക്ക് വെളിപ്പെടുത്തുവാൻ തക്കവണ്ണം എന്നെ യോഗ്യനാക്കിയതിന് 4. കർത്താവിനെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ എന്റെ ശബ്ദത്തിന്റെ പ്രതിധ്വനി എന്നവണ്ണം ഞാൻ ഒരു സ്വരം കേട്ടു. "ഹെർമാസ്, നിന്റെ ഉദ്ദേശ്യത്തിൽ നീ വിഭക്തനാകരുത്." ഞാൻ അതേപ്പറ്റി ചിന്തിച്ച് ആത്മഗതം ചെയ്തു: ഈ മഹനീയ കാര്യങ്ങൾ കണ്ട ശേഷം, കർത്താവിനാൽ ഉറപ്പായി സ്ഥാപിക്കപ്പെട്ടശേഷം, എനിക്കെങ്ങനെ ഉദ്ദേശ്യങ്ങളിൽ വിഭക്തനാകാൻ സാധിക്കും?

5. സഹോദരൻമാരേ ഞാൻ അൽപം കൂടി നടന്നു. ആകാശത്തിലേക്കു പൊടിപടലങ്ങളുടെ ഒരു മേഘം ഉരുണ്ടുകൂടുന്നത് ഞാൻ ദർശിച്ചു. ഞാനാത്മഗതം ചെയ്തു: പത്തറുന്നൂറടി അകലെനിന്ന് കന്നുകാലികൾ വരികയാണ്. അവയാണ് പൊടിപടലങ്ങളുയർത്തുന്നത്?

6. അത് വലുതായിക്കൊണ്ടിരുന്നപ്പോൾ എന്തോ ആത്മീയ ദർശനമായിരിക്കാം എന്നു ഞാൻ സംശയിച്ചു. സൂര്യൻ ഉദിച്ചു വരുന്നതേയുള്ളു. പെട്ടെന്ന് ഇതാ തിമിംഗലം പോലെ ഒരു ജന്തുവിനെ ഞാൻ കണ്ടു. അത് അഗ്നിജ്വാലകൾ ബഹിർഗമിപ്പിക്കുന്നു. അതിന് നൂറടി വലിപ്പമുണ്ടായിരുന്നു. മണ്ണുകൊണ്ടുണ്ടാക്കിയ തലയായിരുന്നു അതിന്റേത്.

7. ആ മൃഗത്തിൽ നിന്നെന്നെ രക്ഷിക്കണമെന്ന് കർത്താവിനോട് കരഞ്ഞു നിലവിളിക്കാൻ തുടങ്ങിയപ്പോൾ ഞാൻ കേട്ട മുന്നറിയിപ്പ് ഓർത്തു; "ഹെർമാസ് നിന്റെ മനസ്സിൽ ഭയമരുത്". 8. ഞാനുടനെ കർത്താവിന്റെ വിശ്വാസം ധരിച്ചു: അവനെന്നെ പഠിപ്പിച്ച അത്ഭുതകാര്യങ്ങൾ ഞാൻ അനുസ്മരിച്ചു. ഒരു പട്ടണംതന്നെ നശിപ്പിക്കത്തക്ക ഉഗ്രതയോടെയാണാ മൃഗം ഉയർന്നു വന്നത്. ഞാനതിന്റെ പക്കലേക്ക

www.malankaralibrary.com

ടുത്തു; ഭീകരനായിരുന്നിട്ടും ഒന്നും ചെയ്യാൻ കഴിവില്ലാതെ നാക്ക് വെളിയിലേക്ക് നീട്ടി അത് തറയിൽ വീണു പോയി. ഞാൻ കടന്നുപോകുന്നതുവരെ അത് അനങ്ങിയതേയില്ല. 10. മൃഗത്തിന്റെ ശിരസ്സിൽ നാല് നിറങ്ങളുണ്ടായിരുന്നു: കറുപ്പ്, അഗ്നിയുടേയും രക്തത്തിന്റെയും നിറം, സ്വർണനിറം, വെള്ള നിറം.

## 2. എന്താണ് ഭീകരസത്വം?

1. അവിടെ നിന്ന് മുപ്പതടി മുന്നോട്ടു വച്ചപ്പോൾ ഞാനൊരു കന്യകയെ കണ്ടു! മണവറയിൽ നിന്ന് വരുന്ന മണവാട്ടിയെപ്പോലെ അവൾ അലംകൃതയായിരുന്നു. വെള്ളവസ്ത്രവും വെള്ളച്ചെരിപ്പുമാണ് അവൾ ധരിച്ചിരുന്നത്. അവൾ നെറ്റി വരെ മറച്ചിരുന്നു. അവൾക്കൊരു ശിരോവസ്ത്രവും ഉണ്ടായിരുന്നു. മുൻകാലദർശനങ്ങളിൽ നിന്ന് അവൾ സഭയാണെന്ന് ഞാൻ അറിഞ്ഞിരുന്നു. "നല്ലവനേ നമസ്കാരം" എന്നു പറഞ്ഞ് അവൾ എനിക്ക് സ്വസ്തി പറഞ്ഞു. "പ്രഭ്വീ, നമസ്കാരം" ഞാൻ പ്രത്യുത്തരിച്ചു.

3. "നീ എന്തെങ്കിലും കണ്ടോ? അവൾ ചോദിച്ചു. "ഭവതീ, ജനതകളെ നശിപ്പിക്കാൻ തക്ക ശക്തിയുള്ള ഒരു ഭീകരസത്വത്തെ ഞാൻ കണ്ടു. കർത്താവിന്റെ ശക്തിയാലും അവന്റെ ധാരാളമായ ദയയാലും ഞാൻ അതിൽനിന്നു രക്ഷപ്പെട്ടു."

4. "അതേ," അവൾ പറഞ്ഞു: "നീ നിന്റെ സർവഭാരവും കർത്താവിൻമേൽ ഇട്ടു (സങ്കീ. 55:22). തന്റെ വലുതും മഹനീയവുമായ നാമത്തിൽ മാത്രമേ (നട 4:12) രക്ഷപ്പെടാൻ സാധിക്കൂ എന്ന് കണ്ട് നീ നിന്റെ ഹൃദയം കർത്താവിന്റെ മുൻപാകെ തുറന്നു (സങ്കീ. 62:8). അതുകൊണ്ടാണ് നീ രക്ഷപ്പെട്ടത്. മൃഗങ്ങളുടെമേൽ ആധിപത്യമുള്ള സേഗ്രി എന്ന ദൂതനെ കർത്താവ് അയച്ചു തന്നു. നിന്നെ ഉപദ്രവിക്കാതിരിക്കത്തക്കവണ്ണം ദൂതൻ മൃഗത്തിന്റെ വായ് അടച്ചു കളഞ്ഞു (ദാനി. 6:22). ഇത്ര വലിയ സത്വത്തെ കണ്ടിട്ടും നീ സംശയത്താൽ ചഞ്ചലനായില്ല. നിന്റെ വിശ്വാസം കൊണ്ട് വലിയ പീഡനത്തിൽ നിന്ന് നീ രക്ഷപ്പെട്ടു.

5. കർത്താവിന്റെ അത്ഭുതകാര്യങ്ങളെപ്പറ്റി തന്റെ തിരഞ്ഞെടുക്കപ്പെട്ടവരോട് പോയി പറയുക. വരാനിരിക്കുന്ന വലിയൊരു പീഡനത്തിന്റെ മുൻ സൂചനയാണ് ഈ ഭീകരസത്വമെന്നും പറയുക. മുൻകൂട്ടി ഒരുങ്ങി പൂർണഹൃദയത്തോടെ കർത്താവിന്റെ മുൻപാകെ അനുതപിച്ചാൽ, നിങ്ങൾ പീഡനത്തിൽ നിന്ന് രക്ഷിക്കപ്പെടും. നിങ്ങളുടെ ജീവിതത്തിലെ ശേഷിക്കുന്ന ദിവസങ്ങളിൽ നിങ്ങൾ കുറ്റം കൂടാതെ കർത്താവിനെ ശുശ്രൂഷിക്കണം; നിങ്ങളുടെ ഹൃദയം ശുദ്ധവും പാപരഹിതവുമായിരിക്കണം. നിങ്ങളുടെ ഭാരങ്ങളെല്ലാം കർത്താവിൽ വെക്കുക.

www.malankaralibrary.com

അവിടുന്ന് എല്ലാം ശരിപ്പെടുത്തിക്കൊള്ളും (സങ്കീ. 55:22). 6. ചഞ്ചല ചിത്തരേ, നിങ്ങൾ ഉറപ്പായി കർത്താവിൽ വിശ്വസിക്കുവിൻ. കർത്താവ് എന്തിനും ശക്തനാണ്. തന്റെ കോപം നിങ്ങളിൽനിന്ന് നീങ്ങും. എന്നാൽ ഹൃദയത്തിൽ സംശയിക്കുന്നവർക്ക് അവൻ ദണ്ഡനങ്ങൾ അയക്കും. ഇവ കേട്ട് അനുസരിക്കാതിരിക്കുന്നവർക്ക് ഹാ കഷ്ടം! അവർ ജനിക്കാതിരുന്നെങ്കിൽ അവർക്ക് നന്നായിരുന്നു" (മർക്കോ. 14:21).

## 3. നാലു നിറങ്ങൾ

1. മൃഗത്തിൻമേൽ കണ്ട നാലു നിറങ്ങളെ സംബന്ധിച്ചു ഞാൻ സ്ത്രീയോടു ചോദിച്ചു. അവൾ മറുപടി പറഞ്ഞു: "അത്തരം സംഗതികളെപ്പറ്റി നീ ഇനിയും അന്വേഷണകുതുകിയാണോ? "അതേ അമ്മേ," ഞാൻ പറഞ്ഞു: "ഇതെന്താണെന്ന് എന്നോട് പറയുക"

2. "ഞാൻ പറയാം," അവൾ പറഞ്ഞു: "കറുത്ത നിറം നീ ജീവിക്കുന്ന ഈ ലോകമാണ്. 3. രക്തവും അഗ്നിയും കലർന്ന നിറം ഈ ലോകം അഗ്നിയാലും രക്തത്താലും നശിപ്പിക്കപ്പെടാനിരിക്കുന്നതിനെ സൂചിപ്പിക്കുന്നു. 4. ഈ ലോകത്തിൽ നിന്ന് ഓടിപ്പോകുന്ന നിങ്ങളാണ് സുവർണ ഭാഗം. സ്വർണം അഗ്നിയാൽ പരിശോധിക്കപ്പെടുകയും (1 പത്രോ.1:7; 2 പത്രോ. 2:20) പ്രയോജനപ്രദമായിത്തീരുകയും ചെയ്യുന്നതുപോലെ, ഈ ലോകത്തിൽ ജീവിക്കുന്ന നിങ്ങളും പരീക്ഷിക്കപ്പെടും. അതിൽ അവശേഷിക്കുകയും ജ്വാലകളിലൂടെ കടന്നു പോകുകയും ചെയ്യുന്ന നിങ്ങൾ ശുദ്ധീകരിക്കപ്പെടും. സ്വർണം അതിന്റെ കിട്ടം ഉപേക്ഷിക്കുന്നതുപോലെ നിങ്ങൾ ദു:ഖവും നെടുവീർപ്പും അകന്നു ശുദ്ധരായി തീർന്ന് ഗോപുരനിർമ്മാണത്തിന് ഉപയുക്തരായി തീരും.

5. അവസാനമായി വെള്ളഭാഗം ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവർക്ക് ജീവിക്കാനുള്ള വരാനിരിക്കുന്ന ലോകമാകുന്നു; നിത്യജീവിതത്തിനായി ദൈവം തിരഞ്ഞെടുത്തവർ കറയോ കളങ്കമോ ഇല്ലാത്തവരായിരിക്കും. 6. മറന്നു പോകാതെ ഇക്കാര്യം ദൈവത്തിന്റെ വിശുദ്ധരുടെ കാതുകളിൽ എത്തിക്കണം. വരാനിരിക്കുന്ന പീഡനത്തിന്റെ പ്രതീകവും ഇതിലുണ്ട്. നിനക്കു സന്മനസ്സുണ്ടെങ്കിൽ ഇത് നിനക്ക് ഒന്നുമല്ല. നേരത്തെ എഴുതപ്പെട്ടത് എന്താണെന്ന് ഓർക്കുക". ഇത്രയും പറഞ്ഞിട്ട് അവൾ മറഞ്ഞു പോയി. അവൾ എവിടേക്കു പോയി എന്ന് ഞാൻ കണ്ടില്ല. അവിടെ ഒരു മേഘം ഉണ്ടായിരുന്നു. ദുഷ്ടമൃഗം വരുന്നു എന്നു ഭയന്നു ഞാൻ തിരിഞ്ഞുകളഞ്ഞു.

www.malankaralibrary.com

# അഞ്ചാം ദർശനം

## അനുതാപത്തിന്റെ ദൂതൻ

1. ഞാൻ എന്റെ വീട്ടിൽ പ്രാർത്ഥിച്ചിട്ട് എന്റെ കട്ടിലിൽ ഇരിക്കുമ്പോൾ ഉഗ്രാകാരമുള്ള ഒരു മനുഷ്യൻ അവിടെ പ്രവേശിച്ചു. ഒരിടയനെപ്പോലെ അവൻ വസ്ത്രം ധരിച്ചിരുന്നു. അവൻ ഒരു വെള്ളത്തോൽ ചുറ്റിയിരുന്നു. അവന്റെ തോളിൽ ഒരു സഞ്ചിയും കൈയിൽ ഒരു വടിയും ഉണ്ടായിരുന്നു. അവനെന്നോട് വന്ദനം പറഞ്ഞു. ഞാനവനോടും. 2. എന്റെ സമീപം വന്നിരുന്ന് എന്നോട് പറഞ്ഞു: "ഏറ്റം വന്ദ്യനായ മാലാഖ എന്നെ നിന്റെ പക്കലേക്ക് അയച്ചിരിക്കുന്നു. നിന്റെ ശിഷ്ടായുസ്സു മുഴുവൻ ഞാൻ നിന്റെ പക്കൽ വസിക്കും". എന്നെ പരീക്ഷിക്കുന്നവനാണിവൻ എന്നു ചിന്തിച്ചു ഞാൻ ചോദിച്ചു: "നീയാരാണ്? ഞാനാർക്കാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നതെന്ന് എനിക്കറിയാം". അവൻ പറഞ്ഞു: "നീ എന്നെ തിരിച്ചറിയുന്നില്ലേ? "ഇല്ല," ഞാൻ പറഞ്ഞു. "നിന്റെ സംരക്ഷണം ഭരമേൽപിക്കപ്പെട്ടിരിക്കുന്ന ഇടയനാണ് ഞാൻ".

4. അവൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ അവന്റെ രൂപം മാറി. എന്റെ സംരക്ഷണം ഭരമേൽപിക്കപ്പെട്ടിരിക്കുന്നവൻ അവൻ തന്നെയാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഞാൻ ലജ്ജാവിവശനായി. ഒരു ഭയം എന്റെ മേൽ നിപതിച്ചു. ഇത്ര ദുഷ്ടമായും അർത്ഥമില്ലാതെയും അവനോട് ഉത്തരം പറഞ്ഞതിൽ ഞാൻ അത്യധികം ദു:ഖിച്ചു.

5. എന്നാൽ അവൻ പറഞ്ഞു: "ലജ്ജാവിവശനാകണ്ട. ഞാൻ തരാൻ പോകുന്ന കൽപ്പനകളാൽ ശക്തി സംഭരിക്കുക. നിനക്കു പ്രയോജനപ്രദമായ പ്രധാനപ്പെട്ട സംഗതികൾ നീ നേരത്തെ കണ്ടവതന്നെ ഒരിക്കൽക്കൂടി നിന്നെ കാണിക്കാൻ ഞാൻ ഇതാ അയയ്ക്കപ്പെട്ടിരിക്കുന്നു. ഞാൻ തരുന്ന കൽപ്പനകളും ഉപമകളും ആദ്യം തന്നെ എഴുതിവയ്ക്കുക. മറ്റു സംഗതികൾ ഞാൻ ചൂണ്ടിക്കാണിക്കുന്ന ക്രമത്തിൽ ത്തന്നെ എഴുതണം. കല്പ്പനകളും ഉപമകളും ആദ്യം തന്നെ എഴുതണം എന്നു പറഞ്ഞത്, അവ ഉടനെ വായിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടവ ആയതിനാലാണ്." 6. അവൻ കല്പ്പിച്ചതുപോലെ ഞാൻ അവയെല്ലാം എഴുതി. 7. "നീ അവ ശ്രവിച്ച് അനുസരിക്കുകയും അവയിൽ വ്യാപരിക്കുകയും ശുദ്ധ ഹൃദയത്തോടെ അവ അനുവർത്തിക്കുകയും ചെയ്താൽ കർത്താവു വാഗ്ദാനം ചെയ്തവയ്ക്കു നീ അവകാശിയായിത്തീരും. കേട്ടശേഷം അനുതപിക്കാതെ കൂടുതൽ പാപം ചെയ്തുകൂട്ടുകയോ ചെയ്താൽ ഇതിനെതിരായിട്ടുള്ളവ കർത്താവിൽ നിന്നു നീ പ്രാപിക്കും". അനുതാപത്തിന്റെ മാലാഖയായ ഇടയൻ എഴുതുവാൻ എന്നോട് കൽപ്പിച്ചവയെല്ലാം താഴെക്കാണും വിധമാണ്.

www.malankaralibrary.com

# 02

# കൽപനകൾ

## ഒന്നാം കൽപന

### ഏകദൈവത്തിലുള്ള വിശ്വാസം

1. "ഒരു ദൈവം ഉണ്ടെന്നും അവിടുന്ന് എല്ലാം സൃഷ്ടിക്കുകയും ക്രമീകരിക്കുകയും ചെയ്തെന്നും, ഇല്ലാത്ത അവസ്ഥയിൽ നിന്ന് ഉണ്മയിലേക്ക് എല്ലാറ്റിനേയും വിളിച്ചെന്നും അവിടുന്ന് എല്ലാം ഉൾക്കൊള്ളുന്നെങ്കിലും എല്ലാറ്റിനും ഉപരിസ്ഥനാണെന്നും ഒന്നാമതായി വിശ്വസിക്കണം. 2. അങ്ങിൽ വിശ്വസിക്കയും അവിടുത്തെ ഭയപ്പെടുകയും ആ ഭയത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യുക. ഈ കൽപന അനുസരിക്കുകയും എല്ലാവിധ ദുഷ്ടതകളും നിങ്ങളിൽ നിന്നു ദൂരെ അകറ്റുകയും ചെയ്യുക. നീതിയോടുകൂടി പോകുന്ന എല്ലാ ശ്രേഷ്ഠതകൊണ്ടും വസ്ത്രം ധരിക്കുക. ഈ കൽപന അനുസരിച്ചാൽ നിങ്ങൾ ദൈവത്തിനായി ജീവിക്കും."

## രണ്ടാം കൽപന

### അപവാദം പറയരുത്–നൻമ പ്രവർത്തിക്കണം

1. അവൻ എന്നോടു പറഞ്ഞു: "ഹൃദയലാളിത്യവും നിഷ്കളങ്കതയും ഉള്ളവനായിരിക്കുക. അതേ, മനുഷ്യജീവിതത്തെ നശിപ്പിക്കുന്ന ദുഷ്ടത

www.malankaralibrary.com

എന്തെന്നറിയാത്ത ശിശുക്കളെപ്പോലെയായിരിക്കുവിൻ. 2. ഒന്നാമതായി, ഒരു വ്യക്തിക്കും എതിരായി സംസാരിക്കരുത്. പരദൂഷണം പറയുന്നവനെ ശ്രദ്ധിക്കയുമരുത്. ഒരു പക്ഷേ, ശ്രോതാവേ, കേൾക്കുന്ന അപവാദം നീ വിശ്വസിക്കാൻ ഇടവരികയും പരദൂഷകന്റെ പാപത്തിന്റെ ഫലം നിനക്കും ഉണ്ടാകുകയും ചെയ്യും. കാരണം, വിശ്വസിക്കുന്നതു വഴി നിന്റെ സഹോദരനെതിരായി നീ ഉള്ളിൽ നീരസം വച്ചുകൊണ്ടിരിക്കുകയും നീ തന്നെയും പരദൂഷകന്റെ പാപത്തിന്റെ കുറ്റത്തിൽ ഉൾപ്പെടുകയും ചെയ്യും.

3. പരദൂഷണം ദുഷ്ടതയാണ്. ഒരിക്കലും സമാധാനമില്ലാതെ കലഹങ്ങളുടെ മദ്ധ്യേ വസിക്കുന്ന ചപലപിശാചാണത്. അതിൽ നിന്ന് അകന്നു ജീവിക്കണം. എല്ലാ മനുഷ്യരോടും എപ്പോഴും നീ സമാധാനത്തിലായിരിക്കും. 4. തിൻമയില്ലാത്തതും വ്രണപ്പെടുത്താത്തതും സൗമ്യതയും സന്തുഷ്ടിയും നിറഞ്ഞതുമായ ബഹുമാനം ധരിക്കുക, നൻമ പ്രവർത്തിക്കുക. ദൈവദാനമായ നിന്റെ അധ്വാനത്തിന്റെ ഫലത്തിൽ നിന്ന് ആർക്ക് കൊടുക്കണം, ആർക്കു കൊടുക്കണ്ട എന്നു ചർച്ച ചെയ്യാതെ ആവശ്യക്കാരായ എല്ലാവർക്കും കൊടുക്കണം. തന്റെ ധാരാളതയിൽനിന്ന് നാം കൊടുക്കണം എന്നുള്ളത് ദൈവേഷ്ടമാകയാൽ എല്ലാവർക്കും കൊടുക്കുക.

5. വാങ്ങിയവർ, തങ്ങൾ എന്തിന് വാങ്ങിയെന്നും എന്തു കാര്യത്തിനുപയോഗിച്ചെന്നും ദൈവത്തിന് കണക്കു കൊടുക്കേണ്ടി വരും. കാരണം, ഞെരുക്കത്തിൽ വാങ്ങിയവർ വിധിക്കപ്പെടുകയില്ല; എന്നാൽ കപടനാട്യത്തിൽ വാങ്ങിയവർ ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. 6. ഈ സാഹചര്യത്തിൽ, കൊടുക്കുന്നവൻ കുറ്റമറ്റവനായിരിക്കും. കാരണം, നിർവഹിക്കാനായി കർത്താവിൽനിന്ന് ദൗത്യം ലഭിച്ചപ്പോൾ ആർക്കു കൊടുക്കണം ആർക്കു കൊടുക്കരുത് എന്നു ചിന്തിക്കാതെ വക്രതയില്ലാതെ അവൻ തന്റെ ദൗത്യം നിർവഹിച്ചതിനാൽ അതു ദൈവത്തിന്റെ മുൻപാകെ സ്വീകാര്യമാകുന്നു. അതുകൊണ്ട് ആർജവത്തോടെ ശുശ്രൂഷിക്കുന്നവൻ ദൈവത്തിനായി ജീവിക്കും. 7. ഞാൻ നിന്നോട് പറഞ്ഞതുപോലെ നീയും നിന്റെ ഭവനവും നിങ്ങളുടെ ഹൃദയം ശുദ്ധമായും, നിഷ്കപടമായും ഇരിക്കാൻ ഈ കൽപന കാക്കുക."

# മൂന്നാം കൽപന

### കള്ളം പറയരുത്

1. അവൻ വീണ്ടും എന്നോടു സംസാരിച്ചു: "സത്യത്തെ സ്നേഹിക്കുക; സത്യമല്ലാത്തതൊന്നും നിങ്ങളുടെ അധരങ്ങളിൽ നിന്നു പുറ

www.malankaralibrary.com

പ്പെടരുത്. ദൈവം നിങ്ങളുടെ ശരീരത്തിൽ നിക്ഷേപിച്ച ആത്മാവു സത്യസന്ധമായി എല്ലാ മനുഷ്യർക്കും കാണപ്പെടട്ടെ. ഇപ്രകാരം നിന്നിൽ വസിക്കുന്ന കർത്താവു മഹത്വീകരിക്കപ്പെടും. കർത്താവു തന്റെ എല്ലാ വാക്കിലും സത്യവാനാകുന്നു. അവനിൽ ഒരു കള്ളവുമില്ല. 2. അതുകൊണ്ടാണ് കള്ളം പറയുന്നവർ കർത്താവിനെ അവഗണിക്കുകയും വഞ്ചിക്കുകയും ചെയ്യുന്നത്. കർത്താവിൽനിന്ന് അവർ സ്വീകരിച്ച നിക്ഷേപമാകുന്ന കളവില്ലാത്ത ആത്മാവിനെ അവർ തിരികെ കൊടുക്കുന്നില്ല. കളങ്കപ്പെടുത്തി അവർ തിരിച്ചു കൊടുത്താൽ അവർ കർത്തൃകൽപനയെ അശുദ്ധമാക്കുകയും കള്ളൻമാരായിത്തീരുകയും ചെയ്യുന്നു."

3. ഇതു കേട്ടു ഞാൻ വളരെ കരഞ്ഞു. എന്റെ കണ്ണുനീർ കണ്ട് അദ്ദേഹം ചോദിച്ചു: "നീ എന്തിനാണു കരയുന്നത്?" "ഞാൻ രക്ഷിക്കപ്പെടുമോ എന്നെനിക്കറിയില്ല, സർ," ഞാൻ പറഞ്ഞു.

"അതെന്താണ്?" അദ്ദേഹം ചോദിച്ചു. "കാരണം, എന്റെ ജീവിതത്തിൽ ഞാൻ ഒരു സത്യവചനവും ഉച്ചരിച്ചിട്ടില്ല. ഞാൻ മനുഷ്യരുടെയിടയിൽ എപ്പോഴും മഹാദ്രോഹിയായിട്ടാണ് ജീവിച്ചിട്ടുള്ളത്. മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഞാൻ എന്റെ കള്ളം സത്യമായി ചിത്രീകരിച്ചിരുന്നു. ഒരിക്കലും ആരും എതിർത്തു പറഞ്ഞിട്ടില്ല. പിന്നെയോ എന്റെ വാക്കുകൾ അവർ വിശ്വസിച്ചിരുന്നു. ഇപ്രകാരം പ്രവർത്തിച്ചിട്ട് എനിക്കെങ്ങനെ ജീവിക്കാൻ സാധിക്കും സർ."

4. അദ്ദേഹം പറഞ്ഞു: "നിന്റെ ഉദ്ദേശ്യം ശ്രേഷ്ഠവും സത്യവുമാണ്. ദൈവദാസനെന്നനിലയിൽ സത്യത്തിൽ നടക്കുന്നതും സത്യത്തിന്റെ ആത്മാവിനോടൊത്ത് ഒരു ദുഷ്ടമനസ്സാക്ഷിയും വസിക്കാൻ അനുവദിക്കാതിരിക്കുന്നതും നിന്റെ കർത്തവ്യമാണ്. സത്യത്തിന്റെയും വിശുദ്ധിയുടെയും ആത്മാവിനെ നീ ദു:ഖിപ്പിക്കരുത്. സർ, ഞാൻ ഒരിക്കലും ഈ പ്രമാണങ്ങൾ ശരിയായി മനസ്സിലാക്കിയിട്ടില്ല," ഞാൻ പറഞ്ഞു.

5."ശരി, ഇപ്പോൾ നിനക്കു മനസ്സിലായല്ലോ?" അദ്ദേഹം പറഞ്ഞു: "അപ്രകാരം ചെയ്യുക. നിന്റെ കച്ചവട ഇടപാടുകളിൽ നീ പറഞ്ഞ പച്ചക്കള്ളങ്ങൾ സത്യമായി മറ്റുള്ളവർ ധരിച്ചു. ഇപ്പോൾ നീ പറഞ്ഞ പ്രസ്താവനകൽ ശരി തന്നെ. വ്യാപാരസംബന്ധമായ നുണകൾ ശരിയാണെന്നു ജനങ്ങൾ ധരിക്കാനിടയുണ്ട്. എന്നാൽ ഇപ്പോൾ മുതൽ നിന്റെ വാക്കുകളിൻമേൽ നീ ശ്രദ്ധാലുവായിരിക്കുകയും സത്യമല്ലാതെ മറ്റൊന്നും പറയാതിരിക്കുകയും ചെയ്താൽ നിനക്കും ജീവൻ സമ്പാദിക്കാം. ഈ കൽപന കേട്ടു കള്ളം പറയുക എന്ന നികൃഷ്ടശീലത്തിൽ നിന്നു പിൻമാറുന്നവൻ ദൈവത്തിനായി ജീവിക്കും."

www.malankaralibrary.com

# നാലാം കൽപന

## 1. ശുദ്ധത പാലിക്കണം

1. അദ്ദേഹം പറഞ്ഞു: "നീ ശുദ്ധത പാലിക്കണമെന്നു ഞാൻ കൽപിക്കുന്നു. മറ്റൊരുവന്റെ ഭാര്യയെപ്പറ്റി ചിന്തിക്കരുത്; പരസംഗമോ അതുപോലുള്ള പ്രവൃത്തികളോ ചെയ്യാൻ ഉള്ള ചിന്ത നിന്റെ മനസ്സിൽ പ്രവേശിപ്പിക്കരുത്. ചെയ്താൽ ഗൗരവമായ പാപമായിരിക്കും നീ ചെയ്യുക. എപ്പോഴും സ്വന്തം ഭാര്യയെപ്പറ്റി മാത്രം ചിന്തിക്കുക; നീ ഒരിക്കലും പാപത്തിൽ വീഴില്ല.

2. ഇത്തരം ആഗ്രഹം മനസിലുണ്ടാകുമ്പോഴും അതുപോലെ മറ്റെന്തെങ്കിലും ദുശ്ചിന്തകൾ ഉള്ളിൽ പ്രവേശിക്കുമ്പോഴും പാപത്തിൽ വഴുതി വീഴാനിടയുണ്ട്. ഇത്തരം ആഗ്രഹങ്ങൾ തന്നെ ദൈവദാസൻമാർക്ക് ഗൗരവപാപമാണ്. അപ്രകാരം പ്രവർത്തിക്കുന്നവൻ മരണം സ്വയം വിലയ്ക്കു വാങ്ങുന്നു. 3. അതുകൊണ്ട് ശ്രദ്ധാലുവായിരിക്കുക; ഈ ആഗ്രഹം നിന്നിൽ നിന്നകറ്റണം; വിശുദ്ധി വസിക്കുന്നിടത്ത്, നീതിമാന്റെ ഹൃദയത്തിൽ, നിയമരാഹിത്യം പ്രവേശിക്കരുത്".

4. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "സർ, ചില ചോദ്യങ്ങൾ ചോദിക്കാൻ എന്നെ അനുവദിക്കൂ". "ചോദിച്ചു കൊള്ളുക," അദ്ദേഹം അനുവദിച്ചു. "സർ, ഒരാൾക്കു കർത്താവിൽ വിശ്വസിക്കുന്ന ഒരു ഭാര്യയുണ്ടെന്നിരിക്കട്ടെ. അവൻ അവളെ വ്യഭിചാരത്തിൽ പിടികൂടുന്നു. അവൻ തുടർന്ന് അവളോടുകൂടെ ജീവിച്ചാൽ അവൻ വ്യഭിചാരം ചെയ്യുന്നുവോ?"

5. അദ്ദേഹം പറഞ്ഞു: "അവൻ കണ്ടുപിടിക്കുന്നതു വരെയില്ല. എന്നാൽ, ഭർത്താവു പ്രസ്തുത പാപം അറിയുകയും അവൾ അനുതപിക്കാതിരിക്കുകയും തുടർന്നു പാപത്തിൽ ജീവിക്കുകയും ചെയ്യുമ്പോൾ കൂടെവസിക്കുന്ന ഭർത്താവിനും അവളുടെ പാപത്തിന്റെ കുറ്റമുണ്ട്". "സർ, അവൾ ഈ ആസക്തിയിൽ നിലനിന്നാൽ നാമെന്തു ചെയ്യണം? ഞാൻ ആരാഞ്ഞു. "അവൻ അവളെ ഉപേക്ഷിക്കട്ടെ," അവൻ പറഞ്ഞു: "അവൻ ഏകനായി ജീവിക്കണം. അവളെ ഉപേക്ഷിച്ച് അവൻ മറ്റൊരുത്തിയെ വിവാഹം കഴിച്ചാൽ അവൻ തന്നെയും വ്യഭിചാരം ചെയ്യുന്നു" (മത്താ. 5:32).

7. "എന്നാൽ അവളെ ഉപേക്ഷിച്ചു കഴിഞ്ഞപ്പോൾ അവൾ അനുതപിക്കുകയും ഭർത്താവിന്റെ പക്കലേക്ക് തിരികെ വരാൻ ആഗ്രഹിക്കുകയും ചെയ്താൽ അവന് അവളെ സ്വീകരിക്കാതിരിക്കാമോ? ഞാൻ ചോദിച്ചു.

8. "ഒരിക്കലും പാടില്ല," അദ്ദേഹം പറഞ്ഞു: "ഭർത്താവ് അവളെ

www.malankaralibrary.com

സ്വീകരിച്ചില്ലെങ്കിൽ അവൻ പാപം ചെയ്യുന്നു. അവൻ വലിയൊരു പാപം ചെയ്യുന്നു. അനുതപിക്കുന്ന പാപി സ്വീകരിക്കപ്പെടണം. എന്നാൽ അത് കൂടെക്കൂടെയല്ല. കാരണം, ദൈവത്തിന്റെ ദാസൻമാർക്ക് ഒരേ ഒരു അനുതാപമേയുള്ളു. അവളെ അനുതാപത്തിലേക്ക് കൊണ്ടുവരണം. അതുകൊണ്ട് അവൻ വേറെ വിവാഹം കഴിക്കരുത്. ഭർത്താവിനെയും ഭാര്യയേയും സംബന്ധിച്ച് ഇതാണ് കർമ്മപദ്ധതി."

9. "തന്റെ ശരീരത്തെ മലിനപ്പെടുത്തുന്നതു മാത്രമല്ല വ്യഭിചാരം; പുറജാതികളെ അനുകരിക്കുന്നതും അപ്രകാരം തന്നെയാണ്. ആരെങ്കിലും ഇത്തരം പ്രവർത്തികളിൽ ഉറച്ചുനിൽക്കുകയും അനുതപിക്കാതിരിക്കുകയും ചെയ്താൽ അവനിൽനിന്നകന്നു മാറുക. അവനോടുകൂടി ജീവിക്കരുത്. അല്ലെങ്കിൽ നിനക്കും അവന്റെ പാപത്തിൽ പങ്കാളിത്തം ലഭിക്കും.

10. അതുകൊണ്ടാണ് ഭാര്യയോ ഭർത്താവോ തെറ്റുചെയ്താലും വേർപിരിഞ്ഞു ജീവിക്കണം എന്ന് കൽപ്പിക്കപ്പെട്ടിരിക്കുന്നത്. കാരണം, ഈ സാഹചര്യങ്ങളിൽ അനുതാപത്തിന് സാധ്യതയുണ്ട്. 11. സംഗതികളുടെ പരിസമാപ്തിക്കായി പരിഹാരം നിർദ്ദേശിക്കുകയല്ല, പിന്നെയോ പാപി വീണ്ടും പാപം ചെയ്യാതിരിക്കണം എന്നത് മാത്രമാണ് ലക്ഷ്യം. മുൻകാല പാപങ്ങൾക്ക് പരിഹാരം നൽകാൻ കഴിയുന്ന ഒരുവനുണ്ട്. അവന് എല്ലാറ്റിന്റെ മേലും അധികാരമുണ്ട്.

## 2. അനുതാപം അറിവാണ്

1. വീണ്ടും ഞാൻ അദ്ദേഹത്തോടു സംസാരിച്ചു: "നീ സദാ എന്നോടുകൂടെ ജീവിക്കുന്നതിന് കർത്താവ് എന്നെ യോഗ്യനായി കരുതിയതിനാൽ എന്റെ കുറേ വാക്കുകൾ കൂടി ക്ഷമാപൂർവം കേൾക്കണം. എനിക്കൊന്നും മനസ്സിലാകുന്നില്ല. കഴിഞ്ഞകാലപാപങ്ങളാൽ എന്റെ ഹൃദയം കഠിനപ്പെട്ടിരിക്കുകയുമാണ്. ഞാൻ വെറുമൊരു ഭോഷനാണ്; ഒന്നും ഗ്രഹിക്കാൻ എനിക്ക് ത്രാണിയില്ല. അതുകൊണ്ട് എനിക്ക് അറിവു പകർന്നു തരണം".

2. അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു: "അനുതാപത്തിന്റ ചുമതലയുള്ളവനാണ് ഞാൻ; അനുതപിക്കുന്നവർക്കു ഞാൻ അറിവു പകർന്നു കൊടുക്കുന്നു. അനുതാപം തന്നെ അറിവാണെന്ന് നീ ചിന്തിക്കുന്നില്ലേ? അനുതാപം ആഴമായ അറിവാണ്. പാപം ചെയ്തവൻ താൻ കർത്താവിന്റെ മുൻപാകെ തിൻമ പ്രവർത്തിച്ചു എന്നു മനസ്സിലാക്കുന്നു. താൻ ചെയ്ത പ്രവൃത്തി തന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നു. മേലിൽ തിൻമ ചെയ്യാതിരിക്കാനായി അനുതപിക്കുകയും ചെയ്യുന്നു. പാപം ചെയ്തതിനാൽ തന്റെ ആത്മാവിനെ വിനീതമാക്കി പീഡിപ്പിച്ച് പൂർണമായി സദ്പ്രവൃത്തികൾ ചെയ്യുന്നു. അനുതാപം ആഴമായ അറി

www.malankaralibrary.com

വാണെന്ന് നീ ഇപ്പോൾ ഗ്രഹിച്ചുവോ?"

3."സർ, താഴെപ്പറയുന്ന കാരണങ്ങളാലാണ് എല്ലാറ്റിനെക്കുറിച്ചും ഞാൻ കൃത്യമായി ആരായുന്നത്," ഞാൻ പറഞ്ഞു: "ഒന്നാമതായി, ഞാനൊരു പാപിയാണ്; ജീവിക്കാനായി എന്തു നന്മപ്രവൃത്തി ചെയ്യണമെന്ന് എനിക്കറിയില്ല. എന്റെ പാപങ്ങൾ നിരവധിയും വിവിധങ്ങളുമാണ്". 4. അവൻ പ്രത്യുത്തരിച്ചു: "എന്റെ കൽപ്പനകൾ പാലിച്ച് അവയിലൂടെ നടന്നാൽ നീ ജീവിക്കും. എന്റെ കൽപനകൾ കേട്ട് അവ പാലിക്കുന്നവൻ ദൈവത്തിനായി ജീവിക്കും".

### 3. അനുതാപം മാമോദീസാ സ്വീകരിച്ചവർക്ക്

1. "സർ, ഞാൻ വേറെ ചില ചോദ്യങ്ങൾ കൂടി ചോദിക്കട്ടെ? "ചോദിച്ചുകൊള്ളൂ," അദ്ദേഹം പറഞ്ഞു. "സർ, ഞങ്ങൾ ജലത്തിനുള്ളിലേക്ക് പോയപ്പോൾ ഞങ്ങളുടെ എല്ലാ മുൻകാല പാപങ്ങൾക്കും മോചനം ലഭിച്ചു. ഈ അനുതാപമല്ലാതെ മറ്റൊരനുതാപവുമില്ല എന്ന് ചില പ്രബോധകർ എന്നോട് പറയുകയുണ്ടായി". 2. അദ്ദേഹം എന്നോട് പറഞ്ഞു: "നീ ശരിയായി കേട്ടു; അതാണു യാഥാർത്ഥ്യം. കാരണം, പാപമോചനം ലഭിച്ചവൻ പിന്നൊരിക്കലും പാപം ചെയ്യരുത്. പിന്നെയോ, വിശുദ്ധിയിൽ ജീവിക്കണം.

3. "എന്നാൽ എല്ലാക്കാര്യങ്ങളെക്കുറിച്ചും കൃത്യമായി അറിയാൻ നീ ആഗ്രഹിക്കുന്നതിനാൽ കർത്താവിൽ ഇപ്പോൾ വിശ്വസിക്കുന്നവർക്കും ഭാവിയിൽ വിശ്വസിക്കാനിരിക്കുന്നവർക്കും വേണ്ടി മടികൂടാതെ ഞാനിക്കാര്യം നിനക്ക് വ്യക്തമാക്കിത്തരാം. ഇപ്പോൾ വിശ്വസിക്കുന്നവർക്കും വിശ്വസിക്കാനിരിക്കുന്നവർക്കും പാപങ്ങളെപ്പറ്റി അനുതാപമില്ല; അവരുടെ മുൻപാപങ്ങളെല്ലാം നീക്കപ്പെട്ടിരിക്കുന്നു.

4. "ഈ ദിവസങ്ങൾക്ക് മുൻപ് വിളിക്കപ്പെട്ടവർക്കാണ് കർത്താവ് അനുതാപം ഏർപ്പെടുത്തിയിരിക്കുന്നത്. കാരണം, കർത്താവ് ഹൃദയങ്ങളെ അറിയുന്നു; എല്ലാം മുൻകൂട്ടി ഗ്രഹിക്കുന്നു. മാനുഷിക ബലഹീനതകളും പിശാചിന്റെ കപടത നിറഞ്ഞ ചതിയും ദൈവദാസൻമാരോട് അവൻ ചെയ്യുന്ന തിൻമയും അവർക്കെതിരായി അവൻ ചെയ്യുന്ന ദുഷ്ടതയും കർത്താവ് മുൻകൂട്ടി അറിയുന്നു.

5. "അതുകൊണ്ട് തന്റെ ബഹുലമായ കൃപയാൽ തന്റെ സൃഷ്ടിയോട് കർത്താവിന് അനുകമ്പ തോന്നുകയും അനുതാപത്തിനുള്ള ഈ അവസരം സജ്ജമാക്കുകയും ചെയ്തിരിക്കുന്നു. ഈ അനുതാപത്തിൻ മേലുള്ള അധികാരം എനിക്ക് നൽകപ്പെട്ടിരിക്കുന്നു. 6. എന്നാൽ ഇതു ഞാൻ നിന്നോടു പറയുന്നു. ആഘോഷമായ ആ വിശുദ്ധവിളിക്കുശേഷം പിശാചിന്റെ കഠിനപരീക്ഷകളാൽ ഒരാൾ പാപം ചെയ്താൽ അനുതപിക്കാൻ അവന് ഒരവസരം ഉണ്ടായിരിക്കും. എന്നാൽ,

www.malankaralibrary.com

അവൻ തുടരെത്തുടരെ പാപം ചെയ്യുകയും അനുതപിക്കുകയും ചെയ്താൽ ആ അനുതാപം അവന് പ്രയോജനരഹിതമാണ്. വളരെ പ്രയാസത്തോടുകൂടി മാത്രമേ അവന് ജീവിക്കുവാൻ സാധിക്കൂ".

7. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "നിന്റെ ഈ കൃത്യമായ വിവരണം ശ്രവിച്ചതിനാൽ എന്റെ ജീവൻ എനിക്ക് വീണ്ടു കിട്ടിയിരിക്കയാണ്. ഇനി ഞാൻ പാപം ചെയ്യാതിരുന്നാൽ ഞാൻ രക്ഷിക്കപ്പെടുമെന്ന് എനിക്കറിയാം." "നീയും ഇപ്രകാരം ചെയ്യുന്ന എല്ലാവരും രക്ഷിക്കപ്പെടും," അദ്ദേഹം പറഞ്ഞു.

## 4. പുനർവിവാഹം അനുവദനീയം

1. ഒരിക്കൽക്കൂടി ഞാൻ അദ്ദേഹത്തോടു ചോദിച്ചു: "സർ, അവിടുന്ന് ഒരു പ്രാവശ്യം എന്നെ ക്ഷമാപൂർവം കേട്ടതിനാൽ ഇക്കാര്യം കൂടി എനിക്ക് വ്യക്തമാക്കിത്തരണം."

"എന്താണത്? അദ്ദേഹം ചോദിച്ചു. "സർ, ഭർത്താവോ ഭാര്യയോ മരിക്കുമ്പോൾ ജീവിച്ചിരിക്കുന്ന ആൾ വീണ്ടും വിവാഹം കഴിക്കുന്നതുവഴി പാപം ചെയ്യുന്നുവോ?" 2. അദ്ദേഹം പറഞ്ഞു: "അതു പാപമല്ല. രണ്ടാം വിവാഹത്തിൽ ഒരു പാപവുമില്ല. എന്നാൽ ഏകനായിരിക്കുന്നയാൾ തനിക്ക് വലിയ മഹത്വവും കർത്താവിന്റെ മുമ്പാകെ വലിയ സ്തുതിയും സമ്പാദിക്കുന്നു. 3. ശുദ്ധതയിലും അടക്കത്തിലും ശ്രദ്ധാലുവായിരുന്ന് കർത്താവിനു വേണ്ടി ജീവിക്കുക. നിന്നെ എന്റെ സംരക്ഷണത്തിന് ഏൽപിച്ച നാൾ മുതൽ ഞാൻ പറഞ്ഞ കാര്യങ്ങളും, ഞാൻ പറയുന്നവയും പറയാൻ പോകുന്നവയും ഇപ്പോൾ മുതൽ അനുവർത്തിക്കുക; ഞാൻ നിന്റെ ഭവനത്തിൽ വസിക്കാം."

4. "നീ എന്റെ കൽപനകൾ അനുസരിച്ചാൽ നിന്റെ മുൻകാല വീഴ്ചകൾക്കെല്ലാം പരിഹാരമുണ്ടാകും. ഈ കല്പനകളെല്ലാം അനുസരിച്ച് ശുദ്ധതയിൽ ജീവിക്കുന്നവർക്കും പാപമോചനം ലഭിക്കും."

# അഞ്ചാം കൽപന

## 1. ദീർഘശാന്തത

1. അദ്ദേഹം പറഞ്ഞു: "ദീർഘശാന്തതയും വിവേകവും ഉള്ളവനായിരിക്കുക; ദുഷ്ടതയുടെമേൽ നീ വിജയം വരിക്കും; നീ നീതി പ്രവർത്തിക്കുകയും ചെയ്യും. 2. കാരണം, നീ ദീർഘശാന്തത ഉള്ളവനായിരുന്നാൽ നിന്നിൽ വസിക്കുന്ന വിശുദ്ധാത്മാവ് ദുഷ്ടാരൂപികളാൽ തടയപ്പെടാതെ സ്വസ്ഥമായിരിക്കും. വിശാലമായ സ്ഥലത്ത് വസിക്കുന്നതിനാൽ അവൻ സന്തുഷ്ടനായിരിക്കയും നിന്നിലുള്ള വാസസ്ഥലത്തിൽ

www.malankaralibrary.com

അവൻ ആമോദിക്കയും ചെയ്യും. അത്യധികമായ സന്തോഷത്തോടെ അവിടുന്ന് ദൈവത്തെ ശുശ്രൂഷിക്കും. കാരണം, അവിടുന്ന് സ്വയം സന്തുഷ്ടനാണ്.

3. എന്നാൽ, കഠിനകോപം പ്രവേശിക്കുമ്പോൾ നല്ല അരൂപി തന്റെ സൂക്ഷ്മ ചൈതന്യത്താൽ ഉടനെ ചുറ്റപ്പെടുന്നു. അവിടെ അവിടുത്തേക്ക് ശുദ്ധമായൊരു വാസസ്ഥലമില്ലല്ലോ, അതുകൊണ്ട് ആ സ്ഥലത്തുനിന്ന് പിൻമാറാൻ അവിടുന്ന് ശ്രമിക്കുന്നു. ദുഷ്ടാരൂപി അവനെ ശ്വാസം മുട്ടിക്കുന്നു. തന്റെ ഇഷ്ടം അനുസരിച്ച് ദൈവത്തെ സേവിക്കാൻ അവിടുത്തേക്ക് സാധിക്കുന്നില്ല.ക്രൂരകോപം തന്നെ മലിനമാക്കുന്നു. കർത്താവ് ദീർഘശാന്തത ഉള്ളിടത്ത് വസിക്കുന്നു; പിശാചാകട്ടെ, കോപത്തിൽ വസിക്കുന്നു.

4. അതുകൊണ്ട് രണ്ട് അരൂപികളും ഒരിടത്തു തന്നെ വസിക്കുന്നെങ്കിൽ അതു പ്രയോജനരഹിതവും അവ വസിക്കുന്ന മനുഷ്യന് ദോഷവുമത്രേ. 5. ഒരൽപ്പം കയ്പ് എടുത്ത് ഭരണിയിലെ തേനിൽ ഇടുക. തേൻ മുഴുവൻ ചീത്തയാകില്ലേ? വളരെയധികം തേൻ ചീത്തയാകാൻ വളരെക്കുറച്ച് കയ്പ് മതി. തേനിന്റെ മാധുര്യം അത് ഇല്ലാതാക്കും. അതിന്റെ ഉടമസ്ഥന് അത് പ്രിയംകരമാകില്ല. കാരണം, അതു കയ്പുമായി കൂട്ടിക്കുഴയ്ക്കപ്പെട്ടു. അത് പിന്നെ രുചികരമേയല്ല. കയ്പ് ഇട്ടില്ലെങ്കിൽ തേൻ മാധുര്യമുള്ളതായിരിക്കും; ഉടമസ്ഥന് പ്രയോജനപ്രദമായിരിക്കുകയും ചെയ്യും.

6. ദീർഘശാന്തത തേനിനേക്കാൾ മാധുര്യമേറിയതും കർത്താവിന് സ്വീകാര്യവുമാണെന്നു കാണുക. അവിടുന്ന് ദീർഘശാന്തതയിൽ വസിക്കുന്നു. മറിച്ച്, കോപം കയ്പുള്ളതും അവിടുന്ന് വെറുക്കുന്നതുമാണ്. അതുകൊണ്ട് ദീർഘശാന്തതയോടുകൂടി കോപം കലർത്തിയാൽ ആദ്യത്തേത് ചീത്തയാകും; അങ്ങനെയുള്ളവരുടെ പ്രാർത്ഥന പ്രയോജനരഹിതമായിത്തീരുകയും ചെയ്യുന്നു".

7. "സർ, കോപത്തിനെതിരെ കരുതലുള്ളവനായിരിക്കാൻ അതിന്റെ പ്രവർത്തനത്തെപ്പറ്റി അറിയാൻ ഞാൻ ആഗ്രഹിക്കുന്നു". "അതേ തീർച്ചയായും," അദ്ദേഹം പറഞ്ഞു: "അതിനെതിരെ നിത്യജാഗ്രത പുലർത്തിയില്ലെങ്കിൽ നീയും നിന്റെ ഭവനവും ഭഗ്നാശരായിത്തീരും. അതുകൊണ്ട് നിരന്തരജാഗ്രത പാലിക്കുക.

ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും. പൂർണഹൃദയത്തോടുകൂടി അനുതപിക്കുന്നവർ അതിൽനിന്ന് രക്ഷിക്കപ്പെടും. ഞാൻ അവരോടുകൂടെയായിരിക്കും; അവരെ സൂക്ഷ്മതയോടുകൂടി ഞാൻ കാത്തുകൊള്ളും. കാരണം, എല്ലാവരും അതിപരിശുദ്ധനായ മാലാഖയാൽ നീതീകരിക്കപ്പെട്ടിരിക്കുന്നു."

www.malankaralibrary.com

## 2. കോപത്തിന്റെ ദുഷ്ഫലങ്ങൾ

1. "കോപത്തിന്റെ പ്രവർത്തനം എപ്രകാരമെന്ന് ഞാൻ ഇപ്പോൾ നിന്നോട് പറയാം: ദൈവദാസരെ അത് എപ്രകാരം നശിപ്പിക്കുന്നെന്നും നീതിയിൽനിന്ന് അവരെ എപ്രകാരം വ്യതിചലിപ്പിക്കുന്നു എന്നും അറിയിക്കാം. വിശ്വാസികളിൽ ഭൂരിപക്ഷത്തെയും അത് അകറ്റുന്നില്ല. അവർക്കെതിരായി പ്രവർത്തിക്കാൻ അതിന് സാധിക്കുകയുമില്ല. കാരണം, അവരോടുകൂടെ കർത്താവിന്റെ ശക്തിയുണ്ട്; ശുഷ്കമാനസരെയും ചഞ്ചലചിത്തരെയും മാത്രമെ അത് വഴിതെറ്റിക്കുന്നുള്ളു.

2. ഇക്കൂട്ടർ സമൃദ്ധിയിൽ വസിക്കുന്നതായി കാണുമ്പോൾ അവരുടെ ഹൃദയത്തിൽ കോപം നുഴഞ്ഞുകയറുന്നു. ഒരു കാരണവും ഇല്ലെങ്കിലും അത്തരക്കാർ-പുരുഷനും സ്ത്രീയും-ലൗകിക കാര്യങ്ങളെച്ചൊല്ലി രോഷാകുലരാകുന്നു. അത് ഭക്ഷണമാകാം, നിസ്സാരമായ ഒരു കാര്യമാകാം, ഒരു സുഹൃത്താകാം, ഒരു ദാനമോ സമ്മാനമോ ആകാം. മറ്റ് നിസ്സാര സംഗതിയാകാം. ഇവയെല്ലാം ദൈവദാസൻമാർക്ക് നിസ്സാരവും അർത്ഥശൂന്യവും അപ്രസക്തവും പ്രയോജനരഹിതവുമത്രേ.

3. എന്നാൽ ദീർഘശാന്തത മഹത്തും സ്ഥിരതയുള്ളതും ഉറപ്പുള്ളതും ശക്തിമത്തുമാണ്. അത് ബഹുവിധമായി പുഷ്ടിപ്പെടുന്നു; അതു സന്തുഷ്ടമാണ്; ആമോദകരമാണ്; അല്ലലില്ലാത്തതാണ്; അത് സദാ കർത്താവിനെ സ്തുതിക്കുന്നു. അതിന് അതിൽത്തന്നെ കയ്പ് ഇല്ല. എല്ലാ സാഹചര്യങ്ങളിലും അത് വിനീതവും ശാന്തവുമാണ്. ദീർഘശാന്തത അതിന്റെ പൂർണതയ്ക്കായി വിശ്വാസത്തെ മുറുകെ പിടിക്കുന്നവരോടു കൂടെ വസിക്കുന്നു.

4. ഒന്നാമത്, ക്ഷിപ്രകോപം ബുദ്ധിശൂന്യവും നിസ്സാരവും ചപലവും ആണ്. രണ്ടാമത്, നിസ്സാരതയിൽനിന്ന് കയ്പുളവാകുന്നു; കയ്പിൽനിന്ന് ക്രോധവും ക്രോധത്തിൻ നിന്ന് കോപവും കോപത്തിൽ നിന്ന് കൈയേറ്റവും ഉണ്ടാകുന്നു. അവസാനമായി അതിൽത്തന്നെ തിൻമ നിറഞ്ഞ കൈയേറ്റം ഗൗരവമേറിയതും സുഖപ്പെടുത്തുവാൻ അസാധ്യവുമായ പാപമായിത്തീരുന്നു.

5. ഈ അരൂപികളെല്ലാം പരിശുദ്ധാരൂപിയോടു കൂടി ഒരു പാത്രത്തിൽ വസിക്കുമ്പോൾ അവയെല്ലാം ഉൾക്കൊള്ളാൻ അതിന് കഴിയാതെ കവിഞ്ഞൊഴുകുന്നു.

6. ദുഷ്ടരോടും സംസ്കാരശൂന്യനോടും കൂടെ വസിച്ച് പരിചയമില്ലാത്ത നിർമ്മലമായ ആത്മാവ് ഇത്തരക്കാരിൽനിന്ന് പുറപ്പെട്ടുപോയി ശാന്തവും സൗമ്യവുമായ വാസ സ്ഥലത്ത് പ്രവേശിക്കുന്നു.

7. അവിടുന്ന് പോയിക്കഴിയുമ്പോൾ ആ മനുഷ്യൻ നീതിയുള്ള അരൂപിയില്ലാത്തവനായിത്തീരുന്നു. പിന്നീടവൻ ദുഷ്ടാരൂപികളാൽ നിറയുന്നു. എല്ലാ പ്രവൃത്തികളിലും ക്രമരഹിതമായി വർത്തിക്കുന്നു.

www.malankaralibrary.com

ദുഷ്ടാരൂപികൾ അവനെ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചിഴക്കുന്നു. ഒറ്റ വാക്കിൽ, എല്ലാ സദുദ്ദേശ്യങ്ങൾക്കും അവൻ അന്ധനായിത്തീരുന്നു. ക്ഷിപ്രകോപത്തിനടിമപ്പെടുന്നവരിൽ ഇതാണ് സംഭവിക്കുക.

8. ഏറ്റം ഹീനാരൂപിയായ ക്ഷിപ്രകോപത്തിൽ നിന്ന് അകന്നു മാറുക; ദീർഘശാന്തത ധരിക്കുക. ക്ഷിപ്രകോപത്തെയും കയ്പിനെയും എതിർക്കുക. അപ്പോൾ നീ കർത്താവിന് പ്രിയംകരനായി വിശുദ്ധി നിറഞ്ഞവനായിത്തീരും.

9. ഈ കൽപന എപ്പോഴും അനുസ്മരിക്കാൻ ഉത്സാഹിക്കുക. നീ ഈ കൽപന പഠിച്ചാൽ ഞാൻ തരാൻ പോകുന്ന മറ്റ് കൽപ്പനകളും നീ പാലിക്കും. അവ പാലിക്കാൻ ശക്തിയും കഴിവും സമ്പാദിക്കുക; അവ അനുസരിച്ച് നടക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും അതിനുള്ള കഴിവ് സമ്പാദിക്കണം."

# ആറാം കൽപന

## 1. നല്ല വഴിയും ചീത്തവഴിയും

1. അവൻ പറഞ്ഞു: "വിശ്വാസം, ദൈവഭയം, ശുദ്ധത എന്നിവ പാലിക്കണമെന്ന് ഒന്നാം കൽപനയിൽ ഞാൻ നിന്നോട് കൽപിച്ചിരുന്നല്ലോ". "അതേ സർ," ഞാൻ പറഞ്ഞു. "ഇപ്പോൾ അവയുടെ സ്വഭാവം നിനക്കു വിശദീകരിച്ചുതരാൻ ഞാൻ ആഗ്രഹിക്കുന്നു; അങ്ങനെ അവ ഓരോന്നിന്റെയും ശക്തിയും ഫലവും നിനക്കു ഗ്രഹിക്കാൻ സാധിക്കും."

2. നീതിയെ വിശ്വസിക്കുക, അനീതിയെ അവിശ്വസിക്കുക. നീതിയുടെ പാത ഋജുവാണ്. ദുഷ്ടത വളഞ്ഞ വഴിയാണ്. അതുകൊണ്ട് ഋജുവായ പാതയിലൂടെ നടക്കുക, വളഞ്ഞവഴി വിട്ടകലുക. 3. വളഞ്ഞ വഴിയിൽ നിരപ്പാക്കിയ പാതകളില്ല; മറിച്ച് എല്ലായിടത്തും കുണ്ടും കുഴിയും നിരവധി തടസ്സങ്ങളുമാണവിടെ. അതു പരുപരുത്തതും കല്ലും മുള്ളും നിറഞ്ഞതുമാണ്. അതിലേ നടക്കുന്നത് അപകടകരമാണ്.

4. ഋജുവായ പാതയിലൂടെ നടക്കുന്നവർ കാലിടറാതെ സ്വസ്ഥരായി നടക്കുന്നു. കാരണം, ആ പാത പരുപരുത്തതല്ല. കല്ലും മുള്ളും നിറഞ്ഞതല്ല. അതിലൂടെ നടക്കുന്നത് പ്രയോജനപ്രദമാണെന്നു കാണുക". 5. "സർ," ഞാൻ പറഞ്ഞു: "ആ പാതയിലൂടെയാണെനിക്കു നടക്കേണ്ടത്". അവൻ പറഞ്ഞു: "നടന്നു കൊള്ളുക; പൂർണഹൃദയത്തോടു കൂടി കർത്താവിന്റെ പക്കലേക്കു തിരിയുന്നവരെല്ലാം അതിലൂടെ നടക്കുന്നു."

## 2. നീതിയുടെയും ദുഷ്ടതയുടെയും ദൂതൻമാർ

1. "ഞാൻ ഇപ്പോൾ വിശ്വാസത്തെക്കുറിച്ചാണു പറയാൻ പോകു

www.malankaralibrary.com

ന്നത്," അവൻ പറഞ്ഞു: "നീതിയുടെ മാലാഖ എന്നും ദുഷ്ടതയുടെ ദൂതൻ എന്നും രണ്ടു ദൂതൻമാർ മനുഷ്യനെ അനുഗമിക്കുന്നു." 2. "രണ്ടു പേരും എന്നിൽ വസിക്കുന്നെങ്കിൽ ഞാൻ എപ്രകാരമാണ് ഇരുവരുടെയും പ്രവർത്തനങ്ങൾ അറിയുക?" ഞാനാരാഞ്ഞു.

3. അദ്ദേഹം പറഞ്ഞു: "ശ്രദ്ധിക്കുക, നിനക്കിപ്പോൾ ഗ്രഹിക്കാം. നീതിയുടെ ദൂതൻ മൃദു പ്രകൃതിയും ശാന്തനും വെടിപ്പുള്ളവനും വിനീതനുമാണ്. ഈ ദൂതൻ നിന്റെ ഹൃദയത്തിലെത്തുമ്പോൾതന്നെ നിന്നോടു നീതിയെപ്പറ്റിയും ശുദ്ധതയെപ്പറ്റിയും വിശുദ്ധിയെപ്പറ്റിയും സ്വയം നിഗ്രഹത്തെപ്പറ്റിയും സദ്പ്രവൃത്തികളെപ്പറ്റിയും ശ്രേഷ്ഠതയേറിയ സുകൃതങ്ങളെപ്പറ്റിയും സംസാരിക്കും. ഈ വിചാരങ്ങൾ നിന്റെ ഉള്ളിൽ പ്രവേശിക്കുമ്പോൾ നീതിയുടെ ദൂതൻ നിന്റെ ഉള്ളിലുണ്ടെന്ന് ഉറപ്പായി നിനക്കു വിശ്വസിക്കാം. നീതിയുടെ ദൂതന്റെ പ്രവൃത്തികൾ ഇവയെല്ലാമാണ്. അവനെയും അവന്റെ പ്രവൃത്തികളെയും വിശ്വസിക്കുക. 4. ദുഷ്ടതയുടെ ദൂതന്റെ പ്രവൃത്തികളെ വീക്ഷിക്കുക. ഒന്നാമതായി, അവൻ ക്രൂരപ്രകൃതിക്കാരനാണ്; കയ്പു നിറഞ്ഞവനാണ്; നിസ്സാരനുമാണ്. അവന്റെ പ്രവൃത്തികൾ തിന്മയാണ്; അവൻ ദൈവദാസരുടെ പ്രവൃത്തികൾ നശിപ്പിക്കുന്നു. അവൻ നിങ്ങളുടെ ഉള്ളിൽ പ്രവേശിക്കുമ്പോൾ, അവന്റെ പ്രവൃത്തികളിൽ നിന്ന് അവനെ തിരിച്ചറിയുക.

5. ഞാൻ പറഞ്ഞു: "സർ, അവനെ എങ്ങനെ തിരിച്ചറിയണമെന്ന് എനിക്കറിയില്ല". അദ്ദേഹം പറഞ്ഞു: "ഞാൻ പറയാം; കഠിന കോപമോ ക്രോധമോ നിന്നെ കീഴടക്കുമ്പോൾ അവൻ നിന്നിലുണ്ടെന്നു നീ ഗ്രഹിക്കണം. അപ്പോൾ അമിതമായി പ്രവർത്തിക്കാനുള്ള ആഗ്രഹം നിന്നിലുണ്ടാകും; ഭക്ഷണപാനീയങ്ങളിലും മറ്റനേകകാര്യങ്ങളിലും നിയന്ത്രണമില്ലായ്മ, നിരവധി ആഘോഷങ്ങൾ, അനാവശ്യമായി വിവിധതരം ആഹാരങ്ങൾ, സ്ത്രീകൾക്കുവേണ്ടിയുള്ള കാമം, അത്യാർത്തി, ക്രോധം, പ്രശംസ, അതോടുബന്ധപ്പെട്ട നിരവധി തിന്മപ്രവാഹങ്ങൾ-അവ ഹൃദയത്തിൽ ഉദിക്കുമ്പോൾ ദുഷ്ടതയുടെ ദൂതൻ നിന്നിലുണ്ടെന്ന് ഉറപ്പായി തീരുമാനിക്കാം."

6. "അതുകൊണ്ട് അവന്റെ പ്രവൃത്തികൾ നീ അറിയുന്നതിനാൽ അവനിൽ നിന്നകന്നു മാറണം; അവനിൽ ഒരാശ്രയവും വയ്ക്കാനും പാടില്ല. കാരണം, അവന്റെ പ്രവൃത്തികൾ ദുഷ്ടവും ദൈവദാസന്മാരുടെ താൽപ്പര്യങ്ങൾക്കെതിരുമാണ്. രണ്ടരൂപികളുടെയും പ്രവർത്തനങ്ങളിവയാണ്. അത് മനസ്സിലാക്കി നീതിയുടെ മാലാഖയെ വിശ്വസിക്കുക. 7. ദുഷ്ടതയുടെ ദൂതനിൽ നിന്ന് അകന്നുമാറുക. സകല കാര്യങ്ങളിലും അവന്റെ പ്രബോധനം തിന്മയാണ്. വിശ്വാസം ഉള്ളവരുടെ ഹൃദയത്തിൽപോലും ഈ ദൂതൻ പ്രവേശിക്കാനിടയായാൽ ഏതെങ്കിലും പാപം ചെയ്യുക തീർച്ചയാണ്.

www.malankaralibrary.com

8. മറിച്ച് ഒരാൾ ദുഷ്ടനാണെങ്കിലും സദ്പ്രവൃത്തിയുടെ മാലാഖയെ പിൻചെല്ലുന്നതും ദുഷ്ടതയുടെ ദൂതന്റെ സ്വാധീനവലയത്തിൽ ഉൾപ്പെടാതിരിക്കുന്നതും വളരെ നല്ലതാണ്. 10. നീതിയുടെ മാലാഖയുടെ പ്രവൃത്തികൾ വിശ്വസിക്കുകയും അവ അനുവർത്തിച്ച് നീ ദൈവത്തിനായി ജീവിക്കുകയും ചെയ്യുന്നതിന് വിശ്വാസം സംബന്ധിച്ച് ഈ കൽപ്പന ഇത്രയും വ്യക്തമാക്കുന്നു. ദുഷ്ടതയുടെ ദൂതന്റെ പ്രവൃത്തികൾ ദുരിതകാരണമാകുമെന്നും അവ അനുവർത്തിക്കാതിരുന്നാൽ നീ ദൈവത്തിനായി ജീവിക്കുമെന്നും വിശ്വസിക്കുക.

# ഏഴാം കല്പന

**ദൈവഭയം**

1. അവൻ പറഞ്ഞു: "കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ കല്പനകൾ കാക്കുകയും ചെയ്യുക. ദൈവകല്പനകൾ കാക്കുന്നതുവഴി നിന്റെ എല്ലാ പ്രവൃത്തികളിലും നീ ശക്തനായിത്തീരും; നിന്റെ പ്രവൃത്തികൾ വിമർശനാതീതമായിരിക്കുകയും ചെയ്യും; ദൈവത്തെ ഭയക്കുക, നീ എല്ലാം നന്നായി ചെയ്യും. രക്ഷപ്പെടാനായി നിനക്കുണ്ടായിരിക്കേണ്ട ഭയമിതാണ്.

2. പിശാചിനെ ഭയപ്പെടരുത്. കർത്താവിനെ ഭയപ്പെടുന്നതുവഴി നീ പിശാചിന്മേൽ വിജയം വരിക്കും. കാരണം, അവന് ഒരു ശക്തിയും ഇല്ല. ഒരു ശക്തിയും ഇല്ലാത്തവനെ ഭയപ്പെടേണ്ടതില്ല; എന്നാൽ മഹനീയമായ ശക്തിയുള്ളവനെ ഭയപ്പെടുക തന്നെ വേണം. ശക്തിയുള്ളവൻ ഭയം ജനിപ്പിക്കുന്നു; ശക്തിയില്ലാത്തവനെ എല്ലാവരും നിന്ദിക്കുന്നു.

3. എങ്കിലും പിശാചിന്റെ പ്രവൃത്തികളെ ഭയപ്പെടുക. കാരണം, അവ തിന്മയാകുന്നു. നീ ദൈവത്തെ ഭയക്കുന്നെങ്കിൽ പിശാചിന്റെ പ്രവൃത്തികളെ ഭയക്കും; അവ അനുവർത്തിക്കരുത്, പിന്നെയോ അവയിൽനിന്നകന്നു മാറുക.

4. രണ്ടുതരം ഭയമുണ്ട്: തിൻമ ചെയ്യാൻ ആഗ്രഹിക്കുന്നെങ്കിലും കർത്താവിനെ ഭയപ്പെടുന്നെങ്കിൽ നീയത് ചെയ്യുകയില്ല. അതുപോലെ നന്മ ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ കർത്താവിനെ ഭയപ്പെടുക. നീ അപ്രകാരം ചെയ്യും. അതുകൊണ്ട്,കർത്തൃഭയം സുരക്ഷിതവും ശക്തിമത്തും മഹനീയവുമാണ്. കർത്താവിനെ ഭയപ്പെട്ട് അവന്റെ കല്പനകൾ കാക്കുന്നവൻ അവനു വേണ്ടി ജീവിക്കും."

www.malankaralibrary.com

5. "പ്രഭോ, കൽപന കാക്കുന്നവൻ ദൈവത്തിനായി ജീവിക്കും എന്ന് അങ്ങ് പറയുന്നത് എന്തുകൊണ്ടാണ്?" അവൻ പറഞ്ഞു: "കാരണം, സൃഷ്ടി മുഴുവൻ കർത്താവിനെ ഭയപ്പെടുന്നു; എന്നാൽ എല്ലാ സൃഷ്ടികളും അവന്റെ കൽപനകൾഅനുസരിക്കുന്നില്ല. തന്നെ ഭയപ്പെടുകയും തന്റെ കൽപ്പനകൾ കാക്കുകയും ചെയ്യുന്നവൻ ദൈവത്തോടുകൂടെ ജീവിക്കും; തന്റെ കൽപനകൾ കാക്കാത്തവർക്ക് ദൈവത്തിൽ ജീവനില്ല."

# എട്ടാം കൽപന

**സംയമം**

1. അവൻ പറഞ്ഞു: "ദൈവത്തിന്റെ സൃഷ്ടികൾ രണ്ടു തരമുണ്ടെന്ന് ഞാൻ നിന്നോടു പറഞ്ഞല്ലോ; മിതത്വവും രണ്ടു തരമുണ്ട്: ചിലകാര്യങ്ങളിൽ നാം നമ്മെത്തന്നെ നിയന്ത്രിക്കുന്നു; എന്നാൽ മറ്റ് ചിലതിൽ നിയന്ത്രിക്കുന്നില്ല." "പ്രഭോ, നിയന്ത്രിക്കേണ്ടതും നിയന്ത്രിക്കണ്ടാത്തതുമായ കാര്യങ്ങൾ ഏവയെന്ന് പറഞ്ഞു തരാമോ?" ഞാൻ ചോദിച്ചു. "പറഞ്ഞു തരാം," അദ്ദേഹം പറഞ്ഞു: "തിന്മ ചെയ്യുന്നതിൽ നിന്ന് സ്വയം നിയന്ത്രിക്കുക. തിന്മ ഒരിക്കലും ചെയ്യരുത്; നന്മ പ്രവർത്തിക്കുന്നതിന് ഒരിക്കലും നിയന്ത്രണം വയ്ക്കരുത്; പിന്നെയോ, നന്മ ചെയ്യുക. കാരണം നീ സ്വയം നിയന്ത്രിച്ച്. നന്മ ചെയ്യാതിരുന്നാൽ ഗൗരവമായ തെറ്റാണ് ചെയ്യുന്നത്. എന്നാൽ സ്വയം നിയന്ത്രിച്ച് തിന്മ ചെയ്യാതിരുന്നാൽ നീ നീതീകരണം പ്രാപിക്കും. നന്മ ചെയ്തുകൊണ്ട് എല്ലാവിധ ദുഷ്പ്രവർത്തികളിൽ നിന്നും സ്വയം നിയന്ത്രിക്കുക."

3. "സർ, ഞങ്ങൾ ഏതെല്ലാം തരം തിന്മകളിൽ നിന്നാണ് അകന്നിരിക്കേണ്ടത്?" ഞാൻ ചോദിച്ചു. "ഞാൻ പറഞ്ഞു തരാം. വ്യഭിചാരം, പരസംഗം, നിയന്ത്രണമില്ലാത്ത മദ്യപാനം, അമിത സുഖഭോഗങ്ങൾ, അമിതാഹാരം, അമിതധനം, സ്വയംപ്രശംസ, നിഗളം, കള്ളംപറച്ചിൽ, പരദൂഷണം, കപടഭക്തി, പ്രതികാരദാഹം, ദൈവദൂഷണം, എന്നിവയിൽ നിന്ന് അകന്നുമാറണം.

4. എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ ഈ പ്രവൃത്തികൾ ഏറ്റം ഹീനമായിട്ടുള്ളവയത്രേ. ഇവയിൽനിന്ന് ദൈവദാസർ സ്വയം നിയന്ത്രിക്കണം. അതിന് കഴിവില്ലാത്തവന് ദൈവത്തിനായി ജീവിക്കാൻ സാധിക്കുകയില്ല. ഇത്തരം പ്രവൃത്തിയുടെ ഫലം കൂടി ഞാൻ പറയട്ടെ." 5. ഞാൻ ചോദിച്ചു: "സർ ഇവ കൂടാതെ മറ്റെന്തെങ്കിലും ദുഷ്പ്രവൃത്തി കൂടി ഉണ്ടോ?" "തീർച്ചയായും നിരവധി ഉണ്ട്; ദൈവദാസൻ അവ

www.malankaralibrary.com

യിൽനിന്ന് സ്വയം നിയന്ത്രിക്കണം; മോഷണം, കള്ളം, കവർച്ച, കള്ള സാക്ഷി, അത്യാഗ്രഹം, ദുർമോഹം, വൃഥാസ്തുതി, കാപട്യം, അതു പോലെയുള്ള മറ്റ് സംഗതികൾ.

6. ഇത്തരം സംഗതികൾ നികൃഷ്ടങ്ങളാണെന്ന് നീ തീർച്ചയായും ചിന്തിക്കുന്നു; ദൈവദാസർക്ക് ഏറ്റം നികൃഷ്ടം തന്നെ, സംശയമില്ല. ദൈവദാസർ ഇവയിൽ നിന്നെല്ലാം സ്വയം നിയന്ത്രിക്കണം. നീ ദൈവത്തിനായി ജീവിക്കാൻ സ്വയം നിയന്ത്രിക്കണം. ഇക്കാര്യങ്ങളിൽ സ്വയം നിയന്ത്രിച്ചവരോടൊപ്പം നീയും എണ്ണപ്പെടുവാനും ഇതാവശ്യമാണ്. അതുകൊണ്ട് നീ സ്വയം നിയന്ത്രിക്കേണ്ട സംഗതികൾ മുകളിൽ പറഞ്ഞവയാണ്. 7. ഒരിക്കലും പിൻമാറാതെ അനുവർത്തിക്കേണ്ട സംഗതികൾ എന്തൊക്കയാണെന്ന് ഞാൻ നിന്നോട് പറയാം: നന്മയിൽനിന്ന് പിൻതിരിയരുത്. നന്മ പ്രവർത്തിക്കുക തന്നെ വേണം.

8. “സർ, ഞാനതിലൂടെ നടക്കുന്നതിനും അതിന് കീഴ്പെടുന്നതിനും അതനുവർത്തിച്ച് രക്ഷ പ്രാപിക്കുന്നതിനും നന്മയുടെ സ്വഭാവം കൂടി എനിക്ക് പറഞ്ഞു തരണം.” “നീ ചെയ്യേണ്ടതും ഒരിക്കലും പിൻമാറരുതാത്തതുമായ സൽപ്രവർത്തികൾ ഏവയെന്ന് ഞാൻ പറഞ്ഞു തരാം. 9. ഏറ്റം പ്രധാനമായി, വിശ്വാസം, ദൈവഭയം, സ്നേഹം, പരസ്പരധാരണ, ശരിയായ സംസാരം, സത്യസന്ധത, ക്ഷമ എന്നിവയാണ്. മനുഷ്യജീവിതത്തിൽ ഇവയെക്കാൾ ഉപരിയായി ഒന്നുമില്ല. ഈ സുകൃതങ്ങൾ അനുഷ്ഠിക്കുകയും അവയിൽ നിന്ന് പിൻമാറാതിരിക്കുകയും ചെയ്യുന്നവൻ ഈ ജീവിതത്തിൽ അനുഗ്രഹിക്കപ്പെടും.

10. ഇവയോടൊത്തു പോകുന്ന സൽപ്രവൃത്തികളും ചൂണ്ടിക്കാട്ടാം. വിധവകളെ സംരക്ഷിക്കുക,അനാഥരെയും ദരിദ്രരെയും സന്ദർശിക്കുക. ദൈവദാസരുടെ പ്രയാസങ്ങളിൽ അവരെ സഹായിക്കുക, അതിഥികളോടു സ്നേഹം കാണിക്കുക, ആരെയും എതിർക്കാതിരിക്കുക, ശാന്തമായി പെരുമാറുക, എല്ലാ മനുഷ്യരെക്കാളും ദരിദ്രനായിരിക്കുക, വൃദ്ധരെ ബഹുമാനിക്കുക, അധിക്ഷേപം സഹിക്കുക, ദീർഘശാന്തത പാലിക്കുക, വിദ്വേഷത്തിൽ നിന്ന് അകന്നിരിക്കുക, ആത്മാവിൽ ക്ലേശിക്കുന്നവരെ സമാശ്വസിപ്പിക്കുക, വിശ്വാസത്തിൽ ഇടറിയവരെ വിശ്വാസത്തിൽ ഉറപ്പിക്കുക, പാപികളെ മാനസാന്തരത്തിലേക്കു പ്രേരിപ്പിക്കുക, കടക്കാരെ ഞെരുക്കാതിരിക്കുക,- ഇവയും ഇവയെപ്പോലെയുള്ള മറ്റനേകം സംഗതികളും.

11. “ഈ പ്രവൃത്തികൾ നല്ലവയെന്നു നിനക്കു തോന്നുന്നില്ലേ?” “സർ, ഇവയേക്കാൾ ശ്രേഷ്ഠമായൊന്നുമില്ല,” ഞാൻ പറഞ്ഞു. “അവയിലൂടെ നടക്കുക, അവയിൽ നിന്നു പിൻതിരിയരുത്,” അദ്ദേഹം കൽപ്പിച്ചു: “നീ ദൈവത്തിനു വേണ്ടി ജീവിക്കും. 12. ഈ കൽപന പാലിക്കുക; കലവറ കൂടാതെ നന്മ പ്രവർത്തിച്ചാൽ ദൈവത്തിനായി നീ

www.malankaralibrary.com

ജീവിക്കും. ദൈവത്തിനായി ജീവിക്കുന്നവർ ഇപ്രകാരം ജീവിക്കുന്നവരാണ്. ദുഷ്പ്രവർത്തികളിൽ നിന്ന് ഒഴിഞ്ഞു മാറുകയും അവയിൽ നിന്ന് അകന്നിരിക്കുകയും ചെയ്താൽ നീയും ദൈവത്തിനായി ജീവിക്കും. ഈ കൽപനകൾ പാലിക്കുകയും അവയിലൂടെ നടക്കുകയും ചെയ്യുന്നവരും ദൈവത്തിനായി ജീവിക്കും."

# ഒൻപതാം കല്പന

## വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന

1. അദ്ദേഹം എന്നോടു പറഞ്ഞു, ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ ഉറപ്പില്ലായ്മയും അല്പമായിപ്പോലുമുള്ള സംശയവും ദൂരെയകറ്റണം. നിരവധി പാപങ്ങൾ ചെയ്തു കൂട്ടിയ ശേഷം കർത്താവിനോടു ഞാൻ എങ്ങനെയാണ് എന്തെങ്കിലും ചോദിക്കുന്നതും തന്നിൽനിന്ന് സ്വീകരിക്കുന്നതും എന്നു പറഞ്ഞുകൂടാ. 2. അത്തരം ചിന്തകൾ വച്ചു പുലർത്തരുത്; പിന്നെയോ, പൂർണഹൃദയത്തോടെ കർത്താവിൻ പക്കലേക്കു തിരിയുകയും സംശയം കൂടാതെ കർത്താവിനോടു ചോദിക്കുകയും ചെയ്യുക. അപ്പോൾ തന്റെ കവിഞ്ഞൊഴുകുന്ന സ്നേഹം നിങ്ങൾ മനസ്സിലാക്കും. നിന്റെ ആവശ്യങ്ങളിൽ കർത്താവു നിന്നെ ഉപേക്ഷിക്കുകയില്ല. ഒരിക്കലുമില്ല. നിന്റെ ആത്മാവിന്റെ ആവശ്യങ്ങൾ അവിടുന്നു സാധിച്ചു തരും.

3. വിരോധം മനസ്സിൽ വച്ചു കൊണ്ടിരിക്കുന്ന മനുഷ്യനെപ്പോലെയല്ല കർത്താവ്; അവിടുന്ന് ദുഷ്ടത ഇല്ലാത്തവനാണ്; താനുണ്ടാക്കിയവയോട് കാരുണ്യം കാണിക്കുന്നവനുമാണ്. 4. അതുകൊണ്ട്, ഈ ലോകത്തിന്റെ വ്യർത്ഥതയിൽ നിന്നും മുകളിൽ സൂചിപ്പിച്ച തിൻമകളിൽ നിന്നും നിന്റെ ഹൃദയത്തെ വെടിപ്പാക്കുക. അതിനു ശേഷം കർത്താവിനോടു ചോദിക്കുക; എല്ലാം നിനക്കു ലഭിക്കും. സംശയം കൂടാതെ കർത്താവിനോടു ചോദിച്ചാൽ നിന്റെ യാചനകളെല്ലാം കർത്താവു സാധിച്ചുതരും.

5. എന്നാൽ ചഞ്ചലചിത്തനായാൽ നിന്റെ യാചനകളിൽ ഒന്നുപോലും നിനക്കു ലഭിക്കുകയില്ല. തങ്ങളുടെ ഉദ്ദേശ്യത്തിൽ വിഭക്തരാണു കർത്താവിന്റെ മുമ്പാകെ സംശയിക്കുന്നത്; അവർക്കാണ് ഒന്നും ലഭിക്കാതെ പോകുന്നതും. 6. വിശ്വാസത്തിൽ പൂർണരാകട്ടെ കർത്താവിലാശ്രയിച്ചു കൊണ്ടു യാചിക്കുന്നു. അനുതപിക്കാതിരുന്നാൽ വിഭക്തമായ ഉദ്ദേശ്യമുള്ളവർ വളരെ പ്രയാസത്തോടു കൂടി മാത്രമെ രക്ഷ പ്രാപിക്കുകയുള്ളു.

www.malankaralibrary.com

7. വിഭക്തമായ ഉദ്ദേശ്യത്തിൽ നിന്നു നിന്റെ ഹൃദയത്തെ ശുദ്ധീകരിക്കുക; വിശ്വാസമാകുന്ന വസ്ത്രം ധരിക്കുക. എന്തെന്നാൽ അതു ശക്തമാണ്. നിന്റെ ആശ്രയം കർത്താവിൽ വയ്ക്കുക. കർത്താവിനോടു നീ യാചിക്കുന്നതെല്ലാം ലഭിക്കുമെന്നു വിശ്വാസം ഉണ്ടായിരിക്കുക. എന്തെങ്കിലും ചോദിച്ചിട്ടു സാവധാനത്തിലേ കർത്താവിൽ നിന്നു ലഭിച്ചുള്ളു എന്നു കണ്ട്, ഉടനെ ലഭിക്കാത്തതിന്റെ പേരിൽ നീ സംശയിക്കരുത്, സാധാരണമായി ചില പരീക്ഷകൾ മൂലമോ, നീ ഓർമ്മിക്കാത്ത ചില കുറവുകൾ മൂലമോ ആയിരിക്കാം നിന്റെ യാചനകൾക്കുള്ള മറുപടി സാവധാനമായി പോകുന്നത്. 8. ഉടനേ നിന്റെ യാചനകൾ അവസാനിപ്പിക്കരുത്. നിന്റെ യാചനയിൽ നീ സംശയഗ്രസ്തനോ, അലസനോ ആയിത്തീർന്നാൽ, നീ ദാതാവിനെയല്ല നിന്നെയാണു കുറ്റപ്പെടുത്തേണ്ടത്.

9. വിഭക്തമായ ഉദ്ദേശ്യത്തിനെതിരെ നീ ജാഗരൂകനായിരിക്കണം. കാരണം അതു ദുഷ്ടവും അർത്ഥശൂന്യവുമാണ്. വിശ്വാസത്തിൽ ഉറച്ചവരെപ്പോലും അതു വിശ്വാസത്തിൽ നിന്നു പറിച്ചെറിയുന്നു. വിഭക്തമായ ലക്ഷ്യം പിശാചിന്റെ പുത്രിയാണ്; ദൈവദാസൻമാർക്ക് അത് ഏറ്റവും നിന്ദ്യവുമാണ്. 10. വിഭക്തമായ ഉദ്ദേശ്യത്തെ വെറുക്കുക; സുശക്തമായ വിശ്വാസം കൊണ്ട് അര കെട്ടി എല്ലാകാര്യത്തിലും അതിനെ ജയിക്കുക. കാരണം, വിശ്വാസം എല്ലാം വാഗ്ദാനം ചെയ്യുന്നു. വിഭക്തമായ ഉദ്ദേശ്യമാകട്ടെ, അതിൽത്തന്നെ വിശ്വാസമില്ലാത്തതിനാൽ എല്ലാ പ്രവർത്തനങ്ങളിലും പരാജയപ്പെടുന്നു.

11. വിശ്വാസം, മുകളിൽ കർത്താവിൽ നിന്നാണെന്നും അതിന്റെ ശക്തി വലുതാണെന്നും നീ കാണുക. വിഭക്തമായ ഉദ്ദേശ്യമാകട്ടെ ഭൗമികാരൂപിയിൽ നിന്നും പിശാചിൽ നിന്നുമാണ്. അതു ബലഹീനവുമാണ്. 12. അതു കൊണ്ട് സുശക്തമായ വിശ്വാസത്തിനു കീഴ്പ്പെടുക, ശക്തിയില്ലാത്ത വിഭക്തോദ്ദേശ്യത്തിൽനിന്നകന്നു മാറുക, നീ നിശ്ചയമായും ദൈവത്തിനു വേണ്ടി ജീവിക്കും; അപ്രകാരമുള്ളവരും അതുപോലെ ജീവിക്കും.

# പത്താം കൽപന

## 1. എപ്പോഴും ദു:ഖിച്ചിരിക്കുന്നത് തെറ്റു തന്നെ

1. അവൻ പറഞ്ഞു: "നിന്റെ ഹൃദയത്തിൽനിന്നു ദു:ഖം ദൂരെ അകറ്റുക. കാരണം, അത് വിഭക്ത ലക്ഷ്യത്തിന്റെയും ഉഗ്രകോപത്തിന്റെയും സഹോദരിയാകുന്നു." 2. "അത് ഇവ രണ്ടിന്റെയും സഹോദരിയാകുന്നതെങ്ങനെയാണ്? ഞാനാരാഞ്ഞു: "എനിക്കു തോന്നുന്നത് കോപം ഒന്നും വിഭക്ത ലക്ഷ്യം മറ്റൊന്നും ദു:ഖം വേറൊന്നും ആണെന്നാണ്."

www.malankaralibrary.com

"നീയൊരു കഥയില്ലാത്ത മനുഷ്യനാണ്," അവൻ തിരിച്ചടിച്ചു: "എല്ലാ തിൻമകളെക്കാൾ ദുഷിച്ചതാണ് ദുഃഖം. ദൈവദാസർക്ക് ഏറ്റം അപകടകാരിയുമാണിത്; ഇക്കാര്യം നീ അറിയുന്നില്ല. മറ്റ് എന്തിനെക്കാളും ഇത് മനഷ്യനെ നശിപ്പിക്കുന്നു; പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നു; എന്നാൽ പിന്നീട് രക്ഷിക്കുന്നു."

3. ഞാൻ പ്രത്യുത്തരിച്ചു: "ഞാൻ അറിവില്ലാത്തവനാണ്. ഈ ഉപമകൾ എനിക്ക് മനസ്സിലാകുന്നതേയില്ല. അതെന്നെ ക്ഷീണിപ്പിക്കുകയും പിന്നെ രക്ഷിക്കുകയും ചെയ്യുന്നു എന്നു മനസ്സിലാക്കാൻ പ്രയാസമാണ്." 4. അദ്ദേഹം പറഞ്ഞു: "ഞാൻ പറയാം. ദൈവത്തെപ്പറ്റിയോ സത്യത്തെപ്പറ്റിയോ ഒരിക്കലും ആഴമായി അറിയാത്തവരുണ്ട്. അവർ കണ്ണടച്ചു വിശ്വസിക്കുന്നു. വ്യാപാരം, ധനം, ജാതികളുമായുള്ള സഖിത്വം, ഈ ലോകത്തിന്റെ മറ്റു നിരവധി ബാധ്യതകൾ എന്നിവയാൽ അവർ ബന്ധിതരാണ്. ഇത്തരം കാര്യങ്ങളിൽ വ്യാപരിക്കുന്നവർ ദൈവത്തിന്റെ ഉപമകൾ ഗ്രഹിക്കുന്നില്ല. കാരണം, ഇക്കാര്യങ്ങൾ അവരുടെ മനസ്സിനെ കൂരിരുളിൽ അടയ്ക്കുന്നു. അവർ ദുഷിച്ചവരും ഫലരഹിതരുമാണ്.

5. വേണ്ടത്ര സംരക്ഷണം ലഭിക്കാതിരുന്നാൽ നല്ല മുന്തിരിവള്ളി തന്നെയും മുള്ളും കളയും നിമിത്തം ഫലരഹിതമാകുന്നതുപോലെ മുകളിൽ പറഞ്ഞ ബഹുവിധ സംഗതികളിൽ ബന്ധിതരായ വിശ്വാസികൾ ശരിയായ ബോധം നശിച്ച് നീതിയെപ്പറ്റി ഒട്ടും ഗ്രാഹ്യമില്ലാത്തവരായിത്തീരുന്നു. ദൈവത്വത്തെപ്പറ്റിയും സത്യത്തെപ്പറ്റിയും കേട്ടാലും, ഭൗതിക കാര്യത്തിൽ മാത്രം അവർ ബദ്ധശ്രദ്ധരായിരിക്കും. അവർ ഒന്നും തന്നെ ഗ്രഹിക്കുകയില്ല.

6. ദൈവോന്മുഖമായ ഹൃദയത്തോടു കൂടി ദൈവിക കാര്യങ്ങൾ അന്വേഷിക്കുന്ന ദൈവഭയമുള്ളവരുടെ കാര്യം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. അവർക്ക് ദൈവഭയമുള്ളതിനാൽ തങ്ങളോട് പറയപ്പെട്ടവ വേഗം മനസ്സിലാക്കുകയും അർത്ഥം ഗ്രഹിക്കുകയും ചെയ്യുന്നു. ദൈവം വസിക്കുന്നിടത്ത് ധാരാളം അറിവുണ്ട്. ദൈവത്തോട് പറ്റിച്ചേരുക, നീ എല്ലാം ഗ്രഹിക്കുകയും മനസ്സിലാക്കുകയും ചെയ്യും.

## 2. ദുഃഖത്തിന്റെ ദോഷഫലങ്ങൾ

1. "ദുഃഖം എങ്ങനെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയും പിന്നെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു എന്ന് മന്ദബുദ്ധിയായ മനുഷ്യാ, ഞാൻ പറയാം. 2. ഇരുമനസ്സുള്ളവൻ എന്തെങ്കിലും ചെയ്യുമ്പോൾ ഇരുമനസ്സുമൂലം പരാജയപ്പെടുന്നു. ദുഃഖം അവനിൽ പ്രവേശിക്കുന്നു. അതോടെ അവനിലുള്ള പരിശുദ്ധാത്മാവ് ദുഃഖിക്കുന്നു. 3. രൂക്ഷമായ കോപം ഉണ്ടാകുമ്പോൾ കോപിഷ്ഠന്റെ ഉള്ളിൽ ദുഃഖം പ്രവേശിക്കുന്നു. തന്റെ പ്രവൃത്തിയിൽ അവൻ അസന്തുഷ്ടനാകുന്നു. താൻ തെറ്റു

www.malankaralibrary.com

ചെയ്തതോർത്ത് അവൻ അനുതപിക്കുന്നു.

4. തെറ്റുചെയ്തു എന്നോർത്ത് ദു:ഖിക്കുന്നതിനാൽ ദു:ഖം രക്ഷാകരമാണ്. ഇരുമനസ്സും കോപവും പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. കാരണം, തന്റെ പ്രവൃത്തിയിൽ വിജയിക്കാത്തതിനാൽ ആദ്യത്തേതിലും, താൻ തിന്മ പ്രവർത്തിച്ചതിനാൽ രണ്ടാമത്തേതിലും അപ്രകാരം സംഭവിക്കുന്നു. ഇവ രണ്ടും പരിശുദ്ധാത്മാവിനെ വ്യസനിപ്പിക്കുന്നു. 5. നിന്നിലുള്ള വിഷാദം നീക്കുക; നിന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെ പീഡിപ്പിക്കരുത്; അവിടുന്ന് ദൈവത്തോട് അപേക്ഷിക്കുകയും നിന്നിൽ നിന്നകന്നുപോകുകയും ചെയ്തേക്കാം.നമ്മുടെ ജഡത്തിൽ നൽകപ്പെട്ട ദൈവാരൂപി മ്ലാനതയും തടവറയും സഹിക്കയില്ല.

### 3. സന്തോഷം അനുഗ്രഹകാരണവും ദു:ഖം ദോഷകാരണവും

1. ദൈവത്തിന് സ്വീകാര്യവും പ്രസാദകരവുമായ സന്തോഷം കൊണ്ട് അര കെട്ടുക; അതിൽ സന്തോഷിക്കുക. കാരണം, സന്തോഷം ഉള്ളവൻ നന്മ പ്രവർത്തിക്കുന്നു. സദ്ചിന്തകൾ വളർത്തുന്നു. മ്ലാനത അകറ്റുന്നു. 2. മറിച്ച്, മ്ലാനവദനൻ സദാ പാപം ചെയ്യുന്നു. ഒന്നാമത് ആഹ്ലാദത്തിന്റെ അരൂപിയായി നൽകപ്പെട്ട പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നതിനാൽ അവൻ പാപം ചെയ്യുന്നു. രണ്ടാമത്, പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നതിനാൽ അവൻ ഗൗരവമായി പാപം ചെയ്യുന്നു. കാരണം, അവൻ ദൈവത്തോടു കൂടി അപേക്ഷിക്കുന്നില്ല; തന്റെ തെറ്റുകൾ ഏറ്റു പറയുന്നുമില്ല."

3. ഞാൻ ചോദിച്ചു: "എന്തുകൊണ്ടാണ് മ്ലാനവദനന്റെ വ്യാപാരം ദൈവത്തിന്റെ ബലിപീഠത്തെ സമീപിക്കാത്തത്?" "കാരണം, അവന്റെ ഹൃദയത്തിൽ മ്ലാനത വസിക്കുന്നു എന്നതു തന്നെ. മ്ലാനത കലർന്ന പ്രാർത്ഥന ശുദ്ധമായി ബലിപീഠത്തിലേക്കുയരില്ല. വീഞ്ഞും വിനാഗിരിയും ഒന്നിച്ചൊഴിച്ചാൽ നല്ല രുചി ലഭിക്കാത്തതുപോലെ മ്ലാനത പരിശുദ്ധാത്മാവുമായി ചേർത്താൽ ആന്തരികശക്തിയില്ലാതെ പോകും. 4. ഈ ദുഷിച്ച മ്ലാനതയിൽനിന്ന് സ്വയം വിമുക്തനായി ദൈവത്തിനായി ജീവിക്കുക. മ്ലാനത ദൂരെയകറ്റി സമ്പൂർണസന്തുഷ്ടി ധരിക്കുന്ന സകലരും ഇപ്രകാരം ദൈവത്തിനായി ജീവിക്കും."

## പതിനൊന്നാം കൽപന

### സത്യപ്രവാചകരും കള്ളപ്രവാചകരും

1. കസേരയിൽ ഇരിക്കുന്ന ഒരാളെയും ബെഞ്ചിൽ ഇരിക്കുന്ന അനേകരെയും അവൻ എനിക്ക് ചൂണ്ടിക്കാണിച്ചുതന്നു. "ബെഞ്ചിൽ ഇരിക്കു

www.malankaralibrary.com

ന്നവരെ നീ കാണുന്നുവോ?" എന്നോടവൻ ചോദിച്ചു. "കാണുന്നു പ്രഭോ," ഞാൻ പ്രത്യുത്തരിച്ചു. അദ്ദേഹം പറഞ്ഞു: "ഇവർ വിശ്വാസികളാണ്. കസേരയിൽ ഇരിക്കുന്നവൻ കള്ള പ്രവാചകനാണ്. ദൈവദാസരെ വഴിതെറ്റിക്കുന്നവനാണയാൾ. വിശ്വാസികളെയല്ല അവിശ്വാസികളെയാണയാൾ ദുഷിപ്പിക്കുന്നത്. 2. മന്ത്രവാദിയുടെ പക്കലെന്നോണം സംശയഗ്രസ്തർ അയാളുടെ അടുത്ത് ചെല്ലുകയും ഭാവി കാര്യങ്ങളെപ്പറ്റി ആരായുകയും ചെയ്യുന്നു. ദൈവികാരൂപിയിൽനിന്ന് ഒരു ശക്തിയും ലഭിക്കാത്ത ആ കള്ള പ്രവാചകൻ അവരുടെ ചോദ്യങ്ങൾക്ക് അവരവരുടെ ദുരാശക്കൊത്ത് ഉത്തരം നൽകുകയും അവർക്ക് ഇഷ്ടം വരത്തക്കവണ്ണം അവരുടെ ആത്മാക്കളെ നിറയ്ക്കുകയും ചെയ്യുന്നു.

3. ശുഷ്കമാനസ്സനായ അവൻ ശുഷ്കമായ ഉത്തരം ശുഷ്ക്കമനസ്സുകൾക്കു നൽകുന്നു. കാരണം, എന്തുചോദിച്ചാലും മനുഷ്യമനസ്സിന്റെ ശുഷ്കതയിലേയ്ക്ക് തിരിഞ്ഞിരിക്കുന്ന ഉത്തരമാണ് അവൻ നൽകുന്നത്. എങ്കിലും അവൻ ഉച്ചരിക്കുന്ന ചില കാര്യങ്ങൾ ശരിയായിരിക്കും; കാരണം, ഏതെങ്കിലും നീതിമാനെ നശിപ്പിക്കാൻ സാധിക്കുമോ എന്നാരാഞ്ഞുകൊണ്ട് പിശാച് തന്റെ ദുഷ്ടാരൂപികൊണ്ട് അവനെ നിറക്കുന്നു. 4. കർത്താവിലുള്ള വിശ്വാസത്തിൽ ഉറച്ചവർ സത്യം കൊണ്ട് അരകെട്ടുകയും ഇത്തരം അരൂപികളോടു പറ്റിച്ചേരാതിരിക്കുകയും ചെയ്യുന്നു. തീർച്ചയായും അവർ അത്തരം അരൂപികളിൽ നിന്ന് അകലുക തന്നെ വേണം. എന്നാൽ സംശയിക്കുന്നവർ താൽക്കാലികമായി അനുതപിക്കുന്നു; പുറജാതിക്കാരെപ്പോലെ ലക്ഷണം നോക്കുന്നവരെ സമീപിക്കുന്നു. വിഗ്രഹാരാധന വഴി ഘോരപാപം ചെയ്തു കൂട്ടുന്നു. എന്തെങ്കിലും കാര്യത്തെ സംബന്ധിച്ച് കള്ള പ്രവാചകനെ സമീപിക്കുന്നവൻ വിഗ്രഹാരാധകനും, കള്ളനും, ഭോഷനുമാണ്.

5. കാരണം, ദൈവാരൂപിയോടല്ലാതെ മറ്റൊന്നിനോടും ഒരു കാര്യവും തിരക്കരുത്. ദൈവാരൂപി ദൈവത്തിന്റെ ശക്തിയിൽ സംസാരിക്കുന്നു. അത് ഉയരത്തിൽ നിന്നാകുന്നു. 6. എന്നാൽ ആലോചനയ്ക്കായി അവർ സമീപിക്കുന്ന അരൂപി ഭൗമികവും ബലഹീനവും ഒരു കഴിവും ഇല്ലാത്തതും അത്രേ. അത് മനുഷ്യന്റെ ഇഷ്ടം അനുസരിച്ചത്രേ സംസാരിക്കുന്നത്. ആവശ്യപ്പെടാതെ അത് സംസാരിക്കുന്നുമില്ല. ഞാൻ പറഞ്ഞു, പ്രഭോ, എങ്ങനെയാണ് സത്യപ്രവാചകനേയും കള്ളപ്രവാചകനേയും തിരിച്ചറിയുന്നത്? ഇരുവരെയും പറ്റി ഞാൻ പറയാം. ഞാൻ ഇനി പറയാൻ പോകുന്നതനുസരിച്ച് സത്യപ്രവാചകനെയും കള്ളപ്രവാചകനെയും തിരിച്ചറിയാം.

8. ഒന്നാമതായി ഉന്നതത്തിൽ നിന്നുള്ള അരൂപി ഉള്ളവൻ വിനീത

www.malankaralibrary.com

നും, ശാന്തനും, എളിമയുള്ളവനുമാണ്. ഈ ലോകത്തിന്റെ ദുഷ്ടത യിൽനിന്നും വ്യർത്ഥാഗ്രഹങ്ങളിൽ നിന്നും അവൻ അകന്നിരിക്കുന്നു. മറ്റെല്ലാ മനുഷ്യരെക്കാളും താണവനായി സ്വയം കരുതുകയും ചെയ്യു ന്നു. ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം അവൻ ഉത്തരം കൊടുക്കുന്നില്ല; അവൻ സ്വയമായി സംസാരിക്കുന്നുമില്ല. (ഏതെങ്കിലും വ്യക്തി ആഗ്ര ഹിക്കുമ്പോൾ പരിശുദ്ധാത്മാവ് സംസാരിക്കുന്നില്ല); ദൈവം ആഗ്ര ഹിക്കുമ്പോൾ മാത്രം അവൻ സംസാരിക്കുന്നു.

9. ദൈവാരൂപിയിൽ വിശ്വാസമുള്ള നീതിമാന്മാരുടെ ഒരു സമ്മേള നത്തിൽ ദിവ്യാരൂപിയുള്ളവൻ പ്രവേശിക്കുന്നുവെന്നിരിക്കട്ടെ. പ്രസ്തുത സമ്മേളനത്തിൽ ദൈവത്തോട് ഒരു പ്രാർത്ഥന നട ക്കുമ്പോൾ അവനോടു ബന്ധിതനായിരിക്കുന്ന പ്രവാചകാത്മാവ് അവനെ നിറയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ പൂർണതയിൽ നിന്നു കർത്താവിന്റെ ഇഷ്ടം അനുസരിച്ച് അവൻ ആ സമ്മേളനത്തെ അഭി സംബോധന ചെയ്യുന്നു. 10. ഇങ്ങനെ ദൈവാരൂപിയെ തിരിച്ചറിയാം. കർത്താവിന്റെ ദിവ്യാരൂപിയുടെ ശക്തി ഇതാണ്.

11. ബുദ്ധിഭ്രമം വന്നതും, ബലഹീനമായതും ഭോഷ്ക്കു നിറഞ്ഞ തുമായ ഭൗമികാരൂപിയെപ്പറ്റി ഞാനിപ്പോൾ നിന്നോട് വിവരിക്കാം. 12. ഒന്നാമതായി, അരൂപി തന്നിലുണ്ടെന്നു ധരിക്കുന്ന മനുഷ്യൻ നിഗളി ക്കുന്നു; തനിക്ക് എല്ലായിടത്തും മാന്യമായ ഇരിപ്പിടം ലഭിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. അവൻ അറപ്പില്ലാതെ നിർലജ്ജം സുഖ ഭോഗങ്ങളിലും പല ദുഷ്പ്രവൃത്തികളിലും മുഴുകുന്നു. തന്റെ പ്രവച നത്തിന് അവൻ പ്രതിഫലം പറ്റുന്നു. പണംകിട്ടാതെ ഒരു പ്രവചനവും നടത്തുന്നുമില്ല. ദൈവാരൂപി പ്രവചനത്തിനു പണം പറ്റുമോ? ദൈവാ രൂപിക്ക് ഇത് പ്രയാസമാണ്. ഇത്തരം പ്രവാചകരുടെ അരൂപിയാകട്ടെ ഭൗമികമാണ്.

13. കൂടാതെ, ഇത്തരക്കാർ നീതിമാൻമാരുടെ യോഗങ്ങളിൽ പങ്കെ ടുക്കാതെ ഒഴിഞ്ഞു മാറുന്നു. അവർ സംശയാലുക്കളായ ആളുകളുടെ കൂടെ പറ്റിച്ചേരുന്നു. ചന്തമുക്കിലും മറ്റും നിന്നു നിസ്സാരരായ ജനങ്ങ ളോട് പ്രവചനം പറയുന്നു. അവരുടെ ദുർവികാരങ്ങൾക്കനുസൃത മായി ശുഷ്കമായി സംസാരിച്ച് അവരെ ചതിക്കുന്നു. അവരുടെ ഉത്ത രമെല്ലാം ശുഷ്കമാണ്. കാലിപ്പാത്രം കാലിപ്പാത്രത്തിന്റെ അടുത്തുവ ച്ചാൽ പൊട്ടിപ്പോവില്ല; അവിടെ ഒന്നിച്ചിരിക്കുകയേയുള്ളു.

14. ദൈവികാരൂപിയുള്ള നീതിമാൻമാരുടെ ഒരു സമ്മേളനത്തിൽ അവനെത്തിയാൽ അവരുടെ പ്രാർത്ഥനകൾക്കു ശേഷം അവൻ ശുഷ്കിച്ചു പോകുന്നു. ലൗകികാരൂപി ഭയന്നു വിറച്ച് അവനിൽനിന്ന് ഓടിപ്പോകുന്നു. അവൻ മൂകനായിത്തീരുന്നു. പൂർണമായി ഉടഞ്ഞു തകർന്നു തരിപ്പണമാകുന്നു. ഒറ്റ വാക്കു പോലും ശബ്ദിക്കാൻ അവനു

www.malankaralibrary.com

ത്രാണിയില്ലാതാകുന്നു.

15. വീഞ്ഞും എണ്ണയും രണ്ടു ഭരണികളിലാക്കി ഒരു മുറിയിൽ വയ്ക്കുക. അതിന്റെ നടുക്ക് ഒരൊഴിഞ്ഞ ഭരണി കൂടി വയ്ക്കുക. കുറെ നാൾ കഴിഞ്ഞു മുറി തുറന്നു നോക്കുമ്പോൾ ഒഴിഞ്ഞ പാത്രം അതു പോലെ ഇരിക്കുന്നതായി നീ കണ്ടെത്തും. അതുപോലെയാണു ശുഷ്കരായ പ്രവാചകരും; നീതിമാൻമാരുടെ സമൂഹത്തിൽ വന്നാലും, അവരുടെ സ്ഥിതിക്കൊരു വ്യത്യാസവും ഉണ്ടാകില്ല.

16. രണ്ടു തരം പ്രവാചകൻമാരുടെയും ജീവിതം ഞാൻ വിവരിച്ചു തന്നു. ജീവിതവും പ്രവർത്തനവും പരിശോധിച്ചു നിവേശനമുള്ളയാളെ തിരിച്ചറിയുക. 17. ദൈവത്തിൽനിന്നു വരുന്നതും ശക്തി നിറഞ്ഞതുമായ അരൂപിയിൽ വിശ്വാസം അർപ്പിക്കുക. ലൗകികവും ശുഷ്കവുമായ അരൂപിയിൽ വിശ്വാസം അർപ്പിക്കരുത്. കാരണം, അവൻ തികച്ചും ശക്തിഹീനനാണ്. അവൻ പിശാചിൽ നിന്നത്രേ വരുന്നത്. 18. ഞാൻ പറയാൻ പോകുന്ന ഉപമ ശ്രദ്ധിച്ചു കേൾക്കുക: ഒരു കല്ലെടുത്തു മുകളിലേക്കെറിയുക; നിനക്ക് അകാശത്തു മുട്ടിക്കാൻ സാധിക്കുമോ? അല്ലെങ്കിൽ, വെള്ളം നിറച്ച ഒരു സിറിഞ്ചെടുത്ത് വെള്ളം മുകളിലേക്കു ചീറ്റുക. നിനക്ക് ആകാശം തുളയ്ക്കാൻ സാധിക്കുമോ?

19. പ്രഭോ, എങ്ങനെയിതു സാധിക്കും! ഇതു രണ്ടും തികച്ചും വിഷമകരം തന്നെ ഞാൻ പറഞ്ഞു. അതു പോലെ ശക്തിഹീനവും ദുർബലവുമാണു ലൗകികാരൂപി. അവൻ പറഞ്ഞു. 20. ഉയരത്തിൽ നിന്നു വരുന്ന ശക്തിയെ പരിശോധിക്കുക. ആലിപ്പഴം ചെറിയ സാധനമാണ്. എന്നാലത് ആരുടെയെങ്കിലും തലയിൽ വീണാൽ, നിസ്സാരമല്ലാത്ത പരുക്കുകൾ ഏല്പിക്കുന്നു. മറ്റൊരുദാഹരണം: താഴേക്കു വീഴുന്ന ദ്രാവകം പാറയ്ക്കുള്ളിലൂടെ പോലും ഒലിച്ചിറങ്ങുന്നു. 21. ഏറ്റം കട്ടി കുറഞ്ഞ പദാർത്ഥമായാലും മുകളിൽ നിന്നു വീഴുമ്പോൾ ശക്തിയാർജ്ജിക്കുന്നു. ഇപ്രകാരമാണു മുകളിൽ നിന്നു വരുന്ന ദിവ്യാരൂപിയുടെ ശക്തി. അതുകൊണ്ടു നിന്റെ ആശ്രയം ഈ അരൂപിയിൽ വയ്ക്കുക. മറ്റതിൽ നിന്ന് അകന്നു മാറുക.

# പന്ത്രണ്ടാം കൽപന

## 1. അവിവേകിയിൽ ദുർവിചാരങ്ങൾ വരുത്തുന്ന നാശം

1. അവൻ എന്നോടു പറഞ്ഞു: "എല്ലാ ദുർവിചാരങ്ങളും അകറ്റുക, നല്ലതും പരിശുദ്ധവുമായ വിചാരങ്ങൾക്കൊണ്ട് അര കെട്ടുക. സദ്വിചാരങ്ങളാൽ അലംകൃതനായാൽ ദുർവിചാരങ്ങളെ നീ വെറുക്കും. നിനക്കിഷ്ടമുള്ളതുപോലെ അവരെ നീ നിയന്ത്രിക്കുകയും ചെയ്യും. 2.

www.malankaralibrary.com

ദുർവിചാരം ഭയങ്കരമാണ്. വളരെ പണിപ്പെട്ടു മാത്രമെ അതിനെ മെരുക്കാൻ സാധിക്കൂ. അതിന്റെ ഉഗ്രതയിൽ അതു ഭീകരമാണ്. അത് മനുഷ്യരെ നശിപ്പിച്ചു കളയും. പ്രത്യേകമായി, വിവേകരഹിതമായി അതിലുൾപ്പെട്ടുപോകുന്ന ദൈവദാസനെ അതു നശിപ്പിക്കും. സദ്വിചാരങ്ങളാകുന്ന വസ്ത്രമില്ലാത്തവരും ഈ ലോകത്തിൽ സർവ ശ്രദ്ധയും കേന്ദ്രീകരിച്ചിരിക്കുന്നവരും വലിയ വില തന്നെ കൊടുക്കേണ്ടി വരും. അത്തരക്കാരെ അതു മരണത്തിന് ഏല്പിച്ചു കൊടുക്കുന്നു. സർ , ഞാൻ പറഞ്ഞു, മനുഷ്യനെ മരണത്തിന് ഏല്പിച്ചു കൊടുക്കത്തക്കവിധം ദുർവിചാരങ്ങളുടെ പ്രവർത്തനങ്ങളേവയാണ്? ഞാൻ അവയിൽ നിന്ന് അകന്നിരിക്കാനായി അവ എന്നോടു വിവരിച്ചാലും. ദൈവദാസൻമാർക്കു ദുർവിചാരങ്ങൾ ചെയ്യുന്ന ദോഷഫലങ്ങൾ ഏവയെന്നു ഞാൻ പറയാം

## 2. ദുർവിചാരത്തിന്റെ ദുഷ്ഫലങ്ങൾ

1. ഒന്നാമതായി, മറ്റുള്ളവന്റെ ഭാര്യയെ മോഹിക്കുക; അല്ലെങ്കിൽ ഭർത്താവിനെ കാംഷിക്കുക. അമിതധനത്തിൽ ആശവെയ്ക്കുക, അനാവശ്യ ഭക്ഷണപാനീയങ്ങൾ, മറ്റു നിരവധി അനാവശ്യ സുഖഭോഗവസ്തുക്കൾ എന്നിവയിലേയ്ക്ക് ആകർഷിക്കപ്പെടുക. എല്ലാ സുഖഭോഗവസ്തുവും ദൈവദാസർക്ക് വിഡ്ഢിത്തവും, പൊള്ളയുമാണ്. 2. അത്തരം വിചാരങ്ങളും ചിന്തയും ദൈവദാസർക്ക് മരണം വരുത്തിവയ്ക്കുന്നതുമാണ്. പിശാചിന്റെ പുത്രിയാണ് ഇത്തരം ദുർവിചാരം. അതുകൊണ്ട് ദുർവിചാരങ്ങളിൽനിന്നകന്ന് ദൈവത്തിനായി ജീവിക്കണം.

3. എതിർക്കാതെ അവയ്ക്കടിമപ്പെടുന്നവർ അവസാനം മരിക്കും; കാരണം, ഈ വിചാരങ്ങൾ മാരകമാണ്. 4. നീതിനിറഞ്ഞ ദാനങ്ങളാൽ നീ നിറയപ്പെടട്ടെ. ദൈവഭയമാകുന്ന ആയുധം ധരിച്ച് ദുർവിചാരങ്ങളെ എതിർക്കുക. സദ്വിചാരങ്ങളിലത്രേ ദൈവഭയം വസിക്കുന്നത്. നീ ദൈവഭയമുള്ളവനും ദുർവിചാരങ്ങളെ എതിർക്കുന്നവനുമാണെങ്കിൽ അവ ഓടി അകന്നു കൊള്ളും; അവ നിന്റെ പക്കൽ അടുക്കുകയില്ല. കാരണം അതു നിന്റെ ആയുധങ്ങളെ ഭയപ്പെടുന്നു.

5. ദുർവിചാരങ്ങളെ ജയിച്ചതിന്റെ ഫലമായി ലഭിച്ച കിരീടത്തിനു ശേഷം നീതിയുള്ള ആഗ്രഹങ്ങൾ പുലർത്തുക. വിജയം അതിന് ആരോപിക്കുകയും ചെയ്യുക. നീതി നിറഞ്ഞവ മാത്രം കാംഷിക്കുക. നീയതിനെ സേവിക്കുകയും സദ്വിചാരങ്ങൾക്ക് കീഴ്പ്പെടുകയും ചെയ്താൽ നീ ദുർവികാരങ്ങളെ ജയിക്കാനും നിനക്കിഷ്ടമുള്ളപോലെ അവയെ കീഴമർത്താനും ശക്തനാകും.

www.malankaralibrary.com

### 3. സദ്വിചാരങ്ങൾ പുലർത്തണം

1. "സർ, സദ്വിചാരങ്ങൾ പുലർത്തേണ്ടതെങ്ങനെ എന്ന് പറഞ്ഞു തരാമോ?" "പറഞ്ഞുതരാം," അദ്ദേഹം പറഞ്ഞു: "നീതിയും, സുകൃതവും, സത്യസന്ധതയും, ദൈവഭയവും, വിശ്വാസവും, ശാന്തതയും അതുപോലെയുള്ള സദ്കർമ്മങ്ങളും പുലർത്തുക. ഇവ ചെയ്യുന്നതു വഴി നീ ദൈവത്തിന് സ്വീകാര്യനായ ദാസനാകും. ദൈവത്തിനായി ജീവിക്കുകയും ചെയ്യും. സദ്വിചാരങ്ങളുടെ ദാസരാകുന്നവരെല്ലാം ദൈവത്തിനായി ഇപ്രകാരം ജീവിക്കും."

2. ഇതോടുകൂടി അവൻ പന്ത്രണ്ടു കല്പനകളും പൂർത്തിയാക്കി, അതിനു ശേഷം എന്നോടു പറഞ്ഞു: "ഇവയാണ് പ്രമാണങ്ങൾ, ഇവയിലൂടെ നടക്കുക. എല്ലാവരും ശരിയായ അനുതാപത്തിലേക്കാനീതരായി ജീവൻ പ്രാപിക്കാൻ നീ എല്ലാവരെയും ഇതിൽ അഭ്യസിപ്പിക്കുക.

3. ഞാൻ നിന്നെ ഏൽപിച്ച ദൗത്യം ഏറ്റം ശ്രദ്ധയോടു കൂടെ നിർവഹിക്കുകയും കഠിനമായി അധ്വാനിക്കുകയും ചെയ്യുക. അനുതാപികളുടെ സന്നിധിയിൽ നീ സ്വീകാര്യനായിരിക്കും. അവർ നിന്റെ വാക്കുകൾ ശ്രവിക്കും. ഞാൻ നിന്റെ പക്ഷത്തായിരിക്കും. അവർ നിന്നെ അനുസരിക്കാൻ ഞാൻ അവരെ പ്രേരിപ്പിക്കും."

4. ഞാനവനോടു പറഞ്ഞു: "സർ ഈ കല്പനകൾ നല്ലതും ശ്രേഷ്ഠമായതും അവ പാലിക്കാൻ കഴിവുള്ളവരെ സന്തുഷ്ടരാക്കുന്നതുമാണ്. എന്നാൽ മനുഷ്യർക്ക് ഇവ പാലിക്കാൻ സാധിക്കുമോ എന്ന് എനിക്ക് സംശയമാണ്. കാരണം, അവ വളരെ പ്രയാസമേറിയവയാണ്."
5. അദ്ദേഹം മറുപടിയായി പറഞ്ഞു: "അവ അനുസരിക്കാൻ സാധിക്കും എന്ന് നീ സ്വയം പ്രേരിപ്പിച്ചാൽ എളുപ്പത്തിൽ നിനക്കിവ പാലിക്കാം; അവ പ്രയാസമില്ലാത്തവ ആയിരിക്കും; എന്നാൽ ആർക്കും അവ പാലിക്കാനാവില്ലെന്ന് ചിന്തിച്ചുവശായാൽ നീ ഒരിക്കലും അവ പാലിക്കുകയില്ല.6. ഞാൻ ഉറപ്പായി നിന്നോടു പറയുന്നു: അവ പാലിക്കാതെ ഉപേക്ഷിച്ചാൽ നീയും നിന്റെ മക്കളും ബന്ധുക്കളും രക്ഷ പ്രാപിക്കുകയില്ല; കാരണം, ഈ കല്പനകൾ മനുഷ്യർക്ക് പാലിക്കാൻ പ്രയാസമാണ് എന്ന് നീ തന്നെ വിധി പ്രസ്താവിച്ചു കഴിഞ്ഞു."

### 4. വികാരങ്ങളെ നിയന്ത്രിക്കണം

1. അവൻ വളരെ കോപത്തോടുകൂടി എന്നോട് സംസാരിച്ചതിനാൽ ഞാൻ പരിഭ്രമിച്ചു പോയി. ഞാൻ അവനെ വളരെ ഭയപ്പെടുകയും ചെയ്തു. ഒരു മനുഷ്യജീവിക്കും അവന്റെ നേരെ നില്പാൻ അസാദ്ധ്യമാം വിധം അവന്റെ രൂപം തന്നെ മാറി.

2. എന്റെ ദുഃഖവും പരവേശവും കണ്ടു കുറേക്കൂടി ശാന്തമായും

www.malankaralibrary.com

സന്തോഷമായും അവൻ ഇപ്രകാരം പറഞ്ഞു: "അറിവില്ലാത്തവനും അസ്ഥിരചിത്തനുമായ വിഡ്ഢീ, ദൈവമഹത്വം എത്ര വലുതും ശക്തി മത്തും ശ്രേഷ്ഠമേറിയതുമാണെന്ന് നീ മനസ്സിലാക്കുന്നില്ല! മനുഷ്യ നുവേണ്ടിയാണ് ദൈവം ഈ ലോകം സൃഷ്ടിച്ചിരിക്കുന്നത്. ദൈവം സൃഷ്ടി മുഴുവൻ മനുഷ്യന് കീഴ്പ്പെടുത്തിയിരിക്കുന്നു; ആകാശത്തിൻ കീഴിലുള്ള സകലതിന്മേലും അവന് ആധിപത്യം കൊടുത്തിരിക്കുന്നു.

3. മനുഷ്യനാണ് സൃഷ്ടി മുഴുവന്റെയും യജമാനനെങ്കിൽ, എല്ലാ റ്റിന്മേലും അവന് ആധിപത്യം ഉണ്ടെങ്കിൽ, തീർച്ചയായും അവന് ഈ കല്പനകൾ പാലിക്കാൻ സാധിക്കും. ഹൃദയത്തിൽ കർത്താവുള്ള വർക്ക് ഇവയും ഈ കല്പനകളും പാലിക്കാം. 4. എന്നാൽ തങ്ങളുടെ അധരങ്ങളിൽ മാത്രം കർത്താവു വസിക്കുകയും കഠിനഹൃദയരായി വർത്തിക്കുകയും കർത്താവിൽനിന്ന് അകന്നിരിക്കുകയും ചെയ്യുന്ന വർക്ക് ഈ കല്പനകൾ പ്രയാസവും അനുവർത്തിക്കാൻ വിഷമവു മാണ്.

5. വിശ്വാസം സംബന്ധിച്ചു ശുഷ്ക മാനസ്സരും ചഞ്ചലചിത്തരും ആയവരേ, കർത്താവു നിങ്ങളുടെ ഉള്ളിൽ വസിക്കട്ടെ. അപ്പോൾ ഈ കല്പനകളേക്കാൾ എളുപ്പമുള്ളതും, മാധുര്യമേറിയതും, ശാന്തമായതും മറ്റൊന്നില്ലെന്നു നിങ്ങൾക്കു മനസ്സിലാകും.

6. പിശാചിന്റെ പ്രമാണങ്ങളിലൂടെ നടക്കുന്നവരേ, മാനസ്സാന്തരപ്പെ ടുവിൻ. അവ കഠിനവും, കയ്പുള്ളവയും, ഭയരഹിതവും, ദുഷിച്ചതു മാണ്. പിശാചിനെ ഒരിക്കലും ഭയക്കരുത്. കാരണം, അവനു നിങ്ങ ളുടെമേൽ അധികാരമില്ല. 7. പിശാചിനെ ജയിച്ച അനുതാപത്തിന്റെ മാലാഖയായ ഞാൻ നിന്റെ പക്ഷത്തുണ്ട്. പിശാച് ഭയം ജനിപ്പിക്കുന്നു; എന്നാൽ ആ ഭയത്തിന് അനന്തരഫലങ്ങളൊന്നും തന്നെയില്ല. അവനെ നിങ്ങൾ ഭയക്കരുത്. അവൻ നിങ്ങളിൽനിന്നോടിയകലും.

## 5. ഉറച്ച വിശ്വാസമുള്ളവർ ശക്തരാണ്

1. ഞാൻ അവനോടു പറഞ്ഞു: "സർ, ഞാൻ ചില വാക്കുകൾകൂടി പറയട്ടെ." "നിനക്കിഷ്ടമുള്ളതു പറയുക," അദ്ദേഹം പ്രതിവചിച്ചു. "സർ, ദൈവകൽപന പാലിക്കണമെന്ന് മനുഷ്യർ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. തന്റെ കല്പനകളിൽ ഉറപ്പിക്കണമെന്നും അവയ്ക്കു കീഴ്പ്പെടുത്തണമെന്നും കർത്താവിനോട് അപേക്ഷിക്കാത്തവർ ഒരുത്ത നുമില്ല. എന്നാൽ പിശാചു ക്രുദ്ധനായി മനുഷ്യരുടെമേൽ ആധിപത്യം നടത്തുന്നു. ഇത് എന്തുകൊണ്ടാണ്?"

2. "പൂർണഹൃദയത്തോടെ ദൈവത്തിന്റെ ദാസന്മാരായിരിക്കയും തങ്ങളുടെ പ്രത്യാശ അവനിൽ വയ്ക്കുകയും ചെയ്യുന്നവരുടെമേൽ പിശാചിന് ആധിപത്യം പുലർത്താൻ സാധ്യമല്ല. പിശാചിന് അവരോട്

www.malankaralibrary.com

മൽപിടുത്തം നടത്താം; എന്നാൽ അവരെ ജയിക്കാൻ കഴിയില്ല. നീ അവനോടെതിർത്താൽ അവൻ പരാജയപ്പെട്ട്, ലജ്ജിതനായി ഓടിയകന്നു പോകും. എന്നാൽ ശൂന്യരായ മനുഷ്യർ അവനു ശക്തി ഉണ്ട് എന്ന വണ്ണം അവനെ ഭയപ്പെടുന്നു.

3. ഒരു മനുഷ്യൻ നിരവധി ഭരണികളിൽ നല്ല വീഞ്ഞു നിറയ്ക്കുന്നു എന്നു കരുതുക. അവയിൽ ചിലവ പകുതി മാത്രമേ നിറഞ്ഞിട്ടുള്ളു എന്നും കരുതുക. അവൻ വീണ്ടും ഭരണികളുടെ സമീപത്തെത്തുമ്പോൾ മുഴുവൻ നിറഞ്ഞവയെ അവൻ ശ്രദ്ധിക്കാറില്ല. കാരണം, അവ നിറഞ്ഞിരിക്കുന്നു എന്നവനറിയാം. പകുതി മാത്രമുള്ളവ കമർപ്പുള്ളവയായി തീരാതിരിക്കാൻ അവൻ അവയിൽ ശ്രദ്ധിക്കുന്നു; കാരണം അത്തരം ഭരണികളിലെ വീഞ്ഞ് പെട്ടെന്ന് കമർപ്പുള്ളതായിത്തീരുന്നു; വീഞ്ഞിന്റെ രുചി നഷ്ടപ്പെടുകയും ചെയ്യുന്നു.

4. ഇപ്രകാരം പിശാച് എല്ലാവരേയും പരീക്ഷിക്കുന്നു. വിശ്വാസത്തിൽ ഉറച്ചവർ അവനെ എതിർക്കുന്നു; അവൻ അവരിൽനിന്നകന്നു പോകുന്നു. കാരണം, അവരിൽ അവനു പ്രവേശനമില്ല. അവൻ ശൂന്യരുടെ പക്കലെത്തുകയും കവാടം കാണുകയാൽ അവരുടെ ഉള്ളിൽ കയറിപ്പറ്റുകയും ചെയ്യുന്നു. അവനിഷ്ടമുള്ളവ അവരിൽ പ്രവർത്തിച്ച് അവരെ തന്റെ അടിമകളാക്കുന്നു."

## 6. പാപികളായിരുന്നവർക്കും ദുഷ്ടനെ കീഴ്പ്പെടുത്താം

1. "അനുതാപത്തിന്റെ മാലാഖയായ ഞാൻ നിന്നോടു പറയുന്നു. പിശാചിനെ ഭയപ്പടരുത്. പൂർണ ഹൃദയത്തോടെ അനുതപിക്കുന്ന നിന്നോടുകൂടെ വസിക്കുവാനും നിന്റെ വിശ്വാസത്തിൽ നിന്നെ ഉറപ്പിക്കാനും ഞാൻ അയക്കപ്പെട്ടിരിക്കുന്നു, പാപം നിമിത്തം നിരാശരായി കഴിയുന്നവരും, പാപം ചെയ്തു കൂട്ടുന്നവരും ജീവിതം ഭാരമാക്കിത്തീർക്കുന്നവരുമേ, ദൈവത്തിൽ നിങ്ങളുടെ വിശ്വാസം വെയ്ക്കുവിൻ. തന്റെ ഹിതാനുസരണം, തന്നെ ശരിയായി ശുശ്രൂഷിക്കുകയും പൂർണ ഹൃദയത്തോടെ തന്റെ പക്കലേക്കു തിരിയുകയും ചെയ്യുന്നവർക്കു കഴിഞ്ഞകാല പാപങ്ങൾക്കു ദൈവം പ്രത്യൗഷധം പ്രദാനം ചെയ്യുമെന്നും പിശാചിന്റെ കെണികളെ ജയിക്കാൻ ശക്തി ലഭിക്കുമെന്നും വിശ്വസിക്കുവിൻ. പിശാചിന്റെ ഭീഷണികളെ തെല്ലും ഭയപ്പെടേണ്ട, കാരണം; അവ മരിച്ചവന്റെ പേശി പോലെ ബലഹീനമത്രേ.

3. എന്നെ ശ്രദ്ധിക്കുക: രക്ഷിക്കാനും നശിപ്പിക്കാനും കഴിവുള്ളവനെ ഭയപ്പെടുക. അവന്റെ കല്പനകൾ പാലിക്കുക. നീ ദൈവത്തിനായി ജീവിക്കും." 4. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "പ്രഭോ, അവിടുന്ന് എന്റെ പക്ഷത്തുള്ളതിനാൽ കർത്താവിന്റെ എല്ലാ നീതീകരണത്തിലും ഞാൻ ശക്തി നേടിയിരിക്കുന്നു. പിശാചിന്റെ ശക്തിയെ അവി

www.malankaralibrary.com

ടുന്നു തകർക്കുമെന്നും, ഞങ്ങൾ അവന്റെമേൽ വിജയം വരിക്കുമെന്നും അവന്റെ കെണികളെ തകർക്കുമെന്നും എനിക്കറിയാം. പ്രഭോ, അങ്ങു നല്കിയ കല്പനകൾ ദൈവസഹായത്താൽ കാക്കുവാൻ സാധിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു."

5. അദ്ദേഹം പറഞ്ഞു: "കർത്താവിന്റെ മുമ്പാകെ നിന്റെ ഹൃദയം ശുദ്ധമായിരുന്നാൽ നീ അവ പാലിക്കും. ഈ ലോകത്തിന്റെ വ്യർത്ഥാഗ്രഹങ്ങളിൽനിന്നു ഹൃദയത്തെ ശുദ്ധമാക്കുന്ന എല്ലാവരും അവ പാലിക്കുകയും ദൈവത്തിനായി ജീവിക്കുകയും ചെയ്യും."

www.malankaralibrary.com

# 03

# ഉപമകൾ

## ഒന്നാം ഉപമ

### ലൗകിക സമ്പാദ്യം കൊണ്ടു ശാശ്വത നിക്ഷേപം സമ്പാദിക്കണം

1. അദ്ദേഹം എന്നോടു പറഞ്ഞു: "ദൈവദാസരായ നിങ്ങൾ വിദേശത്താണ് വസിക്കുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ? കാരണം, നിങ്ങളുടെ നഗരം ഈ നഗരത്തിൽനിന്നു ദൂരെയാണ്. നിങ്ങൾ സ്ഥിരമായി വസിക്കേണ്ട നഗരം ഏതെന്നറിയാമെങ്കിൽ ഇവിടെന്തിനു വയലുകളും വലിയ സ്ഥാപനങ്ങളും വീടുകളും ചെലവുകൂടിയ കെട്ടിടങ്ങളും സമ്പാദിക്കുന്നു. 2. ഈ നഗരത്തിൽ ഇവ സമ്പാദിക്കുന്നവൻ തന്റെ യഥാർത്ഥ നഗരത്തിലേക്കു പോകുന്നതിനെക്കുറിച്ചു ചിന്തിക്കുന്നതേയില്ല. 3. ഈ വസ്തുക്കളെല്ലാം മറ്റുള്ളവരുടെ വകയാണെന്നും മറ്റുള്ളവരുടെ നിയന്ത്രണത്തിലാണെന്നും മൂഢനും ഇരുമനസ്സുള്ളവനുമായ മനുഷ്യാ, നീ മനസ്സിലാക്കുന്നില്ലേ? ഈ ലോകത്തിന്റെ കർത്താവു പറയും, "നീ എന്റെ പട്ടണത്തിൽ താമസിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നീ പുറത്തു പോകുക; കാരണം, നീ എന്റെ നിയമങ്ങൾക്കനുസൃതമല്ല ജീവിക്കുന്നത്." 4. അവൻ നിന്നെ പുറത്താക്കുമ്പോൾ, നിനക്കു വയലുകളും പാർപ്പിടങ്ങളും മറ്റു സമ്പാദ്യങ്ങളും ഉണ്ടെങ്കിൽ അവകൊണ്ടു നീ എന്തു ചെയ്യും? ഈ ലോകത്തിന്റെ അധിപൻ നീതിപൂർവം പറയും:

www.malankaralibrary.com

"ഒന്നുകിൽ എന്റെ നിയമങ്ങൾ അനുസരിച്ചു ജീവിക്കണം; അല്ലെങ്കിൽ എന്റെ രാജ്യം വിട്ടു പോകണം." 5. നിന്റെ തന്നെ നഗരത്തിലെ നിയമങ്ങൾക്കു വിധേയനായതിനാൽ നീ എന്താണു ചെയ്യാൻ പോകുന്നത്? നിന്റെ വയലുകളെ പ്രതിയും നിന്റെ മറ്റു സമ്പാദ്യങ്ങളെപ്രതിയും നിന്റെ സ്വന്തമായ നിയമം പൂർണമായി ഉപേക്ഷിച്ച്, ഈ നഗരത്തിന്റെ നിയമമനുസരിച്ച് വ്യാപരിക്കാൻ പോകയാണോ? നിന്റെ നിയമം ഉപേക്ഷിക്കുന്നതു നിനക്കു തന്നെ ദോഷകരമാകാതിരിപ്പാൻ ശ്രദ്ധിക്കുക. നിന്റെ നഗരത്തിന്റെ നിയമം നീ നിക്ഷേധിച്ചാൽ, പിന്നൊരിക്കൽ അതിലേക്കു മടങ്ങിവരാൻ നീ ആഗ്രഹിക്കുമ്പോൾ സ്വീകരിക്കപ്പെട്ടില്ലെന്നു വരാം; അതു നിനക്കെതിരെ അടയ്ക്കപ്പെടും."

6. "നീ വിദേശത്തു വസിക്കുന്നതിനാൽ നിന്റെ അത്യാവശ്യത്തിൽ കവിഞ്ഞൊന്നും സമ്പാദിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. തന്റെ നിയമത്തെ എതിർത്തതിന് ഈ ലോകത്തിന്റെ ന്യായാധിപൻ നിന്നെ പുറന്തള്ളുവാൻ ആഗ്രഹിക്കുമ്പോൾ ഇവിടെനിന്നു പുറത്തു വന്നു നിന്റെ സ്വന്തത്തിൽ പ്രവേശിക്കുന്നതിനും നിന്റെ സ്വന്ത നിയമം അനുസരിച്ചതിൽ ഖേദിക്കാതെ സന്തോഷിക്കുന്നതിനും ഒരുക്കമുള്ളവനായിരിക്കണം. 7. ദൈവത്തെ ശുശ്രൂഷിക്കുന്ന നീ കരുതലുള്ളവനായിരിക്കയും അവനെ നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുകയും വേണം. കർത്തൃകല്പനകൾ നിന്റെ ഉള്ളിൽ സൂക്ഷിക്കുക. തന്റെ വാഗ്ദാനങ്ങൾ അനുസ്മരിക്കുക; തന്റെ പ്രവൃത്തികൾ ചെയ്യുക; തന്റെ കല്പനകൾ പാലിച്ചാൽ അവൻ തന്റെ വാഗ്ദാനങ്ങൾ പാലിക്കും എന്ന് ഉറപ്പായി വിശ്വസിക്കുക. 8. അതുകൊണ്ട് നിന്റെ കഴിവനുസരിച്ചു വയലുകൾക്കു പകരം പ്രയാസത്തിൽ കഴിയുന്ന ആളുകളെ വാങ്ങുക. വിധവകളെയും അനാഥരെയും സംരക്ഷിക്കുക. അവരെ അവഗണിക്കരുത്. ദൈവത്തിൽ നിന്നു നിനക്ക് ലഭിച്ച സമ്പാദ്യവും നേട്ടവുമെല്ലാം ഇത്തരം വയലുകൾക്കും ഭവനങ്ങൾക്കുമായി ചെലവഴിക്കുക. 9. യജമാനൻ നിന്നെ ധനം ഏൽപിച്ചതു തനിക്കു വേണ്ടി ഈ ശുശ്രൂഷ നിർവഹിക്കുവാനാണ്. ഇത്തരം നിലങ്ങളും സമ്പാദ്യങ്ങളും ഭവനങ്ങളും വാങ്ങുന്നതാണു മെച്ചം; കാരണം, നിന്റെ നഗരത്തിൽ നീ ചെന്നെത്തുമ്പോൾ അവ നീ അവിടെ കണ്ടെത്തും. 10. ഇത്തരം ധാരാളിത്തം നല്ലതും മോദകരവും ദു:ഖവിമുക്തവും ഭയരഹിതവും സന്തോഷപൂർണവുമത്രേ. ജാതികളുടെ പരോപകാര തൽപരത അനുകരിക്കരുത്. ദൈവദാസർക്ക് അതുകൊണ്ടൊരു പ്രയോജനവുമില്ല. 11. മറിച്ച്, നിനക്കു സന്തോഷം തരാൻ കഴിയുന്ന വഴികളിൽ ഔദാര്യപൂർവം ചെലവാക്കുക; കൃത്രിമത്വം ദൂരെയകറ്റുക; മറ്റൊരാളുടെ വസ്തുവിൻമേൽ കൈവയ്ക്കരുത്. അവന്റെ സമ്പാദ്യങ്ങൾ മോഹിക്കുന്നത് ദുഷ്ടതയാണ്. നിന്റെ കർമ്മം ചെയ്യുക; നീ രക്ഷിക്കപ്പെടും."

www.malankaralibrary.com

# രണ്ടാം ഉപമ

### ദാനധർമ്മം വലിയ പുണ്യപ്രവൃത്തി

1. ഞാൻ നാട്ടിൻപുറത്തുകൂടി കടന്നുപോകുമ്പോൾ ഒരു എൽമ് വൃക്ഷവും ഒരു മുന്തിരിച്ചെടിയും കണ്ടു. ഞാൻ അവയുടെ ഫലങ്ങൾ താരതമ്യപ്പെടുത്തി. ഇടയൻ കാണപ്പെട്ട് എന്നോടു പറഞ്ഞു: "നീ എന്താണിങ്ങനെ ചിന്തിക്കുന്നത്?" "ഞാനീ എൽമിനെക്കുറിച്ചും മുന്തിരിച്ചെടിയെക്കുറിച്ചും ചിന്തിക്കുകയായിരുന്നു. ഇവ രണ്ടും പരസ്പരം നന്നായി ചേർന്നുപോകുന്നല്ലേ."

2. അദ്ദേഹം പറഞ്ഞു: "ദൈവദാസർക്കു പ്രതീകങ്ങളാണിവ രണ്ടും." "ഇവ വഴി അങ്ങു സൂചിപ്പിക്കുന്ന സൂചിതങ്ങൾ എന്താണെന്ന് എനിക്കറിയാൻ സാധിച്ചെങ്കിൽ." "നിന്റെ കൺമുമ്പാകെ എൽമും മുന്തിരിച്ചെടിയും ഉണ്ടല്ലോ." "അതേ, സർ" ഞാൻ മറുപടി പറഞ്ഞു. 3. "ഈ മുന്തിരിച്ചെടി ഫലം പുറപ്പെടുവിക്കുന്നു; എന്നാൽ എൽമ് ഫലരഹിതയാണ്. എന്നാൽ ഈ എൽമിൽ ചുറ്റിക്കയറാതെ മുന്തിരിക്ക് കായ്ക്കാൻ സാധിക്കയില്ല; നിലത്തെല്ലാം പടർന്നുകിടക്കും. കായിച്ചാൽ തന്നെ മുന്തിരിങ്ങാ കേടുവന്നതായിരിക്കും. കാരണം, അത് എൽമിൽ നിന്ന് തൂങ്ങിക്കിടക്കുന്നതല്ല. എൽമുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ മുന്തിരി തന്നിൽനിന്നും എൽമിൽനിന്നും ഫലം പുറപ്പെടുവിക്കുന്നു. 4. അങ്ങനെ മുന്തിരിയെപ്പോലെ എൽമും ഫലം പുറപ്പെടുവിക്കുന്നതു കാണുക. ഒരു പക്ഷേ എൽമ് കൂടുതലായി ഫലം പുറപ്പെടുവിക്കുന്നു." "സർ, കൂടുതലായിട്ടെങ്ങനെയാണ്?" "കാരണം, എൽമിൽ ചുറ്റിക്കയറിയ മുന്തിരി ധാരാളമായി നല്ല മുന്തിരിക്കുലകൾ പുറപ്പെടുവിക്കുന്നു. നിലത്തു പടർന്നു കിടക്കുന്നവ ചീത്ത ഫലങ്ങൾ, അതും വളരെക്കുറച്ചു മാത്രം പുറപ്പെടുവിക്കുന്നു. ഈ ഉപമ ധനികരും ദരിദ്രരും ആയ എല്ലാ ദൈവദാസരെക്കുറിച്ചുമാണ്."

5."സർ, ഇത് എപ്രകാരമാണ് ധനികർക്കും ദരദ്രർക്കും ഒരുപോലെ ബാധകമാകുന്നത് എന്ന് എന്നോടു പറഞ്ഞാലും." "ഞാൻ പറയാം," അവൻ പ്രതിവചിച്ചു: "ധാരാളം സമ്പത്തുള്ള ധനവാൻ കർത്താവിന്റെ ദൃഷ്ടിയിൽ ദരിദ്രനാണ്; കാരണം ധനം മൂലം ചിത്തവിഭ്രാന്തി വന്നവനാണവൻ. അവൻ അപൂർവമായേ കർത്താവിനോടു പ്രാർത്ഥിക്കയും കർത്താവിനെ ഏറ്റു പറയുകയും ചെയ്യുന്നുള്ളു. അവൻ ചെയ്യുന്നതു തന്നെ തുച്ഛവും ബലഹീനവും ഉന്നതത്തിൽ ഒരു സ്വാധീനമില്ലാത്തതുമാണ്. എന്നാൽ ധനവാൻ ദരിദ്രന്റെ പക്കലണഞ്ഞ് അവന്റെ ആവശ്യത്തിൽ അവനെ സഹായിക്കുമ്പോൾ താൻ ഈ ദരിദ്രനു വേണ്ടി ചെയ്യുന്നത് ദൈവത്തിൽനിന്ന് പ്രതിഫലം ലഭിക്കാൻ കഴിവുറ്റതാ

www.malankaralibrary.com

ണെന്ന് അവന് ഉറപ്പുണ്ട്. (കാരണം ദരിദ്രൻ ദൈവത്തോടുള്ള മദ്ധ്യസ്ഥാപേക്ഷയിലും ദൈവത്തെ ഏറ്റുപറയുന്നതിലും സമ്പന്നനാണ്). അതുകൊണ്ട്, മടികൂടാതെ ദരിദ്രന് ആവശ്യമുള്ളതെല്ലാം നൽകാൻ ധനവാൻ യത്നിക്കുന്നു. 6. ദരിദ്രനാകട്ടെ, ധനവാനിൽനിന്ന് സഹായം സ്വീകരിച്ചതിനാൽ അവനു വേണ്ടി പ്രാർത്ഥിക്കുകയും തന്റെ ഉപകാരിയെപ്രതി ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നു. ധനവാൻ എപ്പോഴും ദരിദ്രന്റെ ആവശ്യങ്ങളിൽ അവനെ സഹായിക്കുന്നു; ഈ ജീവിതത്തിൽ ആവശ്യക്കാരനാകാതിരിപ്പാൻ അവൻ വേണ്ടതു ചെയ്യുന്നു. ദൈവസമക്ഷം ദരിദ്രന്റെ മദ്ധ്യസ്ഥപ്രാർത്ഥന സ്വീകാര്യമാണെന്നും ദൈവമുമ്പാകെ അവൻ ധനവാനാണെന്നും അവനറിയാം.

7. ഇപ്രകാരം ഇരുവരും തങ്ങളുടെ ദൗത്യം നിർവഹിക്കുന്നു: ദരിദ്രൻ പ്രാർത്ഥിക്കുന്നു. അതാണവന്റെ സമ്പാദ്യം-നൽകിയ ദൈവത്തിനവൻ തിരിച്ചു നൽകുന്നു. ധനവാൻ കർത്താവിൽനിന്ന് തനിക്ക് ലഭിച്ച ധനം സംശയിക്കാതെ പാവങ്ങൾക്ക് വിതരണം ചെയ്യുന്നു. ദൈവമുമ്പാകെ മഹത്തും സ്വീകാര്യവുമായ ഒരു കാര്യവുമാണിത്. കാരണം, ധനവാന് ധനത്തെപ്പറ്റി അറിവുണ്ട്; കർത്താവിന്റെ സമൃദ്ധിയിൽ നിന്ന് അവൻ ദരിദ്രനു വേണ്ടി പ്രവർത്തിക്കുന്നു; അങ്ങനെ കർത്താവിന്റെ ശുശ്രൂഷ ശരിയായി നിർവഹിക്കുന്നു.

8. മനുഷ്യദൃഷ്ടിയിൽ എൽമ് വൃക്ഷം ഫലരഹിതയാണ്. എന്നാൽ വരൾച്ചയിൽ അതു ജലം സംഭരിച്ച് മുന്തിരിക്ക് നൽകുന്നു എന്ന് അവരറിയുന്നില്ല. മുന്തിരിയാകട്ടെ നിരന്തരം ജലം ലഭിക്കുന്നതിനാൽ തനിക്കുവേണ്ടിയും എൽമിനു വേണ്ടിയും ഇരട്ടി മുന്തിരി ഉൽപാദിപ്പിക്കുന്നു. ഇങ്ങനെ ധനവാനു വേണ്ടി കർത്താവിനോടു പ്രർത്ഥിക്കുന്ന ദരിദ്രൻ ധനം തിരിച്ചു കൊടുക്കുന്നു; ദരിദ്രന്റെ ആവശ്യങ്ങൾ നിർവഹിക്കുന്നതുവഴി തങ്ങളുടെ തെറ്റുകൾക്കു ധനവാൻ പരിഹാരം ചെയ്യുന്നു. 9. ഇരുവരും നീതിയുടെ പ്രവൃത്തികളിൽ ഇപ്രകാരം ഭാഗഭാക്കുകളാകുന്നു. ഇപ്രകാരം ചെയ്യുന്നതു വഴി ദൈവം നിന്നെ വിഷമഘട്ടങ്ങളിൽ ഒരിക്കലും ഉപേക്ഷിക്കയില്ല. നീ ജീവനുള്ളവരുടെ ഗ്രന്ഥങ്ങളിൽ ചേർക്കപ്പെടുകയും ചെയ്യും.

10. അത്തരം സമ്പാദ്യങ്ങളുള്ളവർ ഭാഗ്യവാൻമാർ; എല്ലാ ധനവും ദൈവത്തിൽനിന്നാണ് എന്ന് ഗ്രഹിക്കുന്നവരും ഭാഗ്യവാൻമാർ. ഇതു മനസ്സിലാക്കുന്നവർ എന്തെങ്കിലും സൽപ്രവൃത്തികൾ ചെയ്യാതിരിക്കില്ല."

www.malankaralibrary.com

# മൂന്നാം ഉപമ

## നീതിമാൻമാരും പാപികളും തമ്മിൽ ബാഹ്യമായി വ്യത്യാസമില്ല

1. ഇടയൻ എന്നെ ഇലയില്ലാത്ത നിരവധി മരങ്ങൾ കാണിച്ചു. അവയെല്ലാം ഉണങ്ങിയും വരണ്ടും ഒരുപോലെയും ഇരുന്നു; എന്നോടു ചോദിച്ചു: "നീ ഈ മരങ്ങൾ കാണുന്നുണ്ടോ? "അതേ, സർ ഞാൻ കാണുന്നു. അവയെല്ലാം ഉണങ്ങിയും ഒരുപോലെയും ഇരിക്കുന്നു." ഉടനെ അദ്ദേഹം പറഞ്ഞു: "നീ കാണുന്ന വൃക്ഷങ്ങൾ ഈ ലോകത്തിലെ മനുഷ്യരാണ്." 2. ഞാൻ ചോദിച്ചു: "എന്തുകൊണ്ടാണ് അവ ഉണങ്ങിയും ഒരുപോലെയും ഇരിക്കുന്നത്? "കാരണം, ഈ ലോകത്തിൽ നീതിമാൻമാരെയും പാപികളെയും തമ്മിൽ തിരിച്ചറിയാൻ സാധിക്കയില്ല; എല്ലാവരും ഒരുപോലെയാണ്. ഈ ലോകം നീതിമാൻമാർക്ക് തണുപ്പുകാലമാണ്. പാപികളോടു കൂടെ ജീവിക്കുമ്പോൾ അവരെ തിരിച്ചറിയാൻ സാധിക്കയില്ല. 3. തണുപ്പുകാലത്ത് ഇല പൊഴിയുമ്പോൾ വൃക്ഷങ്ങളെല്ലാം ഒരു പോലെയാണ്. ഉണങ്ങിയതാണോ പച്ചയാണോ എന്ന് തിരിച്ചറിയാൻ കഴിയില്ല. അതുപോലെ ഈ ലോകത്തിൽ നീതിമാന്മാരും പാപികളും തമ്മിൽ വ്യത്യാസമില്ലാതെ ഒരുപോലെ കാണപ്പെടുന്നു."

# നാലാം ഉപമ

## സ്വർഗത്തിൽ വ്യത്യാസം വെളിപ്പെടും

1. ഒരിക്കൽകൂടി അദ്ദേഹം പൂത്തതും കൂമ്പിയതുമായ മരങ്ങൾ കാണിച്ചുകൊണ്ട് എന്നോട് ചോദിച്ചു: "നീ ഈ മരങ്ങളെ കാണുന്നുവോ?" "അതെ സർ," ഞാൻ പറഞ്ഞു: "ചിലവ പൂത്തതും ചിലവ കൂമ്പിയതുമാണ്." 2. "പൂത്തത് നീതിമാന്മാരാണ്," അദ്ദേഹം പറഞ്ഞു: "വരാനിരിക്കുന്ന ലോകത്തിൽ ജീവിക്കാനുള്ളവരാണിവർ. ആ ലോകം നീതിമാന്മാർക്കു വേനൽക്കാലമാണ്. എന്നാൽ പാപികൾക്ക് തണുപ്പുകാലം ആയിരിക്കും. കർത്താവിന്റെ കരുണ പ്രവേശിക്കുമ്പോൾ ദൈവദാസന്മാർ വെളിവാക്കപ്പെടും. 3. വേനൽക്കാലത്ത് എല്ലാ വൃക്ഷങ്ങളും ഫലം പുറപ്പെടുവിക്കുന്നു. അവ എന്താണെന്ന് അപ്പോൾ നാം ഗ്രഹിക്കുന്നു. അതുപോലെ നീതിമാന്മാരുടെ പ്രവൃത്തികൾ വെളിപ്പെടും. ആ ലോകത്തിൽ എല്ലാവരും ശോഭിക്കുമെന്ന് അറിയപ്പെടുകയും ചെയ്യും. 4. ആ ലോകത്തിൽ പുറജാതികളും പാപികളും ശുഷ്ക്കിച്ച്

www.malankaralibrary.com

ഫലരഹിതരായി കാണപ്പെടുന്നതാണ് നീ കണ്ട ഉണങ്ങിയ മരങ്ങൾ. വിറകുകൊള്ളിപോലെ കത്തിക്കപ്പെടുകയും വെളിപ്പെടുത്തുകയും ചെയ്യും. കാരണം, ഈ ലോകത്തിൽ വച്ച് അവർ ദുഷ്കർമ്മികളായിരുന്നു. അനുതപിക്കാതെ പാപം ചെയ്തു കൂട്ടിയതിനാൽ പുറജാതികളും കത്തിക്കപ്പെടും."

5. "ആ വേനലിൽ നിങ്ങളുടെ ഫലങ്ങൾ അറിയപ്പെടാനായി ഫലം പുറപ്പെടുത്തുക; ബഹുവിധ പര്യാകുലതകളിൽ നിന്ന് അകന്നിരിക്കുക; നീ പിന്നെ പാപം ചെയ്യില്ല. ബഹുവിധ പര്യാകുലതക്കളിൽ ഉൾപ്പെട്ടവർ നിരവധി പാപങ്ങൾ ചെയ്യുന്നു; കാരണം, പര്യാകുലതകളാൽ അവരുടെ ശ്രദ്ധ പതറിപ്പോകുകയും കർത്താവിനെ സേവിക്കാൻ അവർ അശക്തരായിത്തീരുകയും ചെയ്യും. 6. കർത്താവിനെ സേവിക്കാതെ അത്തരക്കാർക്ക് എങ്ങനെ കർത്താവിൽ നിന്ന് എന്തെങ്കിലും നേടിയെടുക്കാൻ സാധിക്കും? കർത്താവിന്റെ ദാസൻമാർക്ക് നിശ്ചയമായും ലഭിക്കും. എന്നാൽ കർത്താവിനെ സേവിക്കാത്തവർക്ക് ഒന്നും ലഭിക്കില്ല. 7. എന്നാൽ ഒരു കാര്യം മാത്രം ചെയ്യാനുള്ള വ്യക്തിക്കു കർത്താവിനെ സേവിക്കുവാനും സാധിക്കും. അവന്റെ ഹൃദയം ദുഷിച്ചതല്ല; കർത്താവിൽ നിന്നകന്നതുമല്ല; തന്റെ ഹൃദയം ശുദ്ധമായി സൂക്ഷിച്ചുകൊണ്ട് അവൻ കർത്താവിനെ സേവിക്കും. 8. ഇപ്രകാരം പ്രവർത്തിച്ചുകൊണ്ടു വരാനിരിക്കുന്ന ലോകത്തിനു വേണ്ടി ഫലം പുറപ്പെടുവിക്കാൻ നിനക്കു കഴിയും. ഇപ്രകാരം ചെയ്യുന്നവരെല്ലാം ഫലം പുറപ്പെടുവിക്കും."

# അഞ്ചാം ഉപമ

## 1. ദൈവകല്പനകൾ പാലിക്കുന്നത് യഥാർത്ഥമായ ഉപവാസം

1. ഞാനൊരു മലയിൽ കയറി ഉപവസിക്കയും കർത്താവ് എനിക്കു ചെയ്തു തന്ന എല്ലാ നന്മകൾക്കും നന്ദി പറയുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ ഇടയൻ എന്റെ സമീപത്തിരിക്കുന്നതു ഞാൻ കണ്ടു. "അതിരാവിലെ നീ ഇവിടെ എന്തിനു വന്നു?" എന്ന് അദ്ദേഹം എന്നോടു ചോദിച്ചു. "സർ, ഞാൻ ഉപവസിക്കുകയാണ്." 2. അദ്ദേഹം ചോദിച്ചു: "എന്താണ് ഉപവാസം?" "എനിക്കു പതിവായിരിക്കുന്നതുപോലെ ഞാൻ ഉപവസിക്കുന്നു, സർ".

3. "കർത്താവിന്റെ മുമ്പാകെ എങ്ങനെ ഉപവസിക്കണമെന്ന് നിനക്കറിയില്ല. നീ ഈ നടത്തുന്ന പ്രയോജനരഹിതമായ ഉപവാസം ഉപവാസമേയല്ല." "സർ അങ്ങെന്തുകൊണ്ടിങ്ങനെ പറയുന്നു? "നീ ചിന്തിക്കുന്നതുപോലെ ഇതൊരുപവാസമല്ല എന്നു ഞാൻ പ്രഖ്യാപിക്കുന്നു. കർത്താവിനു സ്വീകാര്യവും പൂർണവുമായ ഉപവാസം ഏതെന്നു ഞാൻ

www.malankaralibrary.com

പഠിപ്പിക്കാം. ശ്രദ്ധിച്ചു കേൾക്കുക."

4. "ഇത്തരം മിഥ്യോപവാസം കർത്താവ് ആഗ്രഹിക്കുന്നില്ല. നീ ഇപ്രകാരം ദൈവത്തിനു വേണ്ടി ഉപവസിക്കുമ്പോൾ, നീ നീതിയെപ്രതി ഒന്നും ചെയ്യുന്നില്ല. ദൈവമുമ്പാകെ നീ ചെയ്യേണ്ട ഉപവാസം ഇതാകുന്നു. 5. നിന്റെ ജീവിതത്തിൽ ഒരു ദുഷ്പ്രവർത്തിയും ചെയ്യരുത്. ശുദ്ധഹൃദയത്തോടെ ദൈവത്തെ സേവിക്കണം. കർത്താവിന്റെ നിർദ്ദേശങ്ങളിലൂടെ നടന്നു തന്റെ കല്പനകൾ പാലിക്കണം. നിന്റെ ഹൃദയത്തിൽ ദുർവിചാരങ്ങളൊന്നും പ്രവേശിക്കരുത്; ദൈവത്തിൽ ഉറച്ച വിശ്വാസമുണ്ടായിരിക്കണം. നീ ഇപ്രകാരം ചെയ്യുകയും, ദൈവത്തെ ഭയപ്പെടുകയും, എല്ലാ ദുഷ്പ്രവർത്തികളിലും നിന്നകന്നിരിക്കുകയും ചെയ്താൽ നീ ദൈവത്തിനായി ജീവിക്കും. ഇപ്രകാരം പ്രവർത്തിക്കുന്നതു വഴി ദൈവത്തിനു സ്വീകാര്യവും ശ്രേഷ്ഠവുമായ ഒരുപവാസം നീ നടത്തും."

## 2. മുന്തിരിത്തോപ്പിലെ പരിശ്രമശാലി

"ഉപവാസം സംബന്ധിച്ച് എന്റെ മനസ്സിലുള്ള ഒരുപമ പറയാം. ഒരു മനുഷ്യന് ഒരു വയലും നിരവധി ജോലിക്കാരും ഉണ്ടായിരുന്നു. ഒരു ഭാഗത്തു മുന്തിരി നട്ടു. 2. വിശ്വസിക്കാവുന്നവനും മാന്യനും ചുമതലാബോധമുള്ളവനുമായ ഒരു ദാസനെ വിളിച്ചു പറഞ്ഞു: "ഞാൻ നട്ട ഈ മുന്തിരിത്തോട്ടം നീ വേലികെട്ടി ഞാൻ വരുന്നതുവരെ സൂക്ഷിച്ചു കൊള്ളണം. മുന്തിരിത്തോട്ടത്തിൽ നീ മറ്റൊന്നും ചെയ്യേണ്ട. ഇതു ചെയ്യുക; നിന്നെ ഞാൻ സ്വതന്ത്രനാക്കാം." ആ അടിമയുടെ യജമാനൻ അതിനു ശേഷം ദൂരെ ദേശത്തേക്കു പോയി. 3. അദ്ദേഹം പോയിക്കഴിഞ്ഞപ്പോൾ ആ അടിമ മുന്തിരിത്തോട്ടത്തിനു ചുറ്റും വേലികെട്ടി. അതിൽ ധാരാളം കളയുള്ളതായി അവൻ കണ്ടു. അവൻ അതേപ്പറ്റി ചിന്തിച്ചിട്ട് ആത്മഗതം ചെയ്തു, 'എന്റെ യജമാനൻ കല്പിച്ചതു ഞാൻ ചെയ്യും. ഞാൻ ഈ മുന്തിരിത്തോട്ടം കിളച്ചു കള പറിച്ചു വളമിടും; കള പറിച്ചു കഴിയുമ്പോൾ അതു വൃത്തിയാകും; കള പോകുമ്പോൾ കൂടുതൽ മുന്തിരിങ്ങാ ഉണ്ടാകുകയും ചെയ്യും; കളകൾ മുന്തിരിയെ ഞെരുക്കുകയും ഇല്ല.'

4. അവൻ പോയി കിളച്ച്, കള പറിച്ച് വൃത്തിയാക്കി. ആ മുന്തിരിത്തോട്ടം വളരെ മനോഹരമായി കാണപ്പെട്ടു. സമൃദ്ധിയായി കായ്ക്കാൻ തുടങ്ങി; കളകളൊന്നും മുന്തിരിയെ കടന്നാക്രമിച്ചുമില്ല. 5. കുറേ നാളുകൾക്കു ശേഷം വയലിന്റെയും അടിമയുടെയും ഉടമസ്ഥൻ തന്റെ മുന്തിരിത്തോപ്പിൽ തിരികെ വന്നു. മുന്തിരിത്തോട്ടത്തിൽ നന്നായി വേലി കെട്ടിയിരിക്കുന്നതും കിളച്ചു കളകൾ നീക്കി വളമിട്ടിരിക്കുന്നതും മുന്തിരി സമൃദ്ധിയായി വളരുന്നതും കണ്ടു തന്റെ ദാസന്റെ ജോലി

www.malankaralibrary.com

യിൽ അത്യധികം സന്തുഷ്ടനായി.

6. അദ്ദേഹം തന്റെ അവകാശിയായ പ്രിയപുത്രനേയും ഉപദേശകരായ സുഹൃത്തുക്കളെയും വിളിച്ചു കൂട്ടി; തന്റെ ദാസനോടു പറഞ്ഞിരുന്നതും അവൻ ചെയ്തതും എല്ലാം അവരെ അദ്ദേഹം വിവരിച്ചു കേൾപ്പിച്ചു. അടിമയെക്കുറിച്ചുള്ള പ്രത്യുത സാക്ഷ്യത്തിൽ അവർക്കെല്ലാം വലിയ സന്തോഷം ഉണ്ടായി. 7. അദ്ദേഹം അവരോടു പറഞ്ഞു, 'ഞാൻ കൊടുത്ത കല്പന അനുസരിച്ചാൽ സ്വാതന്ത്ര്യം നൽകാമെന്നു ഞാൻ ആ ദാസനോടു വാഗ്ദാനം ചെയ്തിരുന്നു. അവൻ എന്റെ കല്പന പാലിച്ചു എന്നു മാത്രമല്ല, മുന്തിരിത്തോട്ടത്തിൽ ഒരു നല്ല കാര്യം കൂടി ചെയ്തിരിക്കുന്നു. ഞാനതിൽ അതീവ സന്തുഷ്ടനാണ്. 8. അതിന് പ്രതിഫലമായി അവനെ എന്റെ മകനോടു കൂടെ സഹാവകാശിയാക്കാൻ ഞാൻ തീരുമാനിച്ചിരിക്കയാണ്. കാരണം ഒരു സത്വിചാരം ഉണ്ടായപ്പോൾ ഉപേക്ഷിക്കാതെ അവൻ പ്രാവർത്തികമാക്കി. യജമാനന്റെ മകനും അതിനു വഴങ്ങി. അടിമ സമാവകാശിയായിരിക്കണം.'

9. കുറെ ദിവസങ്ങൾക്കു ശേഷം യജമാനൻ ഒരു വിരുന്നു നടത്തി. അന്നു തന്റെ ദാസനു പല വിശിഷ്ട വസ്തുക്കളും കൊടുത്തുവിട്ടു. ദാസനാകട്ടെ യജമാനൻ കൊടുത്തു വിട്ടവയിൽനിന്നു തനിക്കാവശ്യമുള്ളവ മാത്രം എടുത്തിട്ടു ബാക്കി തന്റെ സഹജോലിക്കാർക്കു വിതരണം ചെയ്തു. 10. വിശിഷ്ട ഭോജ്യങ്ങൾ ലഭിച്ച സഹദാസന്മാർ സന്തോഷംകൊണ്ട് അവന് ഉപരിയായ സ്ഥാനം യജമാനസമക്ഷം ലഭിക്കണമേ എന്ന് അവനു വേണ്ടി അപേക്ഷിച്ചു. കാരണം, അവൻ അവരോടു നന്നായി പെരുമാറി.

11. യജമാനൻ ഇതെല്ലാം അറിഞ്ഞു. അവന്റെ സ്വഭാവത്തിൽ ഒരിക്കൽക്കൂടി അതീവ സന്തുഷടനായി. അദ്ദേഹം വീണ്ടും തന്റെ മകനെയും സ്നേഹിതന്മാരെയും വിളിച്ചു കൂട്ടി തനിക്കു ലഭിച്ച വിശിഷ്ടവസ്തുക്കൾകൊണ്ടു ദാസൻ ചെയ്ത കാര്യം വിവരിച്ചു കേൾപ്പിച്ചു. അവരെല്ലാം സന്തുഷ്ടരായി. പുത്രനോടുകൂടെ അവനും അവകാശിയായിരിക്കണം എന്ന് അവർ താല്പ്പര്യപൂർവം ശുപാർശ ചെയ്തു."

### 3. ഉപവാസം സഹോദരസ്നേഹവുമായി ബന്ധപ്പെട്ടിരിക്കണം

1. ഞാൻ പറഞ്ഞു: "സർ, അങ്ങു വിവരിച്ചു തന്നില്ലെങ്കിൽ ഈ ഉപമകൾ എനിക്കു ഗ്രഹിക്കുവാൻ സാധിക്കയില്ല." 2. "ഞാനെല്ലാം നിനക്കു വിവരിച്ചു തരാം; ഞാൻ പറയുന്നതെല്ലാം നിനക്കു വ്യക്തമാക്കിത്തരാം. കർത്തൃകല്പനകൾ പാലിക്കുക. നീ ദൈവത്തിനു പ്രീതികരനായിരിക്കും; തന്റെ കല്പനകൾ പാലിക്കുന്നവരോടു കൂടെ നീ എണ്ണപ്പെടുകയും ചെയ്യും."

www.malankaralibrary.com

3. "ദൈവത്തിന്റെ കല്പനകളെക്കാൾ ഉപരിയായി എന്തെങ്കിലും നന്മ ചെയ്താൽ, നീ ഉപരിമഹത്ത്വം പ്രാപിക്കും. ദൈവത്തിന്റെ മുമ്പാകെ നീ ഉപരി ബഹുമാനിക്കപ്പെടുകയും ചെയ്യും; അവിടുത്തോടുകൂടിയാണല്ലോ നീ വസിക്കേണ്ടതും. അതുകൊണ്ട്, ദൈവകല്പനകളോടുകൂടി മറ്റു സേവനങ്ങൾകൂടി ചെയ്താൽ നിനക്ക് ആനന്ദം ലഭിക്കും. എന്റെ കല്പനകൾ അനുസരിച്ച് അവ അനുവർത്തിക്കണം എന്നു മാത്രം."

4. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: "അവിടുന്നു തരുന്ന കല്പനകളെല്ലാം ഞാൻ അനുസരിക്കാം. കാരണം, അങ്ങ് എന്റെ പക്ഷത്താണെന്ന് എനിക്കറിയാം." "നന്മ പ്രവർത്തിക്കാൻ നീ തീക്ഷ്ണനാകയാൽ ഞാൻ നിന്റെ പക്ഷത്തുണ്ടായിരിക്കും. അതുപോലെ തീക്ഷ്ണത കാണിക്കുന്ന എല്ലാവരോടും കൂടെ ഞാൻ ഉണ്ടായിരിക്കും. 5. കർത്തൃകല്പനകൾ അനുസരിക്കുന്നതിൽ അടങ്ങിയിരിക്കുന്ന ഉപവാസം ശ്രേഷ്ഠമാണ്. പാലിക്കാനായി നീ ഉദ്ദേശിക്കുന്ന ഉപവാസം അനുഷ്ഠിക്കേണ്ടതും ഇങ്ങനെയാണ്."

6. "എല്ലാറ്റിനും മുമ്പ്, എല്ലാവിധ ദുർഭാഷണങ്ങളിൽ നിന്നും, ദുർവിചാരങ്ങളിൽ നിന്നും അകന്നിരിക്കുക. ഈ ലോകത്തിന്റെ എല്ലാ വ്യർത്ഥതകളിൽനിന്നും നിന്റെ ഹൃദയത്തെ വിമുക്തമാക്കുക. നീ ഇതു ചെയ്താൽ നിന്റെ ഉപവാസം അവികലമായിരിക്കും."

7. "താഴെ പറയും പ്രകാരം പ്രവർത്തിക്കുക; പറഞ്ഞതനുസരിച്ച് പ്രവർത്തിക്കുക. ഉപവാസ ദിവസം അപ്പവും വെള്ളവും മാത്രമെ രുചിക്കാവൂ. ഉപവാസ ദിവസം നീ ഭക്ഷിക്കുമായിരുന്ന ആഹാരത്തിന്റെ വില എന്തു വരുമെന്നു കണക്കു കൂട്ടുക. അത് ഒരു വിധവയ്ക്കോ, അനാഥനോ ആവശ്യക്കാരായ മറ്റാർക്കെങ്കിലുമോ നൽകുക. ഇപ്രകാരം നീ ആത്മാവിൽ എളിമയുള്ളവനായിരിക്കും; നിന്റെ എളിമയുടെ ഫലം അനുഭവിക്കുന്നയാൾ സന്തുഷ്ടനാകുകയും നിനക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിക്കുകയും ചെയ്യും."

8. "ഞാനിപ്പോൾ കൽപ്പിച്ചതു പോലെ നീ ഉപവസിച്ചാൽ ദൈവമുമ്പാകെ നിന്റെ ത്യാഗം സ്വീകാര്യമായിരിക്കും. നിന്റെ കണക്കിൽ ഈ ത്യാഗം ചേർക്കപ്പെടുകയും ചെയ്യും. ഇപ്രകാരം ചെയ്ത പ്രവൃത്തി ശ്രേഷ്ഠവും സന്തുഷ്ടവും ദൈവത്തിനു സ്വീകാര്യവുമത്രേ. 9. നീയും നിന്റെ മക്കളും ഭവനം മുഴുവനും ഞാൻ വിവരിച്ചു തന്ന രീതിയിൽ ഇത് അനുവർത്തിക്കുക. നിന്റെ പ്രവൃത്തിയിൽ നീ അനുഗ്രഹീതനായിരിക്കും. ഇതുകേട്ടാചരിക്കുന്നവരെല്ലാം അനുഗ്രഹിക്കപ്പെടും. അവർ കർത്താവിനോടാവശ്യപ്പെടുന്നതെല്ലാം അവർക്കു ലഭിക്കും."

### 4. ഉപമകൾ ഗ്രഹിക്കേണ്ട വിധം

1. യജമാനൻ, മുന്തിരിത്തോട്ടം, വേലികെട്ടുന്ന ദാസൻ, വേലികൾ,

www.malankaralibrary.com

മുന്തിരിത്തോട്ടത്തിൽനിന്നു പറിച്ചു കളഞ്ഞ കളകൾ, മകൻ, സുഹൃത്തുക്കളായ ഉപദേശകർ എന്നിങ്ങനെ വയലിനെപ്പറ്റിയുള്ള ഉപമ ഉപദേശിച്ചു തരാൻ അദ്ദേഹത്തോടു ഞാൻ മുട്ടിപ്പായി ആവശ്യപ്പെട്ടു. കാരണം അതൊരുപമയാണെന്നു ഞാൻ അറിഞ്ഞിരുന്നു. 2. അദ്ദേഹം മറുപടിയായി പറഞ്ഞു: "നീ നിർത്താതെ ചോദ്യം ചോദിക്കുന്നവനാണല്ലോ. നീ ചോദിക്കേണ്ട ആവശ്യമേ ഇല്ല. കാരണം, എന്തെങ്കിലും വിശദീകരണം വേണമെങ്കിൽ അതു നിനക്കു തരപ്പെടും." ഞാൻ പറഞ്ഞു: "സർ, നീ കാണിച്ചു തരുന്നവ വിശദീകരിച്ചു തരികകൂടി ചെയ്തില്ലങ്കിൽ അതു കാണുന്നതുകൊണ്ട് എന്ത് പ്രയോജനം? അതെന്താണെന്ന് എനിക്കറിയില്ലല്ലോ. വിശദീകരണം കൂടാതെ, ഉപമ പറയുക മാത്രം ചെയ്താൽ ഞാൻ വെറുതെ ശ്രവിക്കയായിരിക്കും."

3. അദ്ദേഹം മറുപടിയായി പറഞ്ഞു: "ഹൃദയത്തിൽ കർത്താവു വസിക്കുന്ന ദൈവദാസൻ അറിവിനായി യാചിക്കുന്നു: അവനതു ലഭിക്കുകയും ചെയ്യുന്നു; ഉപമകളുടെ താക്കോൽ അവന്റെ പക്കൽ ഉണ്ടായിരിക്കും. ഉപമകളിൽ അറിയപ്പെട്ട കർത്തൃവചനങ്ങൾ അവനു ഗ്രാഹ്യങ്ങളായിത്തീരും. ബലഹീനനും പ്രാർത്ഥിക്കാൻ മടിയുള്ളവനും കർത്താവിനോടു ചോദിക്കാൻ അറയ്ക്കുന്നു. 4. എന്നാൽ കർത്താവാകട്ടെ, തന്റെ ദാനങ്ങളിൽ ബുദ്ധിയുള്ളവനാകുന്നു; ഇടവിടാതെ തന്നോടു യാചിക്കുന്നവർക്ക് അവൻ ധാരാളമായി നൽകുന്നു. നീ എന്തുകൊണ്ടാണ് കർത്താവിനോട് അറിവിനായി അപേക്ഷിക്കുകയും പ്രാപിക്കുകയും ചെയ്യാത്തത്? വിശുദ്ധ മാലാഖയാൽ നീ ശക്തീകരിക്കപ്പെട്ടു; നിന്റെ അപേക്ഷകൾക്കെല്ലാം പ്രത്യുത്തരം ലഭിച്ചു. നീ പ്രാർത്ഥിക്കാൻ മടി കാണിച്ചില്ല. അതുകൊണ്ട് കർത്താവിനോട് ചോദിക്കുക; അവിടുന്ന് നിനക്ക് അറിവ് പകർന്നുതരും."

5. ഞാൻ ഇടയനോട് പറഞ്ഞു: "സർ, നീ എന്നോടു കൂടെയുള്ളതിനാൽ ഞാൻ നിന്നോടാണ് ചോദിക്കേണ്ടത്. കാരണം, നീ എന്നെ സർവതും കാണിക്കുന്നു; ഇപ്പോൾ അങ്ങ് എന്നോട് സംസാരിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഞാൻ നിന്നിൽ നിന്ന് കേൾക്കുകയും ദർശിക്കുകയും ചെയ്തിരുന്നെങ്കിൽ; ഇത് വ്യക്തമാക്കിത്തരാൻ കർത്താവിനോടു ഞാൻ പ്രാർത്ഥിക്കുമായിരുന്നു."

## 5. മുന്തിരിത്തോപ്പിന്റെ ഉപമ വിശദീകരണം

1. "നീ ബുദ്ധിമാനും ഉപമകളുടെ അർത്ഥത്തെക്കുറിച്ച് ചോദ്യം ചോദിക്കുന്നതിൽ സ്ഥിരതയുള്ളവനുമാണെന്ന് ഇപ്പോൾ നിന്നോട് പറഞ്ഞതേയുള്ളു. നീ വളരെ ക്ഷമയുള്ളവനാകയാൽ വയലിന്റെ ഉപമ വെളിവാക്കിത്തരാം. അങ്ങനെ അക്കാര്യം സകലരോടും പറയാൻ നിനക്ക് സാധിക്കും. ശ്രദ്ധിച്ച് ഇത് ഗ്രഹിക്കുക."

www.malankaralibrary.com

2. "വയൽ ലോകമാകുന്നു. വയലിന്റെ ഉടമസ്ഥൻ എല്ലാം സൃഷ്ടിക്കുകയും ഒന്നിച്ചു കൂട്ടുകയും അവയ്ക്ക് ശക്തി കൊടുക്കുകയും ചെയ്തവനാകുന്നു. ദാസൻ ദൈവപുത്രനാകുന്നു. മുന്തിരിച്ചെടി അവൻ ജനിപ്പിച്ച ജനങ്ങളാണ്. 3. തന്റെ ജനത്തെ പരിപാലിക്കുന്ന വിശുദ്ധ ദൂതന്മാരാണ് വേലികൾ. മുന്തിരിത്തോപ്പിൽ നിന്ന് പറിച്ചെടുത്ത കളകൾ ദൈവദാസൻമാരുടെ തെറ്റുകളാകുന്നു. ഭക്ഷണം തന്റെ പുത്രൻ വഴി ദൈവം തന്റെ ജനത്തിനു കൊടുത്ത കല്പനകളാകുന്നു. സുഹൃത്തുക്കളും ഉപദേശകരും ആദ്യ സൃഷ്ടിയായ വിശുദ്ധമാലാഖമാരാണ്. യജമാനന്റെ വിദേശ യാത്രയുടെ കാലം തന്റെ രണ്ടാമത്തെ വരവിന് മുമ്പ് ശേഷിക്കുന്ന സമയമാണ്."

4. ഞാൻ പറഞ്ഞു: "സർ, ഈ വ്യാഖ്യാനം മഹത്തും വലുതും ശ്രേഷ്ഠവുമാണ്. യഥാർത്ഥത്തിൽ എനിക്കുതന്നെ ഇവ ഗ്രഹിക്കാൻ സാധിക്കുകയില്ല. ഞാനീ ചോദിക്കുന്നത് ഒന്നു കൂടി വ്യക്തമാക്കിത്തരൂ. സർ, ഉപമയിൽ എന്തുകൊണ്ടാണ് ദൈവപുത്രൻ അടിമയുടെ രൂപത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്?"

## 6. ദൈവപുത്രൻ ദാസന്റെ വേഷത്തിൽ

1. അവൻ പറഞ്ഞു: "ശ്രദ്ധിക്കുക ദൈവപുത്രനെ അടിമയുടെ രൂപത്തിൽ ചിത്രീകരിച്ചിട്ടില്ല. വലിയ ശക്തിയോടും മഹത്വത്തോടും കൂടി യത്രേ ചിത്രീകരിച്ചിരിക്കുന്നത്." "അതെങ്ങനെ?" എനിക്കു മനസ്സിലായില്ല." 2. "കാരണം, ദൈവം മുന്തിരിത്തോപ്പ് നട്ടുപിടിപ്പിച്ചു; അതായത്, തന്റെ ജനത്തെ സൃഷ്ടിച്ചു. അതു തന്റെ പുത്രനെ ഏൽപിച്ചു. അതിനെ കാത്തു പരിപാലിക്കാൻ പുത്രൻ മാലാഖമാരെ ഏല്പിച്ചു. നിരവധി കഷ്ടപ്പാടുകളിൽക്കൂടിയും അദ്ധ്വാനത്തിൽക്കൂടിയും അവൻ തന്നെ അവരുടെ പാപങ്ങളിൽനിന്ന് കഴുകി വിശുദ്ധീകരിച്ചു. 3. അവരുടെ പാപങ്ങളിൽ നിന്ന് അവരെ ശുദ്ധീകരിച്ചുകൊണ്ട് ജീവന്റെ വഴി അവൻ അവരെ കാണിച്ചു. തന്റെ പിതാവിൽ നിന്ന് താൻ സ്വീകരിച്ച നിയമം അവൻ അവർക്ക് നൽകി."

4. "അവൻ തന്നെയാണു തന്റെ ജനത്തിന്റെ കർത്താവെന്നു നീ കാണുന്നല്ലോ. കാരണം, അവന് പിതാവിൽനിന്ന് സമസ്താധികാരവും ലഭിച്ചിരിക്കുന്നു. അടിമയുടെ അവകാശത്തിൽ എന്തിനാണ് കർത്താവു തന്റെ പുത്രനേയും മഹത്വമുള്ള മാലാഖമാരെയും ഉപദേശകരാക്കി വിളിച്ചതെന്നു ഞാൻ നിന്നോടു പറയാം.

5. മുൻസ്ഥിതനും സൃഷ്ടി മുഴുവന്റേയും സ്രഷ്ടാവുമായ പരിശുദ്ധാത്മാവ് തന്റെ പ്രിയപ്പെട്ട ജനത്തിൽ വസിക്കാൻ തിരുമനസ്സായി. പരിശുദ്ധാത്മാവു വസിച്ച ഈ ശരീരം അരൂപിക്ക് തികച്ചും വിധേയമായിരുന്നു. വിശുദ്ധിയിലും ശുദ്ധതയിലും ഈ ജഡം വ്യാപരിച്ചു. ഒരു

www.malankaralibrary.com

കാര്യത്തിലും പരിശുദ്ധാത്മാവിനെ വ്യസനിപ്പിച്ചില്ല."

6. "അക്കാരണത്താൽ ആ ജഡത്തെ സൗന്ദര്യത്തിലും ശുദ്ധതയിലും പരിശുദ്ധാവു നയിച്ചു. എല്ലാ കാര്യത്തിലും അവന്റെ അദ്ധ്വാനത്തിലും ക്ലേശത്തിലും പങ്കു ചേർന്നു. ഈ ജഡം ശക്തിയിലും ധൈര്യത്തിലും വ്യാപരിച്ചതിനാൽ അവൻ അതിനെ പരിശുദ്ധാത്മാവുമായി ബന്ധപ്പെടുത്തി. ഈ ഭൂമിയിൽ അരൂപിയെ വഹിച്ചിരുന്നപ്പോൾ അതിനെ വ്യസനിപ്പിക്കാത്തതിനാൽ ഈ ജഡത്തിന്റെ വ്യാപാരത്തിൽ അവൻ സംപ്രീതനായി.

7. അതുകൊണ്ട് അവൻ പുത്രനേയും ദൂതൻമാരേയും ഉപദേശകരായി സ്വീകരിച്ചു. കറ കൂടാതെ അരൂപിക്ക് കീഴ്പ്പെട്ട് ജഡത്തിന് ഒരു സ്ഥാനം ഉണ്ടായിരിക്കാനും അതിന്റെ സേവനത്തിന്റെ പ്രതിഫലം നഷ്ടമായി എന്ന് വരാതിരിക്കാനുമാണിത്. പരിശുദ്ധാത്മാവു വസിക്കുന്ന, കറയും മാലിന്യവുമില്ലാത്ത ജഡത്തിനെല്ലാം പ്രതിഫലം ലഭിക്കും. 8. ഇതാണീ ഉപമയുടെ അർത്ഥം."

## 7. ശരീരം കളങ്കരഹിതമായി കാക്കണം

1. "ഈ വ്യാഖ്യാനം എന്നെ സന്തുഷ്ടനാക്കിയിരിക്കുന്നു സർ" ഞാൻ പറഞ്ഞു. "ഞാൻ കുറച്ചു കൂടി പറയാം," അവൻ പറഞ്ഞു: "നിന്റെ ശരീരത്തെ ശുദ്ധമായും കളങ്കം കൂടാതെയും കാക്കണം. നിന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ഇതിന് സാക്ഷ്യം നൽകാനും നിന്റെ ശരീരം നീതീകരിക്കപ്പെടാനുമാണിത്.

2. നിന്റെ ഈ ശരീരം നശിക്കുമെന്നും എന്തെങ്കിലും മലിനത കൊണ്ട് ഇതിനെ മലിനമാക്കാമെന്നും ഉള്ള ചിന്ത ഒരിക്കലും നിന്നിൽ പ്രവേശിക്കാതിരിക്കാൻ ശ്രമിക്കണം. കാരണം, നിന്റെ ശരീരത്തെ മലിനമാക്കിയാൽ നീ ജീവിക്കയില്ല."

3. ഞാൻ പറഞ്ഞു: "സർ, ഈ വാക്കുകൾ കേൾക്കുന്നതിന് മുമ്പ് അഞ്ജതമൂലം സ്വശരീരത്തെ മലിനമാക്കിയവർ എങ്ങനെ രക്ഷപ്പെടും?" "മുൻകാലത്തെ അഞ്ജതയ്ക്ക് പ്രതിവിധി നിശ്ചയിക്കാൻ ദൈവത്തിനേ കഴിയൂ. കാരണം അവിടുന്ന് സർവശക്തനാകുന്നു.

4. ഏതായാലും ഇപ്പോൾ നിന്നെത്തന്നെ ശുദ്ധിയിൽ സൂക്ഷിക്കുക; സർവശക്തനായ കർത്താവ് തന്റെ വലിയ കരുണയാൽ കഴിഞ്ഞകാല അജ്ഞതയ്ക്ക് ഒരു പ്രതിവിധി നിശ്ചയിക്കും. ഭാവിയിൽ ആത്മാവിനെയും ശരീരത്തെയും മലിനമാക്കരുത്. അവ ഒന്നിച്ചു പോകുന്നു. ഒന്നിനെ അശുദ്ധമാക്കുമ്പോൾ മറ്റേതും അശുദ്ധമാകുന്നു. രണ്ടും ശുദ്ധമായി സൂക്ഷിക്കുക; നീ ദൈവത്തിനായി ജീവിക്കും."

www.malankaralibrary.com

# ആറാം ഉപമ

## 1. സന്തുഷ്ടനായ ഇടയൻ - അല്ലലില്ലാത്ത ആടുകൾ

1. എന്റെ ദർശനങ്ങളെക്കുറിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ട് എന്റെ വീട്ടിലിരിക്കുമ്പോൾ ഞാൻ കല്പനകളെപ്പറ്റിയും ധ്യാനിച്ചു. അവ ശ്രേഷ്ഠവും പാലിക്കാൻ സാധിക്കുന്നവയും സന്തുഷ്ടവും മഹനീയവും മനുഷ്യാത്മാക്കളെ രക്ഷിപ്പാൻ പര്യാപ്തവും ആണെന്നു ഞാൻ ചിന്തിച്ചു. അതുകൊണ്ട് ഞാൻ ആത്മഗതം ചെയ്തു. ഈ കല്പനകളനുസരിച്ചു വ്യാപരിച്ചാൽ ഞാൻ സന്തുഷ്ടനായിരിക്കും; അവയിൽ വ്യാപരിക്കുന്നവരെല്ലാം അപ്രകാരമായിരിക്കും.

2. തദവസരം ഇടയൻ എന്റെ സമീപത്തിരിക്കുന്നതായി എനിക്കു കാണപ്പെട്ടു. അദ്ദേഹം എന്നോടു പറഞ്ഞു: "ഞാൻ നിനക്കു നൽകിയ കല്പനകളെപ്പറ്റി നീ സംശയിക്കുന്നതെന്തിനാണ്? അവ പ്രയോജനപ്രദമാണ്; സംശയം ദൂരെയകറ്റൂ, കർത്താവിലുള്ള വിശ്വാസം ധരിക്കൂ; അവയിലൂടെ നടക്കൂ; അവ പാലിക്കാൻ ഞാൻ നിനക്കു ശക്തി നല്കാം. 3. അനുതപിക്കാൻ ഉദ്ദേശിക്കുന്നവർക്ക് ഈ കല്പനകൾ പ്രയോജനപ്രദമാണ്. അവർ അതിലൂടെ നടക്കുന്നില്ലെങ്കിൽ അനുതാപം പ്രയോജനരഹിതമായിരിക്കും."

4. "അനുതപിക്കുന്ന നീ നിന്നെ തളർത്തിക്കളയുന്ന ഈ ലോകത്തിന്റെ ദുഷ്ടത ദുരെയെറിയണം. നീതിയുടെ ശ്രേഷ്ഠത ധരിച്ചാൽ ഈ കൽപ്പനകൾ പാലിക്കാനും മേലിൽ പാപം ചെയ്യാതിരിക്കാനും നിനക്കു സാധിക്കും. കഴിഞ്ഞകാല പാപങ്ങളോട് ഒന്നും കൂട്ടാതിരുന്നാൽ, നിനക്ക് ഈ കൽപ്പനകളിൽ വ്യാപരിക്കാം. നീ ദൈവത്തിനായി ജീവിക്കയും ചെയ്യും. ഞാൻ ഈ കാര്യങ്ങളെല്ലാം നിന്നോട് പറഞ്ഞിട്ടുള്ളതാണ്."

5. ഇത്രയും പറഞ്ഞിട്ട് അദ്ദേഹം എന്നോട് പറഞ്ഞു: "നമുക്കു വയലിലേക്ക് പോകാം. അവിടെ ഞാൻ നിന്നെ ഇടയരെയും ആടുകളെയും കാണിക്കാം." ഞാൻ പറഞ്ഞു: "അതേ. സർ, നമുക്ക് പോകാം." ഞങ്ങൾ വയലിലേക്കു പോകുമ്പോൾ അദ്ദേഹം എന്നെ ഒരു യുവാവിനെ ചൂണ്ടിക്കാട്ടി; അവന്റെ വസ്ത്രം കടും മഞ്ഞനിറമായിരുന്നു.

6. അവൻ വലിയൊരു കൂട്ടം ആടുകളെ മേയിക്കുകയായിരുന്നു. അവ പുഷ്ടിയുള്ളവയും സന്തുഷ്ടി ഉള്ളവയും അവിടെയും ഇവിടെയും തുള്ളിച്ചാടിക്കളിച്ചുകൊണ്ടിരിക്കുന്നവയും ആയിരുന്നു. ഇടയനും തന്റെ ആടുകളിൽ സന്തുഷ്ടനായിരുന്നു; തന്റെ ആടുകളുടെ ഇടയിലൂടെ അവൻ ഓടിനടന്നപ്പോൾ അവൻ തികച്ചും സന്തോഷമുള്ളവനായി കാണപ്പെട്ടു.

www.malankaralibrary.com

## 2. ചതിക്കുന്ന ഇടയൻ

1. അവൻ എന്നോടു പറഞ്ഞു: "നീ ഈ ഇടയനെ കാണുന്നുവോ?" "അതേ സർ," ഞാൻ പറഞ്ഞു. "ചതിയുടെയും സുഖത്തിന്റെയും ദൂതനാണിവൻ," അവൻ പറഞ്ഞു: "ദൈവദാസന്മാരുടെ ആത്മാക്കളെ അവൻ ക്ഷീണിപ്പിക്കുന്നു. മരണകരമായ ദുരാശകളാൽ അവൻ അവരെ ചതിക്കുകയും സത്യത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. 2. തൽഫലമായി സജീവനായ ദൈവത്തിന്റെ കൽപനകൾ അവൻ മറക്കുകയും ചതിയിലും വ്യർത്ഥമായ സുഖഭോഗങ്ങളിലും വ്യാപരിക്കുകയും ചെയ്യുന്നു. ഈ ദൂതൻവഴി നാശത്തിലേക്ക് ഈ കൂട്ടർ നയിക്കപ്പെടുന്നു-ചിലർ മരണത്തിലേക്കും ചിലർ ജീർണതയിലേക്കും."

3. ഞാൻ അവനോടു പറഞ്ഞു: "സർ, മരണം, ജീർണത എന്നിവ എന്താകുന്നു എന്ന് എനിക്കറിയില്ല." "ഞാൻ പറഞ്ഞു തരാം," അവൻ പറഞ്ഞു: "ദൈവത്തിൽനിന്നു പൂർണമായി അകറ്റപ്പെടുകയും ഈ ലോകത്തിന്റെ അശുദ്ധിക്ക് അടിമപ്പെടുകയും ചെയ്തവരാണ് സന്തുഷ്ടരായി തുള്ളിച്ചാടി നടക്കുന്ന ആടുകൾ. കാരണം, ഇത്തരക്കാർക്ക് ജീവനിലേക്കുള്ള അനുതാപമില്ല. അവർ ദൈവനാമം ദുഷിക്കുന്നു. അവരുടെ ജീവിതം മരണമാണ്."

4. "തുള്ളിച്ചാടാതെ ഒരിടത്തുതന്നെ നിന്ന് മേയുന്ന ആടുകൾ സുഖഭോഗങ്ങൾക്കും ചതിക്കും സ്വയം സമർപ്പിച്ചവരാണ്; എന്നാൽ കർത്താവിനെതിരെ ഒരു ദൂഷണവും അവർ പറഞ്ഞിട്ടില്ല. സത്യത്തിൽനിന്ന് അകറ്റപ്പെട്ടവരാണ് അവർ; എങ്കിലും അവർക്ക് അനുതാപത്തിനും ജീവനും സാധ്യതയുണ്ട്. അവർ വഴി പിഴച്ചു എങ്കിലും നവീകരണത്തിനുള്ള പ്രത്യാശ പാടെ തള്ളിക്കളയാനാവില്ല. മറിച്ച്, മരണമെന്നാൽ നിത്യനാശമാണ്."

5. ഞങ്ങൾ ഒന്നിച്ചു കുറെ ദൂരം കൂടി നടന്നു. അപ്പോൾ കാഴ്ചയിൽ പ്രാകൃതനും സ്ഥൂലകായനുമായ ഒരിടയനെ അവൻ ചൂണ്ടിക്കാട്ടി. അവൻ വെളുത്ത ആട്ടിൻ തുകൽ ധരിച്ചിരുന്നു. അവന്റെ തോളിൽ ഒരു സഞ്ചി ഉണ്ടായിരുന്നു. അവന്റെ കൈയിൽ മുഴകളുള്ള പരുപരുത്ത ഒരു വടിയും ഒരുചാട്ടയും ഉണ്ടായിരുന്നു. അവന്റെ രൂക്ഷമായ നോട്ടം കണ്ട് ഞാൻ ഭയപ്പെട്ടു പോയി.

6. യുവാവായ ഇടയനിൽനിന്ന് ഈ ഇടയൻ കൊഴുത്തു തടിച്ചവയും എന്നാൽ തുള്ളിച്ചാടാത്തവയുമായ ആടുകളെ സ്വീകരിച്ചുകൊണ്ടിരുന്നു. മുള്ളുകളും പാഴ്ച്ചെടികളും നിറഞ്ഞ് ചെങ്കുത്തായ ഒരു സ്ഥലത്തേക്ക് അവൻ ഈ ആടുകളെ ഓടിച്ചുകയറ്റി. മുള്ളിൽനിന്നും കുറ്റിക്കാട്ടിൽനിന്നും ഒരുതരത്തിലും രക്ഷപ്പെടാൻ ആടുകൾക്കു കഴിഞ്ഞില്ല. അവ അവയിൽ കുരുങ്ങിക്കിടന്നു. മുള്ളുകളിലും മുൾപ്പടർപ്പുകളിലും കുരുങ്ങിക്കിടന്നവയുടെ സ്ഥിതി വളരെ പരിതാപകരമായിരു

www.malankaralibrary.com

ന്നു. കാരണം, ആ ഇടയൻ അവയെ കൂടെക്കൂടെ അടിക്കുകയും ചെയ്തിരുന്നു. അവ അങ്ങോട്ടും ഇങ്ങോട്ടും നടന്നെങ്കിലും അവൻ അവയ്ക്കൊരു വിശ്രമവും നൽകില്ല. അവയ്ക്ക് സ്വസ്ഥമായി ഒന്നു കിടക്കാൻപോലും സാധിക്കയില്ലായിരുന്നു.

### 3. പ്രതികാരദൂതന്റെ ചുമതല അനുതാപത്തിന്റെ മാലാഖയ്ക്ക്

1. അവ ഇപ്രകാരം മർദ്ദിക്കപ്പെടുകയും ക്ലേശം അനുഭവിക്കുകയും ചെയ്യുന്നതുകൊണ്ട് എനിക്കവയെപ്പറ്റി ദു:ഖമുണ്ടായി. അവയ്ക്ക് ലഭിച്ചപീഡനം ദയാരഹിതമായിരുന്നു. 2. എന്നോടു സംസാരിച്ചുകൊണ്ടിരുന്ന ദൂതനോടു ഞാൻ ചോദിച്ചു: "സർ, ഈ ആടുകളോടു ദയയുടെ കണികപോലുമില്ലാത്ത ക്രൂരനും ഹൃദയരഹിതനുമായ ഈ ഇടയൻ ആരാണ്?" "പ്രതികാര ദൂതൻ; പീഡനത്തിന്റെ ചുമതല ലഭിച്ചിരിക്കുന്ന നീതിനിറഞ്ഞ ദൂതൻമാരിൽ ഒരാളാണയാൾ," അവൻ പറഞ്ഞു.

3. "ദൈവത്തിൽ നിന്നകന്ന് അലഞ്ഞു നടന്ന്, ഈ ലോകത്തിന്റെ സുഖഭോഗങ്ങളിലും ചതിയിലും വ്യാപരിച്ച് തങ്ങളുടെ വഴിതെറ്റി തദനുസൃതമായി ഭീകരശിക്ഷയ്ക്കധീനരായവരെ അവൻ പൊക്കിയെടുക്കുന്നു."

4. ഞാൻ പറഞ്ഞു: "സർ, ഈ വിധ ശിക്ഷകളേവയെന്ന് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു." "ഞാൻ പറയാം," അവൻ പറഞ്ഞു: "പീഡനങ്ങളും ശിക്ഷകളും താല്ക്കാലികമാണ്. ചിലർ ദാരിദ്ര്യം മൂലം; ചിലർ വിവിധരോഗങ്ങളിലൂടെ; ചിലർ സ്ഥിരമായ വാസസ്ഥലമില്ലാതെ; ചിലർ നീചൻമാരുടെ നിന്ദനത്തിലൂടെ-ഇങ്ങനെ എല്ലാവിധ കഷ്ടതകളിലൂടെയും-ശിക്ഷിക്കപ്പെടുന്നു."

5. "കൃത്യമായ പദ്ധതികളില്ലാത്തവർ പല കാര്യങ്ങൾ തുടങ്ങുന്നു; എന്നാൽ ഒരിക്കലും വിജയിക്കുന്നില്ല. തങ്ങളുടെ പ്രയത്നങ്ങളിലൊന്നും വിജയമില്ലെന്നും അവർ വിലപിക്കുന്നു; എന്നാൽ തങ്ങൾ തിന്മ പ്രവർത്തിച്ചു എന്ന് അവർ അല്പം പോലും ചിന്തിക്കുന്നില്ല. അതിനു പകരം കർത്താവിനെ കുറ്റപ്പെടുന്നു."

6. "ബഹുവിധ ക്ലേശങ്ങളാൽ പീഡിപ്പിക്കപ്പെട്ടശേഷം ശരിയായ പ്രബോധനത്തിനുവേണ്ടി അവർ എനിക്ക് എല്പിക്കപ്പെടും; അവരുടെ ശിഷ്ടായുസ്സു മുഴുവൻ ശുദ്ധഹൃദയത്തോടെ അവർ കർത്താവിനെ സേവിക്കും. അവർ അനുതപിക്കുമ്പോൾ, ചെയ്ത പ്രവൃത്തികൾ അവർ അനുസ്മരിക്കും. തദവസരത്തിൽ കർത്താവിനെ സ്തുതിക്കും. ദൈവം നീതിമാനായ വിധിയാളനാണെന്നും ഓരോരുത്തരും അവരുടെ പ്രവൃത്തികൾക്കനുസൃതമാണു ശിക്ഷിക്കപ്പെട്ടതെന്നും അവർ വിളംബരം ചെയ്യും. ഭാവിയിൽ ശുദ്ധ ഹൃദയത്തോടെ കർത്താവിനെ അവർ സേവിക്കും; അവർ ആവശ്യപ്പെടുന്നതെല്ലാം കർത്താവിൽനിന്ന് അവർക്ക്

www.malankaralibrary.com

ലഭിക്കും. അവരുടെ പ്രവൃത്തികളിൽ എല്ലാം അവർക്ക് ഐശ്വര്യം ഉണ്ടാകും (മത്താ. 21:22, യോഹ. 3:22). ഞാൻ അവരെ സംരക്ഷിക്കുന്നതിനാലും മേലിൽ പീഡനമേല്ക്കേണ്ടി വരികയില്ലാത്തതിനാലും അവർ കർത്താവിനെ സ്തുതിക്കും."

## 4. സുഖഭോഗത്തിന്റെയും ശിക്ഷയുടെയും കാലാവധി

1. ഞാൻ അവനോടു പറഞ്ഞു: "സർ, ഒരു കാര്യം കൂടി എനിക്കു വിവരിച്ചു തരണം." "എന്താണു സംഗതി?" അവൻ ആരാഞ്ഞു. ഞാൻ പറഞ്ഞു: "സുഖഭോഗങ്ങളിലും വ്യർത്ഥതയിലും ജീവിതം പാഴാക്കിയവർ ചെലവഴിച്ച അത്രയും കാലദൈർഘ്യം പീഡിപ്പിക്കപ്പെടുമോ?" "അതെ, കൃത്യം അത്രയും കാലം," അവൻ പറഞ്ഞു. 2. ഞാൻ പറഞ്ഞു: "സർ, അവർ വളരെ ചുരുങ്ങിയ കാലത്തേക്കല്ലേ പീഡിപ്പിക്കപ്പെടുന്നത്; സ്വാർത്ഥതയിലും ദൈവത്തെ മറന്നും ജീവിച്ചതിന്റെ ഏഴിരട്ടി അവർ പീഡിപ്പിക്കപ്പെടണം."

3. അവൻ എന്നോടു പറഞ്ഞു: "നീയൊരു വിഡ്ഢിയാണ്. പീഡനത്തിന്റെ ആധിക്യത്തെപ്പറ്റി നിനക്കൊരു രൂപവുമില്ല." "സർ, എനിക്കതറിയാമായിരുന്നെങ്കിൽ അതെനിക്കു വിവരിച്ചു തരാൻ അങ്ങയോടു ഞാൻ പറയുകയില്ലായിരുന്നു." "രണ്ടിന്റെയും ശക്തി ഞാൻ വിവരിക്കാം. 4. സ്വാർത്ഥതയുടെയും വ്യർത്ഥതയുടെയും ജീവിതം ഒരു മണിക്കൂർ എങ്കിൽ പീഡനത്തിന്റെ ഒരു മണിക്കൂർ 30 ദിവസത്തിനു സമമാണ്. ആരെങ്കിലും ഒരു ദിവസം സുഖഭോഗങ്ങളിൽ ജീവിക്കുകയോ വ്യർത്ഥതയ്ക്കടിമപ്പെടുകയോ ചെയ്താൽ ഒരു ദിവസത്തെ പീഡനത്തിനു ഒരു വർഷം മുഴുവനുമുള്ള സഹനത്തിന്റെ ഫലമുണ്ട്. സുഖലോലുപജീവിതം നയിച്ച ദിവസങ്ങൾക്കനുസരിച്ച് അത്രയും വർഷം അവർ പീഡിപ്പിക്കപ്പെടുന്നു.സുഖലോലുപത്വത്തിന്റെയും വ്യർത്ഥതയുടെയും കാലാവധി വളരെ ഹ്രസ്വമാണെങ്കിലും ശിക്ഷയുടെയും പീഡനത്തിന്റെയും കാലാവധി ദൈർഘ്യമേറിയതാണ്."

## 5. പ്രയോജനപ്രദവും ഉപദ്രവകരവുമായ സന്തോഷങ്ങൾ

1. ഞാൻ പറഞ്ഞു: "സർ, ചതിയുടെയും സുഖഭോഗത്തിന്റെയും കാലാവധിയെപ്പറ്റിയും പീഡനത്തിന്റെ കാലാവധിയെപ്പറ്റിയും ഇപ്പോഴും എനിക്കു ശരിയായി മനസ്സിലായില്ല; കുറേക്കൂടി വ്യക്തമായി വിവരിച്ചു തരാമോ?" 2. അതിനു മറുപടിയായി അവൻ പറഞ്ഞു: "നീ ഒരു പമ്പര വിഡ്ഢിയാണ്. നിന്റെ ഹൃദയത്തെ ശുദ്ധമാക്കാനും ദൈവത്തെ സ്നേഹിക്കാനും നിനക്കിഷ്ടമില്ല. സമയം കഴിഞ്ഞു പോകയും നീ ഇനിയും വിഡ്ഢിയായി കാണപ്പെടാതിരിക്കയും ചെയ്യാൻ ശ്രദ്ധിക്കുക. നീ ആഗ്രഹിക്കുന്നതുപോലെ ഗ്രഹിക്കാനായി ഞാൻ അതു നിന്നോടു പറയാം."

3. "സുഖസമൃദ്ധിയിൽ ജീവിക്കുന്നവനും തന്നിഷ്ടം പ്രവർത്തിച്ച്

www.malankaralibrary.com

ഒരു ദിവസത്തേക്കു ചതിക്കപ്പെടുന്നവനും താൻ എന്തുചെയ്യുന്നു എന്ന റിയാതെ വിഡ്ഢിത്തം വസ്ത്രംപോലെ എടുത്തുടുക്കുന്നു. തങ്ങൾ ധരിച്ചിരിക്കുന്ന വിഡ്ഢിത്തം നിമിത്തം തങ്ങളുടെ തന്നിഷ്ടത്തിന്റെയും വ്യർത്ഥതയുടെയും ഓർമ്മകൂടി അവർക്കു നഷ്ടപ്പെടുന്നു. എന്നാൽ ഒരുദിവസത്തേക്കു ശിക്ഷയും പീഡനവും ലഭിക്കുമ്പോൾ അത് ഒരു വർഷം മുഴുവനും ശിക്ഷയും പീഡനവുമാണ്. കാരണം, മനുഷ്യർ ശിക്ഷയും പീഡനവും എന്നും ഓർത്തിരിക്കും."

4. "ഒരു വർഷം മുഴുവൻ ശിക്ഷിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നവർ അവസാനം തന്റെ സ്വാർത്ഥതയും വ്യർത്ഥതയും അനുസ്മരിക്കുന്നു; താൻ അതിനാണു സഹിക്കുന്നതെന്ന് അവൻ ഓർമ്മിക്കുകയും ചെയ്യുന്നു. എല്ലാ സ്വാർത്ഥരും വ്യർത്ഥജീവിതം നയിക്കുന്നവരും ഈ രീതിയിൽ പീഡിപ്പിക്കപ്പെടുന്നു; കാരണം അവർക്ക് ജീവൻ ഉണ്ടായിരുന്നെങ്കിലും മരണത്തിനു സ്വയം കയ്യാളിച്ചു."

5. "സർ, എന്തുതരം സ്വാർത്ഥതയാണ് ഏറ്റം ഹീനമായിട്ടുള്ളത്?" അവൻ പറഞ്ഞു: "സുഖലോലുപതത്തിനുവേണ്ടി ചെയ്യുന്നവയൊക്കെ സ്വാർത്ഥതയാണ്. ഉദാഹരണമായി, കോപിഷ്ഠൻ തന്റെ വികാരങ്ങളെ കടിഞ്ഞാണില്ലാതെ അഴിച്ചു വിടുന്നതുവഴി സുഖലോലുപനാകുന്നു. അപ്രകാരം തന്നെയാണ് വ്യഭിചാരിയും മദ്യപാനിയും പരദൂഷകനും നുണയനും അസൂയാലുവും മോഷ്ടാവും അത്തരം പാപം ചെയ്യുന്നവരെല്ലാം-ചെയ്യുന്നത്. ഓരോരോ തിന്മകളെ നിയന്ത്രണരഹിതമായി കയറൂരി വിടുന്നു. തദ്ഫലമായി തന്റെ പ്രവൃത്തിയിൽ അവൻ സ്വാർത്ഥലോലുപനാണ്. 6. ദൈവദാസന്മാർക്ക് ഇത്തരം കർമ്മങ്ങളെല്ലാം ദോഷകരമാണ്. ശിക്ഷിക്കപ്പെടുന്നവരും പീഡിപ്പിക്കപ്പെടുന്നവരും ഇത്തരം മിഥ്യകൾക്കാണു സഹിക്കേണ്ടി വരുന്നത്."

7. "എന്നാൽ മനുഷ്യർക്കു രക്ഷ പ്രദാനം ചെയ്യുന്ന സുഖങ്ങളുണ്ട്. നന്മയിൽ സമൃദ്ധരായ നിരവധിയാളുകളുണ്ട്. ഇതു പ്രദാനം ചെയ്യുന്ന സുഖംകൊണ്ടു കർമനിരതരായവരുണ്ട്. ദൈവദാസന്മാർക്കു പ്രയോജനപ്രദമാണ് ഇത്തരം സുഖങ്ങൾ; അത് അവർക്ക് ജീവൻ സമ്പാദിച്ചു കൊടുക്കുകയും ചെയ്യുന്നു. എന്നാൽ മുകളിൽ സൂചിപ്പിച്ചവ ശിക്ഷയും പീഡനവും ക്ഷണിച്ചു വരുത്തുന്നു; അനുതപിക്കാതെ, അവയിൽ ത്തന്നെ തുടർന്നാൽ അവൻ സ്വയം മരണം ക്ഷണിച്ചു വരുത്തുകയാണ്."

www.malankaralibrary.com

# ഏഴാം ഉപമ

## പ്രതികാര ദൂതൻ

1. ഞാൻ ഇടയന്മാരെ ദർശിച്ച അതേ സ്ഥലത്തു കുറെ ദിവസങ്ങൾക്കു ശേഷം വീണ്ടും ഞാൻ ഇടയനെ കണ്ടുമുട്ടി. അവൻ എന്നോടു ചോദിച്ചു: "നീയെന്തന്വേഷിക്കുന്നു?" ഞാൻ പറഞ്ഞു: "സർ, പ്രതികാരദൂതൻ എന്റെ ഭവനത്തെ വിട്ടുമാറാൻ നീ കല്പിക്കുന്നതിനാണു ഞാനിവിടെ എത്തിയിരിക്കുന്നത്. അവൻ എന്നെ വളരെയധികം പീഡിപ്പിക്കുന്നു." "നീ പീഡിപ്പിക്കപ്പെടണം," അവൻ പറഞ്ഞു: "നിന്നെ സംബന്ധിച്ചു മഹത്വപൂർണ്ണനായ മാലാഖയുടെ നിർദ്ദേശം അതാണ്. കാരണം, നിന്നെ പരീക്ഷണ വിധേയനാക്കാൻ അവൻ ആഗ്രഹിക്കുന്നു." "സർ, ഈ ദൂതനു ഞാൻ ഭരമേല്പിക്കത്തക്കവിധം എന്തു ദുഷ്ടതയാണ് ഞാൻ പ്രവർത്തിച്ചത്?" ഞാനാരാഞ്ഞു.

2. അവൻ പറഞ്ഞു: "ഞാൻ പറയാം; നിന്റെ പാപങ്ങൾ നിരവധിയാണ്; എന്നാൽ ഈ ദൂതനു ഭരമേല്പിക്കത്തക്കവിധം ബഹുലങ്ങളല്ല. നിന്റെ ബന്ധുക്കൾനിരവധി പാപങ്ങളും അക്രമങ്ങളും ചെയ്തുകൂട്ടിയിട്ടുണ്ട്. മഹത്വപൂർണ്ണനായ മാലാഖ അതിൽ ക്രുദ്ധനായിരിക്കയാണ്. നിന്റെ ബന്ധുക്കളും അനുതപിക്കുകയും ഈ ലോകത്തിന്റെ എല്ലാ അശുദ്ധതകളും കഴുകി ശുദ്ധീകരിക്കപ്പെടുകയും ചെയ്യണം. അക്കാരണത്താൽ നീ കുറെ കാലത്തേക്ക് പീഡിപ്പിക്കപ്പെടാൻ അവൻ കല്പന കൊടുത്തിരിക്കുന്നു. അവർ അനുതപിച്ചു ശുദ്ധീകരിക്കപ്പെട്ടു കഴിയുമ്പോൾ അവരെ ശിക്ഷിക്കുന്നതിൽനിന്നു ദൂതൻ പിൻമാറും." 3. ഞാൻ അവനോടു പറഞ്ഞു: "സർ, മഹത്വപൂർണ്ണനായ മാലാഖയെ അവർ ക്രുദ്ധനാക്കിയെങ്കിൽ ഞാനെന്തു തെറ്റു ചെയ്തു?" "നീ പീഡനം സഹിക്കാതെ അവരെ മാത്രം ശിക്ഷിക്കാൻ സാധിക്കുകയില്ല. നീ പീഡനം സഹിക്കുമ്പോൾ അവരും സഹിക്കും; നിനക്കു സമൃദ്ധിയാണെങ്കിൽ അവർക്കൊരു പീഡനവും ഉണ്ടാവില്ല."

4. ഞാൻ പറഞ്ഞു: "സർ, നോക്കൂ, അവർ പൂർണഹൃദയത്തോടെ അനുതപിച്ചവരാണല്ലോ?" അവൻ പറഞ്ഞു: "അവർ പൂർണഹൃദയത്തോടെ അനുതപിച്ചവരാണെന്ന് എനിക്കറിയാം. അനുതാപം കൊണ്ട് ഉടനെ പാപമോചനം ലഭിക്കുമെന്നു നീ കരുതുന്നുണ്ടോ? ഇല്ല. ഒരിക്കലുമില്ല. അനുതപിക്കുന്നവൻ തന്റെ ആത്മാവിനെ തപിപ്പിക്കണം; തന്റെ എല്ലാ പീഡനങ്ങളും താഴ്മയോടുകൂടി സഹിക്കണം; വിവിധ രീതികളിൽ അവർ കഷ്ടപ്പെടണം. തനിക്കുണ്ടാകുന്ന കഷ്ടതകൾ ക്ഷമാപൂർവം സഹിച്ചാൽ, എല്ലാറ്റിന്റെയും സ്രഷ്ടാവിൽ നിന്നു സമൃ

www.malankaralibrary.com

ദ്ധമായ കൃപ അവനു ലഭിക്കും; ശക്തി പകർന്നവൻ അവിടുന്നാണല്ലോ. പ്രതിവിധി നൽകുന്നവനും അവിടുന്നു തന്നെയാകുന്നു."

5. "അനുതാപിയുടെ ഹൃദയം എല്ലാവിധ അധർമ്മത്തിൽ നിന്നും വിമുക്തമാണെന്നു കാണുമ്പോൾ ദൈവം ഇതു നൽകും. നീ ഇപ്പോൾ പീഡിപ്പിക്കപ്പെടുന്നതു നിനക്കും നിന്റെ കുടുംബാംഗങ്ങൾക്കും നന്മയ്ക്കാണ്. ഇതിൽ കൂടുതൽ എന്താണു ഞാൻ പറയേണ്ടത്? നിന്നെ എനിക്ക് കയ്യാളിച്ച ആ ദൈവദൂതന്റെ കല്പന അനുസരിച്ചു നീ പീഡിപ്പിക്കപ്പെടണം. നിനക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന പീഡനങ്ങളെപ്പറ്റിയുള്ള മുന്നറിയിപ്പു ലഭിക്കാൻ നിന്നെ യോഗ്യനായി കരുതിയതിനാൽ ധൈര്യപൂർവം അതു സഹിക്കാൻ നീ ശക്തനായിത്തീരും."

6. ഞാൻ അവനോടു പറഞ്ഞു: "സർ, നീ എന്നോടുകൂടെ ആയിരുന്നാൽ എല്ലാ പീഡനങ്ങളും സഹിക്കാൻ ഞാൻ ശക്തനായിത്തീരും." അവൻ പറഞ്ഞു: "ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും; നിനക്കു ലഘുവായ പീഡനങ്ങളയയ്ക്കാൻ പ്രതികാരത്തിന്റെ ദൂതനോടു ഞാൻ കല്പിക്കും. എങ്കിലും കുറെ സമയത്തേക്കു നീയും പീഡിപ്പിക്കപ്പെടണം. അതിനു ശേഷം നിന്റെ ഭവനത്തോടു നീ ചേർക്കപ്പെടും. ശുദ്ധഹൃദയത്തോടുകൂടി നീയും നിന്റെ മക്കളും നിന്റെ ഭവനത്തിലുള്ള മറ്റുള്ളവരും വിനീതരായി കർത്തൃശുശ്രൂഷയിൽ തല്പരരായിരിക്കുക. ഞാൻ നൽകിയ കല്പനകളിലൂടെ നടക്കുക; നിന്റെ അനുതാപം സുശക്തവും നിർമ്മലവുമായിരിക്കും."

7. "നീ നിന്റെ ഭവനക്കാരെല്ലാവരോടും കൂടെ ഈ കല്പനകൾ അനുസരിച്ചാൽ എല്ലാവിധ പീഡനങ്ങളും നിന്നെ കടന്നു പോകും. അതുപോലെ എന്റെ ഈ കല്പനകൾ അനുസരിക്കുന്ന എല്ലാവരിൽ നിന്നും പീഡനങ്ങൾ അകന്നുപോകും."

# എട്ടാം ഉപമ

## 1. അരുളിച്ചെടി

1. അവൻ എന്നെ പടർന്നു പന്തലിച്ച ഒരു അരുളിച്ചെടി കാണിച്ചു. അതു സമതലങ്ങളും പർവതനിരകളും നിറഞ്ഞു നിന്നു. കർത്തൃനാമം വിളിക്കപ്പെട്ടവരെല്ലാം അതിന്റെ കീഴിൽ എത്തിച്ചേർന്നു. 2. മൂർച്ചയുള്ള ഒരു കത്തി കയ്യിലേന്തിക്കൊണ്ടു മഹത്വപൂർണനും വളരെയധികം നീളമുള്ളവനുമായ ഒരു ദൂതൻ ആ വൃക്ഷത്തിന്റെ സമീപത്തു നിന്നു. അവൻ ശിഖരങ്ങൾ വെട്ടി അവിടെ നിന്ന ജനങ്ങൾക്കു പങ്കിട്ടുകൊടുത്തുകൊണ്ടിരുന്നു. രണ്ടടി നീളമുള്ള കമ്പുകളും അവൻ പങ്കിട്ടു കൊടുത്തു

www.malankaralibrary.com

കൊണ്ടിരുന്നു. 3. എല്ലാവർക്കും കമ്പുകൾ ലഭിച്ചു കഴിഞ്ഞപ്പോൾ അവൻ വെട്ടുകത്തി താഴെയിട്ടു (സംഖ്യ. 17: 6–9); എങ്കിലും മരങ്ങൾ ഞാൻ ആദ്യം കണ്ടപോലെ തന്നെ തഴച്ചു പടർന്നുനിന്നു.

4. ഞാനിതിൽ അത്ഭുതപ്പെട്ടു സ്വഗതമായി പറഞ്ഞു: "നിരവധി ശിഖരങ്ങൾ വെട്ടപ്പെട്ട ശേഷവും ഈ വൃക്ഷം എങ്ങനെയാണ് അവികലമായിരിക്കുന്നത്?" ഇടയൻ എന്നോടു പറഞ്ഞു: "നിരവധി ശിഖരങ്ങൾ വെട്ടപ്പെട്ടശേഷവും വൃക്ഷം അവികലമായിരിക്കുന്നതിൽ അത്ഭുതപ്പെടേണ്ട. നീ എല്ലാം കണ്ടു കഴിയുമ്പോൾ ഇതിന്റെ അർത്ഥം നിനക്കു വ്യക്തമാകും. അതുവരെ ക്ഷമിക്കുക."

5. കമ്പുകൾ വിതരണം ചെയ്ത ദൂതൻ അവ തിരികെ വാങ്ങി. ആളുകൾ കമ്പുകൾ വാങ്ങിയ ക്രമത്തിൽത്തന്നെ അവന്റെ പക്കലേക്കു വിളിക്കപ്പെട്ടു; അവർ ക്രമമനുസരിച്ച് അവ തിരികെ കൊടുക്കുകയും ചെയ്തു. കർത്താവിന്റെ ദൂതൻ അവ വാങ്ങി ശ്രദ്ധാപൂർവം പരിശോധിച്ചു. 6. ചിലരുടെ കമ്പുകൾ ഉണങ്ങിയതും പുഴു തിന്നതും ആയിരുന്നു. അപ്രകാരമുള്ളവ കൊടുത്തവരോട് ഒന്നിച്ചു മാറി നിൽക്കാൻ അവൻ ആവശ്യപ്പെട്ടു. ചിലരുടേത് ഉണങ്ങിയിരുന്നു; എന്നാൽ പുഴു തിന്നതായിരുന്നില്ല. അവരെയും ഒരിടത്തു തനിച്ചു നിർത്തി. 8. ചിലരുടേത് പകുതി ഉണങ്ങിയിരുന്നു; അവരെയും ഒന്നിച്ചു നിർത്തി. 9. മറ്റൊരു വിഭാഗത്തിന്റെ കമ്പുകൾ ഒടിഞ്ഞതും ചതഞ്ഞതും ആയിരുന്നു. അവരെയും അവൻ ഒന്നിച്ചു നിർത്തി.

10. വേറൊരു വിഭാഗത്തിന്റേതു പച്ചിച്ചതും ചതഞ്ഞതും ആയിരുന്നു. അവരും ഒരു വശത്തു നിന്നു. 11. ചിലരുടേതു പകുതി പച്ചിച്ചതും പകുതി ചതഞ്ഞതും ആയിരുന്നു; അവരും വേറെനിന്നു. 12. മറ്റു ചിലർ മൂന്നിൽ രണ്ടു പച്ചിച്ചതും മൂന്നിലൊന്ന് ഉണങ്ങിയതും കൊണ്ടു വന്നു; അവരും മാറി നിന്നു. 13. വേറെ ചിലരുടേത് മൂന്നിൽ രണ്ട് ഉണങ്ങിയതും മൂന്നിലൊന്ന് പച്ചിച്ചതുമായിരുന്നു; അവരും മാറി നിന്നു.

14. വേറെ ചിലരുടെ കമ്പ് ഏതാണ്ടു പൂർണമായി പച്ചിച്ചതും വളരെ ചെറിയൊരു ഭാഗം മാത്രം–അറ്റം മാത്രം– ഉണങ്ങിയതുമായിരുന്നു; അവരുടേതും ചതഞ്ഞിരുന്നു; അവരും ഒരിടത്തു നിന്നു. 16. വേറെ ചിലർ മാലാഖയിൽ നിന്നു വാങ്ങിയ രീതിയിൽ തന്നെ പച്ചയായ കമ്പുകൾ തിരികെ കൊണ്ടുവന്നു കൊടുത്തു. ഭൂരിപക്ഷവും ഇത്തരം കമ്പുകളാണ് തിരികെ കൊടുത്തത്. അവരിൽ ആ ദൂതൻ സന്തുഷ്ടനായി. അവരും ഒരു വശത്തു മാറി നിന്നു.

17. വേറെ ചിലർ മുളകളുള്ള പച്ചക്കമ്പുകൾ തിരികെ കൊടുത്തു. അവരിലും മാലാഖ വളരെ സന്തുഷ്ടനായി. അവരും ഒരു വശത്തു മാറിനിന്നു. 18. വേറെ ചിലരുടെ കമ്പുകൾ പച്ചിച്ചു മൊട്ടിട്ടു, കായിച്ചു

www.malankaralibrary.com

തുടങ്ങിയിരുന്നു. ഇത്തരം കമ്പുകൾ കൊണ്ടു വന്നവർ വളരെ സന്തുഷ്ടരായിരുന്നു. മാലാഖ അവരിൽ വളരെ സന്തുഷ്ടനായിരുന്നു; ഇടയൻ വളരെയധികം ആനന്ദിക്കുകയും ചെയ്തു.

## 2. പച്ചക്കമ്പ് വഹിച്ചവർ

1. കിരീടങ്ങൾ കൊണ്ടുവരാൻ കർത്താവിന്റെ ദൂതൻ കൽപ്പിച്ചു. പനയോലകൊണ്ടുള്ള കിരീടങ്ങൾ അവന്റെ മുമ്പിൽ വയ്ക്കപ്പെട്ടു. മുളകളും കായ്കളും ഉള്ള പച്ചക്കമ്പുകൽ കൊണ്ടുവന്നവർക്ക് അവ നൽകി, അവരെ ഗോപുരത്തിലേക്ക് അവൻ അയച്ചു. 2. ഫലരഹിതമെങ്കിലും മുളയുള്ള പച്ചക്കമ്പുകൾ കൊടുത്തവരെയും ഒരു മുദ്ര നൽകിയശേഷം അവൻ ഗോപുരത്തിലേക്കയച്ചു.

3. ഗോപുരത്തിലേക്ക് പോകുമ്പോൾ അവർക്കെല്ലാം മഞ്ഞുപോലെ വെണ്മയുള്ള ഒരേതരം വസ്ത്രങ്ങൾ ലഭിച്ചു. 4. ലഭിച്ചപോലെ പച്ചക്കമ്പു തിരികെ കൊടുത്തവർക്ക് അവൻ ഒരു മുദ്രയും വെള്ളവസ്ത്രവും നൽകി ഗോപുരത്തിലേക്കയച്ചു. 5. ഇത്രയും ചെയ്തുകഴിഞ്ഞപ്പോൾ ദൂതൻ ഇടയനോട് പറഞ്ഞു: "ഞാനിതാ പോകുന്നു. ഈ മനുഷ്യരെ ഓരോരുത്തരെയും താന്താങ്ങൾ അർഹിക്കുന്നതനുസരിച്ച് മതിലിനകത്തുള്ള വാസസ്ഥലങ്ങളിലേക്ക് അയയ്ക്കുക. അവരുടെ കൊമ്പുകൽ നന്നായി പരിശോധിച്ചശേഷം മാത്രം അവരെ അയയ്ക്കുക. നീ മൂലം ഒരുവനും വഴുതിപ്പോകാതിരിക്കാൻ ശ്രദ്ധിക്കുക. അങ്ങനെ സംഭവിച്ചാൽ ഞാൻ അവരെ ബലിപീഠത്തിൽ പരീക്ഷണവിധേയരാക്കും." ഇടയനോടിത്രയും പറഞ്ഞിട്ട് ദൂതൻ മറഞ്ഞുപോയി.

6. ദൂതൻ പോയിക്കഴിഞ്ഞപ്പോൾ ഇടയൻ എന്നോടു പറഞ്ഞു: "നമുക്ക് കമ്പുകളെല്ലാം എടുത്തു നടാം. ചില കമ്പുകൾ കിളിർക്കാൻ ഇടയുണ്ട്." ഞാൻ പറഞ്ഞു: "സർ, ഈ ഉണങ്ങിയ കമ്പുകൾ എങ്ങനെ കിളിർക്കും?" 7. അവൻ മറുപടിയായി പറഞ്ഞു: "ഇത് ഒരു അരുളിമരം ആയതിനാൽ കൊമ്പുകൾ കിളിർക്കാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് നട്ട് അല്പ്പം നനവു ലഭിച്ചാൽ മിക്കതും കിളിർത്തേക്കാം; വേണ്ടവണ്ണം വെള്ളവും ഒഴിച്ചുകൊടുക്കാം. ഏതെങ്കിലും കമ്പു കിളിർത്താൽ നമുക്കും അതിന്റെ സന്തോഷത്തിൽ പങ്കുചേരാം. അതു മുളച്ചില്ലെങ്കിൽ ഞാൻ അശ്രദ്ധനായിരുന്നില്ലെന്ന് വ്യക്തമാക്കപ്പെടുക തന്നെ ചെയ്യും."

8. കമ്പു വഹിച്ചവർ നിന്നിടത്തുനിന്ന് അവരെ വിളിക്കാൻ ഇടയൻ എന്നോടു കൽപ്പിച്ചു. അവർ ക്രമം അനുസരിച്ച് വരുകയും കമ്പുകൾ ഇടയനെ ഏൽപ്പിക്കുകയും ചെയ്തു. നിരനിരയായി ഇടയൻ അവ നട്ടു. നട്ടു കഴിഞ്ഞ് കമ്പുകൾ മുങ്ങിപ്പോകത്തക്കവണ്ണം അവൻ വെള്ളമൊഴിച്ചു. ജലസമൃദ്ധികൊണ്ട് കമ്പുകൾ കാണാനേ സാദ്ധ്യമല്ലായിരു

www.malankaralibrary.com

ന്നു. 9. അവയെ നനച്ചിട്ട് അവൻ എന്നോടു പറഞ്ഞു: "നമുക്കുപോകാം. കുറെ ദിവസം കഴിഞ്ഞുവന്ന് നമുക്ക് ഈ കമ്പുകൾ പരിശോധിക്കാം. കാരണം, ഈ മരം സൃഷ്ടിച്ചവൻ ഇതിൽനിന്ന് കമ്പുകൾ എടുത്തവർ ജീവിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ജലാംശം സ്വീകരിച്ചു കഴിയുമ്പോൾ ഭൂരിഭാഗം കമ്പുകളും മുളയ്ക്കും എന്നാണ് എന്റെ പ്രത്യാശ."

### 3. മരത്തിന്റെയും കമ്പുകളുടെയും അർത്ഥം

1. ഞാൻ അവനോട് പറഞ്ഞു: "സർ, ഈ വൃക്ഷം എന്താണെന്ന് എന്നോട് പറയുക. എനിക്കൊരെത്തും പിടിയും കിട്ടുന്നില്ല. നിരവധി ശിഖരങ്ങൾ വെട്ടപ്പെട്ടിട്ടും ഒന്നും വെട്ടാത്തപോലെ ആ മരം അവികലമായിരിക്കുന്നു. ഇതെന്നെ കുഴയ്ക്കുന്നു." 2. അവൻ പറഞ്ഞു: "ഞാൻ പറയാം. സമതലവും പർവതങ്ങളും ഭൂമി മുഴുവനും നിറഞ്ഞിരിക്കുന്ന ഈ വൃക്ഷം ലോകം മുഴുവനും വേണ്ടി നല്കപ്പെട്ട ദൈവനിയമമാണ്. ലോകാന്ത്യം വരെ പ്രഖ്യാപിക്കപ്പെടുന്ന ദൈവപുത്രൻ ആണ് ഈ നിയമം. ഈ സദ്വാർത്ത ശ്രവിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്തവരാണ് അതിന്റെ തണലിൽ കഴിയുന്ന ആളുകൾ."

3. "ഈ ജനങ്ങളുടെ മേൽ അധികാരമുള്ളവനും അവരുടെ വഴികാട്ടിയുമായ മിഖായേൽ ആണ് വലിയവനും മഹത്വമുള്ളവനുമായ മാലാഖ. വിശ്വാസികളുടെ മനസ്സിൽ നിയമം ഉദിപ്പിക്കുന്നത് മിഖായേലാണ്. നിയമം ലഭിച്ചവൻ അത് അനുസരിക്കുന്നുണ്ടോ എന്ന് അവൻ സൂക്ഷ്മമായി പരിശോധിക്കുന്നു."

4. "ഓരോ വ്യക്തിയുടെയും ദണ്ഡു നിനക്കു ദർശിക്കാം. അവ നിയമമാണ്. നിരവധി ദണ്ഡുകൾ പ്രയോജനരഹിതമായതു നീ കാണുന്നുണ്ടല്ലോ. അതുപോലെ ആ മനുഷ്യരെല്ലാം നിയമം കാക്കുന്നതിൽ പരാജിതരായി; അവരുടെ വാസസ്ഥലവും നിനക്കു ദർശിക്കാം." 5. ഞാൻ അവനോടു പറഞ്ഞു: "സർ, എന്തുകൊണ്ടാണു ചിലരെ ഗോപുരത്തിലയച്ചതും ചിലരെ പിറകിൽ ഉപേക്ഷിച്ചതും?" "ദൈവത്തിൽനിന്ന് സ്വീകരിച്ച നിയമം ലംഘിച്ചവരെ അനുതപിക്കുമോ എന്നുകാണുവാൻവേണ്ടി അവൻ എന്റെ അധികാരത്തിൻ കീഴിൽ വിട്ടിരിക്കുന്നു. എന്നാൽ നിയമം അനുസരിക്കുകയും അവനു തൃപ്തിവരുത്തുകയും ചെയ്തവരെ തന്റെ തന്നെ അധികാരത്തിൻ കീഴിൽ അവൻ വയ്ക്കുന്നു."

6. ഞാൻ ചോദിച്ചു: "സർ, കിരീടം സ്വീകരിച്ച് ഗോപുരത്തിലേക്കു പോയവർ ആരാണ്?" "പിശാചിനോട് മൽപിടുത്തം നടത്തി അവനെ പരാജയപ്പെടുത്തിയവരാണ് അവർ. അവർ കിരീടം ധരിപ്പിക്കപ്പെട്ടിരിക്കുന്നു. നിയമത്തിനു വേണ്ടി സഹിച്ചവരാണ് അവർ. 7. മുളയുള്ള

www.malankaralibrary.com

പച്ചക്കൊമ്പുകൾ തിരികെ കൊടുത്തവരും നിയമത്തെ പ്രതി പീഡ സഹിച്ചവരാണ്; എന്നാൽ രക്തസാക്ഷി മകുടം ചൂടിയിട്ടില്ല: അവർ ഒരിക്കലും നിയമം തള്ളി പറഞ്ഞിട്ടില്ല. 8. ലഭിച്ചതുപോലെ പച്ചയായി ദണ്ഡ് തിരികെ കൊടുത്തവർ വിശുദ്ധരും നീതിമാൻമാരും ശ്രേഷ്ഠ മായ വിധം ഹൃദയവിശുദ്ധിയിൽ വ്യാപരിക്കുന്നവരും കർത്തൃകല്പ നകൾ പാലിക്കുന്നവരുമാണ്. നട്ടുനനച്ച കമ്പുകളെ ഞാൻ സസൂഷ്മം വീക്ഷിക്കുമ്പോൾ ബാക്കിയുള്ളവ നീ ഗ്രഹിക്കും."

## 4. നിലത്തു നട്ട കമ്പുകൾ

1. കുറേ ദിവസങ്ങൾക്കുശേഷം ഞങ്ങൾ ആ സ്ഥലത്തു തന്നെ വന്നു; മാലാഖ ഇരുന്ന സ്ഥലത്ത് ആ ഇടയൻ ഇരുന്നു. ഞാനാകട്ടെ, അദ്ദേഹത്തിന്റെ സമീപം നിന്നു. അവൻ എന്നോടു പറഞ്ഞു: "ഒരു തുവാലയെടുത്ത് അരയിൽ ചുറ്റി എന്റെ അടുത്ത് നിൽക്കുക." വൃത്തി യുള്ള ഒരു തുവാലയെടുത്ത് ഞാൻ എന്റെ അരയിൽ ചുറ്റി അവന്റെ പക്കൽ തയ്യാറായി നിന്നു. 2. "നടാനായി കമ്പുകൾ തന്നവരെ തന്ന ക്രമത്തിൽത്തന്നെ വിളിക്കുക." ഞാൻ സമതലത്തിൽ ചെന്നു സകല രെയും വിളിച്ചു; അവർ നിരനിരയായി ക്രമമനുസരിച്ചു നിന്നു. 3. അവൻ അവരോടു പറഞ്ഞു: "ഓരോരുത്തരും താന്താങ്ങളുടെ ശിഖരം വലി ച്ചൂരിയെടുത്ത് എന്റെ പക്കൽ കൊണ്ടുവരട്ടെ."

4. ഉണങ്ങി തൊലിപോയ തണ്ടുകൾ ഉള്ളവരാണ് ആദ്യം കൊണ്ടു വന്നത്. അവ ഉണങ്ങി തൊലിയില്ലായിരുന്നു: അവൻ അവരെ ഒരു വശത്തു മാറ്റി നിർത്തി. 5. പിന്നീട് ഉണങ്ങിയവ എങ്കിലും തൊലിപോ കാത്ത ദണ്ഡുകൾ ചിലർ തിരിച്ചു കൊടുത്തു. ചിലർ പച്ച ദണ്ഡുകൾ നൽകി. ചിലർ ഉണങ്ങി വരണ്ടു തൊലി കീടം തിന്ന ദണ്ഡുകൾ തിരികെ നല്കി. പച്ച ദണ്ഡുകൾ നൽകിയവരെ മാറ്റി നിർത്തി. ഉണങ്ങി തൊലിപോയ ദണ്ഡുകൾ നല്കിയവരെ ആദ്യത്തെ കൂട്ടത്തിൽ ചേർത്തു. 6. ചിലർ പകുതി ഉണങ്ങി പൊട്ടിപ്പിളർന്നവ തിരികെ കൊടു ത്തു. എന്നാൽ ചിലർ പൊട്ടിപിളരാതെ ദണ്ഡുകൾ നല്കി. കിരീടത്തോ ടുകൂടി ഗോപുരത്തിലേക്കു പോയവരെപ്പോലെ ചിലർ പൂവും കായും ഉള്ള ദണ്ഡുകൾ ഏൽപിച്ചു. എങ്കിലും ചിലർ ഉണങ്ങി പുഴു തിന്ന രീ തിയിലും, ചിലർ ഉണങ്ങിയെങ്കിലും പുഴു തിന്നാതെയും ചിലർ പകുതി ഉണങ്ങി പകുതി പൊട്ടിക്കീറിയ രീതിയിലും തിരികെ കൊടുത്തു. അവ രെയെല്ലാം അവൻ മാറ്റിനിർത്തി. ചിലരെ നിന്ന നിരയിൽത്തന്നെയും ചിലരെ മാറ്റി വേറെ സ്ഥലത്തും നിർത്തി.

## 5. കമ്പുകളുടെ ആന്തരികാർത്ഥം

1. ചിലർ പച്ചയെങ്കിലും പൊട്ടിക്കീറിയ ശാഖകൾ ഏൽപിച്ചു. അവ രുടേതു പച്ചയായതിനാൽ അവരെല്ലാം അവരുടെ നിരകളിൽത്തന്നെ

www.malankaralibrary.com

നിന്നു. അവരുടെ ദണ്ഡുകൾക്ക് മാറ്റം സംഭവിക്കുകയും അവയിലെ കീറൽ മാറിക്കിട്ടുകയും ചെയ്തതിനാൽ ഇടയൻ സന്തോഷിച്ചു. 2. പകുതി പച്ചയായതും പകുതി ഉണങ്ങിയതുമായ ദണ്ഡുകൾ ചിലർ ഏൽപിച്ചു. ചിലരുടേതു മുഴുവൻ പച്ചയായിരുന്നു. ചിലരുടേതു പകുതി ഉണങ്ങിയത്; ചിലരുടേത് ഉണങ്ങി പുഴു തിന്നിരുന്നു; ചിലരുടേതാകട്ടെ പച്ചിച്ചു മുളച്ചിരുന്നു. അവരെയെല്ലാം അവരവരുടെ നിരകളിലേക്കയച്ചു. 3. മൂന്നിൽ രണ്ടു ഭാഗം പച്ചയും മൂന്നിൽ ഒന്ന് ഉണങ്ങിയതും ആയ ദണ്ഡുകൾ ചിലർ ഏല്പിച്ചു. അനേകർ പച്ച ദണ്ഡുകൾ തന്നെ തിരികെ കൊടുത്തു. അനേകർ പകുതി ഉണങ്ങിയതും, ബാക്കിയുള്ളവർ ഉണങ്ങി കീടം തിന്നതും. ഇവരെല്ലാം അവരവരുടെ നിരകളിൽ നിന്നു.

4. വേറെ ചിലർ മൂന്നിൽ രണ്ടു ഭാഗം ഉണങ്ങി മൂന്നിൽ ഒന്ന് പച്ചിച്ച ദണ്ഡുകൾ നൽകി. അനേകർ പകുതി ഉണങ്ങിയവ നൽകി; ചിലർ ഉണങ്ങി പുഴു കുത്തിയവ തിരികെ കൊടുത്തു. പകുതി ഉണങ്ങി പൊട്ടിക്കീറിയവ നല്കിയവരുമുണ്ട്. ചിലർ പച്ച തന്നെ നൽകി. അവരും അവരവരുടെ സ്ഥാനങ്ങളിൽ നിന്നു. ചിലർ വളരെ കുറച്ചു മാത്രം ഉണക്കും കീറലും ഉള്ള ദണ്ഡുകൾ കൊടുത്തു. ഇവരിൽ ചിലരുടേതു പച്ചിച്ചും ചിലരുടേതു പച്ചിച്ചു മുളച്ചും ഇരുന്നു. അവരും അവരുടെ നിരകളിൽ പോയി നിന്നു.

5. ചിലർ വളരെക്കുറച്ചു പച്ചമാത്രം ഉള്ളതും മിക്കവാറും ഉണങ്ങിയതുമായ ദണ്ഡുകൾ നൽകി. ഇവരിൽ ഭൂരിപക്ഷത്തിന്റെയും ദണ്ഡുകൾ പച്ചിച്ചു പുഷ്പിച്ചു കായിച്ചിരുന്നു; മറ്റുള്ളവരുടേതു പൂർണമായി പച്ചിച്ചിരുന്നു. ഇപ്രകാരം ഉള്ള ദണ്ഡുള്ളവരിൽ ഇടയൻ അതീവ സന്തുഷ്ടനായി. അവരെല്ലാവരും താന്താങ്ങളുടെ നിരകളിലേക്കു പോയി.

### 6. ഉണക്കക്കമ്പു വഹിച്ചവർ

1. ആ ദണ്ഡുകളിൽ സൂക്ഷിച്ചു നോക്കിയിട്ട് ഇടയൻ എന്നോട് പറഞ്ഞു: "ഈ മരം ജീവനോട് ഒട്ടിച്ചേർത്തിരിക്കുന്നു. നിരവധിയാളുകൾ അനുതപിക്കുകയും രക്ഷ പ്രാപിക്കുകയും ചെയ്തതു നീ കാണുന്നില്ലേ?" ഞാൻ പറഞ്ഞു: "ഞാൻ കാണുന്നു." അവൻ പറഞ്ഞു: "ഇതു നീ മനസ്സിലാക്കണം; കർത്താവിന്റെ ധാരാളമായ കരുണ ശക്തിമത്തും മഹത്തരവുമാണ്. പാപമോചനത്തിന് അർഹത ഉള്ളവർക്ക് അവിടുന്ന് തന്റെ പരിശുദ്ധാത്മാവിനെ നൽകുന്നു."

2. "സർ, എല്ലാവരും അനുതപിക്കാത്തത് എന്തുകൊണ്ട്?" "പൂർണ ഹൃദയത്തോടുകൂടി തന്നെ സേവിക്കുകയും ഹൃദയം പരിശുദ്ധമാക്കപ്പെടുകയും ചെയ്യും എന്നു താൻ കാണുന്നവർക്ക് അവൻ അനുതാപം പ്രദാനം ചെയ്യുന്നു. എന്നാൽ ചിലരുടെ അനുതാപം ഒരു തന്ത്രം മാത്ര

www.malankaralibrary.com

മാണ്. അവർ മൂലം ദൈവനാമം അശുദ്ധമാകാതിരിപ്പാൻ ചതിയും അക്രമവും തിങ്ങി നിറഞ്ഞ ചിലർക്ക് അവൻ അനുതാപം കൊടുക്കുന്നില്ല." 3. ഞാൻ അവനോടു ചോദിച്ചു: "സർ, ദണ്ഡുകൾ തിരികെ തന്നവർ ഏതു തരക്കാരാണ്? അവരുടെ വാസസ്ഥലം എവിടെയാണ്? ഇപ്രകാരം മുദ്ര സ്വീകരിക്കുകയും അതു പൊട്ടിക്കുകയും പൂർണമായി അതു പാലിക്കാതിരിക്കയും ചെയ്ത വിശ്വാസികൾ തങ്ങൾ ചെയ്തതു മനസ്സിലാക്കി അനുതപിക്കട്ടെ. അപ്പോൾ അവർ നിന്നിൽ നിന്ന് ഒരു മുദ്ര സമ്പാദിക്കും, തങ്ങളിൽ കരുണ കാണിച്ചതിനും ആത്മാക്കളെ നവീകരിക്കാൻ നിന്നെ അയച്ചതിനും കർത്താവിനെ സ്തുതിക്കും." "ഞാൻ പറയാം," അവൻ പറഞ്ഞു:

4. "ദണ്ഡുകൾ ഉണങ്ങി കീടം തിന്നവർ വിശ്വാസം ഉപേക്ഷിച്ചവരും സഭയെ ഒറ്റിക്കൊടുത്തവരുമാണ്; അവർ തങ്ങളുടെ പാപം മൂലം ദൈവത്തെ ദുഷിക്കുന്നു. തങ്ങളുടെ മേൽ ഉച്ചരിക്കപ്പെട്ട കർത്തൃനാമത്തെക്കുറിച്ച് അവർ ലജ്ജിക്കുന്നു. അന്ത്യത്തിൽ ഇത്തരക്കാർ ദൈവത്തിന് നഷ്ടപ്പെട്ടവർ തന്നെ. എന്റെ കല്പന അനുസരിച്ച് നീ പറഞ്ഞവയൊക്കെ അവർ ശ്രവിച്ചെങ്കിലും അവരാരും അനുതപിച്ചില്ല എന്ന് നീ കാണുന്നല്ലോ. ഇത്തരക്കാരിൽനിന്ന് ജീവൻ അകന്നുപോയിരിക്കുന്നു. ഉണങ്ങിയതെങ്കിലും പുഴു തിന്നാത്ത ദണ്ഡ് തിരികെ കൊടുത്തവരും ഇത്തരക്കാരാണ്. അപരിചിതതത്ത്വങ്ങൾ പഠിപ്പിക്കുകയും ദൈവദാസൻമാരെ വഴി തെറ്റിക്കുകയും ചെയ്യുന്ന ഇവർ കപടഭക്തരാണ്. പാപികളെ അനുതപിക്കാൻ അനുവദിക്കാതെ വിഡ്ഢിത്തം നിറഞ്ഞ തത്ത്വങ്ങളിലൂടെ തെറ്റിക്കുന്നു. എങ്കിലും അനുതാപത്തിന് അവരിൽ അല്പം സാധ്യതയുണ്ട്. നീ എന്റെ കൽപ്പനകൾ അവരോട് പറഞ്ഞശേഷം അനുതപിച്ചവർ അനേകരാണ്. കൂടുതലാളുകൾ ഇനിയും അനുതപിക്കും. എന്നാൽ അനുതപിക്കാത്തവർക്കു ജീവൻ നഷടപ്പെട്ടു കഴിഞ്ഞു. എന്നാൽ അനുതപിച്ചവർ നിരവധിയാണ്. ഒന്നാം മതിലിനകത്താണ് അവരുടെ വാസം. ചിലർ ഗോപുരത്തിലേക്കു പോകുകയും ചെയ്തു. പാപത്തെക്കുറിച്ചുള്ള അനുതാപം ജീവനും അനുതപിക്കാതിരിക്കുന്നത് മരണവുമാണെന്നു കാണുക."

## 7. പകുതി ഉണങ്ങിയ കമ്പുകൾ

1. "പകുതി ഉണങ്ങി പൊട്ടിക്കീറിയ കമ്പ് തിരികെ തന്നവരെപ്പറ്റി ഞാൻ പറയാം. പകുതി ഉണങ്ങിയ കമ്പുള്ളവർ സംശയ ഗ്രസ്ഥരാണ്. അവർ ജീവനുള്ളവരോ മരിച്ചവരോ അല്ല. 2. പകുതി ഉണങ്ങി പൊട്ടിക്കീറിയ കമ്പുള്ളവർ വിഭക്തമനസ്കരും ദൂഷകരുമാണ്. അവർ മറ്റുള്ളവരോട് ഒരിക്കലും സ്നേഹത്തിൽ വസിക്കുന്നില്ല. എപ്പോഴും കലഹം ഉണ്ടാക്കുന്നു. എന്നാൽ അവർക്കും അനുതപിക്കാം. ഈ വിഭാ

www.malankaralibrary.com

ഗത്തിൽപ്പെട്ട ചിലർ അനുതപിച്ചതു നീ കണ്ടതാണല്ലോ. ഈ കൂട്ടരെ സംബന്ധിച്ച് ഇനിയും അനുതാപത്തിനു സാധ്യത ഉണ്ട്. 3. അനുതപിച്ച ആ വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം ഗോപുരത്തിൽ സ്ഥാനമുണ്ട്. സാവധാനം അനുതപിക്കുന്നവർ മതിലിനുള്ളിൽ വസിക്കുന്നു. അനുതപിക്കാതെ ദുഷ്കർമ്മങ്ങളിൽത്തന്നെ കഴിയുന്നവർ മരിക്കുന്നു.

4. കുറെ പൊട്ടിക്കീറിയെങ്കിലും പച്ചയുള്ള ദണ്ഡ് നൽകിയവർ എപ്പോഴും വിശ്വസ്തരും നല്ലവരുമായിരുന്നു. ഒന്നാം സ്ഥാനവും ബഹുമാനതാല്പര്യവും നിമിത്തം അവർക്ക് ചില ചില്ലറ അസൂയ ഉണ്ടായി. ഒന്നാം സ്ഥാനത്തെപ്പറ്റി പരസ്പരം തർക്കിക്കാൻ തക്കവണ്ണം അവർ ഭോഷരായിപ്പോയി. 5. അവർ നല്ലവരാകയാൽ എന്റെ കൽപന കേട്ട് ഉടനെ അനുതപിച്ച് ശുദ്ധീകരണം പ്രാപിച്ചു. അതുകൊണ്ട് അവരുടെ വാസം ഗോപുരത്തിലാണ്. എന്നാൽ മനസ്സ് മാറ്റി അസ്ഥിരചിത്തരായാൽ അവർ ഗോപുരത്തിൽ നിന്ന് താഴെ പോകും. അവർക്കു ജീവൻ നഷ്ടപ്പെട്ടതു തന്നെ.

6. കർത്തൃകൽപ്പന കാക്കുന്നവർ ജീവിക്കുന്നു. കൽപ്പനകളിൽ ഒന്നാം സ്ഥാനമെന്നോ ബഹുമാനമെന്നോ ഒന്നുമില്ല. ദീർഘശാന്തതയും വിനയവുമാണ് പ്രധാനം. കർത്താവിന്റെ ജീവൻ ഇത്തരം മനുഷ്യരിലാണ് കാണുന്നത്. സംശയമാനസരിലും ലംഘകരിലും മരണം വസിക്കുന്നു."

## 8. കുറേ ഉണങ്ങിയതും കുറെ പച്ചിച്ചതുമായ കമ്പുകൾ

1. "തങ്ങളുടെ ജോലികളിൽ മുഴുകി വിശുദ്ധിയോട് പറ്റിച്ചേരാത്തവരാണ് പകുതി പച്ചയും പകുതി ഉണങ്ങിയതുമായ കമ്പുകൾ നല്കിയവർ. അക്കാരണത്താൽ ഒരുഭാഗം സജീവവും ഒരു ഭാഗം മൃതവുമാണ്. 2. എന്റെ കൽപന കേട്ട് അനേകർ അനുതപിച്ചു. അനുതപിച്ചവർ ഗോപുരത്തിൽ വസിക്കുന്നു. എന്നാൽ ചിലർ അന്ത്യം വരെ അകന്നു നിന്നു. അവർ അനുതപിക്കുന്നില്ല; തങ്ങളുടെ കച്ചവടസംബന്ധമായ കാര്യങ്ങൾക്കുവേണ്ടി അവർ കർത്താവിനെ നിഷേധിക്കുകയും ദൂഷണം പറയുകയും ചെയ്തു. അവരുടെ ദുഷ്പ്രവൃത്തികളാൽ അവർക്ക് ജീവൻ നഷ്ടപ്പെട്ടു.

3. ഈ വിഭാഗത്തിൽ പലരും സംശയമാനസരായിരുന്നു. തക്കസമയത്ത് അനുതപിച്ചാൽ അവർക്കും മോചനം ലഭിക്കും. അപ്പോൾ അവർക്കും ഗോപുരത്തിൽ വസിക്കാം. സാവധാനം അനുതപിച്ചാലും അവർക്ക് ഗോപുരത്തിനകത്ത് ഒരു സ്ഥാനം കിട്ടും. എന്നാൽ അനുതപിക്കാതിരുന്നാൽ അവരവരുടെ ജീവൻ നഷ്ടപ്പെട്ടതു തന്നെ. 4. മൂന്നിൽ രണ്ടു ഭാഗം പച്ചയും മൂന്നിലൊന്ന് ഉണങ്ങിയതുമായ കമ്പുകൾ തിരികെ നൽകിയവർ പല അവസരങ്ങളിൽ കർത്താവിനെ നിഷേധിച്ചവരാണ്.

www.malankaralibrary.com

അവരിൽ അനേകർ അനുതപിക്കുകയും ഗോപുരത്തിൽത്തന്നെ വസിക്കാൻ എത്തുകയും ചെയ്തു. എന്നാൽ അനേകർ ദൈവത്തിൽനിന്നു തന്നെ അകന്നുപോയി. അവർക്ക് അവസാനം ജീവൻ നഷ്ടപ്പെട്ടു. അവരിൽ ചിലർ സംശയാലുക്കളും കലഹപ്രിയരുമായിരുന്നു. തങ്ങളുടെ സ്വയം സംതൃപ്തിയിൽ മതിമറക്കാതെ തക്കസമയത്ത് അനുതപിച്ചാൽ അവർക്കു മോചനമുണ്ട്. എന്നാൽ ദുഷ്പ്രവൃത്തികളിൽ ഉറച്ചു നിന്നാൽ അവർ ആത്മഹത്യയ്ക്ക് തയ്യാറെടുക്കുകയാകും ചെയ്യുക."

## 9. മൂന്നിൽ രണ്ടു ഭാഗം ഉണങ്ങിയ കമ്പുകൾ

1. "മൂന്നിൽ രണ്ടു ഭാഗം ഉണങ്ങി മൂന്നിൽ ഒന്ന് പച്ചയായ ദണ്ഡ് തിരികെ കൊടുത്തവർ വിശ്വസ്തരായിരുന്നു; അവർ ധനവാന്മാരായി പുറജാതികളുടെ ഇടയിൽ പ്രശസ്തരായിത്തീർന്നു. അവർ വെറുപ്പു നിറഞ്ഞ മുഖത്തോടുകൂടി അഹങ്കാരപ്രമത്തരായിത്തീർന്നു. സത്യം ഉപേക്ഷിച്ചു; നീതിയോട് പറ്റിച്ചേർന്നില്ല. പുറജാതികളുടെ ഇടയിൽ അവരെപ്പോലെ അവർക്ക് കൂടുതൽ ഇഷ്ടമാകത്തക്കരീതിയിൽ ജീവിച്ചു. എങ്കിലും അവർ ദൈവത്തിൽനിന്നു വീഴാതെ വിശ്വാസത്തോടെ പറ്റിച്ചേർന്നു നിന്നു; എന്നാൽ വിശ്വാസത്തിന്റെ പ്രവൃത്തികൾ ചെയ്തില്ല. 2. അവരിൽ അനേകർ അനുതപിച്ചു; ഗോപുരത്തിൽ അവർക്കു പാർപ്പിടം ലഭിക്കുകയും ചെയ്തു.

3. എന്നാൽ നിരന്തരം പുറജാതികളുമായി സമ്പർക്കം പുലർത്തുകയും അവരോടുകൂടെ ജീവിക്കയും ചെയ്ത അനേകർ ദൈവത്തിൽനിന്ന് ദൂരെപോകാനും പുറജാതികളുടെ രീതിയിൽ വ്യാപരിക്കാനും തുടങ്ങി. പുറജാതികളുടെ വ്യർത്ഥാഭിപ്രായങ്ങൾ വഴി അവർ വഞ്ചിതരായിത്തീർന്നു. അത്തരക്കാർ പുറജാതിക്കാരായി കരുതപ്പെടുന്നു. 4. ഇക്കൂട്ടത്തിലെ വേറെ ചിലർ സംശയമാനസരും തങ്ങളുടെ ദുഷ്പ്രവൃത്തികൾ നിമിത്തം രക്ഷ കിട്ടില്ലെന്ന് കരുതി പ്രത്യാശയറ്റവരുമാണ്. മറ്റ് ചിലർ സംശയമാനസരും സഹോദരങ്ങളുടെ ഇടയിൽ വിഭജനം ഉണ്ടാക്കിയവരുമാണ്. തങ്ങളുടെ പ്രവൃത്തികൾമൂലം സംശയിക്കുന്നവർക്കും അനുതാപത്തിന് സാദ്ധ്യതയുണ്ട്. ഗോപുരത്തിൽ വസിക്കണമെങ്കിൽ അവർ എത്രയും വേഗം അനുതപിക്കണം. അനുതപിക്കാതെ സുഖഭോഗങ്ങളിൽ മുഴുകിയിരിക്കുന്നവരുടെ സമീപത്തു തന്നെയുണ്ട് മരണം."

## 10. അറ്റം പച്ചയായ ശിഖരം ഉള്ളവർ

1. "പച്ചയെങ്കിലും അറ്റം ഉണങ്ങി പൊട്ടിക്കീറിയ ദണ്ഡ് തിരികെ നല്കിയവർ സദാ നല്ലവരും വിശ്വസ്തരും ദൈവതിരുമുമ്പാകെ മഹനീയരും ആയിരുന്നു. എന്നാൽ ചില്ലറ ദുരാശ നിമിത്തമോ പരസ്പരമുള്ള സൗന്ദര്യപ്പിണക്കം നിമിത്തമോ ചെറിയ ചെറിയ തെറ്റുകൾ

www.malankaralibrary.com

ചെയ്തവരാണ് ഇവർ. എന്റെ വാക്കു കേട്ട മാത്രയിൽ ഭൂരിപക്ഷവും അനുതപിച്ചു; അവർക്ക് ഗോപുരത്തിൽ പാർപ്പിടവും ലഭിച്ചു. 2. ചിലർ അസ്ഥിരചിത്തരായി അവരുടെ സംശയംമൂലം വലിയ കലഹം ഉണ്ടാക്കി എങ്കിലും അനുതാപത്തിന് അവർക്ക് വളരെ സാധ്യതയുണ്ട്; കാരണം സദാ അവർ നല്ലവരായിരുന്നു. ഇവരിലാരെങ്കിലും മരിക്കുക അസാധ്യമാണ്.

3. ഉണങ്ങി അറ്റം അൽപം മാത്രം പച്ചിച്ച കമ്പ് തിരികെ കൊടുത്തവർ വിശ്വാസികളാണ്; എന്നാൽ അവർ നിരവധി ദുഷ്കർമ്മങ്ങൾ ചെയ്തു കൂട്ടിയിട്ടുണ്ട്. അവർ ദൈവത്തിൽനിന്ന് വളരെ അകന്നുപോയില്ല; മറിച്ച് നാമത്തിൽ ആഹ്ലാദിക്കുകയും ചെയ്തു. തങ്ങളുടെ ഭവനങ്ങളിൽ സന്തോഷപൂർവം ദൈവദാസരെ അവർ സ്വീകരിച്ചു. ഈ അനുതാപത്തെപ്പറ്റി കേട്ടമാത്രയിൽ സംശയം കൂടാതെ അവർ അനുതപിച്ചു. എല്ലാവിധ സുകൃതവും നീതിയും ഇപ്പോൾ അവർ അഭ്യസിക്കുന്നു. 4. ഇവരിൽ ചിലർ സ്വന്ത ഇഷ്ടത്താലെ പീഡനം സഹിക്കാൻ തയ്യാറാണ്. കാരണം, തങ്ങളുടെ മുൻകാലചെയ്തികളുടെ ദുഷ്ടത അവർക്ക് മനസ്സിലായി. ഇത്തരക്കാർക്കെല്ലാം ഗോപുരത്തിൽ പാർപ്പിടം ലഭിക്കും."

## 11. സകലരും അനുതാപത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു.

1. എല്ലാ ദണ്ഡുകളെപ്പറ്റിയും വിവരിച്ചശേഷം അവൻ എന്നോടു പറഞ്ഞു: "അനുതപിക്കാനും ദൈവത്തിനായി ജീവിക്കാനും സകലരോടും നീ പോയി പറയുക. ചിലർ തങ്ങളുടെ പ്രവൃത്തികൾ നിമിത്തം അയോഗ്യരാണെങ്കിലും സകലർക്കും മോചനം നൽകാനായി കർത്താവ് തന്റെ ദയയിൽ എന്നെ അയച്ചിരിക്കുന്നു.തന്റെ പുത്രൻ വഴി വിളിക്കപ്പെട്ടവരെല്ലാം രക്ഷിക്കപ്പെടണമെന്ന് തന്റെ ദീർഘശാന്തതയിൽ ദൈവം ആഗ്രഹിക്കുന്നു." 2. ഞാൻ അവനോടു പറഞ്ഞു: "സർ, ഇത് കേട്ടവരെല്ലാം അനുതപിക്കുമെന്ന് ഞാൻ കരുതുന്നു. കർത്താവിനെക്കുറിച്ചുള്ള ഭയം നിമിത്തം വ്യക്തിപരമായ പ്രവൃത്തികൾ മനസ്സിലാക്കുന്നവരെല്ലാം അനുതപിക്കും എന്ന് എനിക്കുറപ്പുണ്ട്."

3. മറുപടിയായി അവൻ പറഞ്ഞു: "പൂർണഹൃദയത്തോടുകൂടി അനുതപിക്കുകയും ഇപ്പോൾ വിവരിച്ച ദുഷ്കർമ്മങ്ങളിൽ നിന്നെല്ലാം സ്വയം കഴുകുകയും മുൻകാലപാപങ്ങളോട് ഒന്നും കൂട്ടിച്ചേർക്കാതിരിക്കുകയും ചെയ്യുന്നവർക്ക് മുൻപാപങ്ങൾക്ക് കർത്താവിൽനിന്നു പ്രത്യേക മോചനം ലഭിക്കും. എന്റെ കൽപന പാലിക്കുന്നതു സംബന്ധിച്ചു സംശയഗ്രസ്തരാകാതിരുന്നാൽ അവർ ദൈവത്തിനായി ജീവിക്കും. എന്നാൽ തങ്ങളുടെ പാപങ്ങളോടു പാപം ചേർക്കുകയും, ഈ ലോകത്തിന്റെ ഭോഗാസക്തിയുടെ പിന്നാലെ പായുകയും ചെയ്യുന്നവർ മരണവിധി

www.malankaralibrary.com

തങ്ങളുടെ മേൽ വലിച്ചു വയ്ക്കും. 4. നീ എന്റെ കല്പ്പനകൾ കാത്തു ദൈവത്തിനായി ജീവിക്കുക. ഈ കല്പ്പനകളനുസരിച്ചു വ്യാപരിക്കയും നെറിവോടുകൂടി പ്രവർത്തിക്കുകയും ചെയ്യുന്ന എല്ലാവരും ദൈവത്തിനായി ജീവിക്കും." 5. ഇതെല്ലാം എന്നെ കാണിക്കുകയും എന്നോടു സംസാരിക്കുകയും ചെയ്തിട്ട് അവൻ പറഞ്ഞു: "കുറേ ദിവസങ്ങൾക്കകം ബാക്കി കാര്യങ്ങൾ നിന്നെ ഞാൻ കാണിക്കാം."

# ഒൻപതാം ഉപമ

## 1. പന്ത്രണ്ടു മലകൾ

1. ഇടയന്റെ കല്പനകളും ഉപമകളും ഞാൻ എഴുതിക്കഴിഞ്ഞപ്പോൾ അനുതാപത്തിന്റെ മാലാഖ എന്റെ പക്കൽ വന്നു പറഞ്ഞു: "സഭയുടെ രൂപത്തിൽ നിന്നോടു സംസാരിച്ചപ്പോൾ പരിശുദ്ധാത്മാവു നിന്നെ കാണിച്ച സംഗതികൾ എന്താണെന്നു നിനക്കു ചൂണ്ടിക്കാണിച്ചു തരാൻ ഞാൻ ആഗ്രഹിക്കുന്നു. കാരണം, ആ അരൂപി ദൈവപുത്രനാണ്. 2. നീ ജഡത്തിൽ ബലഹീനനായതിനാൽ മാലാഖ അതു നിന്നോടു സംസാരിച്ചില്ല. എന്നാൽ നിനക്ക് അരൂപിയിൽനിന്നു ശക്തി ലഭിക്കുകയും ഒരു മാലാഖയെത്തന്നെ ദർശിക്കാൻ നീ ശക്തനായിത്തീരുകയും ചെയ്തപ്പോൾ സഭ നിന്നെ ഗോപുരത്തിന്റെ പണി കാണിച്ചു. ഒരു കന്യകയോടു നീ ഇടപെടേണ്ട വിധം ബഹുമാനത്തോടും അടക്കത്തോടും എല്ലാം നീ നോക്കിക്കണ്ടു. ഒരു മാലാഖ വഴി നീ ഇതാ പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു. 3. നീ വളരെ വിശദമായി എല്ലാ സംഗതികളും എന്നിൽനിന്നു പഠിക്കണം. ആ ഉദ്ദേശ്യത്തോടുകൂടിയാണു നിന്റെ ഭവനത്തിൽ വസിക്കുവാൻ മഹത്വമുള്ള മാലാഖ എന്നെ നിയോഗിച്ചത്; നേരത്തെ ഉണ്ടായിരുന്ന ഭയമെല്ലാം ദൂരെയകറ്റി എല്ലാറ്റിനെപ്പറ്റിയും ആഴമേറിയ ഉൾക്കാഴ്ച നീ സമ്പാദിക്കണം."

4. അതിനു ശേഷം അവനെന്നെ അർക്കേഡിയായിലേക്ക്-സ്തനസമാനമുള്ള ഒരു മലയിലേക്ക്-കൂട്ടിക്കൊണ്ടുപോയി; മലകളുടെ മുകളിൽ എന്നെ നിർത്തി അവിടെ നിന്നു കൊണ്ടു വളരെ വിശാലമായ ഒരു സമതലം അവൻ എന്നെ കാട്ടി. അതിനു ചുറ്റും വിവിധ ആകൃതിയിലുള്ള പന്ത്രണ്ടു മലകളുണ്ടായിരുന്നു. 5. ഒന്നാമത്തേതു കീല് പോലെ കറുത്തതായിരുന്നു; രണ്ടാമത്തേതു സസ്യങ്ങളൊന്നുമില്ലാതെ തരിശായിരുന്നു; മൂന്നാമത്തേതിൽ നിറയെ മുള്ളുകളും ഞെരിഞ്ഞിലുകളുമായിരുന്നു; 6. നാലാമത്തേതിൽ പകുതി ഉണങ്ങിയ സസ്യങ്ങളായിരുന്നു; സസ്യങ്ങളുടെ അഗ്രഭാഗം പച്ചിച്ചിരുന്നു; വേരിനോട് അടുത്തുള്ള

www.malankaralibrary.com

ഭാഗം ഉണങ്ങിയിരുന്നു; അവയിൽ ചിലതു സൂര്യതാപത്താൽ കരിഞ്ഞിരുന്നു. 7. അഞ്ചാം മല പരുപരുത്തതായിരുന്നെങ്കിലും പച്ചപ്പുല്ലുകളുള്ളതായിരുന്നു. ആറാം മല നിറയെ വിള്ളലുകളുണ്ടായിരുന്നു; അവയിൽ ചിലതു വലുതും ചിലതു ചെറുതുമായിരിന്നു. വിള്ളലുകളിലും സസ്യങ്ങൾ ഉണ്ടായിരുന്നു; അവ തഴച്ചു വളർന്നിരുന്നില്ല; പിന്നെയോ, വാടിത്തളർന്നു നിന്നു.

8. ഏഴാം മലയിൽ എല്ലായിടത്തും തഴച്ചു സമൃദ്ധിയായി വളരുന്ന സമതലങ്ങളും അതിൽ എല്ലായിടത്തും കന്നുകാലികളും പറവകളും ഉണ്ടായിരുന്നു. കന്നുകാലികളും പറവകളും തിന്നുന്നതനുസരിച്ച് അതിൽ സസ്യങ്ങൾ വർദ്ധിച്ചുവന്നു. എട്ടാമത്തേതിൽ നിരവധി അരുവികൾ ഉണ്ടായിരുന്നു. ആ മലയിലെ അരുവികളിൽനിന്ന് കർത്താവ് സൃഷ്ടിച്ച ജീവജാലങ്ങളെല്ലാം കുടിച്ച് തൃപ്തിയടഞ്ഞു. 9. ഒൻപതാം വയലിൽ ജലകണമേ ഇല്ലായിരുന്നു. അത് മരുഭൂമിയായിരുന്നു. എന്നാൽ വന്യമൃഗങ്ങളും മനുഷ്യനെ നശിപ്പിക്കുന്ന ഘോരസർപ്പങ്ങളും അതിൽ ഉണ്ടായിരുന്നു. പത്താമത്തെ മലയിൽ നല്ല തണലുള്ള വൻവൃക്ഷങ്ങൾ വളർന്നിരുന്നു. അതിന്റെ തണലിൽ അയവിറക്കിക്കൊണ്ട് ആടുകൾ വിശ്രമിച്ചു.

10. പതിനൊന്നാം മല വിവിധയിനം ഫലങ്ങളുള്ള ഫലസമൃദ്ധമായ വൃക്ഷങ്ങൾക്കൊണ്ട് നിറഞ്ഞിരുന്നു. അത് ദർശിക്കുന്നവർ പറിച്ചു ഭക്ഷിക്കുവാൻ അതീവ താല്പര്യം കാണിക്കും. പന്ത്രണ്ടാം മല വെള്ളനിറമുള്ളതും അതിന്റെ കാഴ്ച ആകർഷകവുമായിരുന്നു. അത് കാഴ്ചയ്ക്ക് ഗംഭീരമായിരുന്നു.

## 2. പാറയും പന്ത്രണ്ടു കന്യകളും

1. സമതലത്തിന്റെ നടുവിൽ ഉയർന്നുനിൽക്കുന്ന ഒരു വലിയ പാറ അവൻ എന്നെ കാണിച്ചു. ലോകത്തെ മുഴുവൻ ഉൾക്കൊള്ളാൻതക്ക വലിപ്പമുള്ളതും ചതുരാകൃതിയുള്ളതുമായ ഈ പാറ മലകളെക്കാൾ ഉയരം ഉള്ളതായിരുന്നു. 2. അത് ഒരു പ്രാചീനശിലയായി കാണപ്പെട്ടു; അതിൽ ഒരു വാതിലും വെട്ടി ഉണ്ടാക്കപ്പെട്ടിരുന്നു. മതിലാകട്ടെ തികച്ചും പുതിയതായിരുന്നു. വാതിലിന്റെ പ്രകാശം സൂര്യനെക്കാൾ വളരെ ശോഭയേറിയതായിരുന്നു; അതിൽ ഞാൻ അത്ഭുതപ്പെട്ടു പോയി.

3. വാതിലിനു ചുറ്റും വൃത്താകൃതിയിൽ പന്ത്രണ്ട് കന്യകകൾ നിന്നു. നാലു കോണുകളിലും നിന്നവർ മറ്റുള്ളവരെക്കാൾ കുലീനരാണെന്ന് എനിക്ക് തോന്നി; മറ്റുള്ളവരും തികച്ചും കുലീനരായിരുന്നു. 4. വാതിലിന്റെ നാലു ഭാഗത്തും അവർ നിന്നു; അതിന്റെ ഒരോ വശത്തുമുള്ള മൂലയ്ക്ക് രണ്ടു കന്യകമാർ നിന്നു. അവർ ചാക്കുവസ്ത്രം ധരിച്ചിരുന്നു; മനോഹരമായ അരക്കെട്ട് കെട്ടിയിരുന്നു: ഭാരം എടുക്കാൻ തയ്യാ

www.malankaralibrary.com

റായി നിൽക്കുന്നവരെപ്പോലെ അവരുടെ വലത്തെതോൾ സ്വതന്ത്രമായിരുന്നു; അവർ ചുറുചുറുക്കും സന്തോഷവും സന്നദ്ധതയും ഉള്ളവരായിരുന്നു. 5. ഇതു കണ്ട ഞാൻ ഇപ്രകാരം ആത്മഗതം ചെയ്തു, 'നീ ഏതോ മഹത്തമവും ശ്രേഷ്ഠവുമായ സംഗതിയാണ് കാണുന്നത്.' എങ്കിലും ലോകം മുഴുവൻ വഹിക്കാൻ തയ്യാറായി അബലകളായ ഈ കന്യകകൾ അവിടെ ധൈര്യപൂർവം നിൽക്കുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടു പോയി.

6. ഇടയൻ എന്നോടു ചോദിച്ചു: "നീ ചിന്തിക്കുന്നതും അത്ഭുതപ്പെടുന്നതും എന്താണ്? നീ എന്തിന് ദു:ഖിതനാകുന്നു. സുബുദ്ധി ഉണ്ടെങ്കിൽ അഗ്രാഹ്യമായവ ഗ്രഹിക്കാൻ ശ്രമിക്കരുത്. പിന്നെയോ, കർത്താവിനോടപേക്ഷിക്കുക; അവിടുന്ന് നിനക്ക് ബുദ്ധിയും അറിവും തരും. 7. നിന്റെ പിമ്പിലുള്ളത് നിനക്കു കാണാൻ സാധിക്കുകയില്ല; നിന്റെ മുമ്പിലുള്ളത് നീ കാണുന്നു. അതുകൊണ്ട്, കാണാൻ കഴിയാത്തത് മറന്നുകളയുക; സ്വയം പീഡിപ്പിക്കരുത്. നീ കാണുന്നത് ഗ്രഹിക്കാൻ ശ്രമിക്കുക; മറ്റുള്ളവയെപ്പറ്റി വ്യാകുലപ്പെടേണ്ട. ഞാൻ ചൂണ്ടിക്കാണിക്കുന്നവ ഞാൻ വിവരിച്ചു തരാം; ശേഷിച്ചവയെ നന്നായി സൂക്ഷിച്ചു നോക്കുക."

### 3. പണിക്കാരും ഗോപുരനിർമ്മാണത്തിന്റെ ഒരുക്കവും

1. ഉയരമുള്ളവരും കുലീനരും ഒരുപോലെ രൂപമുള്ളവരുമായ ആറ് പുരുഷൻമാർ വരുന്നതു ഞാൻ കണ്ടു. അവർ ഒരു വലിയ മനുഷ്യമഹാസമുദ്രത്തെ വിളിച്ചു കൂട്ടി. അടുത്തു വന്ന അവരും ഉയരമുള്ളവരും സൗന്ദര്യമുള്ളവരും ശക്തരുമായിരുന്നു. വാതിലിന്റെ മുകളിൽ ഒരു ഗോപുരം നിർമ്മിക്കാൻ ഈ ആറുപേർ മറ്റുള്ളവരോടു കൽപ്പിച്ചു. ഗോപുരം പണിയാനെത്തിയവർ വലിയ ആരവാരം ഉണ്ടാക്കി; ഗോപുരത്തിന്റെ ചുറ്റും അവർ അങ്ങോട്ടും ഇങ്ങോട്ടും ഓടുകയായിരുന്നു.

2. ഉൽസാഹപൂർവം പെട്ടെന്ന് ഗോപുരം പണിയാൻ ചുറ്റും നിന്ന കന്യകകൾ ആ പുരുഷന്മാരോട് പറഞ്ഞു. ആ പുരുഷന്മാരിൽനിന്ന് എന്തോ സ്വീകരിക്കാനെന്നവണ്ണം കന്യകകൾ കൈകൾ നീട്ടി. 3. ഗോപുരനിർമ്മാണത്തിനായി ഏതോ ആഴത്തിൽനിന്ന് കല്ലുകൾ ഉയർന്നുവരാൻ ആ ആറു പുരുഷന്മാർ കൽപ്പനകൾ നൽകി: അപ്പോൾ വെട്ടപ്പെടാത്തതും ചതുരാകൃതിയുള്ളതും തിളങ്ങുന്നതുമായ പത്തു കല്ലുകൾ പൊന്തിവന്നു.

4. ഗോപുരനിർമ്മാണത്തിനു വേണ്ടി ഈ കല്ലുകൾ ചുമന്ന് വാതിലിൽകൂടി കടന്ന് ഗോപുരം പണിയുന്ന പുരുഷൻമാരുടെ കൈയിൽ കൊടുക്കാൻ ആ ആറു പുരുഷൻമാർ കന്യകകളോട് കൽപ്പിച്ചു. 5. ആഴത്തിൽനിന്ന് ഉയർന്നുവന്ന ആ പത്തു കല്ലുകളും കന്യകകൾ കൂമ്പാരമായി കൂട്ടിവച്ച് ഒരു ചുമടായി എടുത്തുകൊണ്ടു പോയി.

www.malankaralibrary.com

## 4. ഗോപുരനിർമ്മാണം

1. ഗോപുരത്തിന് ചുറ്റും അവർ നിന്ന രീതിയിൽ തന്നെ ശക്തി കൂടിയവർ കല്ലിന്റെ മൂലയ്ക്കു അടിവശത്തും മറ്റുള്ളവർ വശങ്ങളുടെ അടിവശത്തുംപിടിച്ചു. എല്ലാ കല്ലുകളും ഇപ്രകാരമാണ് അവർ വഹിച്ചത്. അവരോടു പറഞ്ഞിരുന്നതുപോലെ വാതിലിലൂടെ ചുമന്ന് ഗോപുരത്തിലുള്ള പുരുഷന്മാരെ അവർ ഏല്പിച്ചു. പുരുഷന്മാർ അവ ഉപയോഗിച്ചു പണിതു.

2. വലിയ പാറയിൽ വാതിലിനു മുകളിലായി അവർ ഗോപുരം പണിതു. ആ പത്തു കല്ലുകൾ ഒന്നിച്ചു വച്ചപ്പോൾ അത് പാറ മുഴുവൻ നിറഞ്ഞു. അത് ഗോപുരത്തിന്റെ അടിസ്ഥാനമായിത്തീർന്നു. ഗോപുരം മുഴുവനെയും പാറയും വാതിലും താങ്ങി. 3. ആ പത്തു കല്ലുകളോടൊപ്പം ആഴത്തിൽ നിന്ന് ഇരുപത്തഞ്ച് കല്ലുകൾ പൊന്തിവന്നു. ആ കന്യകകൾ അവയും ആദ്യത്തേതുപോലെ ഗോപുരനിർമ്മാണത്തിന് ഉപയോഗിച്ചു. അതിനു ശേഷം മുപ്പത്തഞ്ച് കല്ലുകൾ ഉയർന്നു വന്നു; അവയും മറ്റവയെപ്പോലെ ഗോപുരനിർമ്മാണത്തിന് ഉപയുക്തമാക്കി. പിന്നീട് നാല്പതു കല്ലുകൾ ഉയർന്നു വന്നു. അവയും ഗോപുരത്തിൽ ഉപയോഗിച്ചു. അങ്ങനെ നാലു നിര കല്ലുകൾ കൊണ്ടു ഗോപുരത്തിന്റെ അടിത്തറ പണിതു.

4. അതിനു ശേഷം അല്പനേരത്തേയ്ക്ക് ആഴത്തിൽനിന്ന് കല്ലുകളൊന്നും ഉയർന്നുവന്നില്ല. ജോലിക്കാർ കുറെനേരം പണി ചെയ്യാതെ നിൽക്കേണ്ടി വന്നു. ഉടനെ ഗോപുരനിർമ്മാണത്തിനായി മലയിൽ നിന്നു കല്ലുകൾ കൊണ്ടുവരാൻ ആ ആറുപേർ തടിച്ചുകൂടിയ ജനാവലിയോടു കൽപ്പിച്ചു. 5. എല്ലാ മലകളിൽനിന്നും പലനിറങ്ങളുള്ള കല്ലുകൾ എത്തിക്കൊണ്ടിരുന്നു. അവ ചെത്തി വൃത്തിയാക്കിയവയായിരുന്നു. അവർ അതു കന്യകകളെ ഏൽപ്പിച്ചു. കന്യകകളാകട്ടെ വാതിലിൽ കൂടി കടന്ന് പണിയുന്നവർക്ക് കൊടുത്തു. പല നിറങ്ങളിലുള്ള ഈ കല്ലുകൾ ഗോപുരത്തിൽ വച്ചപ്പോൾ നിറം നഷ്ടപ്പെട്ട് എല്ലാം വെള്ളനിറമായിത്തീർന്നു.

6. എന്നാൽ ചില കല്ലുകൾ തിളങ്ങിയില്ല. പിന്നെയോ, വച്ചപ്പോൾ ഉണ്ടായിരുന്ന നിറത്തിൽ തന്നെയായിരുന്നു. അവ കന്യകകൾ എത്തിച്ചു കൊടുത്തതോ വാതിലിലൂടെ കടന്നതോ ആയിരുന്നില്ല. 7. അവ ഗോപുരത്തിൽ ഒട്ടും ചേരാതിരുന്നു. അത് എടുത്തിടത്തു തന്നെ കൊണ്ടിടാൻഅതു കണ്ട ആറു പേർ കല്പന നൽകി. 8. കല്ലു കൊണ്ടു വന്നവരോട് അവർ പറഞ്ഞു: "നിങ്ങളാരും ഗോപുരത്തിലേക്ക് കല്ലു കൊണ്ടുവരേണ്ട; നിങ്ങൾ ഗോപുരത്തിന്റെ സമീപത്തു വച്ചാൽ മതി; കന്യകകൾ അവ വാതിലിൽകൂടി ചുമന്ന് പണിക്കാർക്കു കൊടുത്തുകൊള്ളും. കാരണം, കന്യകകൾ ഈ കല്ലുകൾ വഹിച്ചില്ലെങ്കിൽ നിറം

www.malankaralibrary.com

മാറുകയില്ല. അതുകൊണ്ടു നിങ്ങൾ ലക്ഷ്യമില്ലാതെ വൃഥാ അദ്ധ്വാനിക്കരുത്."

## 5. പണി തടസ്സപ്പെടുന്നു

1. അന്നു പണി നിർത്തിവയ്ക്കപ്പെട്ടു; എന്നാൽ ഗോപുരം പൂർത്തിയായില്ല. കുറേ പണികൾകൂടി തീർക്കേണ്ടതായിട്ടുണ്ടായിരുന്നു. എന്നാൽ അല്പം സാവകാശം അനുവദിക്കപ്പെട്ടു. കുറേ സമയം പോയി വിശ്രമിച്ചുകൊള്ളുവാൻ ആ ആറുപേർ പണിക്കാരെ അനുവദിച്ചു; കന്യകകൾക്കാകട്ടെ ഗോപുരത്തിൽനിന്നു ദൂരെപോകാൻ അനുവാദമില്ലായിരുന്നു. ഗോപുരം കാക്കുക എന്നതായിരുന്നു അവരുടെ ജോലിയെന്ന് എനിക്ക് തോന്നുന്നു. 2. എല്ലാവരും ഉറങ്ങാൻ പോയപ്പോൾ ഞാൻ ഇടയനോടു പറഞ്ഞു: "സർ ഗോപുരത്തിന്റെ പണി എന്താണ് തീരാത്തത്?" അവൻ പറഞ്ഞു: "ഈ ഗോപുരത്തിന്റെ കർത്താവു വന്നു കല്ലുകളെല്ലാം നല്ലതാണോ എന്നു പരിശോധിച്ചു കഴിഞ്ഞേ പൂർത്തിയാക്കാൻ കഴിയൂ; അവൻ ചിലതു മാറ്റിക്കളയും. കാരണം, അദ്ദേഹത്തിന്റെ ഇഷ്ടമനുസരിച്ചാണ് ഈ ഗോപുരത്തിന്റെ പണി നടക്കുന്നത്."

3. ഞാൻ പറഞ്ഞു: "സർ, ഈ ഗോപുരത്തിന്റെ പണി എന്താണെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു. പാറ, വാതിൽ, മലകൾ, കന്യകകൾ, വെട്ടപ്പെടാതെ ആഴത്തിൽനിന്നു വരികയും പണിക്കുപയുക്തമാക്കപ്പെടുകയും ചെയ്ത കല്ലുകൾ എന്നിവയെപ്പറ്റി അറിയാൻ ഞാനാഗ്രഹിക്കുന്നു. 4. എന്തുകൊണ്ടാണ് അടിസ്ഥാനത്തിൽ ആദ്യം പത്തും പിന്നെ ഇരുപത്തഞ്ചും അവസാനമായി നാല്പതും കല്ലുകൾ വയ്ക്കപ്പെട്ടത്? പണിയാൻ ഉപയോഗിച്ചിട്ടു പിന്നീട് എടുത്തുമാറ്റി, കിടന്ന സ്ഥാനത്തു തന്നെ ഇട്ട കല്ലുകളെപ്പറ്റിയും അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. സർ, ആ കാര്യങ്ങളിലെല്ലാം എന്നെ തൃപ്തിപ്പെടുത്തി എനിക്ക് അറിവു പറഞ്ഞുതന്നാലും." 5. അവൻ പറഞ്ഞു: "നിനക്കു താല്പര്യമുണ്ടെങ്കിൽ എല്ലാം നിന്നെ അറിയിക്കാം. കുറേ ദിവസങ്ങൾക്കുശേഷം നമ്മൾ വരുമ്പോൾ ഈ ഗോപുരത്തിലേക്കു കൊണ്ടുവരുന്ന മറ്റു വസ്തുക്കൾ നമുക്കു കാണാം. അപ്പോഴേ ഉപമകൾ നിനക്കു വ്യക്തമായി മനസ്സിലാകൂ." 6. കുറേ ദിവസങ്ങൾക്കു ശേഷം ഞങ്ങൾ ഇരുന്ന സ്ഥലത്തെത്തി. അവൻ എന്നോടു പറഞ്ഞു: "നമുക്ക് ഗോപുരത്തിലേക്കു പോകാം. കാരണം, ഉടമസ്ഥൻ ഗോപുരം പരിശോധിക്കാൻ വരുന്നു." ഞങ്ങൾ ഗോപുരത്തിലേക്കു പോയി. എന്നാൽ കന്യകകളൊഴികെ മറ്റാരും അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്നില്ല. 7. ഗോപുരത്തിന്റെ ഉടമസ്ഥൻ എത്തിച്ചേർന്നുവോ എന്ന് ഇടയൻ കന്യകകളോട് ചോദിച്ചു. വന്നു ഗോപുരം പരിശോധിക്കാൻ അദ്ദേഹത്തിനു പ്ലാനുണ്ടെന്ന് അവർ പറഞ്ഞു.

www.malankaralibrary.com

## 6. ഉടമസ്ഥൻ ഗോപുരം പരിശോധിക്കുന്നു

1. കുറേ സമയത്തിനുശേഷം വലിയൊരു ജനക്കൂട്ടത്തേയും അവരുടെ നടുവിൽ ഗോപുരത്തേക്കാൾ ഉയരമുള്ള ഒരു മനുഷ്യനേയും ഞാൻ കണ്ടു. 2. ഗോപുരനിർമ്മാണത്തിന്റെ ചുമതലയുള്ള ആറുപേർ അദ്ദേഹത്തോടുകൂടെ അവന്റെ വലത്തും ഇടത്തും നടക്കുകയായിരുന്നു. ഗോപുരനിർമ്മാണത്തിലേർപ്പെട്ടവരും മറ്റനേകം വിശിഷ്ടവ്യക്തികളും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഗോപുരം സൂക്ഷിച്ചിരുന്ന കന്യകകൾ ഓടി വന്ന് അദ്ദേഹത്തെ ചുംബിച്ചു. അവരും അദ്ദേഹത്തോടുകൂടെ ഗോപുരത്തിനു ചുറ്റും നടന്നു. 3. അദ്ദേഹം സസൂക്ഷ്മം നിരീക്ഷിച്ചു; ഓരോ കല്ലും അദ്ദേഹം പരിശോധിച്ചു. കയ്യിലിരുന്നവടി കൊണ്ടു ഗോപുരത്തിലെ ഓരോ കല്ലിലും സ്പർശിച്ചു. 4. ഉടനെ ചില കല്ലുകൾ കരിക്കട്ടപോലെ കറുത്തു പോയി; ചിലതു പൊടിഞ്ഞു പോയി; ചിലതു വിള്ളലുള്ളതായി; ചിലതു വിണ്ടുകീറി; ചിലതു വെളുത്തതും കറുത്തതും അല്ലാത്തതായി; ചിലതു മറ്റുള്ളവയോടു ചേരാതെ പരുപരുത്തതായി; ചിലതിൽ പരുപരുത്ത പാടുകളുണ്ടായി; ഗോപുര നിർമ്മാണത്തിൽ കാണപ്പെട്ട കേടുവന്ന ഈ കല്ലുകളുടെ ദൃശ്യം ഈ വിധമായിരുന്നു.

5. കേടു വന്ന ഈ കല്ലുകളെല്ലാം മാറ്റി വേറെ കല്ലുകൾ വയ്ക്കാൻ അവൻ കല്പ്പന കൊടുത്തു. 6. ഏതു മലയിൽ നിന്നു കല്ലെടുത്തു കൊണ്ടുവരാനാണ് ഇച്ഛിക്കുന്നതെന്നു പണിക്കാർ അദ്ദേഹത്തോടു ചോദിച്ചു. എന്നാൽ ഒരു മലയിൽനിന്നും കൊണ്ടുവരാൻ അദ്ദേഹം കല്പ്പന കൊടുത്തില്ല; പ്രത്യുത, 'അടുത്തുള്ള സമതലത്തിൽ നിന്നാകട്ടെ എന്നു പറഞ്ഞു' 7. സമതലം കിളച്ചപ്പോൾ തിളങ്ങുന്ന ചതുരക്കല്ലുകളും ഉരുളൻകല്ലുകളും ദൃശ്യമായി. ആ കല്ലുകളെല്ലാം ഗോപുരത്തിലെത്തിച്ചപ്പോൾ കന്യകകൾ അവ വാതിലിലൂടെ ചുമന്നു പണിക്കാരെ ഏല്പ്പിച്ചു; 8. ഗോപുരത്തിൽ കല്ലുകൾ നീക്കം ചെയ്ത ഇടങ്ങളിൽ ചതുരക്കല്ലുകൾ ചെത്തിവച്ചു. ഉരുളൻ കല്ലുകൾ ഉപയുക്തമായിരുന്നില്ല. കാരണം, അവ കടുപ്പമേറിയതായിരുന്നു. അവയെ ചെത്തി ശരിയാക്കാൻ വളരെ പണിപ്പെടേണ്ടി വന്നു. അതുകൊണ്ട് അവയെ ഗോപുരത്തിന്റെ ഒരുവശത്തിട്ടു; അവ വളരെയധികം ശോഭിച്ചിരുന്നതിനാൽ ചെത്തി മിനുക്കി പണിക്കുപയുക്തമാക്കാൻ സാധിക്കുമെന്നു കണ്ടിട്ടാണ് അപ്രകാരം ചെയ്തത്.

## 7. ഉപേക്ഷിക്കപ്പെട്ട കല്ലുകൾ ഉപയോഗയോഗ്യമാകുന്നു

1. ഗോപുരത്തിന്റെ നാഥനായ വിശിഷ്ട വ്യക്തി എല്ലാം നോക്കിക്കണ്ടശേഷം ഇടയനെ വിളിച്ച്, ഗോപുരത്തിൽ നിന്നെടുത്തു പുറത്തു കളഞ്ഞ കല്ലുകളുടെയെല്ലാം ചുമതല അവനെ ഏല്പ്പിച്ചു. അദ്ദേഹം

www.malankaralibrary.com

അവനോടു പറഞ്ഞു: 2. "ശ്രദ്ധാപൂർവം ഈ കല്ലുകൾ വൃത്തിയാക്കുക; മറ്റുള്ളവയോടു ചേർന്നു പോകുന്നവയെ ഗോപുരനിർമ്മാണത്തിന് ഉപയോഗിക്കുക. ചേരാത്തവയെ ദൂരെ എറിഞ്ഞുകളയുക." 3. ഇടയനു കല്പ്പന നൽകിയ ശേഷം തന്റെ കൂടെ വന്നവരോടൊപ്പം ഉടമസ്ഥൻ തിരിച്ചു പോയി. കന്യകകളാകട്ടെ ഗോപുരത്തിനു ചുറ്റും നിന്ന് അതിനെ സംരക്ഷിച്ചുകൊണ്ടിരുന്നു. 4. ഞാൻ ഇടയനോടു ചോദിച്ചു: "ഉപേക്ഷിക്കപ്പെട്ട ഈ കല്ലുകൾ എങ്ങനെ പണിക്കുപയോഗിക്കാം?" അദ്ദേഹം മറുപടിയായി പറഞ്ഞു: "നീ ഈ കല്ലുകളെ കാണുന്നുവോ?" ഞാൻ പറഞ്ഞു: "അതേ, സർ, ഞാൻ ഇവയിൽ ഭൂരിഭാഗവും ചെത്തിമിനുക്കി ചേരുന്നിടത്ത് ചേർത്തു വയ്ക്കും." അവൻ പറഞ്ഞു: 5. "ചെത്തിക്കളഞ്ഞാൽ പിന്നെങ്ങനെ അതേസ്ഥലത്ത് അവ ചേർന്നിരിക്കും?" ഞാനാരാഞ്ഞു. അവൻ പറഞ്ഞു: "ചെറിയവ പണിയുടെ നടുഭാഗത്തും വലിയവ പുറകുഭാഗത്തും മറ്റുള്ളവയ്ക്ക് താങ്ങായും വയ്ക്കും." 6. അതിനു ശേഷം അവൻ എന്നോടു പറഞ്ഞു: "എന്റെ കൂടെ വരൂ. രണ്ട് ദിവസങ്ങൾക്കുശേഷം തിരിയെവന്ന് ഈ കല്ലുകൾ വൃത്തിയാക്കുകയും പണിക്ക് ഉപയോഗിക്കുകയും ചെയ്യാം. ഗോപുരത്തിനു ചുറ്റും വൃത്തിയാക്കണം. ഒരുപക്ഷേ യജമാനൻ പെട്ടെന്നു വന്നേക്കാം. ഗോപുരത്തിനു ചുറ്റും വൃത്തിഹീനമായി കിടക്കുകയും കല്ലുകൾ ഉപയോഗിക്കാതിരിക്കുയും ചെയ്യുന്നതു കണ്ടാൽ അദ്ദേഹം കോപിച്ചേക്കാം. ഞാൻ ശ്രദ്ധാലുവല്ലായിരുന്നുവെന്ന് നാഥൻ ചിന്തിച്ചേക്കും." 7. രണ്ടു ദിവസങ്ങളുടെശേഷം ഞങ്ങൾ ഗോപുരത്തിലെത്തിയപ്പോൾ അവൻ എന്നോടു പറഞ്ഞു: "നമുക്കു കല്ലുകളെല്ലാം പരിശോധിച്ച് പണിക്കു പറ്റിയവയെ തെരഞ്ഞെടുക്കാം." ഞാൻ പറഞ്ഞു: "അതേ സർ."

## 8. ഗോപുരത്തിൽ കല്ലുകളുടെ ഉപയോഗം

1. ഞങ്ങൾ ആദ്യം കറുത്ത കല്ലുകൾ പരിശോധിച്ചു; കെട്ടിടത്തിൽനിന്നു പുറത്തു കളഞ്ഞതുപോലെ തന്നെ അവ കാണപ്പെട്ടു; അക്കാരണത്താൽ അവ ഗോപുരത്തിൽ നിന്ന് ദൂരെ മാറ്റിക്കളയാൻ ഇടയൻ കല്പ്പിച്ചു. 2. അതിനുശേഷം ദ്രവിച്ച കല്ലുകൾ പരിശോധിച്ചു. അവയിൽ പലതും അവൻ എടുത്ത് ചെത്തിച്ചീകി; പണിക്കുവേണ്ടി അവ ചുമന്നു കൊണ്ടുപോകാൻ കന്യകകളോട് ആവശ്യപ്പെട്ടു. അവർ അവ എടുത്തു ഗോപുരത്തിന്റെ നടുവിൽ കൊണ്ടിട്ടു. ബാക്കിയുള്ളവ കറുത്തുപോയതിനാൽ ആദ്യം ഇട്ടവയുടെ കൂടെ കൊണ്ടിടാൻ അവൻ കല്പ്പിച്ചു. 3. പിന്നീട് കീറലുള്ള കല്ലുകൾ അവൻ പരിശോധിച്ചു. അവയിൽ പലതും അവൻ ചെത്തിച്ചീകി; പണിക്കുവേണ്ടി അവ ചുമന്നു കൊണ്ടു പോകുവാൻ കന്യകകളോട് ആവശ്യപ്പെട്ടു. അവർ അവ വാതിലിന്റെ പുറത്തിട്ടു; കാരണം, മറ്റുള്ളവയെക്കാൾ അവയ്ക്ക് ഉറപ്പുണ്ടാ

www.malankaralibrary.com

യിരുന്നു. ശേഷിച്ചവയിൽ ധാരാളം വിള്ളലുകളുള്ളതിനാൽ ചെത്തിയെടുക്കാൻ സാധിച്ചില്ല. അവ ഗോപുരത്തിൽനിന്ന് ദൂരെ എറിയപ്പെട്ടു. 4. ചെത്തിച്ചീകിയ കല്ലുകളാണ് അവൻ പിന്നീട് പരിശോധിച്ചത്. അവയിൽ പലതും കറുത്തു പോയി; പലതിലും വലിയ വിള്ളലുകൾ ഉണ്ടായിരുന്നു; ഉപേക്ഷിക്കപ്പെട്ട കല്ലുകളോടൊപ്പം ഇവയും അവൻ ദൂരെയറിഞ്ഞു. ശേഷിച്ചവയെ അവൻ ചെത്തിമിനുക്കി; ഗോപുരത്തിന്റെ അടുത്തെത്തിക്കാൻ അവൻ കല്പ്പിച്ചു. കന്യകകൾ അവ എടുത്ത് ഗോപുരത്തിന്റെ നടുവിൽ വച്ചു. കാരണം, അവ ബലക്ഷയമുള്ളവയായിരുന്നു.

5. പിന്നീടവൻ പകുതി കറുത്തതും പകുതി വെളുത്തതുമായ കല്ലുകൾ പരിശോധിച്ചു. മിക്കതും കറുത്തിരുന്നു. ഉപേക്ഷിക്കപ്പെട്ടവയോടുകൂടെ ഇവയും ദൂരെക്കളയാൻ അവൻ കല്പിച്ചു. ബാക്കിയുള്ളവ വെളുത്തിരുന്നു; കന്യകകൾ അവ എടുത്തുകൊണ്ടുപോയി. അവ വെളുത്തതായിരുന്നതിനാൽ കന്യകകൾക്കുതന്നെ ഗോപുരത്തിൽ ചേർത്തുവയ്ക്കാൻ സാധിച്ചു. അവ പണിയുടെ ബാഹ്യമായ വശത്തു വയ്ക്കപ്പെട്ടു. കാരണം, അവ ബലമുള്ളതും നടുവിൽ വച്ചവയെ താങ്ങാൻ കൂടി ശക്തിയുള്ളതും ആയിരുന്നു. അവയൊന്നും പൂർണമായി ചെത്തിമിനുക്കപ്പെട്ടവയായിരുന്നില്ല. 6. അതുകഴിഞ്ഞ് കട്ടിയുള്ള പരുപരുത്ത കല്ലുകൾ പരിശോധിച്ചു. അവയിൽ ചില കല്ലുകൾ ദൂരെ എറിയപ്പെട്ടു. കാരണം, അവ കട്ടികൂടിയവയാകയാൽ ചെത്തിയെടുക്കാൻ പ്രയാസമായിരുന്നു. ശേഷിച്ചവയെ അവൻ ചെത്തിമിനുക്കി; കന്യകകൾ അവയെടുത്ത് ഗോപുരത്തിന്റെ നടുവിൽ വച്ചു. അവ പൊതുവെ കനം കുറഞ്ഞവയായിരുന്നു. 7. പിന്നീട് കുത്തു കുത്തായ കല്ലുകൾ അവൻ പരിശോധിച്ചു. അവ വളരെ കുറച്ചുമാത്രമെ കറുത്തിരുന്നുള്ളു. എങ്കിലും അവ ദൂരെ എറിയപ്പെടേണ്ടി വന്നു. ബാക്കിയുള്ളവ തിളങ്ങുന്നതും നല്ലതുമായിരുന്നു. കന്യകകൾ അവ പണിക്കുപയുക്തമാക്കി. നല്ല ബലമുണ്ടായിരുന്നതിനാൽ അവയെ ഗോപുരത്തിന്റെ ബാഹ്യമായ വശത്ത് ചേർത്തുവച്ചു.

## 9. ഗോപുരം പണി പൂർത്തിയാക്കൽ

1. അതിനുശേഷം അവൻ വെളുത്ത ഉരുളൻ കല്ലുകൾ പരിശോധിക്കാൻ പോയി. "ഈ കല്ലുകൾകൊണ്ട് നാം എന്താണ് ചെയ്യാൻ പോകുന്നത്?" അവൻ എന്നോടു ചോദിച്ചു. "എനിക്കെങ്ങനെയറിയാം സർ?" ഞാൻ പ്രതിവചിച്ചു. "ഇവയിൽ നീ എന്ത് പ്രത്യേകത കാണുന്നു?" അവനാരാഞ്ഞു. 2. "സർ, ഇത്തരം സംഗതികൾ എനിക്കു സുപരിചിതമല്ല. ഞാനൊരു പണിക്കാരനുമല്ല; എനിക്കറിയില്ല." "അവ നല്ല ഉരുളൻ കല്ലുകളാണെന്നുള്ളത് നീ കാണുന്നുണ്ടല്ലോ! അവയെ ചതുര

www.malankaralibrary.com

ത്തിലാക്കാൻ വളരെയധികം ചെത്തിക്കളയേണ്ടിവരില്ലേ? ഏതായാലും അവയിൽ ചിലതിനെ പണിക്കുപയുക്തമാക്കണം." 3. ഞാൻ പറഞ്ഞു: "സർ, കൊള്ളാം. ചിലതിനെ പണിക്കുപയുക്തമാക്കണമെങ്കിൽ എന്തിന് വിഷമിക്കുന്നു? നിനക്കിഷ്ടമുള്ളത് തിരഞ്ഞെടുത്ത് പണിതാൽ പോരേ?" അവൻ വലിയതും തിളങ്ങുന്നതുമായ കല്ലുകളെടുത്ത് ചെത്തി കന്യകകളെ ഏൽപിച്ചു. അവർ അവയെടുത്ത് പണിയുടെ ബാഹ്യഭാഗത്തുവച്ചു. 4. ശേഷിച്ചവ സമതലത്തിൽനിന്ന് എടുത്ത സ്ഥലത്തുതന്നെ കൊണ്ടുപോയി ഇട്ടു. അവയെ പാടെ ഉപേക്ഷിച്ചില്ല; കാരണം, ഗോപുരം പണി ഇനിയും പൂർത്തിയായിട്ടില്ല. അവൻ പറഞ്ഞു: "ഈ കല്ലുകൾ തിളങ്ങുന്നവയാകയാൽ അവ എങ്ങനെയും ഉപയുക്തമാക്കണമെന്ന് യജമാനന് അതീവതാല്പര്യമാണ്." 5. അതിസുന്ദരികളായ പന്ത്രണ്ട് സ്ത്രീകളെ അവൻ വിളിച്ചു വരുത്തി. അവർക്ക് കറുത്ത വസ്ത്രവും ഇടക്കെട്ടും ഉണ്ടായിരുന്നു; അവരുടെ തോള് നഗ്നമായിരുന്നു. മുടി അഴിച്ചിട്ടിരുന്നു. അവർ അപരിഷ്കൃതരായി എനിക്ക് തോന്നി. ഉപേക്ഷിക്കപ്പെട്ട കല്ലുകൾ മലകളിൽ എടുത്ത സ്ഥാനത്ത് കൊണ്ടുചെന്നിടാൻ ഇടയൻ അവർക്കു കൽപന നൽകി. 6. അവർ സന്തോഷപൂർവം കല്ലുകളെടുത്ത് എടുത്ത സ്ഥലത്തു തന്നെ കൊണ്ടു ചെന്നിട്ടു. ആ കല്ലുകളെല്ലാം എടുത്തു മാറ്റപ്പെട്ടപ്പോൾ ഇടയൻ എന്നോടു പറഞ്ഞു: "ഗോപുരത്തിനെന്തെങ്കിലും കുറവുണ്ടോ എന്നു കാണാൻ അതിനു ചുറ്റും നമുക്ക് നടക്കാം." ഞാൻ അവന്റെ കൂടെ നടന്നു. 7. ഗോപുരത്തിന്റെ മനോഹാരിത കണ്ട് ഇടയൻ അതീവ സന്തുഷ്ടനായി. ആ ഗോപുരം കണ്ടപ്പോൾ ഞാനും അതിനാൽ ആകൃഷ്ടനായിപ്പോയി. കാരണം, അതിന്റെ പണി അത്രമാത്രം വിശിഷ്ടമായിരുന്നു. അതിന്റെ പണി കണ്ടാൽ ഒറ്റ കല്ലുകൊണ്ട് ഉണ്ടാക്കപ്പെട്ടതാണെന്ന് തോന്നിപ്പോകും. പാറയിൽനിന്ന് വെട്ടിയെടുത്ത ഒറ്റക്കല്ലു പോലെ അത് തോന്നിച്ചു.

## 10. ഗോപുരത്തിന്റെ ചുറ്റും വൃത്തിയാക്കുന്നു.

1. ഞാൻ ഇടയന്റെ കൂടെ നടന്നപ്പോൾ ഈ മനോഹരദൃശ്യത്താൽ സന്തുഷ്ടനായി. അവൻ എന്നോടു പറഞ്ഞു: "പോയി കുമ്മായവും കളിമണ്ണും കൊണ്ടുവരൂ; പണിയിലെ കല്ലുകൾക്കിടയിലുള്ള വിടവിൽ നിറയ്ക്കുക. ഗോപുരത്തിന്റെ പുറകുവശം നല്ല മിനുസമുള്ളതായിരിക്കണം." 2 അവൻ പറഞ്ഞതുപോലെ ഞാൻ പ്രവർത്തിക്കുകയും ഇവയെല്ലാം കൊണ്ടുവരികയും ചെയ്തു. അവൻ പറഞ്ഞു: "എന്നെ സഹായിക്കൂ; ഈ പണി വേഗം തീരും." അവിടെക്കിടന്ന ചെറിയ കല്ലുകളെല്ലാം അവൻ നീക്കി. ഗോപുരത്തിന്റെ ചുറ്റും അടിച്ചു വൃത്തിയാക്കാൻ അവൻ കൽപിച്ചു. 3. ആ കന്യകകൾ ഗോപുരത്തിനു ചുറ്റും

www.malankaralibrary.com

വൃത്തിയായി അടിച്ചു വാരി. വെള്ളം കൊണ്ടു കഴുകി അവിടം വളരെ ആകർഷകമാക്കി. 4. ഇടയൻ എന്നോടു പറഞ്ഞു: "എല്ലാം വൃത്തിയായി. കർത്താവ് എപ്പോൾ വന്നാലും ഒരു കുറവും പറയാൻ സാധിക്കയില്ല." ഇതു പറഞ്ഞിട്ട് അവൻ പോകാൻ ആഗ്രഹിച്ചു. 5. എന്നാൽ അവനെ ഞാൻ തടഞ്ഞു നിർത്തി. താൻ കാണിച്ചവയുടെ അർത്ഥമെന്തെന്നു വ്യക്തമാക്കിത്തരാൻ കർത്തൃനാമത്തിൽ അപേക്ഷിച്ചു. അവൻ പറഞ്ഞു: "കുറേ സമയത്തേക്ക് എനിക്ക് ധൃതിയുണ്ട്. പിന്നീട് എല്ലാം വിവരിച്ചു തരാം. ഞാൻ തിരികെ വരുന്നതു വരെ ഇവിടെ നിൽക്കുക." 6. ഞാൻ അവനോടു ചോദിച്ചു: "ഞാൻ ഇവിടെത്തന്നെ എന്തു ചെയ്യാനാണ്?" "നീ തനിച്ചായിരിക്കയില്ല," അവൻ പറഞ്ഞു: "ആ കന്യകകൾ നിന്നോടു കൂടെ ഉണ്ടായിരിക്കും." ഞാൻ പറഞ്ഞു: "എന്നെ അവരുടെ സംരക്ഷണയിൽ ഏൽപിക്കുക." ഉടനെ ഇടയൻ അവരെ വിളിച്ചു പറഞ്ഞു: "ഞാൻ തിരികെ വരുന്നതു വരെ ഈ ആളെ നിങ്ങളുടെ സംരക്ഷണയിൽ ഏൽപിക്കുന്നു." എന്നിട്ട് അവൻ പോയി. 7. ഞാനാകട്ടെ ആ കന്യകകളോടൊത്തു താമസിച്ചു. അവർ, വിശേഷിച്ച് ശ്രേഷ്ഠരായ നാലുപേർ വളരെ സന്തുഷ്ടരും എന്നോടു സന്മനോഭാവം പുലർത്തുന്നവരും ആയിരുന്നു.

## 11. ഹെർമാസ് കന്യകകളുടെ മധ്യത്തിൽ

1. കന്യകകൾ എന്നോടു പറഞ്ഞു: "ഇന്ന് ഇടയൻ തിരികെ വരില്ല." "അപ്പോൾ ഞാൻ എന്തുചെയ്യും?" ഞാനാരാഞ്ഞു. "നാളെ വരെ കാത്തിരിക്കുക. അവൻ വന്നാൽ നിന്നോടു സംസാരിക്കും; അവൻ വരുന്നതു വരെ ഞങ്ങളോടുകൂടെ പാർക്കുക." 2. ഞാൻ അവരോടു പറഞ്ഞു: "നാളെ അദ്ദേഹം വരുന്നതു വരെ ഞാൻ കാത്തിരിക്കാം. അദ്ദേഹം വന്നില്ലെങ്കിൽ ഞാൻ വീട്ടിൽ പോകും. പിറ്റേദിവസം അതിരാവിലെ തിരികെ വരാം." അവർ മറുപടിയായി പറഞ്ഞു: "അദ്ദേഹം നിന്നെ ഞങ്ങളുടെ സംരക്ഷണയിൽ ഏൽപിച്ചിരിക്കുകയാണ്. ഞങ്ങളെ വിട്ടുപോകാൻ പാടില്ല." 3. ഞാൻ ചോദിച്ചു: "ഞാൻ എവിടെ താമസിക്കും?" അവർ പറഞ്ഞു: "ഒരു ഭർത്താവിനെപ്പോലെയല്ല, ഒരു സഹോദരനെപ്പോലെ നീ ഈ രാത്രി ഞങ്ങളുടെ കൂടെ താമസിക്കണം. നീ ഞങ്ങളുടെ സഹോദരനാണ്; ഭാവിയിൽ നിന്റെ കൂടെ താമസിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു; കാരണം, നിന്നെ ഞങ്ങൾ അതിയായി സ്നേഹിക്കുന്നു." എങ്കിലും അവരുടെകൂടെ താമസിക്കാൻ എനിക്ക് ലജ്ജ തോന്നി. 4. അവരിൽ പ്രധാനി എന്നു തോന്നിക്കുന്ന കന്യക എന്നെ ചുംബിക്കാനും ആലിംഗനം ചെയ്യാനും തുടങ്ങി. അവളിതു ചെയ്യുന്നതു കണ്ട് മറ്റേ കന്യകകളും അപ്രകാരം ചെയ്യാൻ തുടങ്ങി. ഗോപുരത്തിനു ചുറ്റും ഓടിച്ച് എന്നെ പിടിച്ചടുപ്പിക്കാൻ അവരെല്ലാ

www.malankaralibrary.com

വരും കൂടി തത്രപ്പെട്ടു. 5. ഒരുയുവാവിനെപ്പോലെ ഞാനും അവരുടെ കൂടെ കളിക്കാൻ തുടങ്ങി. ചിലർ നൃത്തം ചെയ്തു; ചിലർ താളം പിടിച്ചു; ചിലർ പാട്ടുപാടി. അവരോടൊപ്പം ഗോപുരത്തിനു ചുറ്റും നിശ്ശബ്ദനായി ഞാൻ നടക്കാൻ തുടങ്ങി. അവരോടൊപ്പം നടക്കുന്നതിൽ ഞാൻ ആനന്ദതുന്ദിലനായി. 6. സന്ധ്യയായപ്പോൾ വീട്ടിലേക്കു പോകാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ അവർ എന്നെ അനുവദിച്ചില്ല. പിന്നെയോ തടഞ്ഞു വച്ചു. അതുകൊണ്ട് ഞാൻ അവരോടൊപ്പം രാത്രി ചിലവഴിക്കുകയും ഗോപുരത്തിനു സമീപം ഉറങ്ങുകയും ചെയ്തു.

7. കന്യകകൾ അവരുടെ വസ്ത്രം നിലത്തുവിരിച്ചു. അതിൻമേൽ അവരുടെ ഇടയ്ക്ക് അവരെന്നെ കിടത്തി. അവരാകട്ടെ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ഞാനും അതുപോലെതന്നെ നിർത്താതെ പ്രാർത്ഥനയിൽ ചിലവഴിച്ചു. അവർ അതിൽ അതീവ സന്തുഷ്ടരായി. പിറ്റേദിവസം ഏഴുമണിവരെ ഞാൻ അവരോടൊപ്പം ചെലവഴിച്ചു. 8. തദവസരം ഇടയൻ വന്ന് കന്യകകളോടാരാഞ്ഞു: "നിങ്ങൾ അവനോട് എന്തെങ്കിലും ചെയ്തോ?" "അവനോടുതന്നെ ചോദിക്കുക," അവർ പ്രതിവചിച്ചു. ഞാൻ പറഞ്ഞു: "സർ, ഇവരോടുകൂടെ താമസിക്കുന്നതിൽ ഞാൻ അതീവസന്തുഷ്ടനാണ്." "നിങ്ങൾക്ക് അത്താഴത്തിന് എന്തുണ്ടായിരുന്നു?" അവൻ ചോദിച്ചു. "സർ, കർത്തൃവചനമായിരുന്നു രാത്രി മുഴുവൻ ഞങ്ങളുടെ ഭക്ഷണം." "അവർ നിന്നോട് നന്നായി പെരുമാറിയോ?" "അതേ, സർ," ഞാൻ പറഞ്ഞു. 9. "എന്നിൽ നിന്ന് എന്തുകേൾക്കാനാണ് നീ ആഗ്രഹിക്കുന്നത്?" അവൻ ചോദിച്ചു. "സർ, നീ നിരവധി സംഗതികൾ കാണിച്ചു തന്നല്ലോ. അതേ ക്രമത്തിൽ ചോദ്യം ചോദിക്കാനും അവയ്ക്കുത്തരം ലഭിക്കാനും ഞാനാഗ്രഹിക്കുന്നു." "നിന്റെ ഇഷ്ടം പോലെയാകട്ടെ; ഞാൻ സർവതും വിവരിച്ചു തരും. നിന്നിൽ നിന്ന് ഞാൻ ഒന്നും മറച്ചു വയ്ക്കുന്നില്ല," അവൻ പറഞ്ഞു.

## 12. പാറയുടെയും വാതിലിന്റെയും അർത്ഥം

1. "ആദ്യമായി, ഈ പാറയും ഈ വാതിലും എന്താണെന്ന് എന്നോടു പറയണം." "ഈ പാറയും വാതിലും ദൈവപുത്രനാണ്," അവൻ പറഞ്ഞു. "സർ, ഈ പാറ പഴക്കമുള്ളതും വാതിൽ പുതിയതുമായിരിക്കുന്നതെന്തുകൊണ്ടാണ്?" ഞാൻ ചോദിച്ചു. "കേൾക്കൂ, വിഡ്ഢീ. ഞാൻ നിനക്കു മനസ്സിലാക്കിത്തരാം. 2. എല്ലാ സൃഷ്ടികൾക്കും മുൻപേ ജനിച്ചവനാണ് ദൈവപുത്രൻ; തന്റെ സൃഷ്ടിയിൽ പിതാവിന്റെ ഉപദേശകനാണ് അവിടുന്ന്. അക്കാരണത്താൽ അദ്ദേഹം പ്രാചീനനാണ്." "എന്നാൽ, സർ, എന്തുകൊണ്ടാണ് വാതിൽ പുതി

www.malankaralibrary.com

യതായിരിക്കുന്നത്?" 3. "അവിടുന്ന് യുഗങ്ങളുടെ അവസാനത്തിൽ സ്വയം വെളിപ്പെടുത്തിയതിനാൽ വാതിൽ പുതിയതാണ്. രക്ഷ പ്രാപിക്കാനായി തെരഞ്ഞെടുക്കപ്പെട്ടവർ ഈ വാതിലിലൂടെയത്രേ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്. 4. ഈ വാതിലിലൂടെ വഹിക്കപ്പെട്ട കല്ലുകൾ ഗോപുരനിർമ്മാണത്തിന് ഉപയുക്തമായി. അല്ലാത്തവ ദൂരെ എറിയപ്പെടുകയും അവയുടെ പൂർവസ്ഥാനത്ത് തള്ളപ്പെടുകയും ചെയ്യുന്നത് നീ കണ്ടതാണല്ലോ." "അതേ സർ." "അതുപോലെ, ദൈവപുത്രന്റെ നാമം സ്വീകരിക്കാത്തവരാരും ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല."

5. "കോട്ടയാൽ ചുറ്റപ്പെട്ടതും ഒരേയൊരു വാതിൽ മാത്രമുള്ളതുമായ പട്ടണത്തിൽ കയറണമെങ്കിൽ വാതിലിലൂടെ കയറാതിരുന്നാൽ അകത്തുകടക്കാൻ സാധിക്കുമോ?" "ഒരിക്കലും സാധ്യമല്ല," ഞാൻ തറപ്പിച്ചു പറഞ്ഞു. "അതുപോലെ, തന്റെ പ്രിയപുത്രന്റെ നാമത്തിലൂടെയല്ലാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധിക്കുകയില്ല. ഗോപുരം നിർമ്മിക്കുന്ന പണിക്കാരുടെ കൂട്ടത്തെ നീ കാണുന്നില്ലേ?" "അതേ സർ." "ഇവരെല്ലാം മഹത്വപൂർണരായ മാലാഖമാരാണ്. ഇവരാൽ പരിസേവിതനാണ് കർത്താവ്. എന്നാൽ ദൈവപുത്രനാണ് വാതിൽ. കർത്താവിങ്കലേക്കുള്ള ഏകവാതിൽ അവിടുന്നാണ്. അതിനാൽ തന്റെ പുത്രനിലൂടെ മാത്രമേ മനുഷ്യർ കർത്താവിങ്കലേക്കു പോകുന്നുള്ളു. 7. ആ ആറു മനുഷ്യരെയും അവരുടെ മദ്ധ്യത്തിലുള്ള മാന്യനും ഉയരമുള്ളവനുമായ വ്യക്തിയേയും നീ കണ്ടല്ലോ. അദ്ദേഹം ഗോപുരത്തിനു ചുറ്റും നടന്ന് അതിൽനിന്നു നിരവധി കല്ലുകൾ ദൂരെയെറിഞ്ഞു കളഞ്ഞല്ലോ." "അതേ സർ." 8. "ഈ മാന്യവ്യക്തി ദൈവപുത്രനാണ്. തന്റെ ഇടത്തും വലത്തും തന്നെ സംരക്ഷിക്കുന്ന ആറു പേർ മഹത്വപൂർണരായ മാലാഖമാരാണ്. ദൈവപുത്രന്റെ കൂടെയല്ലാതെ ഇവരാരും ദൈവസന്നിധിയിലെത്താറില്ല. തന്റെ നാമം സ്വീകരിക്കാത്തവരാരും ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല."

### 13. ഗോപുരത്തിന്റെയും കന്യകകളുടെയും അർത്ഥം

1. "ഈ ഗോപുരം എന്താകുന്നു?" ഞാൻ ചോദിച്ചു. "ഈ ഗോപുരം സഭയാണ്." 2. "കന്യകകളോ?" ഞാൻ ചോദിച്ചു: "അവരാരാണ്?" "അവർ പരിശുദ്ധാത്മാക്കളാണ്. അവരുടെ വസ്ത്രം ധരിക്കാതെ 'നാമം' മാത്രം സ്വീകരിച്ചാൽ അതുകൊണ്ടു പ്രയോജനമില്ല. കന്യകകൾ ദൈവപുത്രന്റെ ശക്തികളാണ്. അവിടുത്തെ ശക്തി കൂടാതെ അവിടുത്തെ 'നാമം'മാത്രം ധരിച്ചാൽ പ്രയോജനരഹിതമായിട്ടാണു നാമം ധരിക്കുന്നത്. നാമധാരികളാണെങ്കിലും കന്യകകളുടെ വസ്ത്രം ഇല്ലാത്തവരാണ് തള്ളപ്പെട്ട കല്ലുകൾ." "എന്തുതരം വസ്ത്രമാണു കന്യകകളു

www.malankaralibrary.com

ടേത്?" "അവരുടെ പേരുകൾ തന്നെ അവരുടെ വസ്ത്രമാണ്. ദൈവ പുത്രന്റെ നാമം ധരിക്കുന്നവരെല്ലാം അവരുടെ പേരുകളും ധരിക്കും. 3. ദൈവപുത്രൻ തന്നെയും കന്യകകളുടെ നാമം ധരിക്കുന്നു. 4. ഗോപു രത്തിന്റെ പണിക്കുപയോഗിക്കാൻ കന്യകകൾ എടുത്തുകൊടുക്കുന്ന കല്ലുകളെല്ലാം കന്യകകളുടെ ശക്തി ധരിച്ചവരാണ്. 5. ഇക്കാരണത്താ ലാണു ഗോപുരം പാറയിൽനിന്ന് ഒറ്റക്കല്ലിൽ പണിയപ്പെട്ട രീതിയിൽ ആയിരിക്കുന്നത്. അതുകൊണ്ടു തന്റെ പുത്രനിലൂടെ കർത്താവിൽ വിശ്വസിക്കുകയും ഈ അരൂപികളാൽ ചുറ്റപ്പെടുകയും ചെയ്യുന്നവർക്ക് ഒരരൂപിയും ശരീരവും അവരുടെ വസ്ത്രത്തിന് ഒരു നിറവും ആയിരി ക്കും."

6. "ഉപേക്ഷിക്കപ്പെട്ട കുറെ കല്ലുകൾ ഉണ്ടല്ലോ സർ? അവ എന്തു കൊണ്ടാണ് ഉപേക്ഷിക്കപ്പെട്ടത്? അവയും വാതിലിൽക്കൂടിയാണല്ലോ കൊണ്ടുവന്നത്? കന്യകകളാണല്ലോ പണിക്കാരുടെ കൈയിൽ വച്ചു കൊടുത്തത്?" "നീ താല്പര്യപ്പെടുകയും കൃത്യമായി ആരായുകയും ചെയ്കയാൽ തള്ളപ്പെട്ട കല്ലുകളെപ്പറ്റി ഞാൻ വിവരിക്കാം. 7. അവരെ ല്ലാവരും ദൈവപുത്രന്റെ നാമവും കന്യകകളുടെ ശക്തിയും സ്വീകരി ച്ചവരാണ്. ഈ അരൂപികളെ സ്വീകരിച്ചപ്പോൾ അവർക്ക് ശക്തിയും ദൈവദാസൻമാരുടെ സംസർഗവും ലഭിച്ചു. അവർക്ക് ഒരേ അരൂപിയും ഒരേ ശരീരവും ഒരേതരം വസ്ത്രവും ആയിരുന്നു. കാരണം, അവർക്ക് ഒരേ മനസ്സായിരുന്നു. അവർ നീതി പുലർത്തിയിരുന്നു. 8. എന്നാൽ കുറേക്കാലം കഴിഞ്ഞപ്പോൾ ഇവർ നീ നേരത്തെ കണ്ട കറുത്ത വസ്ത്രം ധരിച്ച സുന്ദരികളാൽ വശീകരിക്കപ്പെട്ടു; തോളിൽ വസ്ത്ര മില്ലാതെയും മുടിക്കെട്ടഴിച്ചും സുന്ദരികളായിട്ടാണല്ലോ അവർ കാണ പ്പെട്ടത്. അവരെക്കണ്ടപ്പോൾ അവരെക്കുറിച്ചുള്ള കാമത്താൽ ഇവർ ജ്വലിച്ചു. അവരുടെ ശക്തി ധരിച്ചു. കന്യകകളുടെ ശക്തി അവരെ വിട്ടു മാറി. 9. അതുകൊണ്ട് അവർ ദൈവഭവനത്തിൽനിന്ന് തിരസ്കൃതരാ യി. അവർ സ്ത്രീകൾക്ക് കയ്യേൽപിക്കപ്പെട്ടു. എന്നാൽ ഈ സ്ത്രീക ളുടെ സൗന്ദര്യത്താൽ ആകൃഷ്ടരാക്കപ്പെടാത്തവർ ദൈവഭവനത്തിൽ തന്നെ വസിച്ചു. ഇതാണ് തള്ളപ്പെട്ട കല്ലുകളുടെ ഉപമ."

## 14. വഴി തെറ്റിയവർക്ക് അനുതപിക്കാൻ സാധിക്കും

1. "സർ ഈ പുരുഷന്മാർ ഇപ്രകാരമൊരവസ്ഥയിലാണെങ്കിലും അനുതപിക്കുകയും സ്ത്രീകളോടുള്ള കാമം വലിച്ചറിയുകയും ചെയ്ത് കന്യകകളുടെ പക്കലേക്ക് തിരിഞ്ഞാലോ? അവർ കന്യകകളുടെ ശക്തി യിലും പാതയിലും വ്യാപരിച്ചാലോ? അവർ ദൈവരാജ്യത്തിൽ പ്രവേ ശിക്കയില്ലേ?" 2. "അവർ ആ സ്ത്രീകളുടെ പ്രവൃത്തികൾ ഉപേക്ഷി ക്കുകയും കന്യകകളുടെ ശക്തി വീണ്ടെടുക്കുകയും അവരുടെ പ്രവൃ

www.malankaralibrary.com

ത്തികൾ ചെയ്യുകയും ചെയ്താൽ ദൈവരാജ്യത്തിൽ പ്രവേശിക്കും. അതുകൊണ്ടാണ് ഗോപുരനിർമ്മാണം അൽപം സാവകാശമാക്കിയിരിക്കുന്നത്. അവർക്ക് അനുതപിക്കാനും ഗോപുരനിർമ്മാണത്തിലേക്ക് തിരിയാനും സാധിക്കും. അവർ അനുതപിച്ചില്ലെങ്കിൽ മറ്റുള്ളവർ പ്രവേശിക്കും, അവർ തിരസ്കരിക്കപ്പെടുകയും ചെയ്യും."

3. തന്റെ നാമം വിളിച്ചപേക്ഷിക്കുന്ന സകലരുടെമേലും കർത്താവ് കരുണ ചൊരിയുന്നതിനാലും പാപം ചെയ്തവരുടെ പക്കലേക്ക് അനുതാപത്തിന്റെ മാലാഖയെ അയച്ചതിനാലും ഞാൻ കർത്താവിനു നന്ദി പറഞ്ഞു. അവിടുന്ന് നമ്മുടെ ആത്മാക്കളെ നവീകരിച്ചതിനാലും ജീവനെപ്പറ്റിയുള്ള പ്രതീക്ഷയില്ലാതെ നാമെല്ലാം നശിച്ചപ്പോൾ നമ്മുടെ അരൂപിയെ നവീകരിച്ചതിനാലും ഞാൻ നന്ദി പറഞ്ഞു.

4. "സർ, എന്തുകൊണ്ടാണ് ഈ ഗോപുരം കരയിൽ പണിയാതെ പാറയിലും വാതിലിലും പണിയപ്പെട്ടിരിക്കുന്നത് എന്നു വിവരിച്ചുതരാമോ?" "നീ ഇപ്പോഴും വിഡ്ഢിയും മന്ദബുദ്ധിയുമാണോ?" "എനിക്കെല്ലാം ഗ്രഹിക്കണം; ഞാൻ ഒന്നും അറിയാൻ കഴിവില്ലാത്തവനാണ്. ആ സംഗതികളെല്ലാം ഭീതിദായകങ്ങളും മഹനീയങ്ങളും മനുഷ്യർക്ക് ഗ്രഹിക്കാൻ പ്രയാസമുള്ളവയുമാണ്." 5. അവൻ പറഞ്ഞു: "ഞാൻ നിന്നോട് പറയാം. ദൈവപുത്രന്റെ നാമം മഹത്തമവും അഗ്രാഹ്യവുമത്രേ. ആ നാമമത്രേ ലോകത്തെ മുഴുവൻ താങ്ങിനിർത്തുന്നത്. ദൈവപുത്രനാണ് ലോകത്തെ താങ്ങി നിർത്തുന്നതെങ്കിൽ, അവന്റെ നാമം വഹിക്കുകയും തന്റെ കല്പനകളിൽ നടക്കുകയും ചെയ്യുന്നവരെപ്പറ്റി നീ എന്തു വിചാരിക്കുന്നു? 6. അവർ മുഴുഹൃദയത്തോടെ അവന്റെ നാമം വഹിക്കുന്നു. അവൻ അവരുടെ അടിസ്ഥാനമായി വയ്ക്കപ്പെട്ടിരിക്കുന്നു. അവരെ താങ്ങുന്നത് അവിടുന്നാണ്. അവന്റെ നാമം വഹിക്കുന്നതിൽ അവർ ലജ്ജിക്കുന്നില്ല."

## 15. സ്ത്രീകളുടെയും കന്യകകളുടെയും പേരുകൾ

1. "സർ, കന്യകകളുടെയും കറുത്ത വസ്ത്രം ധരിച്ച സ്തീകളുടെയും പേരുകൾ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു." "ഞാൻ പറയാം," അവൻ പറഞ്ഞു: "കോണിൽ നിൽക്കുന്ന ശക്തരായ കന്യകകളുടെ പേരുകൾ: 2. ഒന്നാമത്തവൾ വിശ്വാസം; രണ്ടാമത്തേത് അടക്കം; മൂന്ന്, ധൈര്യം; നാല് ദീർഘശാന്തത. അവരുടെ നടുക്കു നിൽക്കുന്നവർ: ലാളിത്യം, നിഷ്കളങ്കത, ശുദ്ധത, സന്തുഷ്ടി, സത്യം, ഗ്രഹണശക്തി, യോജിപ്പ്, സ്നേഹം, ഈ പേരുകളും ദൈവപുത്രന്റെ നാമവും വഹിക്കുന്നവർ ദൈവരാജ്യത്തിൽ പ്രവേശിക്കും.

കറുത്ത വസ്ത്രം ധരിച്ചസ്ത്രീകളുടെ പേരുകൾ പറയാം: ഒന്നാമത് അവിശ്വാസം; രണ്ട്, അടക്കമില്ലായ്മ; മൂന്ന് അനുസരണമില്ലായ്മ;

www.malankaralibrary.com

നാല്, ചതി. അവരുടെ സുഹൃത്തുകൾ; ദു:ഖം, ദുഷ്ടത, ദുർവൃത്തി, മുൻകോപം, കള്ളം, വിഡ്ഢിത്തം, അപകീർത്തി, വിദ്വേഷം. ഈ നാമങ്ങൾ ധരിച്ചിട്ടുള്ള ദൈവദാസന്മാർക്ക് ദൈവരാജ്യം ദർശിക്കാം. എന്നാൽ അതിൽ പ്രവേശിക്കാൻ സാധിക്കയില്ല." 4. "ആഴത്തിൽനിന്ന് പൊക്കിയെടുത്ത് പണിക്കുപയുക്തമാക്കിയ കല്ലുകൾ എന്താണ്?" "അടിസ്ഥാനത്തിൽ വച്ച പത്തുകല്ലുകൾ ആദ്യത്തെ തലമുറയാണ്; ഇരുപത്തഞ്ച്, നീതിമാൻമാരുടെ രണ്ടാം തലമുറയാണ്; ഇരുപത്തഞ്ച് ദൈവത്തിന്റെ പ്രവാചകന്മാരും ദൈവശുശ്രൂഷകരുമാണ്. ദൈവപുത്രനെ പ്രസംഗിച്ച ശ്ലീഹന്മാരും പ്രബോധകരുമാണ് നാല്പതു പേർ." 5. "സർ, എന്തിനാണ് കന്യകകൾ ഈ കല്ലുകൾ പൊക്കിയെടുത്ത് വാതിലിലൂടെ കടന്ന് ഗോപുരം പണിയുന്നവരെ ഏൽപ്പിക്കുന്നത്?" 6. "ഈ ആദ്യകല്ലുകൾ ഈ അരൂപികളെ ജനിപ്പിച്ചു. അവർ പരസ്പരം അകലുന്നില്ല. അവർ മരിക്കുന്നതുവരെ അവരുടെ അരൂപി അവരോടൊത്തു വസിക്കുന്നു. അരൂപി അവരോടൊത്തു വസിക്കുന്നതിനാലാണ് അവർ ഗോപുരനിർമ്മാണത്തിന് ഉപയുക്തരായിത്തീരുന്നത്."

### 16. പ്രവാചകന്മാരും ശ്ലീഹന്മാരും സ്നാനം സ്വീകരിക്കണം

1. ഞാൻ പറഞ്ഞു: "സർ, എനിക്ക് ഒരു കാര്യം കൂടി പറഞ്ഞു തരണം." "എന്താണ്?" അവൻ ആരാഞ്ഞു. "ഈ അരൂപികളെ ജനിപ്പിച്ച ഈ കല്ലുകൾ ആഴത്തിൽനിന്നു വരുന്നതും പണിക്കുപയുക്തമാക്കുന്നതും എന്തുകൊണ്ടാണ്?" 2. "അവ സജീവങ്ങളാകാൻ ജലത്തിലൂടെ ഉയർത്തപ്പെടണം; അവരുടെ ഭൂതകാലജീവിതത്തിന്റെ മരണത്തെ അവർ പാടെ നീക്കിയില്ലെങ്കിൽ അവർക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കാനാകില്ല. 3. ദൈവപുത്രന്റെ മുദ്ര സ്വീകരിച്ചിട്ടുള്ള പരേതരും ദൈവരാജ്യത്തിൽ പ്രവേശിക്കും. ദൈവപുത്രന്റെ നാമം സ്വീകരിക്കുന്നതിനു മുമ്പു മനുഷ്യൻ മൃതനാണ്. എന്നാൽ മുദ്ര സ്വീകരിക്കുമ്പോൾ അവൻ മരണത്തെ ഉരിഞ്ഞു മാറ്റി ജീവൻ ധരിക്കുന്നു. 4. മുദ്ര ജലമാണ്. മരിച്ചവർ ജലത്തിനുള്ളിലേക്കുപോയി ജീവനുള്ളവരായി പുറത്തു വരുന്നു. അതുകൊണ്ട് ഈ മുദ്ര അവരോട് പ്രഘോഷിക്കപ്പെടുന്നു. അവർ അതു ധരിച്ചുകൊണ്ട് ദൈവരാജ്യത്തിൽ പ്രവേശിക്കുന്നു." 5. "മുദ്രയുണ്ടായിരുന്നെങ്കിൽ പിന്നെന്തിനാണ് നാല്പതു കല്ലുകൾ ആഴത്തിൽനിന്നു ഉയർന്നു വന്നത്?" "ദൈവപുത്രന്റെ നാമം പ്രഘോഷിക്കുന്ന ശ്ലീഹന്മാരും പ്രബോധകരും ദൈവത്തിനുള്ള ശക്തിയിലും വിശ്വാസത്തിലും വിശ്രമിച്ചശേഷം തങ്ങൾക്കു മുമ്പേ വിശ്രമിക്കുന്നവരോട് ആ കാര്യം പ്രസംഗിക്കുന്നു. അവർ പ്രസംഗിച്ച മുദ്ര അവർ നേരിട്ടു മരിച്ചവർക്കു നൽകുന്നു. 6. അവർ മൃതരോടൊപ്പം ജലത്തി

www.malankaralibrary.com

ലേക്കിറങ്ങുകയും കയറുകയും ചെയ്യുന്നു. ശ്ലീഹന്മാരും പ്രബോധക ന്മാരും ജീവനുള്ളവരാണെങ്കിലും ജലത്തിലേക്കിറങ്ങുകയും, ജീവനു ള്ളവരായി കയറുകയും ചെയ്തു. അവർക്കു മുമ്പേ വിശ്രമിച്ചവർ മരി ച്ചവരായി ഇറങ്ങുകയും ജീവനുള്ളവരായി പുറത്തുവരികയും ചെയ്യു ന്നു. 7. ശ്ലീഹന്മാരുടെയും പ്രബോധകരുടെയും സഹായത്തോടുകൂടി അവർക്കു ദൈവപുത്രനെക്കുറിച്ചുള്ളഅറിവും ജീവനും ലഭിച്ചു. ഇക്കാ രണത്താൽ അവരുടെ കൂടെ അവരും തിരികെയെത്തി ഗോപുരനിർമ്മാ ണത്തിന് ഉപയുക്തരായിത്തീർന്നു. ചെത്താതെ തന്നെ പണിക്ക് അവർ ഉപയുക്തരായിത്തീർന്നു. നീതിയിലും ജീവിത വിശുദ്ധിയിലും അവർ വിശ്രമത്തിലേക്കു പ്രവേശിച്ചു. അവർക്കു മുദ്ര മാത്രം ഉണ്ടായിരുന്നി ല്ല. ഇപ്പോൾ നിനക്ക് ഇതിന്റെയും ഉത്തരം ലഭിച്ചല്ലോ." "അതേ, സർ" ഞാൻ പറഞ്ഞു.

## 17. മലകളുടെ അർത്ഥം

1. "സർ, മലകളെപ്പറ്റി എന്നോടു സംസാരിച്ചാലും. എന്തു കൊണ്ടാണു മലകൾക്കു വിവിധ രൂപങ്ങളും വിവിധനിറങ്ങളും ഉള്ളത്?" "അതു ഞാൻ പറയാം. ഭൂമി മുഴുവൻ വസിക്കുന്ന പന്ത്രണ്ടു ഗോത്രങ്ങളാണ് ഈ പന്ത്രണ്ടു മലകൾ-അവരോടു ശ്ലീഹന്മാർ ദൈവ പുത്രനെപ്പറ്റി പ്രസംഗിച്ചു." "സർ മലകൾക്കു വിവിധ നിറങ്ങളുള്ളത് എന്തുകൊണ്ടാണ്?" 2. "അതു പറയാം," അവൻ പറഞ്ഞു: "ലോക ത്തിൽ വസിക്കുന്ന ഈ പന്ത്രണ്ടു ഗോത്രങ്ങൾ ലോകത്തിലുള്ള പന്ത്രണ്ടു രാഷ്ട്രങ്ങളാണ്. അവർ അറിവിലും ബുദ്ധിയിലും വൈവി ധ്യമുള്ളവരാണ്. രാജ്യങ്ങൾക്കിടയിലുള്ള ആ വൈവിധ്യമാണു മല കൾക്കുള്ള ഈ ബഹുവിധനിറങ്ങൾ. ഓരോരുത്തരുടേയും സ്വഭാവം ഞാൻ വിവരിക്കാം." 3. ഞാൻ പറഞ്ഞു: "മലകൾക്കു വിവിധ നിറങ്ങ ളാണെങ്കിലും മലകളിൽനിന്നെടുത്ത കല്ലുകൾ കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കപ്പെട്ടപ്പോൾ അവയ്ക്കെല്ലാം ഒരേ നിറവും ഒരേ പ്രകാ ശവും ആയിരുന്നു. അവ ആഴത്തിൽ നിന്നെടുക്കപ്പെട്ടവയെപ്പോലെ ഇരുന്നത് എന്തുകൊണ്ടാണെന്ന് ആദ്യമായി വിവരിച്ചാലും." 4. അവൻ പറഞ്ഞു: "ആകാശത്തിൻ കീഴിലുള്ള എല്ലാരാജ്യങ്ങളിലും വസിക്കു ന്നവർ വചനം ശ്രവിക്കുകയും വിശ്വസിക്കുകയും ചെയ്യുമ്പോൾ ദൈവ പുത്രന്റെ ഒരേ ഒരു നാമത്തിൽ വിളിക്കപ്പെടുന്നു. അവർ മുദ്ര സ്വീകരി ക്കുമ്പോൾ അവർക്ക് ഒരേ മനസ്സും ഒരേ അറിവും ഉണ്ടാകുന്നു. അവ രുടെ വിശ്വാസവും സ്നേഹവും അവരെ ഒന്നാക്കിത്തീർക്കുന്നു. നാമ ത്തോടൊപ്പം കന്യകകളുടെ അരൂപികളും അവർക്കു ലഭിക്കുന്നു. തൽഫലമായി ഗോപുരം സൂര്യനെപ്പോലെ പ്രകാശിക്കുകയും ഒരേ നിറ മായി തീരുകയും ചെയ്യുന്നു. 5. എന്നാൽ പ്രസ്തുത സ്ഥലത്തു പ്രവേ

www.malankaralibrary.com

ശിക്കുകയും, ഒരു ശരീരമായിത്തീരുകയും ചെയ്തതിന്റെശേഷം ചിലർ കളങ്കപൂരിതരായി. അവർ നീതിമാന്മാരുടെ സമൂഹത്തിൽ നിന്നു പുറം തള്ളപ്പെട്ടു. തങ്ങൾ നേരത്തേ ആയിരുന്ന സ്ഥിതിയിലായി-കൂറേക്കൂടി ചീത്തയായി."

## 18. വിശ്വാസികളുടെ പാപങ്ങൾ കൂടുതൽ ഗൗരവമേറിയവ

1. "സർ, ദൈവത്തെ അറിഞ്ഞശേഷം അവർ കൂടുതൽ ചീത്തയാകുന്നതെങ്ങനെയാണ്?" "ദൈവത്തെ അറിയാത്തവർ തിന്മ ചെയ്താൽ അവരുടെ ദുഷ്ടതയ്ക്കു കുറേ ശിക്ഷ കിട്ടും. എന്നാൽ ദൈവത്തെ അറിഞ്ഞവർ ഒരു തിന്മയും പ്രവർത്തിക്കാതെ നന്മ മാത്രം ചെയ്യണം. 2. ദൈവത്തെ അറിഞ്ഞശേഷം നന്മ മാത്രം ചെയ്യേണ്ട വ്യക്തി തിന്മ ചെയ്താൽ ദൈവത്തെ അറിയാത്ത വ്യക്തിയേക്കാൾ കൂടുതൽ ദുഷ്ടത പ്രവർത്തിക്കുന്നു. ദൈവത്തെപ്പറ്റി അറിവില്ലാതെ തിന്മ പ്രവർത്തിക്കുന്നവർ മരണത്തിനു വിധിക്കപ്പെടുന്നു. എന്നാൽ ദൈവത്തെ അറിയുകയും തന്റെ ശക്തിമത്തായ പ്രവൃത്തികൾ ദർശിക്കുകയും ചെയ്തിട്ടും ദുഷ്ടത പ്രവർത്തിക്കുന്നവർ തീർച്ചയായും ശിക്ഷിക്കപ്പെടുകയും നിത്യമായി മരിക്കുകയും ചെയ്യും. ഇങ്ങനെ ദൈവത്തിന്റെ സഭ ശുദ്ധീകരിക്കപ്പെടും."

3. "ഗോപുരത്തിൽനിന്നു നീക്കപ്പെട്ട കല്ലുകൾ അശുദ്ധാരൂപികൾക്ക് ഏല്പിക്കപ്പെട്ടതു നീ ദർശിച്ചല്ലോ. അവരോടൊപ്പം അവയും ദൂരെ എറിയപ്പെടുകയും ശുദ്ധരുടെ സമൂഹത്തിൽനിന്ന് അകറ്റപ്പെടുകയും ചെയ്തു. ഗോപുരവും ശുദ്ധീകരണത്തിനു ശേഷം ഒരു കല്ലായി തീരുന്നു-ദൈവത്തിന്റെ സഭയിലും ശുദ്ധീകരണത്തിനു ശേഷം ഇപ്രകാരമായിരിക്കും. കപടഭക്തർ, ദൈവദൂഷകർ, സംശയഗ്രസ്ഥർ, വിവിധ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർ എന്നീ ദുഷ്ടരെ നീക്കിക്കളയുമ്പോൾ ഇങ്ങനെ തന്നെ സംഭവിക്കും. 4. ഇത്തരക്കാരെ ആട്ടിപ്പുറത്താക്കിക്കഴിയുമ്പോൾ ദൈവത്തിന്റെ സഭ ഒരു ശരീരവും ഒരു മനസ്സും ഒരറിവും ഒരു വിശ്വാസവും ഒരു സ്നേഹവും ഉള്ളവരായിത്തീരും. അപ്പോൾ ദൈവപുത്രൻ സന്തോഷിക്കുകയും അവരുടെ മദ്ധ്യത്തിൽ ആനന്ദതുന്ദിലനായി വസിക്കുകയും ചെയ്യും. കാരണം, തന്റെ ജനത്തെ ശുദ്ധിയുള്ളവരായി അവിടുത്തേക്കു ലഭിച്ചിരിക്കുന്നു." ഞാൻ പറഞ്ഞു: "ഇവയെല്ലാം ഭീതികരവും മഹനീയവുമത്രേ. സർ, ഒരു കാര്യം കൂടി. കർത്താവിൽ ആശ്രയിക്കുന്ന എല്ലാവരും തന്റെ അത്ഭുതകരവും മഹനീയവും ശ്രേഷ്ഠവുമായ നാമത്തെ സ്തുതിക്കുന്നതിനു വേണ്ടി ഒരോ മലയുടെയും ശക്തിയും സ്വഭാവവുംകൂടി എനിക്കു വിവരിച്ചു തന്നാലും." "മലകളുടേയും രാജ്യങ്ങളുടെയും വൈവിധ്യത്തെപ്പറ്റി ഞാൻ വിവരിച്ചു തരാം," അദ്ദേഹം പറഞ്ഞു.

www.malankaralibrary.com

## 19. ഒന്നാമത്തെയും രണ്ടാമത്തെയും മലകൾ

1. "ഒന്നാമത്തെ കറുത്ത മലയിൽ നിന്നു താഴെ പറയുന്ന തരം ആളുകൾ വരുന്നു: വിശ്വാസത്യാഗികൾ, കർത്താവിനെതിരായി ദൂഷണം പറയുന്നവർ, ദൈവദാസന്മാരെ ഒറ്റിക്കൊടുക്കുന്നവർ. ഇക്കൂട്ടർക്ക് അനുതാപം അസാധ്യമാണ്. അവരുടെ അന്ത്യം മരണമാണ്. അവരുടെ വർഗ്ഗം നിയമം അനുസരിക്കുന്നില്ല. അതിനാൽ അവർ കറുത്തിരുണ്ടിരിക്കുന്നു. 2. രണ്ടാമത്തെ മൊട്ടക്കുന്നിൽനിന്നു താഴെ പറയുന്ന തരം ആളുകൾവരുന്നു: കപടഭക്തർ, ദുഷ്ടതയുടെ പ്രചാരകർ. ആദ്യത്തെ കൂട്ടരെപ്പോലെ ഇവരും നീതിയുടെ ഫലങ്ങൾ ഇല്ലാത്തവരാണ്. ഈ മല ഫലരഹിതമായിരിക്കുന്നതുപോലെയാണ് ഇക്കൂട്ടരും. ഇവർക്കു വിശ്വാസികൾ എന്നു പേരുണ്ടെങ്കിലും അവർ വിശ്വാസരഹിതരാണ്. അവരിൽ സത്യത്തിന്റെ ഫലം ലേശം പോലുമില്ല. യഥാസമയം അനുതപിക്കുവാൻ ഇക്കൂട്ടർക്ക് അനുതാപം നൽകപ്പെട്ടിരിക്കുന്നു. അവർ അനുതപിക്കാതിരുന്നാൽ ആദ്യകൂട്ടരോടുകൂടെ ഇവരുടെ അവകാശം മരണമായിരിക്കും." 3. "സർ, എന്തുകൊണ്ടാണ് ഇക്കൂട്ടർക്ക് അനുതാപം സാധ്യവും ആദ്യത്തെ കൂട്ടർക്ക് അസാധ്യവുമായിരിക്കുന്നത്? ഇരു കൂട്ടരുടെയും പ്രവൃത്തികൾ ഒരുപോലെയാണല്ലോ?" "രണ്ടാമത്തെ കൂട്ടർക്ക് അനുതാപം സാധ്യമായതിന്റെ കാരണം അവർ ദൈവത്തെ ദുഷിച്ചില്ല എന്നതാണ്. അവർ ദൈവദാസന്മാരെ ഒറ്റിക്കൊടുത്തുമില്ല. ലാഭത്തിനുള്ള മോഹത്താൽ ദുരാഗ്രഹങ്ങൾക്കനുസൃതം അവർ പഠിപ്പിച്ചു. അവരുടെ തെറ്റിനു ശിക്ഷ അനുഭവിച്ചേ മതിയാകൂ. എങ്കിലും അവർക്കും അനുതാപം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. കാരണം, അവർ ദൈവത്തെ ദുഷിച്ചില്ല; ഒറ്റിക്കൊടുത്തുമില്ല."

## 20. മൂന്നാം മല

1. "മുള്ളുകളും മുൾച്ചെടികളുമുള്ള മൂന്നാം മലയിൽ താഴെ പറയുന്ന തരം വിശ്വാസികൾ ഉണ്ടാകുന്നു: ധനികർ, വിവിധതരം കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ. മുള്ളുകൾ ധനികരും മുൾച്ചെടികൾ വിവിധതരം കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. 2. ഇക്കൂട്ടർ ദൈവദാസൻമാരോടുകൂടെ വസിക്കുന്നില്ല. ബഹുവിധ പര്യാകുലതകളാൽ ബന്ധിതരായി അവർ അലഞ്ഞുനടക്കുന്നു. ദൈവദാസന്മാരോടുകൂടെ വസിക്കുന്നത് അവർക്കു പ്രയാസമാണ്. കാരണം, അവർ തങ്ങളോട് എന്തെങ്കിലും ചോദിച്ചുപോകും എന്ന് ധനവാന്മാർ ഭയപ്പെടുന്നു. പ്രയാസത്തോടുകൂടി മാത്രമേ ഇക്കൂട്ടർ ദൈവരാജ്യത്തിൽ പ്രവേശിക്കുകയുള്ളു. 3. മുള്ളുകൾക്കിടയിൽ ചെരിപ്പുകൂടാതെ നടക്കുക പ്രയാസമാണ്. അതു പോലെ ഇക്കൂട്ടർ ദൈവരാജ്യത്തിൽ പ്രവേ

www.malankaralibrary.com

ശിക്കുക ദുഷ്കരമാണ്. 4. ഇവർക്കെല്ലാം അനുതാപം സാധ്യമാണ്. എന്നാൽ അതു വളരെ വേഗത്തിൽ വേണമെന്നു മാത്രം. മുൻകാലങ്ങളിൽ ഇക്കൂട്ടർ അലസന്മാരായിരുന്നു. അതുകൊണ്ട് ഇപ്പോൾ വളരെ വേഗം സദ്പ്രവൃത്തികളിൽ വ്യാപൃതരായിരിക്കണം. അവർ അനുതപിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ അവർ ദൈവത്തിനായി ജീവിക്കും. മറിച്ച് ദുഷ്ക്കർമ്മങ്ങളിൽ നിലനിന്നാൽ അവർ കറുത്ത വസ്ത്രധാരിണികളായ സ്ത്രീകൾക്ക് ഏൽപ്പിക്കപ്പെടും. സ്ത്രീകൾ അവരെ കൊല്ലുകയും ചെയ്യും."

## 21. നാലാം മല

1. "മുകൾഭാഗം മാത്രം പച്ചിച്ചും വേരുണങ്ങിയും ചിലവ വരണ്ടുണങ്ങിയും ഉള്ള കളകൾ നിറഞ്ഞ നാലാം മല താഴെപ്പറയുന്നവരെ പുറപ്പെടുത്തുന്നു: തങ്ങളുടെ ഹൃദയങ്ങളിൽ കർത്താവില്ലാതിരിക്കുകയും, അധരങ്ങളിൽ മാത്രം ഉണ്ടായിരിക്കുകയും ചെയ്യുന്ന സംശയഗ്രസ്ഥർ. 2. ഇക്കാരണത്താൽ, അവരുടെ അടിസ്ഥാനം ശക്തിയില്ലാതെ ഉണങ്ങി കരിഞ്ഞിരിക്കുന്നു: അവരുടെ വാക്കുകൾക്കു മാത്രം ജീവനുണ്ട്; അവരുടെ പ്രവൃത്തികൾ ചത്തവയാണ്. ഇത്തരക്കാർ ചത്തവരുമല്ല; ജീവനുള്ളവരുമല്ല. അവർ സംശയഗ്രസ്ഥരെപ്പോലെയാണ്. സംശയഗ്രസ്ഥർ പച്ചിച്ചതുമല്ല; ഉണങ്ങിയതുമല്ല; അവർ ജീവിക്കുന്നില്ല. മരിച്ചവരുമല്ല. 3. സൂര്യോദയത്തിൽ പ്രസ്തുത മലയിലെ കളകൾ വാടിത്തളർന്നു പോകുന്നതുപോലെ സംശയഗ്രസ്ഥർ തങ്ങളുടെ ഭീരുത്വത്തിൽ വിഗ്രഹങ്ങളെ ആരാധിക്കുകയും മതപീഡനത്തെക്കുറിച്ചു കേൾക്കുമ്പോൾ കർത്താവിന്റെ നാമത്തെ പ്രതി ലജ്ജിക്കുകയും ചെയ്യുന്നു. 4. ഇത്തരക്കാർ ചത്തവരുമല്ല; ജീവനുള്ളവരുമല്ല. വേഗത്തിൽ അനുതപിച്ചാൽ അവർ ജീവിക്കും. അനുതപിക്കാതിരുന്നാൽ അവർ സ്ത്രീകളുടെ കൈകളിൽത്തന്നെ അമർന്നുപോകും. സ്ത്രീകളാകട്ടെ അവരുടെ ജീവൻ എടുക്കുകയും ചെയ്യും."

## 22. അഞ്ചാം മല

1. "പച്ചയായ സസ്യങ്ങളോടു കൂടിയ പരുപരുത്ത അഞ്ചാം മലയിൽനിന്ന് താഴെപ്പറയുന്ന വിശ്വാസികൾ വരുന്നു; വിശ്വാസികളാണെങ്കിലും ഗ്രഹിക്കാൻ താമസമുള്ളവർ, മർക്കടമുഷ്ടിക്കാർ, സ്വയം സംതൃപ്തർ, എല്ലാം അറിയാൻ ആഗ്രഹിക്കുന്നെങ്കിലും ഒന്നും അറിയാൻ പാടില്ലാത്തവർ. 2. അവരുടെ ധാർഷ്ട്യം മൂലം വിജ്ഞാനം അവരെ വിട്ടുമാറി. വിഡ്ഢിത്തവും മൂഢത്വവും അവരുടെ ഉള്ളിൽ കടന്നുകൂടി. തങ്ങൾക്ക് വിശ്വാസം ഉണ്ടെന്നു നടിച്ച് അവർ സ്വയം പുകഴ്ത്തുന്നു! അവർ തികച്ചും അശ്രദ്ധരാണെങ്കിലും സ്വയം ഉയർത്തുന്നു.

www.malankaralibrary.com

3. അഹങ്കാരത്താൽ സ്വയം ഉയർത്തിയവർ ശൂന്യരാക്കപ്പെടുന്നു. കാരണം, മർക്കടമുഷ്ടിയും വ്യർത്ഥമായ ആത്മവിശ്വാസവും ദുഷ്ടപിശാചാണ്. തങ്ങളുടെ കഥയില്ലായ്മ ഗ്രഹിച്ച ചിലർക്ക് അറിവുണ്ടായി; എങ്കിലും ഇക്കൂട്ടത്തിൽ അനേകർ തള്ളപ്പെട്ടു. 4. ഇക്കൂട്ടത്തിൽ ശേഷിച്ചവർക്ക് അനുതാപം സാധ്യമാണ്. ഇവർ ദുഷ്ടരല്ല, പിന്നെയോ കഥയില്ലാത്തവരും വിഡ്ഢികളുമായിത്തീർന്നവരത്രേ. ഇവർ അനുതപിച്ചാൽ ദൈവത്തിനായി ജീവിക്കും. എന്നാൽ അനുതപിക്കാതിരുന്നാൽ അവർ ദുഷ്ടത പ്രവർത്തിച്ച് സ്ത്രീകളോടു കൂടെ വസിക്കേണ്ടി വരും."

## 23. ആറാം മല

1. "ചെറുതും വലുതുമായ വിള്ളൽ ഉള്ളതും വാടിത്തുടങ്ങിയ സസ്യങ്ങളോടു കൂടിയതുമായ ആറാമത്തെ മലയിൽനിന്നു താഴെ പറയുന്നവർ വരുന്നു. 2. ഇത്തരം വിള്ളലോടുകൂടിയവർ പരസ്പരം സ്പർദ്ധയുള്ളവരും വിശ്വാസത്തിൽ മന്ദീഭവിച്ചവരുമാണ്. എങ്കിലും ഇവരിൽ അനേകർ അനുതപിച്ചു. ഇനിയുള്ളവർ എന്റെ കൽപനകൾ ശ്രദ്ധിക്കുമ്പോൾ അനുതപിക്കും. കാരണം, അവരുടെ സ്പർദ്ധ നിസ്സാരമാണ്. അവർ വേഗത്തിൽ അനുതപിക്കുകയും ചെയ്യും.

3. വലിയ വിള്ളലുകളുള്ളവർ തങ്ങളുടെ സ്പർദ്ധയിൽതന്നെ നിലനിൽക്കുന്നവരും തങ്ങളുടെ ക്രോധത്തിൽ മറ്റുള്ളവർക്കെതിരെ വെറുപ്പു വച്ചു പുലർത്തുന്നവരുമാണ്. ഇത്തരക്കാർ ഗോപുരത്തിൽനിന്നു ദൂരെ എറിഞ്ഞു കളയപ്പെട്ടു. പണിക്ക് ഉപയുക്തമല്ല എന്ന് ഇക്കൂട്ടർ മുദ്രകുത്തപ്പെട്ടിരിക്കുന്നു. ഇത്തരക്കാർ പ്രയാസത്തോടുകൂടി മാത്രമേ ജീവൻ പ്രാപിക്കുകയുള്ളു. സർവത്തിന്റെയും കർത്താവും തന്റെ സൃഷ്ടി മുഴുവൻമേലും അധികാരമുള്ളവനുമായ നമ്മുടെ ദൈവവും കർത്താവുമായവൻ പാപങ്ങൾ ഏറ്റു പറഞ്ഞവർക്കെതിരെ ഒരു വിദ്വേഷവും വച്ചു പുലർത്തുന്നില്ല. പിന്നെയോ, ക്ഷമാശീലനാകുന്നു. അപ്രകാരമെങ്കിൽ എങ്ങനെയാണ് പാപം നിറഞ്ഞ കുറ്റക്കാരായ മനുഷ്യർ നശിപ്പിക്കാനും രക്ഷിക്കാനും കഴിവുറ്റവരെന്ന വ്യാജേന വിദ്വേഷം വച്ചു പുലർത്തുന്നത്? 5. ഇപ്രകാരം വിയോജിപ്പിൽ ജീവിക്കുന്ന നിങ്ങളോട് അനുതാപത്തിന്റെ മാലാഖയായ ഞാൻ വിളംബരം ചെയ്യുന്നു. ഇതു ദൂരെയകറ്റി അനുതപിക്കുക. നിങ്ങൾ ആ പിശാചിൽ നിന്നു ശുദ്ധീകരിക്കപ്പെട്ടാൽ കർത്താവു നിങ്ങളുടെ മുൻകാലമുറിവുകൾ സുഖപ്പെടുത്തും. അതു ചെയ്തില്ലെങ്കിൽ അവിടുന്നു നിങ്ങളെ മരണത്തിനു കയ്യാളിക്കും."

## 24. ഏഴാം മല

1. "പച്ച നിറമുള്ളതും തളിരിട്ട് തഴച്ചതും നയനാകർഷകമായതും എല്ലാത്തരം മൃഗങ്ങളും ആകാശത്തിലെ പറവകളും തിന്നു തൃപ്തിയ

www.malankaralibrary.com

ടയുന്നതും തിന്നു തീർക്കുന്നതനുസരിച്ച് വീണ്ടും വീണ്ടും തഴച്ച് പുഷ്ടി പ്രാപിച്ചു വരുന്നതുമായ സസ്യങ്ങളോടുകൂടിയ ഏഴാമത്തെ മലയിൽനിന്ന് ഇപ്രകാരമുള്ളവർ വരുന്നു: 2. സദാ ഋജുമാനസ്സരും നിഷ്കളങ്കരും സന്തുഷ്ടരും മറ്റുള്ളവരുടെ നേർക്ക് വിദ്വേഷം വച്ചു കൊണ്ടിരിക്കാത്തവരുമായ വിശ്വാസികൾ. അവർ എപ്പോഴും ദൈവ ദാസന്മാരിൽ സന്തുഷ്ടരാണ്. കന്യകകളുടെ വിശുദ്ധാത്മാക്കളാകുന്ന വസ്ത്രം ഇവർ ധരിച്ചിരിക്കുന്നു. ആക്ഷേപം കൂടാതെയും സംശയം കൂടാതെയും എല്ലാവർക്കും സഹായഹസ്തം നീട്ടിക്കൊടുത്ത് ഇവർ ദയാപൂർവം വർത്തിക്കുന്നു. 3. അവരുടെ ഋജുമാനസ്സവും ശിശുസഹ ജമായ നിഷ്കളങ്കതയും ദർശിക്കുന്ന കർത്താവ് അവരുടെ പ്രവൃത്തി കളെ ധാരാളമായി അനുഗ്രഹിക്കുന്നു. അവരുടെ എല്ലാ വ്യാപാരങ്ങ ളിലും അവർ അനുഗ്രഹസമൃദ്ധരാകുന്നു."

4. "ഈ വിഭാഗത്തിൽപെടുന്നവരോട് അനുതാപത്തിന്റെ മാലാഖ യായ ഞാൻ പറയുന്നു; നിങ്ങൾ ആയിരിക്കുന്നതുപോലെ നിലനിൽക്കു വിൻ. കാലാന്ത്യം വരെ നിങ്ങളുടെ സന്തതി തുടച്ചുമാറ്റപ്പെടുകയില്ല. കാരണം, കർത്താവ് നിങ്ങളെ കരുണാപൂർവം കടാക്ഷിക്കുന്നു. നിങ്ങളെ ഞങ്ങളുടെ കൂട്ടത്തിൽ ചേർത്ത് പേരെഴുതിക്കഴിഞ്ഞു. നിങ്ങ ളുടെ മക്കളെല്ലാവരും ദൈവപുത്രനോടു കൂടെ വസിക്കും. കാരണം, നിങ്ങൾ തന്റെ ആത്മാവിൽ നിന്ന് ഓഹരി പ്രാപിച്ചിരിക്കുന്നു."

## 25. എട്ടാം മല

"കർത്താവിന്റെ സൃഷ്ടി മുഴുവനേയും നനച്ച ഉറവകളുള്ള എട്ടാം മലയിൽനിന്ന് താഴെപ്പറയുന്നവർ വരുന്നു: ശ്ളീഹന്മാർ, ലോകം മുഴു വൻ പ്രസംഗിച്ച പ്രബോധകർ, ഭക്തിയോടും ശുദ്ധതയോടുംകൂടി പഠി പ്പിക്കുന്നവർ, ദുരാഗ്രഹങ്ങൾക്കനുസൃതം എള്ളിട വഴി പിഴക്കാതെ തങ്ങൾ സ്വീകരിച്ച പരിശുദ്ധാത്മാവിന് ചേർന്നവിധം നീതിയിലും സത്യ ത്തിലും സദാ വ്യാപരിക്കുന്നവർ. മാലാഖമാരോടുകൂടെയായിരിക്കും ഇവരും ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത്."

## 26. ഒൻപതാം മല

1. "മരുഭൂമി സമാനവും, മനുഷ്യരെ നശിപ്പിക്കുന്ന സർപ്പങ്ങളും ദുഷ്ട മൃഗങ്ങളും ഉള്ളതുമായ ഒൻപതാം മലയിൽ നിന്നു താഴെപ്പറയുന്ന തരത്തിലുള്ള വിശ്വാസികൾ വരുന്നു: 2.നിരുത്തരവാദപൂർവം തങ്ങളുടെ ജോലി നിർവഹിച്ച ഡീക്കന്മാരാണ് കറുത്ത പാടുകൾ ഉള്ള കല്ലുകൾ. അവർ വിധവകളുടെയും അനാഥരുടെയും ഉപജീവനം അപഹരിച്ചു. ശുശ്രൂഷയ്ക്കായി ലഭിച്ച ദൗത്യം തങ്ങൾക്ക് നേട്ടങ്ങളുണ്ടാക്കാനായി അവർ വിനിയോഗിച്ചു. ഈ ദുരാശയിൽ അവർ നിലനിന്നാൽ നിശ്ചയ

www.malankaralibrary.com

മായി മരിക്കും.അവർ ജീവിക്കും എന്ന പ്രതീക്ഷയ്ക്ക് വകയേയില്ല. എന്നാൽ തങ്ങളുടെ ദുഷിച്ച വഴികളിൽനിന്ന് പിന്മാറി തങ്ങളുടെ ശുശ്രൂഷ യോഗ്യമാംവിധം നിർവഹിച്ചാൽ അവർ ജീവിക്കും. 3. കർത്താവിനെ തള്ളിപ്പറഞ്ഞവരാണ് പായൽപിടിച്ച കല്ലുകൾ. അവർ കർത്താവിന്റെ പക്കലേക്കു തിരിഞ്ഞില്ല. കർത്തൃദാസന്മാരോട് പറ്റിച്ചേരാതെ ഏകാന്തപഥികരായി ചുക്കിച്ചുരുങ്ങി ഉപയോഗരഹിതരായി അവർ അലഞ്ഞു നടന്നു തങ്ങളുടെ ആത്മാക്കളെ നശിപ്പിക്കുന്നവരാണവർ. 4. ഈ മനുഷ്യർ മുന്തിരിച്ചെടിപോലെയാണ്. പരിഷ്കരിക്കാതെ വേലിക്കകത്തിട്ടിരുന്നാൽ കളകൾ അതിനെ കീഴടക്കും. കാലക്രമത്തിൽ അത് കാട്ടുമുന്തിരിയായിത്തീരും. യജമാനന് അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകുകയുമില്ല. അതുപോലെ ഈ മനുഷ്യർ പ്രതീക്ഷ നശിച്ച്, നിരാശരായിത്തീരുന്നു. തങ്ങളുടെ കാടത്തം നിമിത്തം കർത്താവിന് പ്രയോജനരഹിതരായി മാറുന്നു."

5. "മനഃപൂർവം ഒഴിഞ്ഞുമാറാതിരുന്നാൽ ഇക്കൂട്ടർക്ക് അനുതാപം സാധ്യമാണ്. കർത്താവിനെ ഹൃദയത്തിൽ പാടെ നിഷേധിച്ചാൽ ഇവർക്ക് അനുതാപം സാധ്യമാണോ എന്ന് എനിക്കറിയില്ല. 6. കർത്താവിനെ തള്ളിപ്പറയുന്നവർക്കു മോചനം ലഭിക്കുമെന്ന് ഇക്കാലത്തെപ്പറ്റിയല്ല ഞാൻ പറഞ്ഞത്. കർത്താവിനെ തള്ളിപ്പറയാൻ ഇപ്പോൾ തീരുമാനിക്കുന്നവനു രക്ഷ പ്രാപിക്കാനേ സാധ്യമല്ല. ഭൂതകാലത്ത് അവിടുത്തെ തള്ളിപ്പറയാൻ ഇടയായവർക്കു മോചനം ലഭിക്കാൻ ഒരു സാധ്യതയുണ്ട്. അതുകൊണ്ട് ഗോപുരനിർമ്മാണം പൂർത്തിയാകുന്നതിനു മുൻപ് അനുതപിക്കാൻ ഉദ്ദേശിക്കുന്നവർ വേഗത്തിൽ അപ്രകാരം ചെയ്യട്ടെ. അല്ലെങ്കിൽ സ്ത്രീകൾ തീർച്ചയായും അവരെ കൊന്നുകളയും."

7. "ചെത്തിയ കല്ലുകൾ ചതിയരും അപകീർത്തി പരത്തുന്നവരുമായ മനുഷ്യരാണ്; മലയിൽ നീ കണ്ട വന്യമൃഗങ്ങൾ ഇവരാണ്. ഈ മനുഷ്യരുടെ പരാമർശങ്ങൾ മനുഷ്യരെ മുറിപ്പെടുത്തുന്നു. തങ്ങളുടെ വിഷം കൊണ്ടു മനുഷ്യരെ മുറിപ്പെടുത്തുകയും കൊല്ലുകയും ചെയ്യുന്ന ദുഷ്ടമൃഗങ്ങളെപ്പോലെയാണിവർ. 8. മറ്റുള്ളവരുടെ പെരുമാറ്റത്തിലുള്ള വൈകല്യം നിമിത്തം ഇത്തരക്കാർ വിശ്വാസത്തിൽനിന്നു വെട്ടി മാറ്റപ്പെട്ടവരാണ്. എങ്കിലും അവരിൽ ചിലർ അനുതപിക്കുകയും രക്ഷപെടുകയും ചെയ്തു. മറ്റുള്ളവർക്കും രക്ഷ പ്രാപിക്കാൻ സാധിക്കും. അവർ അനുതപിച്ചില്ലെങ്കിൽ ശക്തരായ സ്ത്രീകൾ അവരെ കൊന്നുകളയും."

## 27. പത്താം മല

1. "ആടുകൾക്കു തണൽ നൽകുന്ന വൃക്ഷങ്ങളുള്ള പത്താം മലയിൽനിന്നു താഴെ പറയുന്ന തരം ആളുകൾ വരുന്നു: 2 അപരിചിത

www.malankaralibrary.com

രോട് സ്നേഹത്തോടെ പെരുമാറുന്ന മെത്രാൻമാർ, തങ്ങളുടെ ഭവനങ്ങളിൽ ദൈവദാസരെ സന്തോഷത്തോടെ സ്വീകരിക്കുന്നവർ. ആവശ്യക്കാർക്കും വിധവകൾക്കും ഔദാര്യപൂർവം അവർ നിരന്തരം അഭയം നൽകിയിരുന്നു; അവരുടെ പെരുമാറ്റം എപ്പോഴും കളങ്കരഹിതവുമായിരുന്നു. 3. അതുകൊണ്ടു കർത്താവു നിത്യമായി അവർക്ക് അഭയം നൽകും. ഇപ്രകാരം പ്രവർത്തിക്കുന്നവർ ദൈവതിരുമുമ്പാകെ മഹത്വീകരിക്കപ്പെടും. അവരുടെ സ്ഥാനം ദൈവത്തിന്റെ മാലാഖമാരോടുകൂടെ ആയിരിക്കും. അവർ കർത്തൃശുശ്രൂഷയിൽ അന്ത്യം വരെ ഉറച്ചു നിൽക്കണമെന്നു മാത്രം."

## 28. പതിനൊന്നാം മല.

1. "വിവിധതരം ഫലങ്ങളോടുകൂടിയ വൃക്ഷങ്ങളുള്ള പതിനൊന്നാം മലയിൽനിന്നു താഴെപ്പറയുന്ന വിശ്വാസികൾ വരുന്നു: 2. ദൈവപുത്രന്റെ നാമത്തെ പ്രതി സഹിച്ചവർ, തങ്ങളുടെ പൂർണഹൃദയത്തോടെ കഷ്ടതകൾ സഹിച്ചവർ, തങ്ങളുടെ ജീവനുപേക്ഷിച്ചവർ." 3. ഞാൻ ചോദിച്ചു: "സർ, എല്ലാ മരങ്ങളും ഫലസമൃദ്ധമാണല്ലോ. ചിലവ മറ്റുള്ളവയെക്കാൾ മനോഹരമായതെന്തുകൊണ്ട്?" അവൻ പറഞ്ഞു: "ഞാൻ പറയാം. തന്റെ നാമത്തെ പ്രതി സഹിച്ചവരെല്ലാം ദൈവമുമ്പാകെ മഹനീയരാണ്; അവരുടെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെട്ടിരിക്കുന്നു. കാരണം, അവർ ദൈവപുത്രന്റെ നാമത്തെ പ്രതി സഹിച്ചവരാണ്. അവരുടെ ഫലങ്ങൾ വൈവിധ്യമാർന്നതും ചിലവ മറ്റുള്ളവയേക്കാൾ നയനാകർഷകവുമായിരിക്കുന്നതെന്തുകൊണ്ടാണെന്ന് ഞാൻ പറയാം. 4. പീഡിപ്പിക്കപ്പെട്ടപ്പോൾ ന്യായാധിപൻമാരുടെ മുമ്പാകെ കർത്താവിനെ തള്ളിപ്പറയാതെ ധൈര്യപൂർവം പീഡ സഹിച്ചവർ തീർച്ചയായും ദൈവമുമ്പാകെ കൂടുതൽ ഔന്നത്യത്തിന് അർഹരാകുന്നു; അവരുടെ ഫലങ്ങൾ ശ്രേഷ്ഠതരമാണ്. എന്നാൽ ഭയത്താൽ ചഞ്ചലമനസ്കരായി കർത്താവിനെ തള്ളിപ്പറയണമോ ഏറ്റു പറയണമോ എന്നു ചിന്തിക്കുകയും അവസാനം സഹിക്കുകയും ചെയ്തവരുടെ ഫലം അൽപം താണതരമാണ്. കാരണം, അവർ ചഞ്ചലമനസ്കരായി. 5. അപ്രകാരമുള്ള മന:ചാഞ്ചല്യമുണ്ടായാൽ അപ്പോൾത്തന്നെ തള്ളിക്കളയണം. അവ നിലനിന്നാൽ നീ ദൈവത്തിനു മരിച്ചവനാകും. ദൈവനാമത്തെപ്രതി പീഡകൾ സഹിച്ച നീ അവിടുത്തെ സ്തുതിക്കുകയാണ് വേണ്ടത്. കാരണം, തന്റെ നാമം വഹിക്കാൻ നിന്നെ അവൻ യോഗ്യനായി കണ്ടു. നിന്റെ പാപങ്ങളെല്ലാം അവൻ ക്ഷമിക്കുകയും ചെയ്തു. 6. അതുകൊണ്ടു നീ ഭാഗ്യവാനാണെന്നു ചിന്തിക്കൂ. ദൈവത്തിനു വേണ്ടി സഹിക്കാൻ ആർക്കെങ്കിലും ഇടവന്നാൽ ശ്രേഷ്ഠമായൊരു സംഗതി ചെയ്തതായി കരുതൂ. ദൈവം നിനക്കു ജീവൻ പകരുന്നു.

www.malankaralibrary.com

നീ അതു മനസ്സിലാക്കുന്നതേയില്ല. നിന്റെ പാപങ്ങൾ നിന്നെ കീഴ മർത്തിയിരുന്നു; കർത്തൃനാമത്തെപ്രതി നീ സഹിച്ചില്ലായിരുന്നെങ്കിൽ ഈ പാപങ്ങൾ നിമിത്തം നീ ദൈവത്തിനു മരിച്ചവനായി തീർന്നേനേ. 7. ചഞ്ചലചിത്തരായവരോട് ഇതാണെനിക്കു പറയുവാനുള്ളത്: നിങ്ങൾ കർത്താവിനോട് ഒട്ടിച്ചേർന്നിരിക്കുന്നു എന്ന് ഏറ്റു പറയുവിൻ. നിങ്ങൾ കർത്താവിനെ നിഷേധിച്ചാൽ ഒരുപക്ഷേ നിങ്ങൾ ജയിലധികാരികൾക്ക് ഏൽപിക്കപ്പെടും. 8. തങ്ങളുടെ യജമാനന്മാരെ നിഷേധിച്ച ദാസരെ പുറജാതികൾ ശിക്ഷിക്കുമെങ്കിൽ സകലത്തിലും അധികാരമുള്ള കർത്താവു നിങ്ങളോട് എന്തു ചെയ്യുമെന്നാണ് ചിന്തിക്കുന്നത്? നിത്യം ദൈവത്തിനായി ജീവിക്കുവാൻ അത്തരം ചിന്തകൾ മനസ്സിൽ നിന്നു പാടേ നീക്കിക്കളയുക."

## 29. പന്ത്രണ്ടാം മല

1. "വെളുത്ത പന്ത്രണ്ടാം മലയിൽനിന്നു താഴെ പറയുന്ന വിശ്വാസികൾ വരുന്നു. അവർ ശിശുക്കളെപ്പോലെ നിഷ്കളങ്കരാണ്. അവരുടെ ഉള്ളിൽ ഒരു ചതിവും ഇല്ല; ദുഷ്ടത എന്താണെന്നവർക്കറിയില്ല. അവർ നിഷ്കളങ്കതയിൽ നിലനിൽക്കുന്നു. 2. ഈ വിശ്വാസികൾ ദൈവരാജ്യത്തിൽ നിശ്ചയമായും വസിക്കും. കാരണം, ഒരു തരത്തിലും അവർ ദൈവകൽപനകൾ അവഗണിച്ചിട്ടില്ല; അവരുടെ ജീവിതകാലമെല്ലാം അവർ നിഷ്കളങ്കമായി അവരുടെ തീരുമാനത്തിൽ ഉറച്ചു നിന്നു."

3. "നീ സ്ഥിരമായി നിലനിൽക്കും," അവൻ പറഞ്ഞു. "തിന്മ കൂടാതെ ശിശുക്കളെപ്പോലെ ആയിരിക്കും. മുകളിൽ പറഞ്ഞവരേക്കാൾ നീ മഹനീയനായിരിക്കും. ശിശുക്കളെല്ലാം ദൈവതിരുമുമ്പാകെ സ്വീകാര്യരാണ്. മറ്റുള്ളവരേക്കാൾ അവർ മുമ്പിലെത്തുകയും ചെയ്യും. ദുഷ്ടതയകറ്റി നിഷ്കളങ്കത ധരിച്ച നീ ഭാഗ്യവാനാണ്. നീ മറ്റുള്ളവരുടെ മുമ്പിൽ ദൈവത്തിനായി ജീവിക്കും."

4. മലകളുടെ ഉപമ അവൻ പറഞ്ഞവസാനിച്ചപ്പോൾ ഞാൻ അവനോട് ചോദിച്ചു: "ഗോപുരത്തിൽ നിന്നു മാറ്റിയ കല്ലുകൾക്കു പകരം സമതലത്തിൽ നിന്നെടുത്തു വച്ച കല്ലുകളുടെ വിശദീകരണം തരാമോ? അവിടെ പന്തിയിൽ കാണപ്പെട്ട ഉരുളൻ കല്ലുകൾ എന്താണ്? അവയിപ്പോഴും ഉരുളൻകല്ലുകളായി കാണപ്പെടുന്നതെന്താണ്?"

## 30. സമതലത്തിൽനിന്നുള്ള കല്ലുകൾ

1. "ഇതേപ്പറ്റിയെല്ലാം ഞാൻ നിന്നോട് പറയാം," അവൻ പ്രതിവചിച്ചു. "തള്ളപ്പെട്ട കല്ലുകൾക്കു പകരം ഗോപുരനിർമാണത്തിൽ ഉപയോഗിക്കാൻ സമതലത്തിൽ നിന്നെടുത്ത കല്ലുകൾ ഈ വെളുത്ത മലയുടെ അടിവാരമാണ്. 2. ഈ മലയിൽനിന്നുള്ള വിശ്വാസികളെയെല്ലാം

www.malankaralibrary.com

ഗോപുരനിർമ്മാണത്തിനുപയുക്തരാക്കാൻ കർത്താവു കൽപിച്ചു. കാരണം, ഈ കല്ലുകൾ ശോഭയോടിരിക്കുമെന്നും പണിയുമ്പോൾ അവയൊന്നും കറുത്തു പോകില്ലെന്നും അവന് അറിയാമായിരുന്നു. 3. മറിച്ച്, മറ്റേതെങ്കിലും മലയിൽ നിന്ന് അവ എടുക്കപ്പെട്ടിരുന്നെങ്കിൽ ഗോപുരത്തിൽവച്ചു ശുദ്ധീകരണം ആവശ്യമായി വന്നേനെ. ഇവിടെയുള്ള വിശ്വാസികളും വിശ്വസിക്കാനിരിക്കുന്നവരും ശുഭ്രനിറമുള്ളവരായിരുന്നു; അവരെല്ലാം ഒരേ തരക്കാരായിരുന്നു."

4. "ഈ വെള്ളമലയിൽ നിന്നെടുത്ത ശോഭിക്കുന്ന ഗോളാകൃതിയിലുള്ള കല്ലുകളെപ്പറ്റി ഇപ്പോൾ വിവരിക്കാം. ഒന്നാമതായി, അവ എന്തുകൊണ്ടാണ് ഗോളാകൃതിയിലായിരിക്കുന്നതെന്നു പറയാം. അവരുടെ ധനം അവരുടെ മനസ്സിനെ സത്യത്തിൽനിന്നു മറയ്ക്കുകയും തടസ്സപ്പെടുത്തുകയും ചെയ്തു. എങ്കിലും സത്യദൈവത്തിൽ നിന്ന് അവർ വീണുപോയില്ല; അവരുടെ അധരങ്ങളിൽ നിന്ന് ഒരു ദുഷ്ടവാക്കും ഉണ്ടായില്ല; മറിച്ച്, നീതിയും സത്യവുമായവ അവർ സംസാരിച്ചു. 5. കർത്താവ് അവരുടെ മാനസികാവസ്ഥ കാണുകയും അവർക്ക് സത്യം ഗ്രഹിക്കാനും സുകൃതത്തിൽ നിലനിൽക്കാനും കഴിയുമെന്നു മനസ്സിലാക്കുകയും ചെയ്തതിനാൽ അവരുടെ ധനം അവരിൽനിന്നു നീക്കപ്പെട്ടു. എങ്കിലും അവരുടെ ധനം മുഴുവനായി അവിടുന്ന് നീക്കികളഞ്ഞില്ല; അവശേഷിച്ചിരിക്കുന്നതുകൊണ്ടു കുറേയൊക്കെ നന്മ ചെയ്യാൻ അവർക്കു സാധിക്കും; ശ്രേഷ്ഠകുടുംബത്തിൽപ്പെട്ടവരായതിനാൽ ധാരാളം നന്മ ചെയ്യാൻ അവർക്കു കഴിയും. അതിനാൽ അവരെ അല്പമൊന്നു ചെത്തി വെടിപ്പാക്കി ഗോപുര നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്നു."

## 31. ഗോളാകൃതിയിലുള്ള കല്ലുകൾ

"ഗോളാകൃതിയിലുള്ള ശേഷിച്ച കല്ലുകൾ ഗോപുരനിർമ്മാണത്തിന് ഉപയുക്തമാക്കിയില്ല; കാരണം, അവയ്ക്കു മുദ്രയില്ലായിരുന്നു. അവ ഉരുളൻ കല്ലുകളായതിനാൽ അവ കിടന്ന സ്ഥലത്ത് തന്നെ ഇടപ്പെട്ടു. 2. ഈ ലോകവും ലോകത്തിന്റെ നശ്വര ധനവും അവരിൽനിന്നു വെട്ടിമാറ്റപ്പെടണം. എങ്കിലേ അവർ ദൈവരാജ്യത്തിൽ പ്രവേശിക്കൂ; അവരും ദൈവരാജ്യത്തിൽ പ്രവേശിക്കണം. ഈ നിഷ്കളങ്ക വിഭാഗത്തെയും ദൈവം അനുഗ്രഹിച്ചിരിക്കുകയാണ്. ഇവരിലാരും തന്നെ നശിച്ചു പോകില്ല. പിശാചിന്റെ പ്രേരണയാൽ ഒരാളോ മറ്റൊരാളോ പാപം ചെയ്യാനിടയായാലും ഉടൻതന്നെ കർത്താവിന്റെ പക്കലേക്കു തിരിയും. 3. ശിശുക്കളെപ്പോലെ നിഷ്കളങ്കരായ നിങ്ങളെ അനുതാപത്തിന്റെ മാലാഖയായ ഞാൻ ഭാഗ്യവാന്മാരായി കരുതുന്നു. കാരണം, നിങ്ങൾ നല്ലവരും ദൈവമുമ്പാകെ ബഹുമാനം കണ്ടെത്തിയവരുമാണ്. 4. മുദ്ര

www.malankaralibrary.com

ലഭിച്ചവരോടുള്ള എന്റെ അറിയിപ്പിതാണ്: നിങ്ങളുടെ നിഷ്കളങ്കത കാത്തു സൂക്ഷിക്കുക. ദ്രോഹങ്ങളെപ്പറ്റി ചിന്തിക്കേണ്ട; ദുഷ്ടതയിൽ നിലനിൽക്കരുത്. നിങ്ങളുടെ ഭൂതകാലത്തിലെ തെറ്റുകളുടെ കാഠിന്യത്തെപ്പറ്റി ഓർക്കുകയും വേണ്ട. യോജിച്ചിരുന്നുകൊണ്ട് ദുഷ്ടതയുടെ പിളർപ്പ് അവസാനിപ്പിക്കുക. നിങ്ങളുടെയിടയിൽനിന്ന് കലഹം നീക്കുക. ആടുകളുടെ ഇടയൻ തന്റെ ആടുകളിൽ സന്തോഷിക്കട്ടെ. 5. ആടുകളെല്ലാം ആരോഗ്യമുള്ളവരായിരുന്നാൽ അവൻ സന്തുഷ്ടനായിരിക്കും. ഏതെങ്കിലും ആട് ചിതറിപ്പോയതായി കണ്ടാൽ ഇടയൻമാർക്ക് ഹാ കഷ്ടം! 6. ഇടയൻമാർതന്നെ ചിതറിപ്പോയെങ്കിൽ ആടുകൾക്കുവേണ്ടി അവരെങ്ങനെ ഉത്തരം പറയും? ആടുകളെപ്രതി തങ്ങൾ കഷ്ടതയിലായിരുന്നു എന്ന് അവർക്കു പറയാൻ കഴിയില്ല. ആരും അവരെ വിശ്വസിക്കുകയില്ല. ആടുകൾ മൂലം ഇടയൻ കഷ്ടപ്പെടേണ്ടി വന്നു എന്നുള്ളത് കടംകഥയായേ കരുതപ്പെടൂ. അവൻ നുണയനായതിനാൽ അവന്റെ ശിക്ഷ കഠിനതരമായിരിക്കും. ഞാനും ഒരിടയനാണ്. നിന്നെ പ്രതി ഞാനും കണക്കു കൊടുക്കുവാൻ തികച്ചും ബാധ്യസ്ഥനാണ്."

## 32. നിഷ്കളങ്കതയിൽ വ്യാപരിക്കണം

1. "ഗോപുരം പണി നടന്നുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ വഴികളെ ക്രമപ്പെടുത്തുക. 2. സമാധാന പ്രിയരോടുകൂടിയാണ് കർത്താവ് വസിക്കുന്നത്. കർത്താവ് സമാധാനത്തെ വിലമതിക്കുകയും കലഹപ്രിയരിൽനിന്നും ദുഷ്ടരിൽനിന്നും അകന്നിരിക്കുകയും ചെയ്യുന്നു. നിങ്ങൾ പ്രാപിച്ച ആത്മാവിനെ പൂർണ്ണമായി അവിടുത്തേയ്ക്ക് തിരികെ നൽകണം. 3. ചായമിടുന്ന ആളിന് കീറാത്തൊരു വസ്ത്രം നല്കിയാൽ കീറാതെ തന്നെ തിരികെ കിട്ടണമെന്നാണല്ലോ നിങ്ങൾ ആഗ്രഹിക്കുക. കീറിപ്പറിച്ച് തിരികെ തന്നാൽ നിങ്ങളത് സ്വീകരിക്കുമോ? നിങ്ങൾ രോക്ഷാകുലരായി അവനെ കുറ്റപ്പെടുത്തി പറയും: ഞാൻ നല്ലൊരു വസ്ത്രം നൽകി; നീ എന്തിനു കീറി ഉപയോഗരഹിതമാക്കി? നീയതു കീറിയതിനാൽ അതിനിയും ധരിക്കാൻ സാധിക്കയില്ല. നിന്റെ വസ്ത്രം കീറിയതിന് ചായമിട്ടവനോട് നീ നിശ്ചയമായി ഇങ്ങനെയൊക്കെ പറയും. 4. നിന്റെ വസ്ത്രത്തെപ്പറ്റി നീ ഇപ്രകാരം പര്യാകുലനാകുകയും കീറിയതിനെപ്പറ്റി പരിഭവപ്പെടുകയും ചെയ്യുമെങ്കിൽ, കർത്താവ് നിന്നോട് എന്തു ചെയ്യുമെന്ന് നീ ചിന്തിക്കുന്നുണ്ടോ? കർത്താവ് തന്റെ ആത്മാവിനെ പൂർണമായി നിനക്കു തന്നു. നീയാകട്ടെ തികച്ചും പ്രയോജനരഹിതമായ ഒന്നിനെ തിരികെ കൊടുക്കുന്നു. അതൊരിക്കലും ഉപയോഗിക്കാൻ സാധിക്കുകയില്ല. നീ ചീത്തയാക്കിയതിനു ശേഷമാണ് അതു പ്രയോജനരഹിതമായി തീർന്നത്. നിന്റെ

www.malankaralibrary.com

ഈ പ്രവൃത്തിക്ക് ഈ ആത്മാവിന്റെ കർത്താവ് നിന്നെ നിശ്ചയമായും ശിക്ഷിക്കും." 5. "തുടർന്നും ദുഷ്ടനായിരിക്കുന്നവനെ നിശ്ചയമായും ശിക്ഷിക്കും," ഞാൻ പറഞ്ഞു. "കർത്താവിന്റെ ദയയെ ചവിട്ടി മെതിക്കാതിരിക്കൂ," അവൻ തിരിച്ചടിച്ചു: "നിന്റെ പാപങ്ങൾ ക്ഷമിച്ച് ദീർഘശാന്തനായിരുന്ന് അവിടുത്തെ ബഹുമാനിക്കൂ. അവൻ നിന്നെപ്പോലെയല്ല. അനുതപിക്കൂ; നിനക്ക് അതാണ് പ്രയോജനപ്രദം."

### 33. പണിയിലെ വിടവ്

1. "മുകളിൽ എഴുതപ്പെട്ടവയെല്ലാം അനുതാപത്തിന്റെ മാലാഖയായ ഞാൻ ഇടയൻ ദൈവദാസർക്ക് വെളിപ്പെടുത്തി അവരോടറിയിച്ചു. എന്റെ വാക്കുകൾ കേട്ടു വിശ്വസിച്ച് തദനുസരണം വ്യാപരിച്ച് വ്യാപാരങ്ങൾ ക്രമീകരിച്ചാൽ നിങ്ങൾ ജീവിക്കും. എന്നാൽ ദുഷ്ടതയിൽ നിലനിൽക്കുകയും തിന്മ പ്രവർത്തിക്കുകയും ചെയ്യുന്നവർ ദൈവത്തിനായി ജീവിക്കുകയില്ല. പറയാനുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു." 2. ഇടയൻ എന്നോടാരാഞ്ഞു: "നിനക്കു ചോദിക്കാനുള്ളതെല്ലാം ചോദിച്ചു കഴിഞ്ഞോ?" "അതേ സർ," ഞാൻ പറഞ്ഞു. "കെട്ടിടത്തിൽ വച്ച കല്ലുകൾ ഉണ്ടാക്കിയ വിടവുകളെപ്പറ്റി നീ എന്തുകൊണ്ടാണ് ചോദിക്കാത്തത്? നമ്മളല്ലേ അവ നിറച്ചത്?" ഞാൻ പ്രത്യുത്തരിച്ചു: "സർ, ഞാനതു മറന്നുപോയി." 3. "ഇതേപ്പറ്റി ഞാനിപ്പോൾ പറയാം. ഇപ്പോൾ എന്റെ കല്പനകൾ കേട്ട് മുഴുഹൃദയത്തോടെ പ്രായശ്ചിത്തം ചെയ്തവരാണവർ. അവർ നന്നായി അനുതപിക്കുകയും അതേ നല്ല അരൂപിയിൽ തുടരുകയും ചെയ്യുന്നു എന്നു കണ്ട കർത്താവ് അവരുടെ മുൻപാപങ്ങളെല്ലാം മായിച്ചു കളയാൻ കൽപന നൽകി. ഈ വിടവുകൾ അവരുടെ പാപങ്ങളാണ്; അവയെല്ലാം മായിച്ചു കളഞ്ഞതിനാൽ കാണാൻ സാധിക്കയില്ല."

## പത്താം ഉപമ

### 1. ഇടയന്റെ അധികാരവും മഹത്വവും

1. ഞാൻ ഈ ഗ്രന്ഥം രചിച്ചുകഴിഞ്ഞപ്പോൾ ഇടയന് എന്നെ കയ്യാളിച്ച ദൂതൻ എന്റെ ഭവനത്തിൽ എത്തി എന്റെ കട്ടിലിൽ ഇരുന്നു. വലത്തു വശത്ത് ഇടയൻ നിന്നു. അവൻ എന്നെ വിളിച്ചു പറഞ്ഞു: 2. "ഞാൻ നിന്നെയും നിന്റെ ഭവനവാസികളെയും സംരക്ഷണാർത്ഥം ഈ ഇടയനെ ഏൽപിച്ചു." ഞാൻ പറഞ്ഞു: "അതേ, സർ." "എല്ലാവിധ ഉപദ്രവങ്ങളിൽ നിന്നും ക്രൂരതകളിൽ നിന്നുമുള്ള സംരക്ഷണത്തിനും വാക്കുകകളിലും പ്രവൃത്തിയിലും നിനക്ക് വിജയം ഉണ്ടാകു

www.malankaralibrary.com

ന്നതിനും നീതിയുടെ ശക്തി നിനക്ക് ലഭിക്കുന്നതിനും ഞാൻ നിനക്ക് തന്ന കൽപനകളിൽ-ഈ ഇടയൻ നിനക്കു തന്ന കൽപനകളിൽ നടക്കുക. അവയുടെ സഹായത്താൽ നിനക്കു സകല ദുഷ്കർമ്മങ്ങളെയും ജയിക്കുവാൻ സാധിക്കും. 3. നീ ഈ ഇടയന്റെ കല്പനകൾ അനുസരിച്ചാൽ ഈ ലോകത്തിന്റെ മോഹങ്ങളും സന്തോഷങ്ങളും നിന്റെ നിയന്ത്രണത്തിൻ കീഴിലായിരിക്കും. നിന്റെ എല്ലാ പ്രവൃത്തികളിലും നീ വിജയം വരിക്കും. അവന്റെ ഗൗരവത്തെയും സ്വയം നിഗ്രഹത്തെയും അനുകരിക്കുക; അവൻ വളരെ മാന്യനാണെന്ന് സകലരും അറിയട്ടെ. കർത്താവിന്റെ മുമ്പാകെ അവന്റെ മഹത്വം വലുതാകുന്നു. അവൻ വലിയ അധികാരമുള്ള ഭരണാധികാരിയും തന്റെ ദൗത്യത്തിൽ ശക്തനുമാണെന്ന് എല്ലാവരോടും പറയുക. ലോകം മുഴുവൻ അനുതാപത്തിന്റെ ചുമതല അവനു മാത്രം ഭരമേൽപിക്കപ്പെട്ടിരിക്കുന്നു. അവൻ ശക്തനാണെന്ന് നീ കാണുന്നല്ലോ. എങ്കിലും അവൻ കാണിക്കുന്ന മിതത്വവും അടക്കവും നീ മനസ്സിലാക്കുന്നില്ല."

## 2. ഹെർമാസിനെപ്പറ്റി ഇടയന്റെ സാക്ഷ്യം

1. ഞാൻ അവനോടു പറഞ്ഞു: "സർ, അവൻ എന്റെ വീട്ടിൽ വന്നതു മുതൽ അവന്റെ കല്പനക്കെതിരായി ഞാനെന്തെങ്കിലും പ്രവർത്തിക്കുകയും അവന് അഹിതമായി വ്യാപരിക്കുകയും ചെയ്തോ എന്ന് അവനോട് ചോദിച്ചാലും." 2. അവൻ പറഞ്ഞു: "നീ ഒന്നും ചെയ്തിട്ടില്ലെന്നും ഭാവിയിൽ ഒന്നും ചെയ്യുകയില്ലെന്നും എനിക്കറിയാം. നീ നില നിൽക്കുമെന്നും എനിക്കുറപ്പുണ്ട്. നിന്നെപ്പറ്റിയുള്ള അവന്റെ റിപ്പോർട്ടു വളരെ നല്ലതുതന്നെ. ഇതു മറ്റുള്ളവരോട് പറയുക: അനുതപിക്കുന്നവർക്കും ഭാവിയിൽ അനുതപിക്കാൻ പോകുന്നവർക്കും നിന്റെ മനോഭാവം ഉണ്ടായിരിക്കണം; അപ്പോൾ അവൻ അവരേപ്പറ്റി എനിക്ക് നല്ല റിപ്പോർട്ട് തരും. ഞാനതു കർത്താവിനു കൊടുക്കും." 3. "സർ," ഞാൻ പറഞ്ഞു: "കർത്താവിന്റെ മഹത്വം ഞാൻ സകലരേയും അറിയിക്കട്ടെ. മുമ്പ് പാപം ചെയ്തവർ ഇതു കേട്ട് അനുതപിക്കുകയും ജീവൻ വീണ്ടെടുക്കുകയും ചെയ്യും."

4. അവൻ പറഞ്ഞു: "അപ്രകാരം ചെയ്യുക. അതിനു വേണ്ടതെല്ലാം ചെയ്യുക. അവന്റെ കല്പനകൾ അനുസരിക്കുന്നവൻ ജീവിക്കും അവനെ കർത്താവു നന്നായി ബഹുമാനിക്കും. അവന്റെ കല്പനകൾ അനുസരിക്കാത്തവൻ സ്വന്ത ജീവനിൽനിന്നു തന്നെ ഓടിയകലുകയാണ്; ദൈവത്തിനെതിരായി പ്രവർത്തിക്കുകയുമാണ്. അവൻ സ്വയം മരണത്തിനു കയ്യാളിക്കുന്നു; സ്വന്തം രക്തത്തിന് അവൻ കുറ്റക്കാരനായിത്തീരും. അവന്റെ കല്പനകൾ അനുസരിക്കുക; നിന്റെ പാപങ്ങൾ അവൻ ക്ഷമിക്കും എന്നു ഞാൻ നിന്നോടു പറയുന്നു."

www.malankaralibrary.com

## 3. ഹെർമാസ് കന്യകകളുടെ സംരക്ഷണയിൽ

1. "ഞാൻ ഈ കന്യകകളെ നിന്റെകൂടെ താമസിക്കാനയച്ചത് അവർ നിന്നോടു സ്നേഹമുള്ളവരായതിനാലാണ്. അവന്റെ കല്പനകൾ അനുസരിക്കാൻ ഈ സഹായികൾമൂലം നിനക്ക് ഏറെ എളുപ്പമാണ്. കാരണം, ഈ കന്യകകളെക്കൂടാതെ ഈ കല്പനകൾ പാലിക്കാൻ സാധ്യമേയല്ല. നിന്നോടു കൂടെ ആയിരിക്കാൻ അവർക്കിഷ്ടമാണെങ്കിലും നിന്റെ ഭവനം വിട്ടൊരിടത്തും പോകരുതെന്നു കർശനമായി ഞാൻ അവരോടു കല്പിക്കും. 2. നിന്റെ ഭവനം നന്നായി വെടിപ്പാക്കുക. കാരണം, വെടിപ്പുള്ള സ്ഥലത്തു വസിക്കുന്നതാണ് അവർക്ക് ഇഷ്ടം. അവർ വിശുദ്ധരും നിർമ്മലരും പരിശ്രമശീലരും ദൈവമുമ്പാകെ ശ്രേഷ്ഠരുമത്രേ. നിന്റെ ഭവനം വെടിപ്പുള്ളതാണെങ്കിൽ അവർ നിന്നോടൊപ്പം വസിക്കും. എന്നാലെന്തെങ്കിലും ചെറിയ അശുദ്ധി നിന്റെ ഭവനത്തിലുണ്ടാകുമ്പോൾത്തന്നെ അവർ നിന്റെ ഭവനം വിട്ടിറങ്ങിപ്പോകും; അവർക്ക് അവിടെ കഴിയാനേ സാധിക്കില്ല." 3. ഞാൻ പറഞ്ഞു: "പ്രഭോ, അവർക്കെന്നെ ഇഷ്ടമായിരിക്കുമെന്നും എന്നും എന്റെ ഭവനത്തിൽ വസിക്കുവാൻ അവർക്കു താല്പര്യമായിരിക്കുമെന്നും ഞാൻ കരുതുന്നു. നീ എന്നെ ഏല്പിച്ചു കൊടുത്തതത് ഈ മനുഷ്യനാണല്ലോ. അയാൾക്ക് ഒരു പരിഭവവും ഇല്ലാത്തതു പോലെ അവർക്കും കാണില്ല."

4. അവൻ ഇടയനോടു പറഞ്ഞു: "ഈ ദൈവദാസൻ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. അവൻ ഈ കല്പനകൾ അനുസരിക്കും. വെടിപ്പുള്ള സ്ഥലത്ത് അവൻ ഈ കന്യകകളെ പാർപ്പിക്കാൻ പോകയാണ് എന്ന് എനിക്കുറപ്പുണ്ട്."

അതിനുശേഷം അവൻ എന്നെ ഒരിക്കൽക്കൂടി ഇടയന് ഏല്പിച്ചു കൊടുത്തു. എന്നിട്ട് അവൻ കന്യകകളെ വിളിച്ച് അവരോടു പറഞ്ഞു: "ഈ മനുഷ്യന്റെ കൂടെ വസിക്കാൻ നിങ്ങൾക്കിഷ്ടമാകയാൽ ഇവനെയും ഇവന്റെ ഭവനത്തെയും നിങ്ങൾക്കു ഞാൻ ഭരമേൽപ്പിക്കുന്നു. ഈ ഭവനത്തിൽനിന്ന് ഒരിക്കലും പുറപ്പെട്ടുപോകരുത്." അതു കേട്ടപ്പോൾ അവർ വളരെ സന്തോഷിച്ചു.

## 4. വിളിയിൽ വിശ്വസ്തനായിരിക്കുക

1. അവൻ എന്നോടു പറഞ്ഞു: "ഈ ദൗത്യം പൗരുഷത്തോടെ സ്വീകരിക്കുക. ദൈവത്തിന്റെ അത്ഭുതങ്ങളെക്കുറിച്ച് എല്ലാ മനുഷ്യജീവികളോടും പറയുക. ഈ ദൗത്യത്തിൽ നീ അനുഗ്രഹം പ്രാപിക്കും. അങ്ങനെ ഈ കല്പനകളിലൂടെ വ്യാപരിക്കുന്നവർ ജീവിക്കും. ഈ ജീവിതത്തിൽ സന്തുഷ്ടരായിരിക്കും. അവ തിരസ്കരിക്കുന്നവർ ജീവിക്കയില്ല; അസന്തുഷ്ടരുമായിരിക്കും. 2. സദ്പ്രവൃത്തികൾ ചെയ്യുവാൻ

www.malankaralibrary.com

കഴിവുള്ളവരെല്ലാം സദ്പ്രവൃത്തികളിൽ സമ്പന്നരാകണമെന്ന് എല്ലാവരോടും പറയണം; അത് അനുഗ്രഹപ്രദമായിരിക്കും. തങ്ങളുടെ പ്രയാസങ്ങളിൽ നിന്ന് എല്ലാവർക്കും വിടുതൽ ലഭിക്കേണ്ടതുണ്ട്. ആവശ്യക്കാരനും അനുദിനജീവിതത്തിൽ അസൗകര്യങ്ങളിൽ കഴിയുന്നവനും വലിയ പീഡനത്തിലും ദുരിതത്തിലുമാണ്. 3. ജീവിതാവശ്യങ്ങളിൽ മറ്റുള്ളവരെ സഹായിക്കുന്ന വ്യക്തി തനിക്കു തന്നെ വലിയ സന്തോഷം കണ്ടെത്തുന്നു. ജയിലിൽ കിടന്നു കഷ്ടപ്പെടുന്നവനെപ്പോലെയാണ് ആവശ്യങ്ങളാലും ആപത്തുകളാലും അലട്ടപ്പെടുന്ന വ്യക്തി. ആവശ്യങ്ങൾ നിറവേറ്റാൻ ത്രാണിയില്ലാതെ പലരും സ്വയം നശിപ്പിക്കുന്നു. അപ്പോൾ അവന്റെ സഹതാപാർഹമായ നിലയറിഞ്ഞു സഹായിക്കാതിരിക്കുന്നവൻ ഗൗരവമായ തെറ്റു ചെയ്യുന്നു. സഹായിക്കാത്തവനും അവന്റെ രക്തത്തിന് ഉത്തരവാദിയാണ്."

4. "അതുകൊണ്ടു കർത്താവിൽനിന്നു നന്മ സ്വീകരിച്ചിട്ടുള്ളവരെല്ലാം കാരുണ്യപ്രവൃത്തികൾ ചെയ്യണം. താമസിച്ചാൽ ഒരുപക്ഷേ ഗോപുര നിർമ്മാണം പൂർത്തിയായിപ്പോയേക്കും. നിങ്ങളെപ്രതിയാണ് അതിന്റെ പണി അല്പം സാവകാശത്തിലാക്കിയിരിക്കുന്നത്. നിങ്ങൾ ധൃതിപ്പെട്ടില്ലെങ്കിൽ പണി തീരുകയും നിങ്ങൾ തള്ളപ്പെടുകയും ചെയ്യും."

5. എന്നോടു സംസാരിച്ചു കഴിഞ്ഞ് അവൻ കട്ടിലിൽ നിന്നെഴുന്നേറ്റു. ഇടയനോടും കന്യകകളോടും കൂടെ അവിടെനിന്നു പോയി. ഇടയനെയും കന്യകകളെയും എന്റെ ഭവനത്തിൽ തിരികെ അയച്ചുതരാം എന്ന് അവൻ ഉറപ്പു തന്നു.

•